
www.malankaralibrary.com






ലോകഗുരു

ഫാ. വർക്കി ആറ്റുപുറത്ത്

# ലോകഗുരു



www.malankaralibrary.com

**LOKAGURU**
(Malayalam)

**Fr. VARKEY ATTUPURATHU M.A., M.Ed.**

First Published : January 2001

Published by :
Pastoral Education Centre
Kuravankonam, Kaudiar P.O.
Thiruvananthapuram
Ph. : 0471 - 432853

Cover
Fr. Joseph Kurumpileth

Typesetting & Layout :
Sam Issac. T, P.E.C, TVM.

Printed at :
Sunshine Printers, Sivakasi
Ph. : 04562-24743, 79385

*All rights reserved

Copies available at :
P.E.C. Kuravankonam,
St. IGNATIOUS CENTRE, Pattom.

**Price : Rs. 40/-**

**MOST REV. CYRIL MAR BASELIOS**
METROPOLITAN ARCHBISHOP
OF
TRIVANDRUM

Archbiship's House
Trivandrum-695 004
Kerala, India.
Tel. 0471 541642
541643
Fax. (+91) 471-541635
E-mail : archbp03@md3.vsnl.net.in

# ആശംസ

'ഗുരു' എന്ന വാക്കിനെ നിർവ്വചിക്കുക അത്ര എളുപ്പമല്ല. എന്നിരുന്നാലും ചുരുക്കത്തിൽ വിജ്ഞാനം, വിശുദ്ധി തുടങ്ങിയ സൽഗുണസമാഹാരങ്ങളുടെ ഉറവിടമായി ഗുരുവിനെ വിശേഷിപ്പിക്കാം. ഗുരുവാണ് സമൂഹത്തിന്റെ വഴി കാട്ടി. അക്ഷരങ്ങളിലൂടെ ആദർശങ്ങളെ പകരുന്നവനാണ് ഗുരു. മാതൃകാപര മായ സ്വാധീനത്തിലൂടെ മാനവ ചരിത്രത്തിന്റെ ഗതി നിർണ്ണയിക്കുന്നവനാണ് ഗുരു. നന്മയുടെ പ്രകടനങ്ങളെല്ലാം ഗുരുവിന്റെ വ്യത്യസ്ത രൂപങ്ങളും ഭാവ ങ്ങളുമാണ്. ഗുരുവിലൂടെ, ഗുരുവിലേക്ക് യാത്ര ചെയ്യുന്നവനാണ് ഏറ്റവും ഉത്തമനായ ശിഷ്യൻ. ഗുരുവിന്റെ പാത അനുഭവത്തിന്റെ ബലിക്കല്ലുകൾ പാകി യവയാണ്. ആത്മസമർപ്പണമാണ് ആ പാതയിലൂടെയുള്ള യാത്ര. ആത്മസാക്ഷാത്കാരമാണ് ആ യാത്രയുടെ ലക്ഷ്യം. യാത്രയുടെ ആരംഭത്തിൽ ദൈവം ഗുരുവായി നമുക്കു മുൻപേ നടക്കുമ്പോൾ, അതിന്റെ അന്ത്യത്തിൽ ഗുരു ദൈവമായിത്തീർന്നുകൊണ്ട് നമ്മെ ഉൾക്കൊള്ളുന്നു.

മേൽപ്പറഞ്ഞ ഗുരു സങ്കല്പം അതിന്റെ പൂർണ്ണതയിൽ പ്രകടമാകുന്ന വ്യക്തിത്വമാണ് യേശുക്രിസ്തുവിന്റേത്. മനുഷ്യനായിത്തീർന്ന ദൈവമാണ വിടുന്ന്. ശിഷ്യരുടെയിടയിലേക്കിറങ്ങി വന്ന ഗുരു. സ്വജീവിതമാകുന്ന പാഠ പുസ്തകം അവിടുന്ന് മനുഷ്യകുലത്തെ പഠിപ്പിച്ചു. അതിന്റെ പകർപ്പുകളായ നമ്മുടെ ജീവിതപാഠപുസ്തകങ്ങളിൽ സ്വജീവന്റെ കൈയൊപ്പ് അവിടുന്ന് കുറി ച്ചു. ഗുരുവിനെ നിർവ്വചിക്കാൻ ശ്രമിക്കുന്നതിനെക്കാൾ എളുപ്പം യേശുവിങ്ക ലേക്ക് വിരൽ ചൂണ്ടുകയാണ്. ഗുരുവിന്റെ പര്യായമാണ് യേശു. 'ഞാൻ ആയി രിക്കുന്നതുപോലെ നിങ്ങളും ആയിരിക്കുക' എന്നു പലഘട്ടങ്ങളിൽ യേശു

www.malankaralibrary.com

പ്രസ്താവിക്കുന്നുണ്ട്. അങ്ങനെ ആത്മാർത്ഥമായി പറയാൻ സാധിക്കുന്നവനാണ് യഥാർത്ഥ ഗുരു. വാക്കുകൊണ്ടും, പ്രവൃത്തികൊണ്ടും 'ഗുരു' ആരാണെന്ന് തെളിയിച്ച വ്യക്തിത്വമാണ് യേശുവിന്റേത്. ഒരു യഥാർത്ഥ ഗുരു ആകാൻ ആഗ്രഹിക്കുന്നവന്, യുഗങ്ങൾക്കിപ്പുറം, ഇന്നും അനുകരിക്കാൻ തക്കവണ്ണം നിത്യപ്രസക്തമായ ഗുരുത്വമാണ് അവിടുത്തേത്.

ഗുരുവിനേയും ശിഷ്യനേയും തിരിച്ചറിയാനാവാത്തവിധം പരിതാപകരമായ ഇന്നത്തെ സമൂഹത്തിൽ യേശുക്രിസ്തുവെന്ന ഉത്തമ ഗുരുവിന്റെ ജീവിതശൈലിയുടെ സ്വീകരണം അത്യന്താപേക്ഷിതമായിരിക്കുന്നു. ഈ അടിയന്തിരാവശ്യം മനസ്സിലാക്കിക്കൊണ്ട് ബഹു. വർക്കി ആറ്റുപുറത്തച്ചൻ തയ്യാറാക്കിയിരിക്കുന്ന ഈ ഗ്രന്ഥം എന്തുകൊണ്ടും കാലിക പ്രസക്തമാണ്. ഗുരുവിനെയും ശിഷ്യനെയുമൊക്കെ ആവശ്യാനുസരണം നിർവ്വചിക്കുന്ന പുത്തൻ പ്രത്യയശാസ്ത്രങ്ങൾക്ക് ശരിയായ ദിശയിൽ ആത്മപരിശോധന നടത്താനുള്ള ഒരു സഹായിയായി ഈ ഗ്രന്ഥം ഭവിക്കുമെന്നുള്ള കാര്യത്തിൽ സംശയമില്ല. തന്റെ തിരക്കേറിയ ജോലികൾക്കിടയിലും ഇത്തരത്തിലുള്ള ഗഹനമായ ഒരു ഗവേഷണപഠനം നടത്തുകയും അത് ഏവർക്കും പ്രയോജനപ്രദമായി പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്ത ബഹു. വർക്കിയച്ചനെ ഞാൻ ആത്മാർത്ഥമായി അഭിനന്ദിക്കുന്നു. ഈ പുസ്തകത്തിന്റെ പ്രസാധനത്തിനു പിന്നിൽ പ്രവർത്തിച്ച ഏവരെയും അനുമോദിക്കുകയും, ഈ വിശിഷ്ട ഗ്രന്ഥത്തിന് വിപുലമായ പ്രചാരം ആശംസിക്കുകയും ചെയ്യുന്നു.

ദൈവം അനുഗ്രഹിക്കട്ടെ!

**സിറിൽ മാർ ബസേലിയോസ്**

തിരുസന്നിധി
10.12.2000

മലങ്കര കത്തോലിക്കാ മെത്രാപ്പോലീത്ത,
തിരുവനന്തപുരം മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ്



MOST REV. JOSHUA MAR IGNATHIOS
Auxiliary Bishop of Trivandrum

Archbiship's House
Trivandrum-695 004
Kerala, India.
Tel. 0471 541642, 541643
Fax. 471-541635
E-mail : archbp03@md3.vsnl.net.in

## ആശംസ

യേശുക്രിസ്തു ശ്രേഷ്ഠാചാര്യനാണ്. മഹാനായ ഗുരുവാണ്. ഗുരുക്കന്മാരുടേയും ഗുരുവാണവിടുന്ന്. അദ്ധ്യാപകനും, അദ്ധ്യാപനത്തിനും മാതൃക നൽകി യേശു ഗുരുനാഥനായി. ഗുരു ആരെന്നതിനും, ആരായിരിക്കണമെന്നതിനുമുള്ള ഉത്തരമാണ് ക്രിസ്തു. യേശുവിലൂടെ ഗുരുവിന് പുതിയ മാനവും അർത്ഥവും ലഭിച്ചു.

ലോകത്തിലെ സലക്ഷണനായ ഗുരുവാണ് യേശുക്രിസ്തു. ഗുരു എന്ന പേരിന് അർഹനും ക്രിസ്തുമാത്രമാണ്. "നിങ്ങൾ റബ്ബീ എന്നു വിളിക്കപ്പെടരുത്. എന്തെന്നാൽ ഒരു ഗുരുവേയുള്ളു" (മത്താ. 23/8). താൻ മാത്രമാണ് യഥാർത്ഥ ഗുരുവെന്ന് ക്രിസ്തു ഇവിടെ അസന്നിഗ്ധമായി പ്രസ്താവിക്കുകയാണ്. ആ ഗുരുവിനെ എത്രമാത്രം അനുകരിക്കാൻ സാധിക്കുമോ അത്രത്തോളം ഓരോരുത്തരും നല്ല അദ്ധ്യാപകരായി തീരും.

യേശുക്രിസ്തു നല്ല ഗുരുവായിരുന്നുവെന്നും, അവിടുത്തെ വാക്കുകൾ ശക്തമായിരുന്നുവെന്നതിനുമുള്ള തെളിവാണ് അവിടുത്തെ പ്രബോധനത്തിനു നേരെയുണ്ടായ പ്രതിഷേധങ്ങളും വെല്ലുവിളികളുമെല്ലാം. ആ പ്രബോധനം കൊള്ളേണ്ടിടത്തുതന്നെ കൊണ്ടു. ചലനങ്ങളും പ്രതികരണങ്ങളും സൃഷ്ടിക്കാത്ത പ്രബോധനം പ്രബോധനമല്ല. യേശുവിനുനേരെയുണ്ടായ വെല്ലുവിളികളും, വധശ്രമങ്ങളും, വധവുമെല്ലാം (അവയെല്ലാം ദൈവനിശ്ചയപ്രകാരമായിരുന്നു എങ്കിൽ പോലും) അവിടുത്തെ അക്ഷരങ്ങളുടേയും വാക്കുകളുടേയും ശക്തിയാണ് വെളിവാക്കുന്നത്.

സുവിശേഷങ്ങളിൽ നിറഞ്ഞുനിൽക്കുന്ന ക്രിസ്തുവിന്റെ ഗുരുരൂപം എടുത്തവതരിപ്പിക്കുകയാണ് ഈ കൃതിയിലൂടെ ഗ്രന്ഥകർത്താവായ ബഹു. വർക്കി

www.malankaralibrary.com

ആറ്റുപുറത്തച്ചൻ ചെയ്തിരിക്കുന്നത്. ക്രിസ്തുവിലെ ഈ ഗുരുരൂപത്തെ കണ്ട റിയാനും അനുകരിക്കാനും ഈ ഗ്രന്ഥം സഹായിക്കുമെന്നതിൽ സംശയമില്ല. വളരെ പ്രസക്തവും എന്നാൽ വളരെ വിരളവുമായ ഒരു പ്രമേയത്തെ ആസ്പദമാക്കി ഇങ്ങനെയൊരു ഗ്രന്ഥം രചിച്ച ബഹു. വർക്കിയച്ചനെ ഞാൻ അനുമോദിക്കുന്നു. ഒപ്പം, അദ്ധ്യാപകർക്കും, അദ്ധ്യാപക വിദ്യാർത്ഥികൾക്കും, മാതാപിതാക്കൾക്കും, സമൂഹസൃഷ്ടിയിൽ താൽപര്യമുള്ള എല്ലാവർക്കും ഈ ഗ്രന്ഥം പ്രചോദനവും മാർഗ്ഗദീപവുമാകട്ടെയെന്ന് ആശംസിക്കുന്നു.

**ജോഷ്വാ മാർ ഇഗ്നാത്തിയോസ്**

തിരുവനന്തപുരം അതിരൂപതാ സഹായമെത്രാൻ

പട്ടം

8.12.2000



**ലോകഗുരു**

# അവതാരിക

പ്രവാചകന്മാരെല്ലാം ഈശ്വരന്റെ ഇഷ്ടപുത്രന്മാരാണ്. അവരെത്തന്നെയാണ് ഹിന്ദുധർമ്മം അവതാരങ്ങൾ എന്നുവിളിക്കുന്നതും. ബുദ്ധൻ, യേശു, മുഹമ്മദ് ഇവരെല്ലാം അവതാരങ്ങളാണ്. അല്പബുദ്ധികൾക്ക് ഇതിൽ സന്ദേഹമുണ്ടാകാം. കൃഷ്ണനെയും ക്രിസ്തുവിനെയും മുഹമ്മദിനെയും ഒന്നിച്ചെങ്ങനെ പരിഗണിക്കും എന്ന് അവർ ചോദിക്കും. പക്ഷെ ചിന്താശീലർക്ക് ഒട്ടും സംശയമുണ്ടാകയില്ല. എന്താണ് അവതാരം എന്നാൽ? കീഴോട്ടിറങ്ങുക എന്നാണ് പദാർത്ഥം. എവിടെനിന്ന്? ആരാണ് ഇറങ്ങുന്നത്? സംശയമെന്ത്, ഈശ്വരൻ തന്നെ മനുഷ്യനിലേക്ക് വരുന്നു. ശാശ്വതനും അപരിമേയനും അനാദ്യന്തനും ആയ ഈശ്വരൻ പരിമേയനും നിർവചനീയനും ആയ മനുഷ്യനിലേക്ക് വരുന്നു. സ്വധർമ്മം നിറവേറ്റിയശേഷം അപ്രത്യക്ഷനാവുകയും ചെയ്യുന്നു.

ഇതല്ലേ, യേശുക്രിസ്തുവിന്റെ കാര്യത്തിലും സംഭവിച്ചത്? ആകെ കലങ്ങിമറിഞ്ഞ്, അധർമ്മം കൊടികുത്തിവാഴുന്ന ഒരു യുഗസന്ധ്യയിൽ അദ്ദേഹം മനുഷ്യപുത്രനായി അവതരിച്ചു. അവതാര ലക്ഷണങ്ങളെല്ലാം അദ്ദേഹത്തിൽ പൂർണ്ണമായിരുന്നു. നവീന ഭാരതത്തിന്റെ പരമാചാര്യന്മാരായിരുന്ന മഹാത്മാ ഗാന്ധിയും, വിവേകാനന്ദനും യേശുക്രിസ്തുവിന്റെ പരമാരാധകന്മാരായിരുന്നുവല്ലോ? ഗാന്ധിജി പറഞ്ഞു "ക്രിസ്തുവിന്റെ ഗിരിപ്രഭാഷണത്തിലെ തത്വങ്ങളെല്ലാം (എന്റെ വ്യാഖ്യാനമനുസരിച്ച്) കണിശമായി അനുഷ്ഠിക്കുന്ന എന്നെ ഒരു ക്രിസ്ത്യാനി എന്ന് നിങ്ങൾ കരുതുകയാണെങ്കിൽ ഞാൻ പ്രതിഷേധിക്കയില്ല".

അവതാരതുല്യനായ മഹാത്മാക്കൾക്കുപോലും പ്രാരംഭത്തിൽ അനുയായികളെ ലഭിക്കാൻ പ്രയാസമായിരിക്കും. എന്നാൽ അവരുടെ മഹത്വം പ്രകാശിച്ചുതുടങ്ങുമ്പോൾ ശിഷ്യന്മാർ ഓടി എത്തും. അതിനായി പിന്നെ അവർ യത്നം ചെയ്യേണ്ടതില്ല. അതാണ് യഥാർത്ഥ ഗുരുവിന്റെ ലക്ഷണം. ഗാന്ധി എന്ന അർദ്ധനഗ്നനായ ഫക്കീറിനെ, ആളുകൾ പീപീലികാ സദൃശം പിന്തുടർന്നില്ലേ? ഇവിടെ നിന്ന് ഏറെ പുറകോട്ടുപോയാൽ നാം യേശുവിന്റെ അടുക്കലെത്തും. ആദ്യം പന്ത്രണ്ടുപേർ മാത്രമുണ്ടായിരുന്ന ശിഷ്യസംഘം എങ്ങനെ വലുതായി എന്നു നമുക്കുകാണാം. മന്ത്രമുഗ്ധരെപ്പോലെയാണ് ആളുകൾ അദ്ദേഹത്തെ പിന്തുടർന്നത്. അദ്ദേഹം മലമുകളിലേക്കു കയറിയാൽ ജനം പുറകേ ചെല്ലും. കടൽത്തീരത്തേക്കുപോയാൽ അവരും പാഞ്ഞെത്തും. എന്താ

www.malankaralibrary.com



യിരുന്നു ഈ ഗുരുത്വാകർഷണത്തിന്റെ രഹസ്യം? ജനങ്ങൾക്കുതോന്നി, തങ്ങളുടെ മുന്നിൽ നിൽക്കുന്നത് ഒരു സാധാരണ ഗുരുവല്ല, ദൈവാദേശം സിദ്ധിച്ച ഒരു മഹാഗുരുവാണെന്ന്. "ശിഷ്യന്മാർ പറഞ്ഞു. നീ ഇപ്പോൾ ഉപമകളില്ലാതെ സ്പഷ്ടമായി സംസാരിക്കുന്നു. നിനക്ക് എല്ലാമറിയാമെന്നും നിന്നോട് ഒന്നും ചോദിക്കേണ്ടതില്ലെന്നും ഇപ്പോൾ ഞങ്ങളറിയുന്നു. നീ ദൈവത്തിൽ നിന്നു വന്നു എന്ന് ഇതിനാൽ ഞങ്ങൾ വിശ്വസിക്കുന്നു" (യോഹ. 16, 29-30).

സംസ്കൃത ഭാഷയിൽ ഏകദേശം തുല്യാർത്ഥങ്ങളായി ഗുരു, അദ്ധ്യാപകൻ, ആചാര്യൻ ഇങ്ങനെ മൂന്നുവാക്കുകളുണ്ട്. സൂക്ഷിച്ചുനോക്കുമ്പോൾ ഇവയ്ക്ക് അർത്ഥഭേദമുണ്ടെന്ന് കാണാം. ഗുരു എന്ന വാക്കിന് വലിപ്പമുള്ളത്, ഭാരമേറിയത് എന്നൊക്കെയാണ് അഭിധാർത്ഥം. അധ്യാപകനാകട്ടെ, പഠിപ്പിക്കുകമാത്രം ചെയ്യുന്നു. ആചാര്യനോ? ആചരിച്ചുകാണിക്കുകയും ചെയ്യുന്നു. "യദ്യദാചരതി ശ്രേഷ്ഠഃ തത്തദേവേതരോ ജനഃ". ശ്രേഷ്ഠൻ എന്തുചെയ്യുന്നുവോ അപ്രകാരം മറ്റുള്ളവരും ചെയ്യുന്നു. അത്തരം ആചാര്യന്മാരെയാണ് ലോകം പരമഗുരുക്കന്മാരായി സ്വീകരിക്കുന്നത്. അവർക്ക് ഈശ്വരദത്തമായി ലഭിച്ച ധാർമ്മിക പ്രാമാണ്യമുണ്ട് (moral authority). അവർ സ്വയം പരിശുദ്ധരായി ജീവിക്കുന്നു. മനഃശുദ്ധി, ക്രിയാശുദ്ധി, സ്വഭാവശുദ്ധി ഇവ മൂന്നും അവരിൽ ഏകത്ര സമ്മേളിക്കുന്നു. വിവേകാനന്ദസ്വാമി പറഞ്ഞു "ലോകം കണ്ടിട്ടുള്ള ഏറ്റവും വലിയ സന്മാർഗ്ഗ നിഷ്ഠൻ ശ്രീബുദ്ധനായിരുന്നു, പിന്നെ യേശുക്രിസ്തുവും".

അവൻ സംസാരിക്കുമ്പോൾ ഈശ്വരന്റെ അരുളപ്പാടുകൾതന്നെയാണ് നാം കേൾക്കുന്നതെന്നു തോന്നുന്നു. 'താൻ പറയുന്നത് പിതാവിന്റെ നിർദ്ദേശമനുസരിച്ചാണ്' എന്ന് ക്രിസ്തുദേവൻ പറഞ്ഞു. പുത്രനിൽകൂടി മാത്രമേ നമുക്കു പിതാവിനെ അറിയാൻ കഴിയൂ. ആദ്യന്തവിഹീനനായ ഈശ്വരനെ നേരിട്ടു മനസ്സിലാക്കാൻ നമുക്കു ശക്തിയില്ല. അതിനാൽ ഭഗവാൻ കൃപാവിഷ്ടനായി തന്റെ പ്രേഷ്ഠപുത്രനെ ഇങ്ങോട്ടയയ്ക്കുന്നു. ഓരോ യുഗത്തിലും പുത്രൻ വരുന്നു.

ക്രിസ്തുവിന്റെ അമൃതവാണികൾ ലോകത്തെ ഇന്നും കോൾമയിർകൊള്ളിക്കുന്നു. 'എന്നിൽ വിശ്വസിക്കൂ. ഞാൻ നിങ്ങളെ സർവ്വപാപങ്ങളിൽ നിന്നും സ്വതന്ത്രരാക്കാം' എന്ന് ക്രിസ്തു. കൃഷ്ണനും ഇതുതന്നെ പറഞ്ഞു: -

"സർവ്വധർമ്മാൻ പരിത്യജ്യ മാമേകം ശരണം വ്രജ
അഹം ത്വാ സർവ്വപാപേഭ്യോ മോക്ഷയിഷ്യാമി മാ ശുചഃ" (18:66)





ഈ പദ്യത്തോടുകൂടി ഗീത അവസാനിക്കുന്നുവെന്നാണ് രാമാനുചാര്യരുടെ അഭിപ്രായം. ഇവിടെ 'സർവ്വധർമ്മാൻ പരിത്യജ്യ' എന്നു പറഞ്ഞതിനെക്കുറിച്ച് പല സംശയങ്ങളും പൊന്തിവന്നിട്ടുണ്ട്. എന്താണ് ഈ ഇതര ധർമ്മങ്ങൾ? അവ മതങ്ങളല്ല, ഗൃഹധർമ്മം, ശരീരധർമ്മം മുതലായവയത്രെ! "അവയൊക്കെവിടൂ. എന്നെ പ്രാപിക്കൂ. ഞാൻ രക്ഷിക്കാം" എന്നാണ് കൃഷ്ണനും ക്രിസ്തുവും പറയുന്നത്. യഥാർത്ഥത്തിൽ ദൈവം നേരിട്ട് ആരുടെ പാപത്തേയും ഏറ്റെടുക്കുന്നില്ല (നാദത്തെ കസ്യചിൽ പാപം). ദൈവപുത്രനാണ് പാപത്തെ ഏറ്റെടുക്കുന്നത്. പുത്രനിൽകൂടി മാത്രമാണ് നാം പിതാവിനെ അറിയുന്നത്. "ഞാൻ എന്റെ പിതാവിലും, നിങ്ങൾ എന്നിലും, ഞാൻ നിങ്ങളിലും" എന്നാണ് യേശുദേവൻ പറയുന്നത്. പിന്നീട് അദ്ദേഹം പറഞ്ഞു, പിതാവും പുത്രനും ഒന്നുതന്നെ. ഇതാണ് ബ്രഹ്മൈക്യം.

ഇത്തരമൊരു അപൂർവാവതാരം ലോകഗുരുവായതിൽ എന്താണത്ഭുതം. ശ്രേഷ്ഠഗുരുവിന്റെ സകല ലക്ഷണങ്ങളും അദ്ദേഹത്തിൽ സമ്മേളിച്ചിരുന്നു. മാതൃകാധ്യാപകൻ എങ്ങനെയായിരിക്കണമെന്നറിയണമെന്നുള്ളവർ ക്രിസ്തുവിൽ നിന്ന് പലതും പഠിക്കണം.

മഹാത്മാക്കളെ അനേകം കോണുകളിൽ നിന്ന് നമുക്കു നോക്കികാണാം. ഓരോ വീക്ഷണത്തിലും ഓരോ ഭാവം തെളിഞ്ഞുവരും. ഓരോന്നും ഓരോ പ്രകാശ സ്വരൂപം! ലോകഗുരുവായ യേശുക്രിസ്തു എന്ന സവിശേഷ വീക്ഷണത്തിൽ നമ്മുടെ ഗ്രന്ഥകാരനായ ബഹു. വർക്കി ആററുപുറത്തച്ചൻ യേശുവിനെ നോക്കികാണുകയാണ്. സലക്ഷണനായ ഗുരുവിന്റെ ഏതുലക്ഷണവും ക്രിസ്തുദേവനിണങ്ങും. ഗുരു നല്ല മനഃശ്ശാസ്ത്രജ്ഞനും, സാമൂഹ്യശാസ്ത്രജ്ഞനുമായിരിക്കണമെന്ന് വിദഗ്ധന്മാർ പറയുന്നുണ്ടല്ലോ? ഇവയെല്ലാം ക്രിസ്തുവിൽ സമന്വയിച്ചിരുന്നു. ഇപ്രകാരം മുമ്പാരും വിശദീകരിച്ചുകണ്ടിട്ടില്ല. അക്കാരണത്താൽ ഈ കൃതി ഒരു പുതിയ വ്യാഖ്യാനമെന്നു പറയാം. ലോകചരിത്രകാരനായ എച്ച്.ജി. വെൽസ് ക്രിസ്തുവിനെ അവതരിപ്പിക്കുമ്പോൾ "He was a penniless teacher who wandered about the sunbit country of Judea living upon casual gifts of food"എന്നാണ് വിശേഷിപ്പിക്കുന്നത്. കൊടും ചൂടേറ്റ് വരണ്ട പൂഴി നിറഞ്ഞ 'യൂദ'യിലാകെ അലഞ്ഞുനടന്ന യദൃച്ഛാ ലാഭസസ്തുഷ്ടനായ, നിസ്വനായ ഒരു ഗുരുനാഥനായിരുന്നു. ആ യുവാവിന്റെ ഉപദേശങ്ങൾ കേട്ട് വിമതന്മാർ പോലും വിസ്മയിച്ചുപോയി.

www.malankaralibrary.com



"ഇവന് ഈ ജ്ഞാനവും ശക്തിയും എവിടെനിന്ന് ലഭിച്ചു? ഇവൻ ആ തച്ചന്റെ മകനല്ലേ? ഇവന്റെ അമ്മ മറിയമല്ലേ?" (മത്താ. 13,54) എന്ന് അവർ ചോദിച്ചു.

ജന്മനാ ഗുരുവായവൻ അന്തഃപ്രജ്ഞകൊണ്ട് അറിവുനേടുന്നു. അവന്റെ അറിവ് ദൈവദത്തമാണ്. അത് പുസ്തകജ്ഞാനമല്ല. "ഞാൻ സ്വയം പറഞ്ഞതല്ല ഇത്. എന്നെ അയച്ച പിതാവുതന്നെയാണ് എന്തുപറയണം, എങ്ങനെ പറയണം എന്ന് എന്നോടു കല്പിച്ചിരിക്കുന്നത്" (യോഹ. 12,49).

ഭാരതത്തിൽ ഇത്തരം അറിവിന്റെ മകുടോദാഹരണമായിരുന്നു, ശ്രീരാമകൃഷ്ണപരമഹംസൻ. അദ്ദേഹം ഒരു പുസ്തകവും പഠിച്ചില്ല. ഗുരുക്കന്മാരിൽ നിന്ന് പഠിച്ചത് സാധനാമാർഗ്ഗങ്ങൾ മാത്രം. എന്നിട്ടും പരമഹംസൻ പറഞ്ഞതൊക്കെ ഉപനിഷത്സൂക്തങ്ങളായിരുന്നു. ഇതെങ്ങനെ സാധിച്ചു? ശ്രീരാമകൃഷ്ണനും അവതാരമായിരുന്നു. ഇവർക്കുതമ്മിൽ മറ്റൊരു സാദൃശ്യം കൂടിയുണ്ട്. മനോഹരമായ സാരോപദേശ കഥകൾ ഇരുവരും അതിസമർത്ഥമായി ഉപയോഗിച്ചു. ഒരു കഥ (ഉപമ) പറയുമ്പോഴേക്കും കാര്യങ്ങൾ സുവിശദമായിത്തീരുന്നു.

ഉത്തമഗുരുവിന് ഇരുന്നു പഠിപ്പിക്കാൻ ക്ലാസ്സുമുറിവേണ്ടാ. എവിടെവച്ചു വേണമെങ്കിലും പഠിപ്പിക്കാം; എപ്പോൾ വേണമെങ്കിലും പഠിപ്പിക്കാം. ദേവാലയങ്ങളും, മണൽക്കാടുകളും, മലമുകളും, കടൽത്തീരങ്ങളും ക്രിസ്തുദേവന്റെ ക്ലാസ്സുമുറികളായി മാറി. ഇങ്ങനെയാണ് വിശ്വാമിത്രമഹർഷി രാമലക്ഷ്മണന്മാരെ പഠിപ്പിച്ചത്. കാനനച്ചോലകൾ മഹർഷിക്ക് വിദ്യാലയങ്ങളായിമാറി. മഹാത്മാഗാന്ധിയുടെ ആശ്രമങ്ങളും വിദ്യാലയങ്ങളായിരുന്നു. അദ്ദേഹത്തിന്റെ ദിനചര്യപോലും പഠനീയമായിരുന്നു.

ഈ സന്ദർഭത്തിൽ ഒരു സംഭവം ഓർമ്മിക്കുന്നു. ഒരിന്ത്യൻ പ്രഫസർ ഗാന്ധിജിയെപ്പറ്റി പഠിപ്പിക്കാൻ ക്ഷണിക്കപ്പെട്ട് അമേരിക്കയിലെ ഒരു സർവ്വകലാശാലയിൽപോയി. പ്രാരംഭദിവസങ്ങളിൽ പ്രഫസർ ഗാന്ധിജിയുടെ ജീവിതകഥ ചമൽക്കാരജനകമായി വിവരിച്ചു. ഔത്സുക്യത്തോടെ എല്ലാം കേട്ടുകൊണ്ടിരുന്ന ഒരു വിദ്യാർത്ഥിനി ചോദിച്ചു : "ഇതെല്ലാം സത്യംതന്നെയാണോ സർ?". പ്രഫസർ പറഞ്ഞു: "തികച്ചും സത്യം".

"സർ, ഇപ്പോൾ ഞാൻ വിശ്വസിക്കുന്നു, യേശുക്രിസ്തു സത്യമായും ജീവിച്ചിരുന്നു".

**എസ്. ഗുപ്തൻനായർ**





# നന്ദിയോടെ

ഈ പുസ്തകത്തിന്റെ രചനയിലും പ്രസിദ്ധീകരണത്തിലും എന്നെ സഹായിച്ച ചില മഹത് വ്യക്തികളോടുള്ള നന്ദിയും കടപ്പാടും രേഖപ്പെടുത്താതെ എനിക്ക് ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കാനാവില്ല. എന്റെ ആത്മീയ പിതാവും മാർഗ്ഗ ദർശിയും ആയ തിരുവനന്തപുരം മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ് അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് തിരുമേനിയോട്, ഈ ഗ്രന്ഥരചനയ്ക്ക് എനിക്കാവശ്യമായ പ്രചോദനവും പ്രോത്സാഹനവും തന്നതിനും, ഇതിന് നല്ലൊരു ആശംസ എഴുതിതന്നതിനും, എനിക്കുള്ള ഹൃദയംഗമമായ നന്ദിയും കടപ്പാടും പ്രകടിപ്പിച്ചുകൊള്ളുന്നു. ഈ ഗ്രന്ഥത്തിന് ചിന്തോദ്ദീപകമായ ഒരു ആശംസ നൽകി സഹായിച്ച എന്റെ പ്രചോദനവും ശക്തിയുമായ തിരുവനന്തപുരം അതിരൂപതാ സഹായമെത്രാൻ അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനിയോടും ഞാൻ കടപ്പെട്ടവനാണ്.

ഈ ഗ്രന്ഥത്തിന് പ്രൗഢമായ അവതാരിക എഴുതിത്തന്ന പ്രസിദ്ധ സാഹിത്യകാരൻ പ്രഫ. എസ്. ഗുപ്തൻനായരോട് എനിക്കുള്ള നന്ദി നിസ്സീമമാണ്. ഈ ഗ്രന്ഥരചനയ്ക്ക് എനിക്ക് പ്രേരണയും പ്രോത്സാഹനവും മാർഗ്ഗനിർദ്ദേശവും നൽകിയ ഫാ. ജോൺസൺ ചരിവുകാലായിൽ, ഇതിന് ആവശ്യമായ തിരുത്തലുകൾ നൽകിയ ഫാ. വിൽസൺ തട്ടാരുതുണ്ടിൽ, ശ്രീ. വി. ഗീവർഗ്ഗീസ് എന്നിവരോടും എനിക്ക് വാക്കുകളിൽ ഒതുങ്ങാത്ത നന്ദിയുണ്ട്.

ഈ ഗ്രന്ഥത്തിന്റെ പ്രസാധക കർമ്മം ഏറ്റെടുത്ത വിശ്വാസ പരിശീലന-പരിപാലന കേന്ദ്രത്തിലെ സി. സീറ്റ എസ്.ഐ.സി., ശ്രീ. ഏലിയാസ് എന്നിവരോടും പ്രത്യേകിച്ച് അതിന്റെ ഡയറക്ടർ ബഹു. ജോസഫ് കുരുമ്പിലേത്തച്ചനോടും, കമ്പ്യൂട്ടർ ടൈപ്പ് സെറ്റിംഗ് നടത്തിയ ശ്രീ. സാം ഐസക്കിനോടും പ്രിന്റിംഗ് നടത്തിത്തന്ന സൺഷൈൻ പ്രിന്റേഴ്സിനോടുമുള്ള കൃതജ്ഞതയും ഇവിടെ പ്രകാശിപ്പിച്ചുകൊള്ളട്ടെ.

എനിക്ക് എന്നും പ്രചോദനമായിരിക്കുന്ന എന്റെ ഗുരുക്കന്മാരോടും സഹവൈദികരോടുമുള്ള നന്ദിയും രേഖപ്പെടുത്തിക്കൊണ്ട് ഈ കൃതി സവിനയം അനുവാചക സമക്ഷം സമർപ്പിക്കുന്നു.

**ഫാ. വർക്കി ആറ്റുപുറത്ത്**

തിരുവനന്തപുരം

www.malankaralibrary.com



# ആമുഖം

വിദ്യാഭ്യാസ രംഗത്ത് പ്രത്യേകിച്ച് അദ്ധ്യാപന കലയിൽ വളരെയേറെ പരീക്ഷണങ്ങളും മാറ്റങ്ങളും നടന്നുകൊണ്ടിരിക്കുന്ന ഒരു കാലയളവാണിത്. എങ്ങനെയാണ് വിദ്യാർത്ഥികളെ പഠിപ്പിക്കേണ്ടതെന്ന് വളരെയേറെ ചർച്ച ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ നൂതനങ്ങളായ പല അദ്ധ്യാപന രീതികൾക്ക് രൂപം കൊടുക്കുകയും ചെയ്യുന്നുണ്ട്. കേരളത്തിൽ ഇന്ന് നടപ്പിലാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന ഡി.പി.ഇ.പി. മോഡൽ വിദ്യാഭ്യാസ രീതി പുതിയ പരീക്ഷണങ്ങളിൽ ഒന്നുമാത്രമാണ്. എന്നാൽ ഇന്ന് നടപ്പിലാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന പല അദ്ധ്യാപന രീതികളും നൂറ്റാണ്ടുകൾക്കുമുമ്പ് യേശു പ്രാവർത്തികമാക്കിയതാണെന്നുള്ളതാണ് വാസ്തവം. നൂറ്റാണ്ടുകളുടെ അനുഭവങ്ങളിൽ നിന്ന് മനുഷ്യൻ കണ്ടുപിടിച്ചുവരുന്നത് നൂറ്റാണ്ടുകൾക്കുമുമ്പുതന്നെ യേശു നടപ്പിലാക്കിയിരുന്നു എന്നറിയുന്നത് ഒരു വ്യത്യസ്ത അനുഭവമായിരിക്കും. വളരെ നൂതന വിദ്യാഭ്യാസ രീതിയായി ഇന്ന് കേരളത്തിൽ നടപ്പിലാക്കികൊണ്ടിരിക്കുന്ന ഡി.പി.ഇ.പി.യുടെ മാതൃകകൾ യേശുവിന്റെ പ്രബോധന രീതികളിൽ കാണാൻ കഴിയും. യേശുവിന്റെ പ്രബോധനം ഒരു പരിധിവരെ 'ഡി.പി.ഇ.പി.' മാതൃകതന്നെയായിരുന്നെന്ന് പറയാം.

വിദ്യാർത്ഥികളെ എങ്ങനെ പഠിപ്പിക്കണം, അദ്ധ്യാപകൻ എന്തെല്ലാം ശ്രദ്ധിക്കണം എന്നിവയ്ക്കെല്ലാം അദ്ധ്യാപക പരിശീലന കേന്ദ്രങ്ങൾ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നുണ്ട്. എന്നാൽ, യേശുക്രിസ്തു നടപ്പിലാക്കിയ അദ്ധ്യാപന രീതികളിൽ ചിലതുമാത്രമാണ് ഇന്ന് പല അദ്ധ്യാപക പരിശീലന കേന്ദ്രങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും നടപ്പിലാക്കാൻ ശ്രമിക്കുന്നതെന്നതാണ് സത്യം. യേശു പ്രാവർത്തികമാക്കാത്ത ഒരു അദ്ധ്യാപന രീതിയും (Teaching methodology) ഇതുവരെ ആരും കണ്ടുപിടിക്കുകയോ, നടപ്പിലാക്കുകയോ ചെയ്തിട്ടില്ലെന്ന് അറിയുമ്പോഴാണ് യേശുവിന്റെ പ്രബോധനത്തിന്റെ മഹത്വമറിയുക.

ഭാരതത്തിൽ നിലവിലിരുന്നതും, ഭാരതത്തിന്റേതെന്നവകാശപ്പെടാവുന്നതുമായ ഗുരുകുല വിദ്യാഭ്യാസംപോലും യേശുവിന്റെ വിദ്യാഭ്യാസ രീതിയിൽ ദൃശ്യമായിരുന്നു. വിദ്യാഭ്യാസമെന്നാൽ ജ്ഞാന സംവേദനമല്ല, ജീവിത പരിശീലനമാണ്. ഗുരുവിന്റെ ജീവിതം പോലെ ശിഷ്യന്റേയും ജീവിതം ആക്കി





തീർക്കാനുള്ള പരിശീലനമാണ് അവിടെ നൽകപ്പെടുക. ഇതിന് ഏറ്റവും യോജിച്ചത് ഗുരുകുല വിദ്യാഭ്യാസമാണ്. ശിഷ്യൻ ഗുരുവിന്റെ വസതിയിലും, ഗുരുവിനോടൊപ്പവും വസിച്ച് പരിശീലനം നേടുന്ന ഗുരുകുല വിദ്യാഭ്യാസ രീതിയിൽ തന്നെയായിരുന്നു യേശു ശിഷ്യന്മാരെ പരിശീലിപ്പിച്ചിരുന്നത്. 'ഗുരു അങ്ങ് എവിടെ വസിക്കുന്നു' എന്നു ചോദിച്ചപ്പോൾ, 'വന്നുകാണുക' എന്നു പറഞ്ഞുകൊണ്ട് യേശു ശിഷ്യന്മാരെ സ്വവസതിയിലേക്ക് കൂട്ടിക്കൊണ്ടുപോവുകയായിരുന്നു.

ഗുരുകുല വിദ്യാഭ്യാസ രീതിയിൽ, ദൗത്യനിർവ്വഹണത്തിന് യോഗ്യരെന്നു കാണുന്നവരെ ഗുരുതന്നെ തെരഞ്ഞെടുത്ത് പരിശീലിപ്പിക്കുകയായിരുന്നു. ഓരോരുത്തർക്കും അവരുടെ ആവശ്യത്തിനും, കഴിവിനും, ദൗത്യത്തിനുമനുസരിച്ചുള്ള പരിശീലനം നൽകുകയും, പരിശീലനം പൂർത്തിയാക്കുന്നവരെ ദൗത്യ നിർവ്വഹണത്തിനായി സമൂഹത്തിലേക്ക് അയയ്ക്കുകയും ചെയ്തിരുന്നു. ഇതുപോലെ, യേശുവും ഓരോരുത്തരുടേയും ആവശ്യത്തിനും ദൗത്യത്തിനുമനുസരിച്ചുള്ള പരിശീലനം നൽകുകയും പരിശീലനത്തിനുശേഷം അവരെ കൃത്യമായ ദൗത്യം നൽകി സമൂഹത്തിലേക്ക് അയയ്ക്കുകയും ചെയ്തിരുന്നു. അങ്ങനെനോക്കുമ്പോൾ യേശു നടപ്പിലാക്കിയിരുന്ന വിദ്യാഭ്യാസ രീതിയും ആർഷഭാരതത്തിൽ നിലവിലിരുന്ന ഗുരുകുല വിദ്യാഭ്യാസ രീതിയും ഒന്നുതന്നെയായിരുന്നുവെന്ന് ഗ്രഹിക്കാൻ കഴിയും.

ഭാരതത്തിലേതെന്നല്ല, ലോകത്തിന്റെ ഏതുഭാഗത്തും നിലവിലിരിക്കുന്ന വിദ്യാഭ്യാസ രീതിയെക്കാളും ശ്രേഷ്ഠവും പൂർണ്ണവുമായിരുന്നു യേശുവിന്റെ അധ്യാപനരീതികൾ. പൗരാണിക വിദ്യാഭ്യാസ രീതികളും, ഇന്നത്തെ പാശ്ചാത്യ-പൗരസ്ത്യ വിദ്യാഭ്യാസ രീതികളുമൊന്നും യേശുവിന്റെ വിദ്യാഭ്യാസ രീതികളോളം പൂർണ്ണമല്ല. അവിടെയെല്ലാം, യേശുവിന്റെ പ്രബോധന രീതികളുടെ അനുരണനങ്ങൾ കാണാൻ സാധിക്കും. ആയതിനാൽ, എല്ലാ കാലഘട്ടങ്ങളിലേയും, എല്ലാ രാജ്യങ്ങളിലേയും ഗുരുക്കന്മാർക്ക് ഒരു വലിയ മാതൃകയായി യേശു നിലകൊള്ളുന്നു. ഓരോ കാലഘട്ടത്തിനും യോജിച്ചവിദ്യാഭ്യാസ പദ്ധതികളാണ് ആ കാലഘട്ടത്തിലെ വിദ്യാഭ്യാസ വിദഗ്ധർ രൂപം കൊടുക്കുന്നത്. ഒരു രാജ്യത്തേയും ഒരു കാലഘട്ടത്തിലേയും വിദ്യാഭ്യാസ രീതി മറ്റൊരു രാജ്യത്തിനും മറ്റൊരു കാലഘട്ടത്തിനും പ്രസക്തമാകണമെന്നില്ല. ഉദാഹരണത്തിന്, പുരാതനഭാരതത്തിൽ നിലവിലിരുന്ന ഗുരുകുല വിദ്യാഭ്യാസം അതേ

www.malankaralibrary.com



രീതിയിൽ ഇന്ന് അനുകരിക്കാനാവില്ല. കാലഘട്ടത്തിനും സാമൂഹ്യമാറ്റത്തിനുമനുസരിച്ച് വിദ്യാഭ്യാസ രീതിയും മാറേണ്ടതുള്ളതുകൊണ്ടാണ് ലോകത്തിൽ വിവിധങ്ങളായ വിദ്യാഭ്യാസ സമ്പ്രദായങ്ങൾ നിലവിൽ വന്നതും, വന്നുകൊണ്ടിരിക്കുന്നതും. എന്നാൽ, യേശുക്രിസ്തുവിന്റെ അദ്ധ്യാപനരീതികൾ ഏതു രാജ്യത്തിനും ഏതുകാലഘട്ടത്തിനും പ്രസക്തമാണ്. യേശു ക്രിസ്തുവിനല്ലാതെ ലോകത്തിലെ വേറെ ഏതെങ്കിലും ഒരു ഗുരുവിന് എല്ലാ കാലഘട്ടങ്ങൾക്കും എല്ലാ പ്രദേശങ്ങൾക്കും യോജ്യവും പ്രസക്തവുമായ ഒരു അദ്ധ്യാപന കലയ്ക്കും വിദ്യാഭ്യാസ രീതിക്കും രൂപംകൊടുക്കാൻ സാധിച്ചിട്ടില്ലെന്നുള്ളത് യേശുവിന്റെ അദ്ധ്യാപന ശൈലിയും ലോകത്തിന്റെ ഇന്നോളമുണ്ടായിട്ടുള്ള വിദ്യാഭ്യാസ രീതികളും പഠിക്കുമ്പോൾ മനസ്സിലാകും.

യേശുക്രിസ്തു നടപ്പിലാക്കിയ അദ്ധ്യാപന രീതികൾ ഇന്നും പ്രസക്തമാണെന്നതിന് തെളിവാണ് അതിൽ പലതും ആധുനിക വിദ്യാഭ്യാസ വിചക്ഷണർ പിന്തുടരുവാൻ ശ്രമിക്കുന്നുവെന്നുള്ളത്.

ഉദാഹരണത്തിന്, റൂസ്സോയുടെ (1712-78) സ്വാഭാവിക വിദ്യാഭ്യാസവും (naturalistic education) സ്വയംബോധനവിദ്യാഭ്യാസവും (self-teaching), ജോൺ ഡ്യൂവേയുടെ (1859-1952) പ്രവർത്തി-പരിചയ വിദ്യാഭ്യാസവും (learning by doing) , പെസ്റ്റലോസ്സിയുടെ (1746-1827) സ്വയംനിരീക്ഷണവിദ്യാഭ്യാസവും (observation), ഫെഡറിക് ഫ്രോയ്ബെല്ലിന്റെ (1782-1852) വിദ്യാർത്ഥി കേന്ദ്രീകൃത വിദ്യാഭ്യാസവും (child centered), മരിയ മോൺടിസ്സോറിയുടെ (1870-1952) ക്രീഡാരീതിയും (play-way method), ടാഗോറിന്റെ (1861-1941) സർഗ്ഗാത്മക സമ്പ്രദായവും (creative teaching), ഗാന്ധിജിയുടെ (1869-1948) തൊഴിലധിഷ്ഠിത (craft centred) വിദ്യാഭ്യാസവുമെല്ലാം യേശുവിന്റെ അദ്ധ്യാപനത്തിൽ കാണാൻ സാധിക്കും. വിവിധ കാലഘട്ടങ്ങളിൽ ഉരുത്തിരിഞ്ഞുവന്ന ഈ വിദ്യാഭ്യാസ രീതികളെല്ലാം യേശുക്രിസ്തു പ്രാവർത്തികമാക്കിയവയായിരുന്നു എന്നതിലുപരിയായി, യേശുക്രിസ്തുവിന്റെ അദ്ധ്യാപനരീതികൾ പ്രത്യക്ഷമായോ പരോക്ഷമായോ ഈ വിദ്യാഭ്യാസ രീതികളെയെല്ലാം സ്വാധീനിച്ചിരുന്നുവെന്നതാണ് വാസ്തവം. അതായത്. യേശുക്രിസ്തുവിന്റെ അദ്ധ്യാപനരീതികളാണ് പല വിദ്യാഭ്യാസ പരിഷ്കാരങ്ങൾക്കും അടിസ്ഥാനം. അങ്ങനെയെങ്കിൽ, യേശുക്രിസ്തുവിന്റെ അദ്ധ്യാപന ശൈലിയിൽ നിന്നാണ് മറ്റ് അദ്ധ്യാപനരീതികളെല്ലാം ഉരുത്തിരിഞ്ഞുവന്നതെന്നുപറയാം.





ഓരോ ജീവിതാന്തസ്സിലുമുള്ള മനുഷ്യന്, ആ മണ്ഡലത്തിൽ അനുകരിക്കാവുന്ന പലവ്യക്തികളുമുണ്ട്. മത-സാമൂഹ്യ-സാംസ്കാരിക-കലാ-കായിക-രാഷ്ട്രീയ രംഗങ്ങളിലെല്ലാം മനുഷ്യന് മാതൃകയാക്കാവുന്ന ഒരു വ്യക്തിയെങ്കിലുമുണ്ടാകും. എന്നാൽ, ലോകത്തിലുള്ള അദ്ധ്യാപകർക്കെല്ലാം അനുകരിക്കാവുന്ന ഒരദ്ധ്യാപകനെ ആരെങ്കിലും എടുത്തവതരിപ്പിച്ചിട്ടുള്ളതായി കണ്ടിട്ടില്ല. ***അദ്ധ്യാപകർ ആരെപ്പോലെയാകണം, അവർ ആരെപ്പോലെ പഠിപ്പിക്കണമെന്നതിന് ഉത്തരമാണ് യേശുക്രിസ്തു.*** അദ്ധ്യാപകർ, ഏതുമതത്തിലും, ഏതു സംസ്കാരത്തിലും, ഏതുകാലഘട്ടത്തിലുംപ്പെട്ടവരായാലും അവർക്കെല്ലാം അദ്ധ്യാപനവൃത്തിയിൽ അനുകരിക്കാവുന്ന ഒരു വലിയ മാതൃകയാണ് യേശുക്രിസ്തു. യേശുക്രിസ്തു എങ്ങനെ അദ്ധ്യാപകർക്ക് ഒരു മാതൃകയായിതീർന്നിരിക്കുന്നുവെന്നും, അവിടുന്ന് എങ്ങനെ ലോകഗുരുവായെന്നും കണ്ടെത്തുകയാണ് ഈ ഗ്രന്ഥത്തിന്റെ പരമലക്ഷ്യം.

ഗ്രന്ഥകർത്താവ്

www.malankaralibrary.com



# ഉള്ളടക്കം

ആശംസകൾ
അവതാരിക
നന്ദിയോടെ
ആമുഖം

അധ്യായം 1

ഗുരുവായ ക്രിസ്തു.
1. അദ്ധ്യാപനത്തിൽ മുഴുകിയ ക്രിസ്തു 19
2. ക്രിസ്തുവിന്റെ ഗുരു അവബോധം 24
3. ക്രിസ്തു ജനങ്ങളുടെ കാഴ്ചപ്പാടിൽ 26

അധ്യായം 2

ക്രിസ്തുവിന്റെ അദ്ധ്യാപനരംഗം
1. അദ്ധ്യാപനകേന്ദ്രങ്ങൾ 29
2. ശാരീരിക നിലപാട് 31
3. വിസ്തൃതമായ അദ്ധ്യാപനമേഖല 33
4. ശ്രോതാക്കളെക്കുറിച്ചുള്ള ക്ലിപ്തത. 35
5. അദ്ധ്യാപനരംഗത്തെക്കുറിച്ചുള്ള ക്ലിപ്തത. 36
6. പ്രബോധനവും പശ്ചാത്തലവും 37
7. പശ്ചാത്തല ക്രമീകരണം 38
8. മാനസികമായി സജ്ജമാക്കൽ 40
9. വ്യക്തിയെ അറിഞ്ഞുള്ള പ്രബോധനം 42
10. ശ്രോതാക്കളോടു ദയ 44





അധ്യായം 3

ക്രിസ്തുവിന്റെ അദ്ധ്യാപന രീതി
1. പ്രബോധനം മുന്നറിവിലൂടെ 46
2. പ്രബോധനം പ്രവൃദ്ധിയിലൂടെ 48
3. പ്രബോധനത്തോടൊപ്പം പ്രവർത്തനവും 50
4. സാഹചര്യവും അദ്ധ്യാപനരീതികളും 51
5. ഉപമകളും ദൃഷ്ടാന്തങ്ങളും അദ്ധ്യാപനത്തിൽ 52
6. ചോദ്യങ്ങൾക്ക് മറുപടിയായുള്ള പഠിപ്പിക്കൽ 54
7. ഹൃദയവിചാരങ്ങളറിഞ്ഞുള്ള പഠിപ്പിക്കൽ 55
8. പരസ്പരമുള്ള ചോദ്യങ്ങൾക്ക് മറുപടിയായി പഠിപ്പിക്കൽ 58
9. ചോദ്യങ്ങളിലൂടെ പ്രബോധനം 59
10. ആത്മബോധനരീതി. 62
11. വിലയിരുത്തൽ 63
12. മനസ്സിലാകാത്തവയക്ക് മതിയായ വിശദീകരണം 64
13. വിളിയ്ക്കനുസരിച്ചുള്ള പ്രബോധനം. 65
14. തെറ്റിദ്ധാരണകൾ നീക്കിയുള്ള പഠിപ്പിക്കൽ 67
15. സ്വരഭേദവും അംഗവിക്ഷേപവും 69
16. താരതമ്യപഠനം 70
17. ലളിതമായവയിൽ നിന്ന് സങ്കീർണ്ണതയിലേക്ക് 71
18. പ്രോത്സാഹനം അദ്ധ്യാപനത്തിൽ 72
19. ശിക്ഷണം അദ്ധ്യാപനത്തിൽ 75
20. ഉൾക്കൊള്ളാവുന്നത്രയും 77
21. ജ്ഞാനയോഗത്തിൽ നിന്ന് കർമ്മയോഗത്തിലേക്ക് 77

അധ്യായം 4

ക്രിസ്തുവിന്റെ അദ്ധ്യാപനത്തിന്റെ പ്രത്യേകത
1. ബോധ്യമുള്ളത് പഠിപ്പിക്കുക, പഠിപ്പിച്ചവയിൽ ഉറച്ചുനിൽക്കുക 80
2. കുറ്റമറ്റ അദ്ധ്യാപനം 81
3. ന്യായമായ വികാരപ്രകടനം 82

www.malankaralibrary.com



4. സമയോചിതമായ പ്രബോധനം 84
5. സമയോചിതമായ ചോദ്യങ്ങൾ 85
6. പ്രബോധനത്തിലൂടെ മുന്നറിയിപ്പ് 85
7. ദീർഘവീക്ഷണത്തോടെയുള്ള പ്രബോധനം 88
8. പ്രബോധനത്തിൽ നിശ്ശബ്ദത. 90
9. വൈവിധ്യമാർന്ന അദ്ധ്യാപനം 91
10. പ്രതിഫലവും പ്രസിദ്ധിയുമില്ലാതെ 93
11. ഹൃദയ സ്പർശിയായ പ്രബോധനം 95
12. പഠിക്കാൻ സ്വാതന്ത്ര്യം 96
13. അഭിപ്രായ രൂപീകരണ സ്വാതന്ത്ര്യം 97
14. പ്രാർത്ഥനയും പ്രബോധനവും 98
15. പ്രാർത്ഥനയുടെ മാതൃകയായ ക്രിസ്തു. 100
16. ശിഷ്യന്മാരുടെ പക്ഷത്തു നിൽക്കുന്ന ഗുരു. 101
17. ഗുരു-ശിഷ്യബന്ധം വ്യക്തിബന്ധത്തിലേക്ക് 103
18. സാമൂഹ്യ മാറ്റത്തിനുള്ള ആഹ്വാനം. 105


അദ്ധ്യായം **5**

## വിസ്മയകരമായ അറിവും പ്രബോധനവും


1. കൃത്യമായ മറുപടി 110
2. പ്രബോധനത്തിലെ സത്യത്തിന്റെ മാനങ്ങൾ 112
3. വിഷയത്തിന്റെ പ്രാധാന്യമനുസരിച്ചുള്ള പ്രബോധനം. 113
4. ആജ്ഞാശക്തിയുള്ള വചനങ്ങൾ 114
5. ആധികാരികമായ പ്രബോധനം 116
6. വിസ്മയകരമായ ജ്ഞാനം 118
7. വിസ്മയകരമായ പ്രബോധനം 120
8. ഗുരുവിനെത്തേടി ശിഷ്യപ്രവാഹം 122
9. വിദ്യാർത്ഥിയായ ഗുരു 125






**അനുബന്ധം**

## അദ്ധ്യാപനത്തിന് ചില മാർഗ്ഗനിർദ്ദേശങ്ങൾ


1. ക്ലാസ്സിനുള്ള ഒരുക്കം 127
2. ക്ലാസ്സ് ആരംഭിക്കൽ 128
3. ആശയാവതരണം 128
4. കുട്ടികളുടെ ഭാഗഭാഗിത്വം 129
5. അദ്ധ്യാപനോപാധികൾ 130
6. പ്രോത്സാഹന - ശിക്ഷണ നടപടികൾ 132
7. ക്ലാസ്സ് സമാപിപ്പിക്കുന്ന രീതി 133
8. അദ്ധ്യാപകന്റെ വ്യക്തിത്വം 134
9. അദ്ധ്യാപകനുണ്ടായിരിക്കേണ്ട ഗുണങ്ങൾ. 135

www.malankaralibrary.com



# 1

# ഗുരുവായ ക്രിസ്തു

ലോകം കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും വലിയ ഗുരു യേശുക്രിസ്തുവായിരുന്നു. ഒരു ഗുരുധർമ്മം യേശുവിന് നിറവേറ്റാനുണ്ടായിരുന്നു. പരസ്യജീവിത കാലത്തുമാത്രമല്ല, തന്റെ ജീവിതകാലം മുഴുവൻ യേശു തന്റെ ആ ദൗത്യത്തിൽ നിരന്തരം വ്യാപൃതനായിരിക്കുന്നതായിട്ടാണ് വി. ഗ്രന്ഥത്തിൽ നാം കാണുന്നത്. അതുകൊണ്ടുതന്നെ യേശു ഗുരു എന്നറിയപ്പെടാൻ ആഗ്രഹിച്ചിരുന്നു. ***ജനങ്ങളെല്ലാം യേശുവിനെ കണ്ടിരുന്നത് അസാധാരണനായ ഒരു ഗുരുവായിട്ടാണ്, ഗുരുനാഥനായിട്ടാണ്. അവിടുന്ന് എല്ലാവരുടേയും ഗുരുവായിരുന്നു, ഗുരുക്കന്മാരുടേയും ഗുരുവായിരുന്നു. യേശു ലോകൈക ഗുരുവായിരുന്നു.***

### 1. അദ്ധ്യാപനത്തിൽ മുഴുകിയ ക്രിസ്തു.

അറിവുകളും യാഥാർത്ഥ്യങ്ങളും അതിന്റെ യഥാർത്ഥ അർത്ഥത്തിൽ മനുഷ്യമനസ്സുകളിലേക്കും ഹൃദയങ്ങളിലേക്കും സംവേദനം ചെയ്യപ്പെടുന്ന അത്യന്തം ഗൗരവമായ പ്രക്രിയയാണ് അദ്ധ്യാപനം. ഈ അർത്ഥത്തിൽ, ലോക

www.malankaralibrary.com

ത്തിലെ ഏറ്റവും പ്രഗത്ഭനായ അദ്ധ്യാപകനായിരുന്നു ക്രിസ്തു. അദ്ധ്യാപനം യേശുവിലൂടെ അത്യുന്നതമായ കലാരൂപം പ്രാപിച്ചു. അത് യേശുവിന്റെ ഒരു ദിനചര്യയായിരുന്നു. നിരന്തരം പ്രസംഗത്തിലും പ്രബോധനത്തിലും വ്യാപൃതനായിരിക്കുന്ന ഒരു ക്രിസ്തുവിനെയാണ് വി. ഗ്രന്ഥം അവതരിപ്പിക്കുന്നത്. 'അവൻ ദിവസവും ദേവാലയത്തിൽ പഠിപ്പിച്ചിരുന്നു' (ലൂ. 19:47) എന്ന പ്രസ്താവന തന്നെ പഠിപ്പിക്കൽ തന്റെ ദിനവൃത്തിയായിരുന്നെന്നതിന് മതിയായ തെളിവാണ്. അദ്ധ്യാപനം ക്രിസ്തുവിന്റെ പതിവുജോലിയായിരുന്നെന്ന് വി. മർക്കോസും രേഖപ്പെടുത്തുന്നുണ്ട്. "പതിവുപോലെ അവൻ അവരെ പഠിപ്പിച്ചു" (മർക്കോ. 10.1).

സിനഗോഗുകളിലും തെരുവീഥികളിലും, കടലോരങ്ങളിലും, മലകളിലുമൊക്കെയിരുന്ന് ക്രിസ്തു ജനങ്ങളെ പഠിപ്പിച്ചിരുന്നു. പന്ത്രണ്ടുവയസ്സായ ക്രിസ്തു ജറുസലേം ദേവാലയത്തിലിരുന്ന് പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നതായി കാണുന്നുണ്ട്. "മൂന്നു ദിവസങ്ങൾക്കുശേഷം അവർ അവനെ ദേവാലയത്തിൽ കണ്ടെത്തി. അവൻ ഉപാദ്ധ്യായന്മാരുടെ ഇടയിലിരുന്ന് അവർ പറയുന്നതു കേൾക്കുകയും അവരോടു ചോദ്യങ്ങൾ ചോദിക്കുകയും ചെയ്യുകയായിരുന്നു" (ലൂ. 2, 46). യേശു ഗലീലിയിലേക്ക് ആദ്യമായി വന്നതുതന്നെ പ്രസംഗിച്ചുകൊണ്ടായിരുന്നെന്ന് വി. മർക്കോസ് പറയുന്നു. "യേശു ദൈവത്തിന്റെ സുവിശേഷം പ്രസംഗിച്ചുകൊണ്ട് ഗലീലിയിലേക്കുവന്നു" (മർക്കോ. 1, 14).

സിനഗോഗുകളിലെ യേശുവിന്റെ പ്രസംഗത്തെക്കുറിച്ച് വി. മത്തായി രേഖപ്പെടുത്തുന്നത് ഇപ്രകാരമാണ്. "യേശു അവരുടെ സിനഗോഗുകളിൽ പഠിപ്പിച്ചും രാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചും എല്ലാ രോഗങ്ങളും വ്യാധിയും സുഖപ്പെടുത്തിയും എല്ലാ നഗരങ്ങളിലും ഗ്രാമങ്ങളിലും ചുറ്റി സഞ്ചരിച്ചു" (മത്താ. 9.35). ഇതുതന്നെ വി. മത്തായി മറ്റൊരവസരത്തിലും ആവർത്തിക്കുന്നുണ്ട്. "അവൻ അവരുടെ സിനഗോഗുകളിൽ പഠിപ്പിച്ചും, രാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചും, ജനങ്ങളുടെഎല്ലാ രോഗങ്ങളും വ്യാധികളും സുഖപ്പെടുത്തിയും ഗലീലി മുഴുവൻ ചുറ്റിസഞ്ചരിച്ചു" (മത്താ. 4, 23). ഏതാണ്ട് ഇതേ വാക്കുകളിൽ തന്നെ നിരന്തരവുംവ്യാപകവുമായ യേശുവിന്റെ പഠിപ്പിക്കലിനെക്കുറിച്ച് വി. മർക്കോസും പ്രതിപാദിക്കുന്നുണ്ട്. "സിനഗോഗുകളിൽ പ്രസംഗിച്ചുകൊണ്ടും പിശാചുക്കളെ പുറത്താക്കിക്കൊണ്ടും അവൻ ഗലീലിയിലുടനീളം സഞ്ചരിച്ചു" (മർക്കോ. 1. 39). ഗലീലിയായിലുടനീളം പ്രസംഗിച്ചും സഞ്ചരിച്ചു എന്നുപറഞ്ഞാൽ അവൻ പ്രസംഗിക്കുകയും പഠിപ്പിക്കുകയും ചെയ്യാത്തതായി ഒരു സ്ഥലവും ഗലീലിയായിലില്ലെന്ന് വ്യക്തമാണ്. ഈ പ്രസ്താവനകളെല്ലാം സൂചിപ്പിക്കുന്നത് പ്രബോധന പ്രക്രിയയിൽ യേശു എത്രമാത്രം മുഴുകിയിരുന്നുവെന്നതാണ്.



ഗലീലിയിൽ മാത്രമല്ല, കടന്നുചെന്ന എല്ലാ സ്ഥലങ്ങളിലും യേശു പഠിപ്പിച്ചിരുന്നു. കഫർണാമിലെ പഠിപ്പിക്കലിനെക്കുറിച്ച് വി. മർക്കോസിന്റെ പ്രസ്താവന ഇപ്രകാരമാണ്. "അവർ കഫർണാമിൽ എത്തി. സാബത്തുദിവസം അവൻ സിനഗോഗിൽ പ്രവേശിച്ച് പഠിപ്പിച്ചു" (മർക്കോ. 1, 21), തന്റെ പഠിപ്പിക്കൽ പ്രക്രിയ യൂദയായിലെ സിനഗോഗുകളിലും യേശു തുടർന്നിരുന്നു. "അവൻ യൂദയായിലെ സിനഗോഗുകളിൽ പ്രസംഗിച്ചുകൊണ്ടിരുന്നു" (ലൂ. 4, 44). സിനഗോഗുകൾ പ്രാർത്ഥനാകേന്ദ്രമെന്നതുപോലെ തന്നെ പഠനകേന്ദ്രങ്ങളുമായിരുന്നു. ആർക്കെങ്കിലും ഒരു പുതിയ അറിവോ, ആശയമോ, സന്ദേശമോ ലഭിച്ചാൽ അത് പകർന്നുകൊടുക്കുവാനുള്ള വേദിയായിരുന്നു സിനഗോഗ്. യേശു സിനഗോഗിൽ പോയെന്നു പറഞ്ഞാൽ പ്രധാനമായും പഠിപ്പിക്കാൻ പോയെന്നുവേണം മനസ്സിലാക്കാൻ.

നസറത്തിലെ സിനഗോഗിൽ ഏശയ്യാ പ്രവാചകന്റെ പുസ്തകത്തിൽ നിന്ന് വായിച്ച് ജനങ്ങളെ പഠിപ്പിച്ചത് സാബത്തുദിവസം ക്രിസ്തു പതിവായി ചെയ്യുന്നതനുസരിച്ചായിരുന്നെന്നാണ് വി. ലൂക്കോസ് രേഖപ്പെടുത്തിയിരിക്കുന്നത്. "പതിവുപോലെ ഒരു സാബത്തുദിവസം അവൻ അവരുടെ സിനഗോഗിൽ പ്രവേശിച്ച് വായിക്കുവാനായി എഴുന്നേറ്റുനിന്നു" (ലൂ. 4, 16). എല്ലാ സാബത്തുകളിലും സിനഗോഗുകളിൽ പോവുക യേശു പതിവാക്കിയിരുന്നെന്നും, അവിടെ പഠിപ്പിച്ചിരുന്നെന്നും ഈ പ്രസ്താവന വ്യക്തമാക്കുന്നു.

താൻ ദിവസവും പഠിപ്പിക്കലിൽ ഏർപ്പെട്ടിരുന്നുവെന്ന് യേശുതന്നെ പ്രസ്താവിക്കുന്നുണ്ട്. "ഞാൻ ദിവസവും ദേവാലയത്തിലിരുന്ന് നിങ്ങളെ പഠിപ്പിച്ചിരുന്നില്ലേ?" (മത്താ. 26, 55). പഠിപ്പിക്കുക എന്നത് യേശുവിന്റെ പരസ്യജീവിതത്തിലെ ഒരു ദിനചര്യയായിരുന്നുവെന്നതിന് ഇതിനേക്കാൾ വ്യക്തമായ ഒരു പ്രസ്താവന നടത്താനാവില്ല. വി. മർക്കോസും ഈ പ്രസ്താവന തന്നെ ആവർത്തിക്കുന്നുണ്ട്. "ഞാൻ ദിവസവും ദേവാലയത്തിൽ പഠിപ്പിച്ചുകൊണ്ട് നിങ്ങളോടുകൂടിയുണ്ടായിരുന്നു" (മർക്കോ. 14, 49). താൻ എല്ലാ ദിവസവും

www.malankaralibrary.com



പഠിപ്പിച്ചിരുന്നവെന്നും പഠിപ്പിച്ചുകൊണ്ടാണ് ജനങ്ങളുടെ ഇടയിൽ വസിച്ചിരുന്നതെന്നും ഈ വചനം വ്യക്തമാക്കുന്നു. യേശു ദിവസവും ദേവാലയത്തിൽ പഠിപ്പിച്ചിരുന്നെന്ന് വി. ലൂക്കോസും പ്രസ്താവിക്കുന്നുണ്ട്. “അവൻ ദിവസവും ദേവാലയത്തിൽ പഠിപ്പിച്ചിരുന്നു”. (ലൂ. 19, 47). ഈ സത്യം വായനക്കാർ പ്രത്യേകം ശ്രദ്ധിക്കുന്നതിനായിരിക്കണം ലൂക്കോസ് ഈ പ്രസ്താവന ആവർത്തിക്കുന്നത്. “എല്ലാ ദിവസവും അവൻ ദേവാലയത്തിൽ പഠിപ്പിച്ചുകൊണ്ടിരുന്നു” (ലൂ. 21, 37; 22, 53).

യേശുവിന്റെ പഠിപ്പിക്കൽ സിനഗോഗുകളിലും ദേവാലയങ്ങളിലും മാത്രം ഒതുങ്ങിനിന്നില്ല. പട്ടണങ്ങളിലേക്കും, ഗ്രാമങ്ങളിലേക്കും എല്ലാം യേശു തന്റെ അദ്ധ്യാപന മേഖല വ്യാപിപ്പിച്ചിരുന്നു. “യേശു പന്ത്രണ്ടു ശിഷ്യന്മാർക്കും നിർദ്ദേശങ്ങൾ നൽകിക്കഴിഞ്ഞശേഷം അവരുടെ പട്ടണങ്ങളിൽ പഠിപ്പിക്കുന്നതിനും പ്രസംഗിക്കുന്നതിനുമായി അവിടെനിന്ന് പുറപ്പെട്ടു” (മത്താ. 11, 1). പട്ടണങ്ങളിലെ പ്രസംഗത്തെക്കുറിച്ച് വി. മർക്കോസ് രേഖപ്പെടുത്തുന്നത് ഇപ്രകാരമാണ്. “അവൻ പറഞ്ഞു. നമുക്ക് അടുത്ത പട്ടണങ്ങളിലേക്ക് പോകാം : അവിടേയും എനിക്ക് പ്രസംഗിക്കേണ്ടിയിരിക്കുന്നു” (മർക്കോ. 1, 38). പട്ടണങ്ങളിലേയും ഗ്രാമങ്ങളിലേയും പ്രബോധനത്തെക്കുറിച്ച് വി. ലൂക്കോസും പ്രതിപാദിക്കുന്നുണ്ട്. പട്ടണങ്ങളിലും ഗ്രാമങ്ങളിലും പഠിപ്പിച്ചുകൊണ്ട് അവൻ ജറുസലേമിലേക്ക് യാത്ര ചെയ്യുകയായിരുന്നു” (ലൂ. 13, 22).

കടൽത്തീരങ്ങളിലെ പഠിപ്പിക്കലിനെക്കുറിച്ച് വി. മർക്കോസ് ഇപ്രകാരം രേഖപ്പെടുത്തുന്നു. “യേശുവീണ്ടും കടൽത്തീരത്തേക്കുപോയി. ജനക്കൂട്ടം അവന്റെ അടുത്തെത്തി. അവൻ അവരെ പഠിപ്പിച്ചു” (മർക്കോ. 2, 13). യേശുവിന്റെ പ്രബോധനത്തെപ്പറ്റി വി. മർക്കോസ് തുടർന്നും പ്രസ്താവിക്കുന്നു. “കടൽത്തീരത്തുവച്ച് യേശു വീണ്ടും പഠിപ്പിക്കാൻ തുടങ്ങി. അവൻ ഉപമകളിലൂടെ പല കാര്യങ്ങൾ അവരെ പഠിപ്പിച്ചു” (മർക്കോ. 4, 1 – 2).

ഭവനങ്ങളും യേശുവിന്റെ അദ്ധ്യാപനവേദികളായിരുന്നു. തളർവാതരോഗിയെ സുഖമാക്കിയ കഫർണാമിലെ ഒരു വീട്ടിലിരുന്നുകൊണ്ട് ക്രിസ്തു അനേകരെ പഠിപ്പിക്കുന്നതായി കാണുന്നുണ്ട്. “വാതിൽക്കൽപോലും നിൽക്കുവാൻ സ്ഥലം തികയാത്തവിധം നിരവധിയാളുകൾ അവിടെ ഒരുമിച്ചുകൂടി. അവൻ അവരോടു വചനം പ്രസംഗിച്ചുകൊണ്ടിരുന്നു” (മർക്കോ. 2, 2). പാപിനിക്ക്





പാപമോചനം നൽകിയ സ്ഥലമായ ഫരിസേയന്റെ ഭവനത്തിലും (ലൂ. 7, 40), ലേവിയുടെ ഭവനത്തിലും യേശു പഠിപ്പിക്കുകയുണ്ടായി.

മലയിലെ സുദീർഘമായ പഠിപ്പിക്കലിനെക്കുറിച്ച് വളരെ വിശദമായിതന്നെ വി. മത്തായി തന്റെ സുവിശേഷത്തിലെ 5 മുതൽ 7 വരെയുള്ള മൂന്ന് അദ്ധ്യായങ്ങളിലായി രേഖപ്പെടുത്തിയിട്ടുണ്ട്. “ജനക്കൂട്ടത്തെ കണ്ടപ്പോൾ യേശു മലയിലേക്കു കയറി. അവൻ ഇരുന്നുകഴിഞ്ഞപ്പോൾ ശിഷ്യന്മാർ അടുത്തെത്തി. അവൻ അവരെ പഠിപ്പിക്കുവാൻ തുടങ്ങി” (മത്താ. 5, 1-2). മലയിലെ പ്രസംഗം യേശു ഒരു സ്ഥലത്തിരുന്ന് തുടർച്ചയായി നടത്തിയിട്ടുള്ളതല്ലെന്നും പല അവസരത്തിൽ നടത്തിയിട്ടുള്ള പ്രസംഗങ്ങൾ സുവിശേഷകൻ ഒന്നിച്ച് രേഖപ്പെടുത്തിയിട്ടുള്ളതാണെന്നും പറയപ്പെടുന്നുണ്ടെങ്കിലും, യേശുവിന്റെ പ്രബോധനങ്ങളുടെയെല്ലാം സംഗ്രഹമാണ് മലയിലെ പ്രസംഗത്തിലുള്ളത്. പ്രസ്തുത ഭാഗത്തിന്റെ ആമുഖമായി ചേർത്തിരിക്കുന്ന സുവിശേഷ ഭാഗ്യങ്ങൾ (മത്താ. 5, 1-12) യേശുവിന്റെ പ്രബോധനങ്ങളുടെയെല്ലാം ഏറ്റവും സംക്ഷിപ്തരൂപമാണ്.

യേശുവിന്റെ മലയിലെ പഠിപ്പിക്കൽ രേഖപ്പെടുത്തിയിട്ട് അവസാനം വി. മത്തായി പറഞ്ഞു നിർത്തുന്നതിപ്രകാരമാണ്. “യേശു ഈ വചനങ്ങൾ അവസാനിപ്പിച്ചപ്പോൾ ജനാവലി അവന്റെ പ്രബോധനത്തെപ്പറ്റി വിസ്മയിച്ചു. എന്തെന്നാൽ അവരുടെ നിയമജ്ഞരെപ്പോലെയല്ല, അധികാരമുള്ളവനെപ്പോലെയാണ് അവൻ പഠിപ്പിച്ചത്” (മത്താ. 7, 28). പ്രബോധനത്തിൽ യേശു എത്രമാത്രം മുഴുകിയിരുന്നെന്നും അത് എത്ര ശ്രേഷ്ഠമായിരുന്നെന്നും ഈ പ്രസ്താവനകളിൽ നിന്നുവ്യക്തമാകുന്നുണ്ട്. തന്റെയടുക്കൽ വരുന്നവരെ പഠിപ്പിക്കുക യേശുവിന്റെ പതിവുജോലിയായിരുന്നെന്ന് വി. മർക്കോസിന്റെ സുവിശേഷവും വ്യക്തമാക്കുന്നു. “വീണ്ടും ജനങ്ങൾ അവന്റെയടുക്കൽ ഒരുമിച്ചുകൂടി. പതിവുപോലെ അവൻ അവരെ പഠിപ്പിച്ചു” (മർക്കോ. 10, 1).

പ്രസംഗവും പ്രബോധനവും യേശുവിന്റെ പ്രധാന ദൗത്യമായിരുന്നു. തന്റെ നയപ്രഖ്യാപനത്തിൽതന്നെ യേശു അത് വെളിപ്പെടുത്തുന്നുണ്ട്. “ദരിദ്രരെ സുവിശേഷം അറിയിക്കുവാൻ അവൻ എന്നെ അഭിഷേകം ചെയ്തിരിക്കുന്നു” (ലൂ. 4, 18). പ്രബോധനത്തിനുള്ള അഭിഷേകം യേശുവിനുണ്ടായിരന്നു. തന്റെ ദൗത്യവിളംബര പ്രസംഗത്തിൽ യേശു തുടരുന്നു. “ബന്ധിതർക്കു മോചനവും

www.malankaralibrary.com



അന്ധർക്ക് കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിന് സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കുവാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു" (ലൂ. 4, 18-19). ലോകത്തെ കീഴ്മേൽ മറിക്കുന്ന ഈവക പ്രഖ്യാപനങ്ങളൊക്കെ നടത്തുവാനാണ് പിതാവ് തന്നെ അയച്ചിരിക്കുന്നതെന്ന് യേശുവിന് നന്നായി അറിയാമായിരുന്നു. തന്റെ പ്രവാചക ദൗത്യത്തിനാണ് യേശു ഇവിടെ ഊന്നൽ നൽകുന്നത്. തന്റെ പ്രബോധന ദൗത്യം നിറവേറ്റുന്നതിൽ യേശുക്രിസ്തു സദാ ജാഗരൂകനും വ്യാപൃതനുമായിരുന്നു.

യേശുവിനെ കുരുശിലേക്കുനയിച്ച കുറ്റാരോപണങ്ങളിൽ ഒന്ന് അവിടുന്ന് ജനങ്ങളെ പഠിപ്പിച്ചിരുന്നു എന്നതായിരുന്നു. "ഇവൻ ഗലീലി മുതൽ ഇവിടം വരേയും യൂദയായിലെങ്ങും പഠിപ്പിച്ചുകൊണ്ട് ജനങ്ങളെ ഇളക്കിവിടുന്നു" (ലൂ. 23,5). യേശുവിന്റെ പ്രബോധനങ്ങൾക്ക് ജനങ്ങളെ ഇളക്കിമറിക്കാനുള്ള ശക്തിയുണ്ടായിരുന്നു എന്ന ധ്വനിയും ഈ പ്രസ്താവനയിലുണ്ട്.

അങ്ങനെ, ജറുസലേം ദേവാലയത്തിലും (ലൂ. 4, 16-22), സിനഗോഗുകളിലും (മത്താ. 4, 23), മലമുകളിലും (മത്താ. 5, 2), കടൽത്തീരത്തും (മർക്കോ. 3, 8), നടുക്കടലിലും (മർക്കോ 4,10), ഗ്രാമങ്ങലിലും (ലൂ. 13, 22), പട്ടണങ്ങളിലും (മത്താ. 11, 1), കിണറ്റിൻകരയിലും (യോഹ. 4, 14), കുളത്തിനുസമീപത്തും (യോഹ. 5,7), വിവാഹവിരുന്നിലും (യോഹ. 2, 3), തിരുന്നാൾ ദിനത്തിലും (യോഹ. 12, 24), രാത്രിയിൽ രഹസ്യമായും (യോഹ. 3, 3), കുഴിമാടത്തിനരികിലും (യോഹ. 11, 25), ബന്ധനസ്ഥലത്തും (യോഹ. 18, 11), രാജകൊട്ടാരത്തിലും (യോ. 18, 36), ന്യായാധിപസംഘത്തിലും (ലൂ. 22, 70), ഗത്സമേനിലും (ലൂ. 22, 46), അന്ത്യ അത്താഴവേളയിലും (ലൂ. 22, 17-23), കുരിശുയാത്രയിലും (ലൂ. 22, 28), കുരിശിൽ കിടന്നും (ലൂ. 23, 13), കല്ലറയ്ക്കുള്ളിലും (ലൂ. 24, 7), ഉത്ഥാനശേഷവും (ലൂ. 24, 46-47), യേശുക്രിസ്തു പഠിപ്പിച്ചിരുന്നു. പ്രബോധനത്തിൽ മുഴുവൻ സമയവും വ്യാപൃതനായിരിക്കുന്ന ഒരു ക്രിസ്തുവിനെയാണ് സുവിശേഷത്തിൽ നാം കണ്ടെത്തുന്നത്.

## 2. ക്രിസ്തുവിന്റെ ഗുരു അവബോധം

ദൈവിക ദൗത്യവുമായി ലോകത്തിലേക്കുവന്ന യേശുക്രിസ്തുവിന് താൻ ഗുരുവാണെന്ന പൂർണ്ണബോധ്യമുണ്ടായിരുന്നു. ക്രിസ്തു സ്വയം പരിചയപ്പെടുത്തുന്നതും മറ്റുള്ളവരാൽ വിളിക്കപ്പെടുവാൻ ആഗ്രഹിച്ചിരുന്നതും ഗുരു എന്ന





പേരിലാണ്. ഗുരു എന്ന സംജ്ഞ യേശു അംഗീകരിക്കുകയും സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. "നിങ്ങൾ എന്നെ ഗുരുവെന്നും, കർത്താവെന്നും വിളിക്കുന്നു. അതുശരിതന്നെ. കാരണം ഞാൻ ഗുരുവും കർത്താവുമാണ്" (യോഹ. 13, 13-14). താൻ ഗുരുവാണെന്ന് യേശു തന്നെ ഇവിടെ പ്രസ്താവിക്കുകയാണ്.

പെസഹാ ഭക്ഷണത്തിന് സ്ഥലമൊരുക്കുവാൻ യേശു ശിഷ്യന്മാരെ ആയയ്ക്കുന്നത് ഗുരു പറയുന്നു എന്നു പറഞ്ഞ് വീട്ടുടമസ്ഥനോട് സ്ഥലം ചോദിക്കുവാനായിട്ടാണ്. "നിങ്ങൾ പോയി ഇങ്ങനെ പറയുക. ഗുരുപറയുന്നു. എന്റെ സമയം സമാഗതമായി. ഞാൻ എന്റെ ശിഷ്യന്മാരോടുകൂടി നിന്റെയടുക്കൽ പെസഹാ ഭക്ഷിക്കും". (മത്താ. 26, 18). ഇവിടെ സ്വയം പരിചയപ്പെടുത്തുന്നത് ഗുരു എന്ന പേരിലാണ്. 'ഗുരുപറയുന്നു' എന്നു പറയുമ്പോൾ യേശുപറയുന്നുവെന്ന് വീട്ടുടമസ്ഥൻ മനസ്സിലാക്കിക്കൊള്ളും. കാരണം, അവരുടെയിടയിൽ സർവ്വരാലും അംഗീകരിക്കപ്പെട്ടിരുന്ന ഒരു ഗുരുമാത്രമേയുള്ളു. അത് ക്രിസ്തുവാണ്. ക്രിസ്തുവെന്നാൽ ഗുരുവും, ഗുരുവെന്നാൽ ക്രിസ്തുവുമാണെന്ന് വീട്ടുടമസ്ഥന് അറിയാമെന്ന് യേശുവിന് നിശ്ചയമുള്ളതിനാലാണ് ഈവിധം പറഞ്ഞയയ്ക്കുന്നത്.

ഭൂമിയിൽ വേറെ ആരെയും ഗുരു എന്നു വിളിയ്ക്കരുതെന്നും താൻ മാത്രമാണ് ഏക ഗുരുവെന്നും ക്രിസ്തു കല്പിക്കുന്നു. "നിങ്ങൾ റബ്ബീ എന്നു വിളിയ്ക്കപ്പെടരുത്. എന്തെന്നാൽ നിങ്ങൾക്ക് ഒരു ഗുരുവേയുള്ളൂ" (മത്താ. 23, 8). ആ ഗുരു താൻ തന്നെയാണെണ് ക്രിസ്തു ഇവിടെ പ്രസ്താവിക്കുകയാണ്. താൻ ക്രിസ്തുവാണെന്ന സത്യം ആരോടും പറയരുതെന്ന് (മർക്കോ. 8, 29-30) പല പ്രാവശ്യം കല്പിപ്പിച്ചിട്ടുള്ള ക്രിസ്തു താൻ ഗുരുവാണെന്ന കാര്യം ആരോടും പറയരുതെന്ന് ഒരിക്കൽപോലും വിലക്കിയിട്ടില്ല. അതുതന്നെ, ഗുരു എന്ന പേരിൽ ക്രിസ്തു എല്ലാവരാലും അറിയപ്പെടാൻ ആഗ്രഹിച്ചിരുന്നുവെന്നതിന് തെളിവാണ്.

യേശുക്രിസ്തു പല പേരുകളിലും അറിയപ്പെടുകയും വിളിക്കപ്പെടുകയും ചെയ്തിരുന്നു. ഗുരു, രക്ഷകൻ, പ്രവാചകൻ, മനുഷ്യപുത്രൻ, ദൈവപുത്രൻ, എന്നീ പേരുകളിലെല്ലാം യേശു അറിയപ്പെട്ടിരുന്നെങ്കിലും, അവിടുന്ന് ഏറ്റവും കൂടുതലായി വിളിക്കപ്പെട്ടിരുന്നതും, വിളിയ്ക്കപ്പെടുവാൻ ഇഷ്ടപ്പെട്ടിരുന്നതും

www.malankaralibrary.com



ഗുരു എന്ന പേരിലാണ്. ശിഷ്യന്മാരുടേയും ജനങ്ങളുടേയുമെല്ലാം വഴികാട്ടിയായ ക്രിസ്തുവിന് താൻ അവരുടെ ഗുരുവാണെന്ന ബോധ്യം എപ്പോഴുമുണ്ടായിരുന്നു.

ഒരദ്ധ്യാപകന് താൻ ഗുരുവാണെന്ന അവബോധം എപ്പോഴും ഉണ്ടായിരിക്കേണ്ടതാണ്. ഗുരുബോധമില്ലാത്ത ഒരദ്ധ്യാപകന് ഒരിക്കലും ഒരദ്ധ്യാപകനായിരിക്കാൻ കഴിയില്ല. ഗുരു അവബോധമാണ് ഒരദ്ധ്യാപകനെ ഗുരുക്രിയയ്ക്ക് പ്രചോദിപ്പിക്കുന്നത്.

### 3. ക്രിസ്തു ജനങ്ങളുടെ കാഴ്ചപ്പാടിൽ

ജനങ്ങളെല്ലാം ക്രിസ്തുവിനെ ഒരു പ്രബോധകനായി വീക്ഷിക്കുകയും ഗുരു എന്ന് വിളിക്കുകയും ചെയ്തിരുന്നു. 'നല്ലവനായ ഗുരു' എന്നു വിളിച്ചുകൊണ്ടാണ് ധനികനായ യുവാവ് യേശുവിനെ സമീപിക്കുന്നത്. (മർക്കോ. 10, 17 : മത്താ. 19, 16). ബർതിമേയൂസ് എന്ന അന്ധനായ യാചകൻപോലും യേശുവിനെ സമീപിക്കുന്നത് 'ഗുരു' എന്നു വിളിച്ചുകൊണ്ടാണ് (മർക്കോ. 10, 51). നതാനിയേൽ യേശുവുമായുള്ള സംഭാഷണത്തിനിടയിൽ യേശുവിനെ സംബോധന ചെയ്യുന്നത് 'ഗുരു' എന്നാണ് (യോഹ. 1, 49). യഹൂദ പ്രമാണിയായ നിക്കോദേമോസും യേശുവിനെ റബ്ബീ (ഗുരു) എന്നു വിളിച്ചാണ് സംബോധന ചെയ്യുന്നത്. "റബ്ബീ, അങ്ങ് ദൈവത്തിൽ നിന്നുവന്ന ഒരു ഗുരുവാണെന്ന് ഞങ്ങൾ അറിയുന്നു" (യോഹ. 3, 2).

ശിഷ്യന്മാരെല്ലാം യേശുവിനെ കണ്ടിരുന്നത് അവരുടെ ഗുരുവായിട്ടാണ്. യേശുവും ശിഷ്യന്മാരും തമ്മിലുള്ള ബന്ധവും ഗുരു-ശിഷ്യബന്ധമായിരുന്നു. അതുകൊണ്ടുതന്നെ ഗുരു എന്ന സംജ്ഞയാണ് എപ്പോഴും അവർ യേശുവിനെ സംബോധന ചെയ്യുവാനായി ഉപയോഗിച്ചിരുന്നത്. യേശുവിനെ അനുഗമിക്കുവാനായി കടന്നുവന്ന യേശുവിന്റെ ആദ്യശിഷ്യന്മാർപോലും യേശുവിനെ സമീപിക്കുന്നത് ഗുരു എന്നു വിളിച്ചുകൊണ്ടാണ്. "അവർ ചോദിച്ചു. റബ്ബീ - ഗുരു എന്നാണ് ഇതിനർത്ഥം - എവിടെയാണ് താമസിക്കുന്നത്" (യോഹ. 1, 38). ശിഷ്യന്മാർ യേശുവിനെ ഭക്ഷണം കഴിക്കാൻ വിളിക്കുന്നത് ഗുരു എന്നുവിളിച്ചുകൊണ്ടാണ്. "ഗുരോ, ഭക്ഷണം കഴിച്ചാലും" (യോഹ. 4, 31). ശിഷ്യസമൂഹത്തിൽപ്പെട്ടവരും സെബദിപുത്രന്മാരുമായ യാക്കോബും യോഹന്നാനും യേശുവിനെ സമീപിക്കുന്നത് ഗുരു എന്ന സംബോധനയോ





ടെയാണ് (മർക്കോ. 10, 35). ശിഷ്യപ്രധാനിയായ പത്രോസ് യേശുവിനെ വിളിച്ചിരുന്നതും ഗുരു എന്ന പദംകൊണ്ടാണ്. "ഗുരു, നോക്കൂ" (മർക്കോ. 11, 21).

യൂദാസ് യേശുവിനെ ഒറ്റിക്കൊടുക്കുന്നതും ഗുരു എന്നുവിളിച്ചുകൊണ്ടാണെന്നുള്ളത് പ്രത്യേകം ശ്രദ്ധേയമാണ്. 'ഗുരു, സ്വസ്തി' (മത്താ. 26, 49; മർക്കോ 14, 45). താൻ ആരെ ഒറ്റിക്കൊടുക്കുന്നുവോ അവൻ തന്റെ ഗുരുവാണെന്ന ബോദ്ധ്യം ഒറ്റുകാരനായ യൂദാസിനുപോലുമുണ്ടായിരുന്നു. ഒറ്റുകാരനായ യൂദാസിനുപോലും യേശുവിന്റെ ഗുരുത്വത്തെ കാണാൻ കഴിഞ്ഞിരുന്നു.

യേശുവിന്റെ വിമർശകരായ ഫരിസേയർ പോലും യേശുവിനെ ഗുരുവായിട്ടാണ് വീക്ഷിച്ചിരുന്നത്. "ഫരിസേയർ ഇതുകണ്ടപ്പോൾ ശിഷ്യന്മാരോടു ചോദിച്ചു. നിങ്ങളുടെ ഗുരു ചുങ്കക്കാരോടും പാപികളോടും കൂടി ഭക്ഷിക്കുന്നതെന്ത് "(മത്താ. 9, 11). നിയമജ്ഞരും ഫരിസേയരും സംഘമായി വന്ന് യേശുവിനെ വിളിക്കുന്നതും ഗുരു എന്ന സംബോധനയാലാണ്. "അപ്പോൾ നിയമജ്ഞരിലും ഫരിസേയരിലുംപെട്ട ചിലർ അവനോടു പറഞ്ഞു: ഗുരോ, നിന്നിൽ നിന്നും ഒരടയാളം കാണുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു" (മത്താ. 12, 38).

അങ്ങനെ നിയമജ്ഞരും ഫരിസേയരും ഉൾപ്പെടെ യേശുവിനെ സമീപിച്ച എല്ലാവരുംതന്നെ യേശുവിനെ ഗുരുവായിട്ടാണ് വീക്ഷിച്ചിരുന്നതും സംബോധന ചെയ്തിരുന്നതും. യേശുവിൽ ഒരു ഗുരുവിനെ ദർശിക്കാൻ കഴിഞ്ഞിരുന്നു. യേശുവിന്റെ എതിരാളികൾപോലും യേശുവിനെ ഒരു ഗുരുവായിട്ടാണ് കണ്ടിരുന്നത്. യേശുവിനെ അവർ കൊല്ലുവാൻ ശ്രമിച്ചതും അവിടുന്ന് ഒരു ഗുരുവിന്റെ ധർമ്മം നിറവേറ്റിയതുകൊണ്ടാണ്. ജനങ്ങളെ അവൻ പഠിപ്പിച്ച് വഴിതെറ്റിക്കുന്നു എന്ന ആരോപണമാണ് യേശുവിനെ കൊല്ലുവാനായി അവർ ഉന്നയിച്ചത്. "അവർ പറഞ്ഞു: ഇവൻ ഗലീലി മുതൽ ഇവിടംവരേയും യൂദയായിലെങ്ങും പഠിപ്പിച്ചുകൊണ്ട് ജനങ്ങളെ ഇളക്കിവിടുന്നു" (ലൂ. 23, 5).

ഉയിർത്തെഴുന്നേറ്റ യേശുവിനെ തിരിച്ചറിഞ്ഞ മറിയം യേശുവിനെ വിളിക്കുന്നത് ഗുരു എന്നാണ്. "അവൾ (മറിയം) തിരിഞ്ഞ് ഗുരു എന്നർത്ഥം വരുന്ന 'റബ്ബോനി' എന്ന് ഹെബ്രായയിൽ വിളിച്ചു" (യോഹ. 20,16). ഉയിർത്തെഴുന്നേറ്റ ദൈവപുത്രനായ യേശുക്രിസ്തുവിനെ സംബോധനചെയ്യുവാനായിട്ട് ഗുരു എന്നതല്ലാതെ മറ്റുപദങ്ങളൊന്നും മറിയത്തിനുണ്ടായിരുന്നില്ല. തന്റെ ഗുരുവാ

www.malankaralibrary.com



യിട്ട് മറിയം യേശുക്രിസ്തുവിനെ കണ്ടിരുന്നതുകൊണ്ടാണ് അവൾ അപ്രകാരം വിളിച്ചത്.

ചുരുക്കത്തിൽ, യേശുവിന്റെ അനുകൂലികളും, പ്രതികൂലികളും യേശുവിൽ ഗുരുവിനെ കണ്ടിരുന്നു. യേശുവിനെ ദൈവപുത്രനായി അംഗീകരിക്കുവാൻ കഴിയാത്തവർക്കുപോലും അവിടുത്തെ ഗുരുവായി അംഗീകരിക്കുവാൻ പ്രയാസമുണ്ടായിരുന്നില്ല.





2

# ക്രിസ്തുവിന്റെ അധ്യാപനരംഗം

## 1. അദ്ധ്യാപന കേന്ദ്രങ്ങൾ

പഠിപ്പിക്കുന്ന വിഷയത്തിന്റെ സ്വഭാവമനുസരിച്ചും പഠിതാക്കളുടെ എണ്ണത്തിനും നിലവാരത്തിനുമനുസരിച്ചും വിവിധങ്ങളായ സ്ഥലങ്ങളും സ്ഥാനങ്ങളും അദ്ധ്യാപനത്തിനായി ക്രിസ്തു തെരഞ്ഞെടുത്തിരുന്നു. അദ്ധ്യാപനം ഫലവത്തായിത്തീരണമെങ്കിൽ അതിനനുയോജ്യമായ സ്ഥലം ആവശ്യമാണെന്ന് ക്രിസ്തു മനസ്സിലാക്കിയിരുന്നു. അദ്ധ്യേതാക്കൾക്ക് ഗുരുവിനെ കാണാനും കേൾക്കാനും കഴിയുന്ന സ്ഥാനങ്ങളായിരിക്കണം അദ്ധ്യാപനത്തിനായി തെരഞ്ഞെടുക്കേണ്ടത്.

തനിക്ക് പഠിപ്പിക്കേണ്ടത് വലിയൊരു സമൂഹത്തെയാണെന്നുകണ്ടപ്പോൾ യേശു ഒരു വള്ളത്തിൽ കയറി അവർക്ക് അഭിമുഖമായി ഇരുന്ന് അവരെ പഠിപ്പിക്കുന്നതായി നാം കാണുന്നു. "വളരെ ജനങ്ങൾ അവന്റെ അടുക്കൽ വന്നുകൂടി. ജനക്കൂട്ടം മുഴുവൻ തീരത്തുനിന്നിരുന്നു. അപ്പോൾ അവൻ ഉപമകളിൽ പല കാര്യങ്ങൾ അവരോടുപറഞ്ഞു" (മത്താ. 13, 2-3). ഈ സംഭവം ലൂക്കോസ് ഏതാണ്ട് ഇതേ വിധത്തിൽ തന്നെ രേഖപ്പെടുത്തുന്നുണ്ട്. "ദൈവവചനം ശ്രവിക്കുവാൻ ജനങ്ങൾ അവനു ചുറ്റും തിങ്ങിക്കൂടി. ശിമയോന്റേതായിരുന്നു വള്ളങ്ങളിൽ ഒന്ന്. യേശു അതിൽ കയറി... അതിൽ ഇരുന്ന്

www.malankaralibrary.com



അവൻ ജനങ്ങളെ പഠിപ്പിച്ചു" (ലൂ. 5, 1-3). എല്ലാവർക്കും തന്നെ കേൾക്കുവാനും കാണുവാനും തക്കവിധത്തിൽ കടൽക്കരയിൽ ജനങ്ങളെ നിർത്തിയിട്ട് തോണിയിൽ അവർക്ക് അഭിമുഖമായി ഇരുന്ന് യേശു അവരെ പഠിപ്പിക്കുകയാണ്. കടൽത്തീരങ്ങളും യേശുവിന്റെ അദ്ധ്യാപന കേന്ദ്രങ്ങളായിരുന്നു. "യേശു വീണ്ടും കടൽത്തീരത്തേക്കു പോയി. അവൻ അവരെ പഠിപ്പിച്ചു" (മർക്കോ 2, 13). "കടൽത്തീരത്തുവച്ച് യേശു വീണ്ടും പഠിപ്പിക്കുവാൻതുടങ്ങി" (മർക്കോ 4, 1-2).

ജറുസലേം ദേവാലയത്തിലിരുന്ന് യേശു ജനങ്ങളെ പഠിപ്പിക്കുന്നുണ്ട്. എന്നാൽ സിനഗോഗുകളാണ് പഠിപ്പിക്കുവാനായി യേശു പ്രധാനമായും തെരഞ്ഞെടുത്തിരുന്നത് (മത്താ. 4, 23; 9, 35; മർക്കോ -1, 39). "സാബത്തുദിവസം അവൻ സിനഗോഗിൽ പ്രവേശിച്ച് പഠിപ്പിച്ചു" (മർക്കോ 1, 21). "അവൻ യൂദയായിലെ സിനഗോഗുകളിൽ പഠിപ്പിച്ചുകൊണ്ടിരുന്നു" (ലൂ. 4, 44).

ശിഷ്യന്മാരേയും ജനങ്ങളേയും മലയിലേക്ക് കൂട്ടിക്കൊണ്ടുപോയി അവിടേയും യേശു അവരെ പഠിപ്പിച്ചു (മത്ത. 5, 1-2; ലൂ 9, 28-36). ഗിരി പ്രദേശങ്ങൾ മാത്രമല്ല, വഴിയോരങ്ങളും പ്രബോധനത്തിനായി യേശു തിരഞ്ഞെടുത്തിരുന്നു. ഗിരിപ്രഭാഷണത്തിനുശേഷം ഇറങ്ങി വരുന്ന യേശു വഴിയിൽ വച്ചും അവരെ പഠിപ്പിക്കുന്നുണ്ട്. "മലയിൽ നിന്ന് ഇറങ്ങിപ്പോരുമ്പോൾ അവൻ അവരോടു കല്പിച്ചു" (മർക്കോ - 9,9). കേസറിയാ ഫിലിപ്പിയിലേക്കുള്ള വഴിമദ്ധ്യേയും യേശു പഠിപ്പിക്കുന്നുണ്ട്. "വഴിമദ്ധ്യേ, അവൻ ശിഷ്യന്മാരോടു ചോദിച്ചു" (മർക്കോ. 8, 27). എമ്മാവൂസിലേക്കുപോയ ശിഷ്യന്മാരുടെ കൂടെയും നടന്ന് അവരെ പഠിപ്പിച്ചുകൊണ്ട്, വഴിയാത്രയിലും പഠിപ്പിക്കാമെന്ന് (ലൂ. 24, 13-27) തെളിയിച്ചു.

പട്ടണങ്ങളും ഗ്രാമപ്രദേശങ്ങളുമൊക്കെ അദ്ധ്യാപനത്തിനുവേണ്ടി യേശു തെരഞ്ഞെടുക്കുന്നുണ്ട്. "യേശു അവരുടെ പട്ടണങ്ങളിൽ പഠിപ്പിക്കുവാനും പ്രസംഗിക്കുവാനുമായി അവിടെ നിന്നുപുറപ്പെട്ടു" (മത്താ. 11, 1; മർക്കോ 1, 38). "പട്ടണങ്ങളിലും ഗ്രാമങ്ങളിലും പഠിപ്പിച്ചുകൊണ്ട് അവൻ ജറുസലേമിലേക്ക് യാത്രചെയ്യുകയായിരുന്നു" (ലൂ. 13,22).

ഭവനങ്ങളും യേശു പഠിപ്പിക്കുവാൻ തെരഞ്ഞെടുത്ത വേദികളായിരുന്നു. "വാതിൽക്കൽപോലും നിൽക്കാൻ സ്ഥലം തികയാത്തവിധം നിരവധിയാളു





കൾ അവിടെ ഒരുമിച്ചുകൂടി. അവൻ അവരോടു വചനം പ്രസംഗിച്ചുകൊണ്ടിരുന്നു" (മർക്കോ 2, 2).

അങ്ങനെ, ദേവാലയവും സിനഗോഗുകളും പട്ടണങ്ങളും ഗ്രാമങ്ങളും വള്ളങ്ങളും, കടലോരങ്ങളും മലമ്പ്രദേശങ്ങളും വഴിയോരങ്ങളും ഭവനങ്ങളുമെല്ലാം യേശുവിന്റെ ക്ലാസ്സുമുറികളായിരുന്നു. ചുരുക്കത്തിൽ, പഠിപ്പിക്കുവാനായി യേശു തെരഞ്ഞെടുക്കാത്തതായി ഒരു പ്രദേശവും ഉണ്ടായിരുന്നില്ല. എല്ലാ വേദികളും യേശു അദ്ധ്യാപനത്തിനുവേണ്ടി ഉപയോഗിച്ചിരുന്നു. നിശ്ചിത സ്ഥലത്തുമാത്രമേ പഠിപ്പിക്കുകയുള്ളൂ എന്ന നിർബ്ബന്ധമൊന്നും യേശുവിനുണ്ടായിരുന്നില്ല. അദ്ധ്യാപനത്തിനുള്ള ഒരു വേദിയും ഒരവസരവും യേശു നഷ്ടമാക്കിയിരുന്നില്ല. അദ്ധ്യാപന വിഷയത്തിനും കേൾവിക്കാരുടെ അഭിരുചിക്കും അവരുടെ എണ്ണത്തിനും അനുസരിച്ചുള്ള സ്ഥലങ്ങൾ തെരഞ്ഞെടുക്കുന്നതിലും, വേദികൾക്കനുസരിച്ചുള്ള അദ്ധ്യാപനരീതികൾ അവലംബിക്കുന്നതിലും യേശു ജാഗ്രത പുലർത്തി.

ഔദ്യോഗികമായ ക്ലാസ്സുമുറികൾ മാത്രമല്ല, ഒരദ്ധ്യാപകന് അദ്ധ്യാപന വേദികളായിട്ടുള്ളത്. ലോകം മുഴുവനും ഒരദ്ധ്യാപകന്റെ ക്ലാസ്സ്മുറിയാണ്. ഒരദ്ധ്യാപകൻ എപ്പോഴും എവിടെയും അദ്ധ്യാപനത്തിലായിരിക്കണം. നിർദ്ദിഷ്ട സ്ഥലത്തുവച്ചുമാത്രമേ പഠിപ്പിക്കുകയുള്ളൂ എന്ന നിർബന്ധം അദ്ദേഹത്തിനുണ്ടായിരിക്കാൻ പാടില്ല. എന്നാൽ അദ്ധ്യാപനത്തിന് അനുയോജ്യമായ അന്തരീക്ഷമുണ്ടായിരിക്കണം. അല്ലെങ്കിൽ അന്തരീക്ഷം സൃഷ്ടിക്കണം.

## 2. ശാരീരിക നിലപാട്

വൈവിധ്യങ്ങളായ ശാരീരിക നിലപാടുകളാണ് പ്രബോധനത്തിനായി യേശു സ്വീകരിച്ചിരുന്നത്. യേശുവിന്റെ പ്രധാനപ്പെട്ട പഠിപ്പിക്കലുകളെല്ലാം ഇരുന്നുകൊണ്ടായിരുന്നു നടത്തിയിരുന്നത്. വള്ളത്തിൽ കയറിയിരുന്നുകൊണ്ട് കടൽക്കരയിൽ തിങ്ങിക്കൂടിയ ജനങ്ങളെ യേശുപഠിപ്പിക്കുന്നതായി നാം കാണുന്നു (മത്താ 13, 2-3). "വള്ളത്തിൽ ഇരുന്ന് അവൻ ജനങ്ങളെ പഠിപ്പിച്ചു" (ലൂ 5, 3).

യേശുവിന്റെ മലയിലെ പ്രബോധനവും ഇരുന്നുകൊണ്ടായിരുന്നു. മലയിലെ പ്രസംഗം യേശുവിന്റെ ഔദ്യോഗികമായ പഠിപ്പിക്കലായിരുന്നതുകൊണ്ടാണ് ഇരുന്നുകൊണ്ട് പഠിപ്പിച്ചത്. യഹൂദറബ്ബിമാർ ഔദ്യോഗികമായ പ്രബോധനങ്ങ

www.malankaralibrary.com



ളെല്ലാം ഇരുന്നുകൊണ്ടാണ് നൽകിയിരുന്നത്. (ഇന്നും മാർപ്പാപ്പ ഔദ്യോഗികമായ തന്റെ കസേരയിൽ ഇരുന്നുകൊണ്ടാണ് ഔദ്യോഗികമായി പ്രബോധനം നൽകുന്നതും കല്പനകൾ പുറപ്പെടുവിക്കുന്നതും). ഗുരുവിന്റെ കസേരയെ ശിഷ്യന്മാർ ബഹുമാനിക്കുന്നു. നിന്നുകൊണ്ടും നടന്നുകൊണ്ടുമൊക്കെ ജനങ്ങൾക്കാവശ്യമായ ഉപദേശങ്ങൾ റബ്ബിമാർ നൽകിയിരുന്നെങ്കിലും, ഔദ്യോഗികമായ ഇരിപ്പിടത്തിൽ ഇരുന്നുമാത്രമെ ആധികാരികവും ഔദ്യോഗികവുമായ പ്രബോധനം നൽകിയിരുന്നുള്ളൂ. യേശു മലയിൽ ഇരുന്നുകൊണ്ട് പഠിപ്പിച്ചു എന്ന പ്രസ്താവനതന്നെ യേശുവിന്റെ ആ പഠിപ്പിക്കൽ ഔഗ്യോഗിവും പ്രധാനപ്പെട്ടതുമായിരുന്നു എന്നതിന്റെ സൂചനയാണ്. “ജനക്കൂട്ടത്തെ കണ്ടപ്പോൾ യേശുമലയിൽ കയറി.. അവൻ ഇരുന്നു കഴിഞ്ഞപ്പോൾ ശിഷ്യന്മാർ അടുത്തെത്തി. അവൻ അവരെ പഠിപ്പിക്കാൻ തുടങ്ങി” (മത്താ. 5, 1-2)

ഇരുന്നുകൊണ്ടുള്ള പഠിപ്പിക്കൽ വളരെ വ്യക്തമായി നാം കാണുന്നത്, ശിഷ്യന്മാരുടെ പാദങ്ങൾ കഴുകിയശേഷം സ്വസ്ഥാനത്തിരുന്ന് യേശു പഠിപ്പിക്കുന്ന അവസരത്തിലാണ്. “അവൻ അവരുടെ പാദങ്ങൾ കഴുകിയശേഷം മേലങ്കിധരിച്ച് സ്വസ്ഥാനത്തിരുന്ന് അവരോടു പറഞ്ഞു” (യോ. 13, 12). മേലങ്കി മാറ്റിയശേഷമാണ് യേശു ശിഷ്യന്മാരുടെ പാദങ്ങൾ കഴുകിയത്. മേലങ്കി അധികാരത്തേയും, ഔദ്യോഗികതയേയും സൂചിപ്പിക്കുന്നതാണ്. മേലങ്കി മാറ്റുകയെന്നാൽ തന്റെ ഔദ്യോഗികതയെല്ലാം മറന്ന് ശുശ്രൂഷയുടെ തലത്തിലേക്ക് ഇറങ്ങിവരികയെന്നാണർത്ഥം. എന്നാൽ, ശുശ്രൂഷയെല്ലാം കഴിഞ്ഞ് ശുശ്രൂഷയെക്കുറിച്ച് ഔദ്യോഗികമായി പഠിപ്പിക്കേണ്ടി വന്നപ്പോൾ മേലങ്കി ധരിച്ച് തന്റെ ഔദ്യോഗികമായ ഇരിപ്പിടത്തിൽ ഉപവിഷ്ടനായാണ് യേശു പഠിപ്പിച്ചത്. ‘മേലങ്കി ധരിക്കുക’, ‘ഇരിപ്പിടത്തിൽ ഇരിക്കുക’ ഇവയ്ക്കൊക്കെ ബൈബിളിൽ പ്രത്യേകമായ അർത്ഥമുണ്ട്.

സിനഗോഗിലും യേശു ഇരുന്നുകൊണ്ടാണ് പഠിപ്പിച്ചിരുന്നത്. “അവൻ ഉപാദ്ധ്യായന്മാരുടെ ഇടയിലിരുന്ന്, അവർ പറയുന്നത് കേൾക്കുകയും അവരോട് ചോദ്യങ്ങൾ ചോദിക്കുകയും ചെയ്യുകയായിരുന്നു” (ലൂ. 2, 46). വായിക്കുവാനായി സിനഗോഗിൽ എഴുന്നേറ്റുനിന്ന യേശു അവിടെ പഠിപ്പിച്ചത് ഇരുന്നുകൊണ്ടാണ്.

എന്നാൽ, ധാരാളം അവസരങ്ങളിൽ യേശു നിന്നുകൊണ്ട് പഠിപ്പിക്കുന്നതായി നാം കാണുന്നുണ്ട്. കേസറിയാ ഫിലിപ്പിയിലെ ഗ്രാമങ്ങളിലേക്ക്





പോകുന്ന വഴിക്കും, മലയിൽ നിന്ന് ഇറങ്ങിവരുമ്പോഴും, കഫർണാമിൽ തളർവാതരോഗിയെ സുഖപ്പെടുത്തിയ ഭവനത്തിലുമെല്ലാം യേശു നിന്നുകൊണ്ടാണ് പഠിപ്പിച്ചിരുന്നത്. (മർക്കോ. 8, 27 ; 9, 9 ; 2, 1-2)

ശിശുവിനെ കരങ്ങളിൽ വഹിച്ചുകൊണ്ട് നടത്തുന്ന അസാധാരണമായ പഠിപ്പിക്കലും യേശുവിന്റെ ജീവിതത്തിൽ നാം കാണുന്നുണ്ട്. “അവൻ ഒരു ശിശുവിനെ എടുത്ത് അവരുടെ മദ്ധ്യേ നിർത്തി. അവനെ കരങ്ങളിൽ വഹിച്ചുകൊണ്ട് പറഞ്ഞു” (മർക്കോ. 9, 36). ശിശുവിനെ എടുത്ത് ജനക്കൂട്ടത്തിന് മദ്ധ്യേ നിർത്തി പഠിപ്പിക്കുന്ന രംഗവുമുണ്ട്. “യേശു ഒരു ശിശുവിനെ വിളിച്ച് അവരുടെ മദ്ധ്യേ നിർത്തി അരുളിചെയ്തു” (മത്താ. 18, 2). ശിശുവിനെ ഇവിടെ യേശു അദ്ധ്യാപന ഉപാധിയായികൂടി ഉപയോഗിക്കുകയാണ്. കൈ ശോഷിച്ച മനുഷ്യനെ ജനസഞ്ചയത്തിന്റെ മദ്ധ്യത്തിൽനിർത്തി പഠിപ്പിക്കുന്ന രംഗവുമുണ്ട്. “കൈ ശോഷിച്ച മനുഷ്യനോട് അവൻ പറഞ്ഞു. എഴുന്നേറ്റു നടുവിലേക്കു വരൂ. അനന്തരം അവൻ അവരോടു ചോദിച്ചു...” (മർക്കോ. 3, 3-4)

അങ്ങനെ, വൈവിധ്യങ്ങളായ ശാരീരിക നിലപാടുകളാണ് അദ്ധ്യാപനത്തിനായി യേശു സ്വീകരിച്ചിരുന്നത്. പ്രബോധനത്തിനനുസരിച്ചുള്ള നിലപാടുകളാണ് തെരഞ്ഞെടുത്തിരുന്നത്. ഒരദ്ധ്യാപകൻ താൻ പഠിപ്പിക്കുന്ന വിഷയത്തിന്റെ പ്രാധാന്യമനുസരിച്ചും കേൾവിക്കാരുടെ എണ്ണത്തിനും നിലവാരത്തിനുമനുസരിച്ചും തെരഞ്ഞെടുത്തിരിക്കുന്ന സ്ഥലത്തിന്റെ സ്ഥിതിക്കനുസരിച്ചുമുള്ള ശാരീരിക നിലപാട് സ്വീകരിക്കേണ്ടതാണ്. നിന്നുകൊണ്ടും, ഇരുന്നുകൊണ്ടും, നടന്നുകൊണ്ടും, ചൂണ്ടികാണിച്ചുകൊണ്ടുമൊക്കെ പ്രബോധനം നൽകേണ്ടതാണ്.

## 3. വിസ്തൃതമായ അധ്യാപനമേഖല

പഠിപ്പിക്കുവാനായി യേശു കടന്നുചെല്ലാത്ത പട്ടണമോ ഗ്രാമമോ, ഗലീലിയിലോ, സമറിയായിലോ, യൂദയായിലോ ഉണ്ടായിരുന്നില്ല. കുറച്ച് ആളുകളിലും കുറച്ചു സ്ഥലങ്ങളിലും മാത്രം ഒതുങ്ങിനിൽക്കാതെ തന്റെ അദ്ധ്യാപന മേഖല സർവ്വയിടങ്ങളിലേക്കും വികസിപ്പിക്കുവാൻ യേശു ശ്രമിച്ചിരുന്നു. കൂടുതൽ സ്ഥലങ്ങളിലേക്കും കൂടുതൽ ജനങ്ങളിലേക്കും കടന്നുചെല്ലുവാനുള്ള വ്യഗ്രത യേശുവിൽ വളരെ പ്രകടമായിരുന്നു. “അവൻ പറഞ്ഞു, നമുക്ക് അടുത്ത പട്ട

www.malankaralibrary.com



ങ്ങളിലേക്ക് പോകാം. അവിടേയും എനിക്ക് പ്രസംഗിക്കേണ്ടിയിരിക്കുന്നു. അതിനുവേണ്ടിയത്രേ ഞാൻ വന്നിരിക്കുന്നത്. സിനഗോഗുകളിൽ പ്രസംഗിച്ചുകൊണ്ടും പിശാചുക്കളെ പുറത്താക്കിക്കൊണ്ടും അവൻ ഗലീലിയിലുടനീളം സഞ്ചരിച്ചു" (മർക്കോ. 1, 38-39). എല്ലായിടത്തും പ്രസംഗിക്കുന്നതിനുവേണ്ടിയാണ് താൻ വന്നിരിക്കുന്നതെന്ന് മനസ്സിലാക്കി സർവ്വയിടത്തും ഓടിനടന്ന് പ്രസംഗിക്കുന്ന ഒരു യേശുവിനെക്കുറിച്ചാണ് ഇവിടെ പ്രതിപാദനം. യേശുവിന്റെ ഈ സമീപനത്തെക്കുറിച്ച് വി. ലൂക്കോസും രേഖപ്പെടുത്തുന്നുണ്ട്. "മറ്റു സ്ഥലങ്ങളിലും ഞാൻ ദൈവരാജ്യം പ്രസംഗിക്കേണ്ടിയിരിക്കുന്നു. അതിനുവേണ്ടിയാണ് ഞാൻ അയക്കപ്പെട്ടിരിക്കുന്നത്. അവൻ യൂദയായിലെ സിനഗോഗുകളിൽ പ്രസംഗിച്ചുകൊണ്ടിരുന്നു" (ലൂ. 4, 43-44).

പട്ടണങ്ങളും ഗ്രാമങ്ങളുംതോറും ചുറ്റി സഞ്ചരിച്ച് പഠിപ്പിക്കുന്ന യേശുവിനെയാണ് വി. ലൂക്കോസ് അവതരിപ്പിക്കുന്നത്. "പട്ടണങ്ങളിലും ഗ്രാമങ്ങളിലും പഠിപ്പിച്ചുകൊണ്ട് അവൻ ജറുസലേമിലേക്ക് യാത്ര ചെയ്യുകയായിരുന്നു" (ലൂ. 13, 22). യേശുക്രിസ്തുവിന്റെ സർവ്വവ്യാപകമായ പ്രബോധനത്തെക്കുറിച്ച് വി. മത്തായിയും പ്രതിപാദിക്കുന്നുണ്ട്. "ജനക്കൂട്ടത്തെ പറഞ്ഞയച്ചിട്ട് അവൻ വഞ്ചിയിൽ കയറി മഗദാൻ പ്രദേശത്തേക്കുപോയി" (മത്താ. 15, 39). പഠിപ്പിക്കാനുള്ള ഒരവസരവും ഒരുവേദിയും യേശു നഷ്ടമാക്കിയിരുന്നില്ല. സാധാരണവും അസാധാരണവുമായ സാഹചര്യങ്ങൾ പ്രബോധനത്തിന് അവസരോചിതമായി യേശു പ്രയോജനപ്പെടുത്തി.

തനിക്കുള്ള അറിവ് എല്ലാവർക്കും പകർന്നുകൊടുക്കുവാനാണ് ഒരദ്ധ്യാപകൻ ശ്രമിക്കേണ്ടത്. വിസ്തൃതമായ ഈ ലോകം മുഴുവൻ ഒരദ്ധ്യാപകന്റെ പ്രബോധനവേദിയായിരിക്കണം. ഒരു പ്രത്യേക സ്ഥലത്തുമാത്രമേ, ഒരു പ്രത്യേക വിഭാഗത്തിൽപ്പെട്ടവരെ മാത്രമേ പഠിപ്പിക്കുകയുള്ളൂ എന്ന നിർബന്ധമൊന്നും ഒരദ്ധ്യാപകനുണ്ടാകാൻ പാടില്ല. ഇവരാണെന്റെ വിദ്യാർത്ഥികൾ, അവരെന്റെ വിദ്യാർത്ഥികളല്ല, എന്ന വേർതിരിവൊന്നും ഒരു ഗുരുവിന് പാടില്ല. വിദ്യതേടി തന്റെ അടുക്കൽ വരുന്നവരെ മാത്രമല്ല, എല്ലാവരേയും പ്രബുദ്ധരാക്കുവാനുള്ള കടമ അദ്ധ്യാപകനുണ്ട്.

അധ്യാപകനായിക്കഴിഞ്ഞാൽ ഒരുവൻ എന്നും എവിടെയും അധ്യാപകൻ തന്നെ. അദ്ദേഹം എല്ലാവരുടേയും പൊതുസ്വത്താണ്. അദ്ദേഹത്തെ ആർക്കും





കൈയ്യടക്കി വയ്ക്കാനോ, സ്വന്തമാക്കി വയ്ക്കാനോ പറ്റില്ല. മറിച്ച്, അദ്ദേഹം എല്ലാവരുടേയും സ്വന്തമാണ്: ആർക്കും അദ്ദഹത്തെ ഉപയോഗിക്കാൻ അവകാശമുണ്ട്.

### 4. ശ്രോതാക്കളെക്കുറിച്ചുള്ള ക്ലിപ്തത

ആർക്കുവേണ്ടിയാണ് പഠിപ്പിക്കുന്നതെന്നതിനെക്കുറിച്ച് യേശുവിന് വ്യക്തമായ ബോധ്യമുണ്ടായിരുന്നു. യേശു പലപ്പോഴും അത് വെളിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ശ്രോതാക്കളെയെല്ലാം ഉദ്ദേശിച്ചാണ് പഠിപ്പിക്കുന്നതെങ്കിൽ യേശു പറയും 'ശ്രോതാക്കളായ നിങ്ങളോടു ഞാൻ പറയുന്നു' (ലൂ. 6, 27) എന്ന്. "ഞാൻ നിങ്ങളോടു ഈ പറയുന്നത് എല്ലാവരോടുമായി പറയുന്നു" (മർക്കോ 13, 37). ആർക്കുവേണ്ടിയാണ് പഠിപ്പിക്കുന്നത്, ആരൊക്കെയാണ് ഇത് ശ്രവിക്കേണ്ടത് എന്ന് വെളിപ്പെടുത്തുകയാണിവിടെ.

എന്നാൽ ശിഷ്യന്മാരോടുമാത്രമായി പറയാനുള്ളത് അവരോടു മാത്രം പറയുന്നു. "അവൻ ശിഷ്യന്മാരുടെ നേരെ കണ്ണുകളുയർത്തി അരുളിചെയ്തു" (ലൂ. 6, 20). ശിഷ്യന്മാരെ മാറ്റിനിർത്തി അവരെ മാത്രമായി പഠിപ്പിക്കുന്ന രംഗങ്ങളുമുണ്ട്. "യേശു തന്റെ പന്ത്രണ്ടുപേരെ മാത്രം കൂട്ടിക്കൊണ്ട് ജറുസലേമിലേക്ക് യാത്രചെയ്യുമ്പോൾ വഴിയിൽ വച്ച് അരുൾചെയ്തു" (മത്താ. 20, 17). ജനസമൂഹത്തിൽ നിന്ന് ശിഷ്യന്മാരെ മാറ്റി നിർത്തി അവരോടുമാത്രം സംസാരിക്കുന്ന അനേകം അവസരങ്ങളുണ്ട്. "അവൻ ശിഷ്യന്മാരുടെ നേരെ തിരിഞ്ഞ് അവരോടു മാത്രമായി പറഞ്ഞു" (ലൂ. 10, 23). "അവൻ ഒലിവുമലയിൽ ഇരിക്കുമ്പോൾ ശിഷ്യന്മാർ തനിച്ച് അവനെ സമീപിച്ചു പറഞ്ഞു. യേശുപറഞ്ഞു..." (മത്താ. 24, 3-4). തന്നെ അനുയാത്ര ചെയ്തിരുന്നവരുടെ ഇടയിൽ നിന്ന് പന്ത്രണ്ടുപേരെ മാത്രം വിളിച്ച് അവരെ ഉപദേശിക്കുന്നു. "അവൻ പന്ത്രണ്ടുപേരേയും അടുത്തുവിളിച്ച്, തനിക്ക് സംഭവിക്കാനിരിക്കുന്ന കാര്യങ്ങൾ പറയുവാൻ തുടങ്ങി" (മർക്കോ 10, 32). "യേശു ശിഷ്യന്മാരെ അടുത്തുവിളിച്ചു പറഞ്ഞു." (മർക്കോ 10, 42).

പത്രോസിനെ മാത്രമായി മാറ്റിനിർത്തി ഉപദേശിക്കുകയും ശാസിക്കുകയും ചെയ്യുന്ന അവസരവുമുണ്ട്. "യേശു പിന്തിരിഞ്ഞു നോക്കിയപ്പോൾ ശിഷ്യന്മാർ നിൽക്കുന്നത് കണ്ട് പത്രോസിനെ ശാസിച്ചുകൊണ്ട് പറഞ്ഞു" (മർക്കോ 8,33). ശിഷ്യസമൂഹത്തിൽ നിന്ന് പ്രത്യേകം വിളിച്ചാണ് യേശു പത്രോസിനെ

www.malankaralibrary.com



അജപാലകനാക്കുന്നത്. "യേശു അയാളോട് (പത്രോസ്) അരുളിചെയ്തു" (മത്താ. 16, 17). ശിഷ്യന്മാർ ഒരുമിച്ചുകൂടിയിരിക്കുന്നിടത്തുനിന്ന് തോമസിനേയും വിളിച്ചുമാറ്റിനിർത്തി യേശു സംസാരിക്കുന്നുണ്ട്. "അവൻ തോമസിനോടു പറഞ്ഞു" (യോഹ. 20,27).

ശിഷ്യന്മാരേയും ജനക്കൂട്ടത്തേയും ഒരുമിച്ചു ചേർത്തു പഠിപ്പിക്കുന്ന സന്ദർഭങ്ങളുമുണ്ട്. "യേശു ജനക്കൂട്ടത്തോടും തന്റെ ശിഷ്യന്മാരോടും അരുളിചെയ്തു" (മത്താ 23,1). "അവൻ ശിഷ്യരോടൊപ്പം ജനക്കൂട്ടത്തേയും തന്റെ അടുക്കലേക്ക് വിളിച്ചുവരുത്തി അവരോടു പറഞ്ഞു" (മർക്കോ 8, 34). ചില പ്രത്യേക സമൂഹത്തോടു പറയേണ്ടത്, മറ്റുള്ളവർ പോയശേഷം അവരോടു മാത്രമായി പറയുന്നു. "അവർ പോയതിനുശേഷം യേശു ജനക്കൂട്ടത്തോടു യോഹന്നാനെക്കുറിച്ച് സംസാരിച്ചുതുടങ്ങി" (മത്താ. 11,7).

ശ്രോതാക്കളാരെന്നതിനെക്കുറിച്ചും അവരോടു പറയേണ്ടതെന്താണെന്നതിനെക്കുറിച്ചും യേശുവിന് വ്യക്തമായ ധാരണയുണ്ടായിരുന്നു. പറയേണ്ടത് പറയേണ്ടവരോടു മാത്രം പറയുവാൻ യേശു ശ്രദ്ധിച്ചിരുന്നു. അതുപോലെ ആരെയാണ് പഠിപ്പിക്കുവാൻ പോകുന്നതെന്നും അവരോട് എന്താണ് പറയേണ്ടതെന്നും ഒരദ്ധ്യാപകൻ കൃത്യമായി അറിഞ്ഞിരിക്കണം. പൊതുവിൽ പറയേണ്ടത് പൊതുവിലും ഒറ്റയ്ക്കുപറയുവാനുള്ളത് ഒറ്റയ്ക്കും പറയുവാനുള്ള വിവേകം അദ്ധ്യാപകനുണ്ടായിരിക്കേണ്ടതാണ്. പഠിതാക്കളാരെന്നറിഞ്ഞ് പഠിപ്പിക്കുക അത്യന്താപേക്ഷിതമാണ്.

## 5. അദ്ധ്യാപനരംഗത്തെക്കുറിച്ചുള്ള ക്ലിപ്തത

അദ്ധ്യാപനം നടത്തുന്നതിനുമുമ്പ് അതിനുപറ്റിയ സ്ഥലവും സാഹചര്യവും ആളുകളുമാണോ എന്ന് യേശു നിരീക്ഷിച്ചിരുന്നു. ശ്രോതാക്കളുടെ പ്രതികരണം മനസ്സിലാക്കി മാത്രമേ യേശു പ്രവർത്തിച്ചിരുന്നുള്ളൂ. അദ്ധ്യാപനത്തിനുപറ്റിയ സ്ഥലത്ത് ദിവസങ്ങളോളം ഇരുന്ന് പഠിപ്പിക്കുകയും അദ്ധ്യാപനത്തിന് യോഗ്യമല്ലാത്ത സ്ഥലത്ത് നിന്ന് വേഗം പിൻവാങ്ങുകയും ചെയ്തിരുന്നു. പഠിപ്പിച്ചിട്ട് പ്രയോജനമില്ലാത്തവർക്കുവേണ്ടി സമയം വ്യയം ചെയ്യാൻ യേശു കൂട്ടാക്കിയില്ല. കേൾക്കുവാൻ താല്പര്യമില്ലാത്തവനോട് സംസാരിക്കുവാൻ തയ്യാറായിരുന്നില്ല. 'പ്രവാചകൻ സ്വന്തം നാട്ടിൽ ബഹുമാനിക്കപ്പെടുന്നില്ല' (യോഹ. 4, 44) എന്ന് മനസ്സിലാക്കി യേശു അവിടെ നിന്ന് വേറൊരിടത്തേയ്ക്ക്





പോയി. എന്നാൽ,യേശു പോയത് തന്നെ സ്വീകരിക്കാൻ കാത്തിരുന്ന ജനസമൂഹത്തിന്റെ അടുക്കലേക്കാണ്. "അവൻ ഗലീലിയിൽ വന്നപ്പോൾ ഗലീലിയർ അവനെ സ്വാഗതം ചെയ്തു" (യോഹ. 4,45). അതുകൊണ്ട് അവിടെ യേശു ഏറെനാൾ പഠിപ്പിക്കുകയും ചെയ്തു.

കേൾക്കുവാൻ താൽപര്യമില്ലാത്തവരെ ഉപേക്ഷിക്കുകയല്ല, അവർക്കുവേണ്ടി സമയം കളയാതെ താൽപര്യമുള്ളവരെ തേടിപ്പോവുകയാണ് യേശു ചെയ്തത്. പ്രവർത്തിച്ചിട്ട് പ്രയോജനമില്ലാത്തിടത്ത് പ്രവർത്തിക്കാൻ യേശു ഒരുക്കമായിരുന്നില്ല. "അവരുടെ അവിശ്വാസം നിമിത്തം അവൻ അവിടെ അധികം അത്ഭുതങ്ങൾ പ്രവർത്തിച്ചില്ല" (മത്താ. 13, 58).

അദ്ധ്യാപനത്തിന്റെ ഫലസിദ്ധിയെക്കുറിച്ച് അദ്ധ്യാപകന് പൂർണ്ണ ബോധ്യമുണ്ടായിരിക്കണം. മുത്തുകൾ പന്നിയുടെ മുമ്പിൽ എറിയരുത്. നിലം നോക്കി വിത്തെറിയണം. വിത്തുകൾ പാറപ്പുറത്തും, വഴിയോരങ്ങളിലും, മുള്ളുകളുടെയിടയിലും വീഴാതെ നോക്കണം. അദ്ധ്യാപനം പാഴ്വേലയായിത്തീരാൻ ഇടയാകരുത്. വയലുകൾ ധാരാളവും വേലക്കാർ ചുരുക്കവുമായതിനാൽ വിത്തിനുവേണ്ടി കാത്തിരിക്കുന്ന വയലുകളിലേക്ക് ആദ്യം പോകണം. തുറന്നുവച്ചിരിക്കുന്നതും, ഒഴിഞ്ഞിരിക്കുന്നതുമായ പാത്രങ്ങൾ തേടി പോകണം. യേശു അതാണ് ചെയ്തത്. ഒരദ്ധ്യാപകന്റെ ദൗത്യവും മറ്റൊന്നല്ല.

## 6. പ്രബോധനവും പശ്ചാത്തലവും

ഓരോരുത്തരുടേയും ജീവിതപശ്ചാത്തലത്തിനനുസരിച്ചുള്ള പ്രബോധനമാണ് യേശു നൽകുന്നത്. നിയമജ്ഞരോടും ഫരിസേയരോടും അവരുടെ പശ്ചാത്തലത്തിൽ നിന്നുകൊണ്ടാണ് യേശു സംസാരിക്കുന്നത്. പഴയനിയമഗ്രന്ഥങ്ങൾ അറിയാവുന്നവരോട് അതിന്റെ അടിസ്ഥാനത്തിലാണ് യേശു പഠിപ്പിക്കുന്നത്. "കൊല്ലരുത്, കൊല്ലുന്ന ഏവനും ന്യായവിധിക്ക് അർഹനാകും എന്ന് പൂർവ്വികരോട് പറയപ്പെട്ടതായി നിങ്ങൾ കേട്ടിട്ടുണ്ടല്ലോ" (മത്താ 5, 21). ഇങ്ങനെ, സാബത്ത്, വിവാഹമോചനം, വ്യഭിചാരം, ആണയിടീൽ എന്നിവയെക്കുറിച്ച് പഴയനിയമകാലത്തെ നിയമങ്ങളറിയാവുന്നവരോട് അതിന്റെ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് യേശു സംസാരിക്കുന്നു.

മീൻ പിടിത്തക്കാരോട്, ദൈവരാജ്യം കടലിലെറിഞ്ഞ വലയ്ക്ക് തുല്യമാണെന്ന് (മത്താ 13, 47-50) പറഞ്ഞ് പഠിപ്പിക്കുന്നു. ആട്ടിടയന്മാരുടെ ജീവിതമ

www.malankaralibrary.com



റിയാവുന്നവരോട് വഴിതെറ്റിപ്പോയ ആടിന്റെ ഉപമയും (മത്താ. 18, 10-13) നല്ല യിടയന്റെ ഉപമ (യോഹ. 10, 7-21)യുമൊക്കെ അരുൾചെയ്യുന്നു. കർഷകരെ ദൈവരാജ്യത്തെപ്പററി പഠിപ്പിക്കുവാനായി വയലിലെ കളകൾ, കടുകുമണി എന്നിവ ഉപമകളായി എടുക്കുന്നു. കാർഷിക പശ്ചാത്തലമുള്ളവരോടാണ് വിത ക്കാരന്റെ ഉപമയും (മത്താ 13, 1-8) വയലിലെ നിധിയുടെ ഉപമയും (മത്താ. 13, 44-46), കളകളുടെ ഉപമ (മത്താ. 13, 24-30)യുമൊക്ക അരുൾചെയ്യുന്നത്.

ഉപമകൾ കൂടാതെ കാര്യങ്ങൾ ഗ്രഹിക്കുവാൻ കഴിവുള്ളവരോട് ഉപമകളി ല്ലാതെയും, ഉപമകളിലൂടെയല്ലാതെ കാര്യങ്ങൾ ഗ്രഹിക്കുവാൻ കഴിയാത്തവ രോട് ഉപമകളിലൂടെയുമാണ് യേശു പഠിപ്പിക്കുന്നത്. “ശിഷ്യന്മാർ ചോദിച്ചു. നീ അവരോട് ഉപമകൾ സംസാരിക്കുന്നതെന്തുകൊണ്ട്? അവൻ മറുപടി പറഞ്ഞു. സ്വർഗ്ഗരാജ്യത്തിന്റെ രഹസ്യങ്ങൾ അറിയുവാനുള്ള വരം നിങ്ങൾക്ക് ലഭിച്ചിരിക്കുന്നു. അവർക്കാകട്ടെ അത് ലഭിച്ചിട്ടില്ല. അതുകൊണ്ടാണ് ഞാൻ അവരോട് ഉപമകളിൽ സംസാരിക്കുന്നത്” (മത്താ. 13, 10-13). ഓരോരുത്തരു ടേയും ജീവിത പശ്ചാത്തലമാണ് അവരെ ഏതുരീതിയിൽ പഠിപ്പിക്കണമെന്ന് തീരുമാനിക്കുന്നത്.

ഏത് നിഗൂഢസത്യവും കേൾവിക്കാരുടെ പശ്ചാത്തലവുമായി ബന്ധപ്പെ ടുത്തി അവതരിപ്പിച്ചാൽ അത് ഗ്രഹിക്കുവാൻ ബുദ്ധിമുട്ടുണ്ടാവുകയില്ല. അതി നാൽ അദ്ധ്യേതാക്കളുടെ ജീവിത പശ്ചാത്തലവും ബൗദ്ധിക നിലവാരവുമൊക്ക മനസ്സിലാക്കി പഠിപ്പിക്കുകയാണ് ഒരദ്ധ്യാപകന് കരണീയം.

### 7. പശ്ചാത്തല ക്രമീകരണം

പ്രബോധനത്തിന് പറ്റിയവിധത്തിൽ പശ്ചാത്തലമൊരുക്കിയശേഷം മാത്രമേ യേശു പഠിപ്പിച്ചിരുന്നുള്ളൂ. ജനങ്ങളെ കാണുമ്പോൾതന്നെ ഓടിച്ചെന്ന് പഠിപ്പി ച്ചുതുടങ്ങുകയായിരുന്നില്ല യേശു ചെയ്തിരുന്നത്. ശാന്തമായി പഠിപ്പിക്കുവാ നും, പഠിക്കുവാനും സാധിക്കത്തക്കവിധത്തിൽ, അതിനുപറ്റിയസ്ഥലത്ത്, അതി നുയോജിച്ചവിധത്തിൽ ജനങ്ങളെ ക്രമീകരിച്ചിരുത്തിയശേഷം മാത്രമാണ് യേശു പഠിപ്പിച്ചുതുടങ്ങിയിരുന്നത്.

വലിയ ജനക്കൂട്ടം പ്രസംഗം ശ്രവിക്കുവാൻ വന്നപ്പോൾ അവരെയെല്ലാം കരയിൽ ക്രമീകരിച്ചു നിർത്തിയിട്ട് യേശു വള്ളത്തിൽ കയറി അവരോടു പ്രസം ഗിക്കുകയാണ്. “ശിമയോന്റേതായിരുന്നു വള്ളങ്ങളിൽ ഒന്ന്. യേശു അതിൽ





കയറി. കരയ്ക്കുനിന്ന് അല്പം അകലേക്ക് വള്ളം നീക്കുവാൻ അയാളോട് അവൻ ആവശ്യപ്പെട്ടു. അതിൽ ഇരുന്ന് അവൻ ജനങ്ങളെ പഠിപ്പിച്ചു” (ലൂ. 5,3). പഠിപ്പിക്കുവാൻ പാകത്തിൽ യേശു കരയിൽ ജനങ്ങളേയും, കട ലിൽ വള്ളത്തേയുമെല്ലാം ക്രമീകരിക്കുകയാണ്.

അന്ത്യഭോജനത്തിനും അന്തിമ പ്രബോധനത്തിനും പറ്റിയ സ്ഥലത്ത്, അവിടെ വേണ്ട രീതിയിൽ ക്രമീകരണം ചെയ്യുന്നതിനായി യേശു ശിഷ്യന്മാർക്ക് നിർദ്ദേശം നൽകുന്നുണ്ട്. “യേശു പത്രോസിനേയും യോഹന്നാനേയും അയ ച്ചുകൊണ്ട് പറഞ്ഞു : നിങ്ങൾ പോയി, നമുക്കു പെസഹാ ഭക്ഷിക്കേണ്ടതിന് ഒരുക്കങ്ങൾ ചെയ്യുവിൻ” (ലൂ. 22,8). എവിടെ ഒരുക്കങ്ങൾ ചെയ്യണമെന്നും എങ്ങനെ ഒരുക്കണമെന്നും യേശു ശിഷ്യന്മാർക്ക് നിർദ്ദേശങ്ങൾ നൽകുക യാണ്. ക്രമീകരണങ്ങളെല്ലാം പൂർത്തിയായ ശേഷമാണ് യേശു ഭക്ഷിക്കുന്ന തിനും പഠിപ്പിക്കുന്നതിനുമായി അവിടേക്ക് പോകുന്നത്. ജറുസലേമിലേക്ക് പോകുന്ന തനിക്കുവേണ്ടി ഒരുക്കങ്ങൾ ചെയ്യുവാൻ ശിഷ്യന്മാരെ കല്പിച്ചയ യ്ക്കുന്ന സംഭവവും കാണുന്നുണ്ട്. “യേശു തനിക്കുമുമ്പേ ഏതാനും ദൂത ന്മാരെ അയച്ചു. അവനുവേണ്ട ഒരുക്കങ്ങൾ ചെയ്യുവാൻ അവർ സമറിയാക്കാ രുടെ ഒരു ഗ്രാമത്തിൽ പ്രവേശിച്ചു” (ലൂ. 9, 52). വേണ്ട സജ്ജീകരണങ്ങളെല്ലാം ചെയ്തശേഷമാണ് യേശു ഇവിടേയും പഠിപ്പിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നത്.

പഠിപ്പിക്കുവാനും പ്രവർത്തിക്കുവാനും പറ്റിയ സ്ഥലത്തേയ്ക്ക് ശിഷ്യന്മാരെ കൊണ്ടുപോവുകയും ചെയ്തിരുന്നു. “അവൻ ഇതെല്ലാം പറഞ്ഞിട്ട് ഏകദേശം എട്ടുദിവസങ്ങൾ കഴിഞ്ഞ്, പത്രോസ്, യോഹന്നാൻ, യാക്കോബ് എന്നിവരെ കൂട്ടിക്കൊണ്ട് പ്രാർത്ഥിക്കാൻ മലയിലേക്ക് കയറിപ്പോയി” (ലൂ. 9, 28). “ജന ക്കൂട്ടത്തെ കണ്ടപ്പോൾ യേശു മലയിലേക്ക് കയറി. അവൻ ഇരുന്നുകഴിഞ്ഞ പ്പോൾ ശിഷ്യന്മാർ അടുത്തെത്തി. അവൻ അവരെ പഠിപ്പിക്കുവാൻ തുടങ്ങി” (മത്താ. 5, 1-2). പഠിപ്പിക്കുവാൻ പറ്റിയ സ്ഥലവും ഇരിപ്പിടവും യേശു തെരഞ്ഞെടുക്കുകയാണ്. “യേശു മലയിലേക്ക് കയറി ശിഷ്യന്മാരോടുകൂടി അവിടെയിരുന്നു” (യോഹ. 6, 3).

എല്ലാവർക്കും കാണുകയും കേൾക്കുകയും ചെയ്യാൻ സാധിക്കത്തക്കവി ധത്തിലിരുന്നാണ് യേശു പഠിപ്പിച്ചിരുന്നത്. “അവൻ ഉപാദ്ധ്യായന്മാരുടെ ഇട യിലിരുന്ന്, അവർ പറയുന്നതുകേൾക്കുകയും അവരോട് ചോദ്യങ്ങൾ ചോദി

www.malankaralibrary.com



ക്കുകയും ചെയ്യുകയായിരുന്നു" (ലൂ. 2, 46). "പുസ്തകം അടച്ച് ശുശ്രൂഷകനെ ഏല്പിച്ചതിനുശേഷം അവൻ ഇരുന്നു. സിനഗോഗിൽ ഉണ്ടായിരുന്ന എല്ലാവരും അവനെ ഉറ്റുനോക്കിക്കൊണ്ടിരുന്നു" (ലൂ. 4,, 20). സിനഗോഗിലുള്ള എല്ലാവർക്കും കാണത്തക്കവിധത്തിലാണ് യേശു അവിടെ ഉപവിഷ്ടനായതെന്ന് ഇത് സ്പഷ്ടമാക്കുന്നു.

പഠിപ്പിക്കാൻ വേണ്ടി രംഗങ്ങളെല്ലാം ഒരുക്കിയശേഷമാണ് യേശു പഠിപ്പിച്ചിരുന്നത്. അതുപോലെ വചനം ശ്രവിക്കുവാനെത്തിയിരുന്ന ജനങ്ങളേയും വേണ്ടവിധത്തിൽ ക്രമീകരിച്ചിരുത്തിയിരുന്നു. ശിഷ്യന്മാർക്ക് ഗുരുവിനേയും, ഗുരുവിന് ശിഷ്യന്മാരേയും കാണാൻ തക്കതുപോലെയാണ് ഇരിക്കേണ്ടത്. ശിഷ്യരെനോക്കി പഠിപ്പിക്കുന്നതും, ഗുരുവിന്റെ മുഖത്തുനോക്കിയിരുന്ന് പഠിക്കുന്നതുമാണ് കൂടുതൽ ഫലം ചെയ്യുക.

അതിനാൽ, അദ്ധ്യാപകർക്ക് വിദ്യാർത്ഥികളേയും വിദ്യാർത്ഥികൾക്ക് അദ്ധ്യാപകരേയും കാണാൻ കഴിയുന്ന വിധത്തിൽ എല്ലാവരേയും ക്രമീകരിച്ചിരുത്തേണ്ടതാണ്. അതുപോലെ, എല്ലാവർക്കും ശാന്തമായും ഏകാഗ്രതയോടെയുമിരുന്ന് പഠിക്കാൻ തക്കതുപോലെയുള്ള പഠനാന്തരീക്ഷം സൃഷ്ടിക്കേണ്ടതാണ്. ചുരുക്കത്തിൽ, പഠിപ്പിക്കാനും, പഠിക്കാനും പററിയ ഒരു ബാഹ്യ പശ്ചാത്തലം സൃഷ്ടിക്കുകയാണ് അദ്ധ്യാപകൻ ആദ്യം ചെയ്യേണ്ടത്. ക്ലാസ്സുമുറിയും ക്ലാസ്സ് മുറിയിലെ സാധനങ്ങളും ഇരിപ്പിടങ്ങളുമെല്ലാം സജ്ജീകരിക്കുകയും, അവിടെ വിദ്യാർത്ഥികളെ ക്രമീകരിച്ചിരുത്തുകയും, അവർക്ക് തന്നേയും തനിക്ക് അവരേയും കാണാൻ പറ്റിയ സ്ഥാനം, പഠിപ്പിക്കുവാനായി അദ്ധ്യാപകൻ തെരഞ്ഞെടുക്കുകയും ചെയ്യേണ്ടതാണ്.

### 8. മാനസികമായി സജ്ജമാക്കൽ

കർഷകൻ വയലിൽ വിത്തുവിത്യ്ക്കുന്നത് നിലമെല്ലാം ഉഴുതു നിരപ്പാക്കി കളകളെയെല്ലാം മാറ്റിക്കളഞ്ഞ് അവ വെടിപ്പാക്കിയശേഷമാണ്. വിത്തുവിതയ്ക്കുന്നതിന് മുമ്പായി കർഷകൻ നിലം പാകപ്പെടുത്തിയെടുക്കുന്നതുപോലെ പഠിപ്പിക്കുന്നത് യഥാവിധി ശ്രവിക്കാനും, ഏകാഗ്രതയോടെ ഉൾക്കൊള്ളാനും സാധിയ്ക്കത്തക്കവിധത്തിൽ ശിഷ്യന്മാരെ യേശു മാനസികമായി ഒരുക്കിയിരുന്നു. വചനം സാംശീകരിക്കണമെങ്കിൽ ശിഷ്യന്മാർ അവ ഉൾക്കൊള്ളാവുന്ന മാനസികനിലയിലായിരിക്കണമെന്ന് യേശുവിനറിയാമായിരുന്നു.





ജീവന്റെ വചനത്തെക്കുറിച്ചുള്ള പ്രബോധനം ശിഷ്യന്മാർ വേണ്ടവിധം ഗ്രഹിക്കുന്നതിന് അവരെ മാനസികമായി ഒരുക്കുന്നതിനും ആ വിഷയത്തിലേക്ക് അവരെ നയിക്കുന്നതിനുമാണ് യേശു അപ്പം വർദ്ധിപ്പിച്ച് കൊടുക്കുന്നത് (യോ 6, 1-14; 25-59). ഭൗതികമായ അപ്പത്തെക്കുറിച്ചുള്ള ചിന്ത അഭൗമികമായ അപ്പത്തെക്കുറിച്ചുള്ള ചിന്തയിലേക്ക് നയിക്കാൻ സഹായിച്ചു. നല്ലയിടയന്റെ പ്രത്യേകതകളെക്കുറിച്ച് പറഞ്ഞ്, താൻ നല്ലയിടയനാണെന്ന് പഠിപ്പിക്കാൻ തക്കതുപോലെ ക്രിസ്തു ശിഷ്യന്മാരെ മാനസികമായി പാകപ്പെടുത്തുന്നുണ്ട് (യോഹ. 10, 1-18). ധൂർത്തപുത്രന്റേയും (ലൂ. 15, 11-32), കാണാതായ ആടിന്റേയും (ലൂ. 15, 1-7), കാണാതായ നാണയത്തിന്റേയും (ലൂ. 15, 8-10) ഉപമകൾ, ദൈവസ്നേഹത്തെക്കുറിച്ചുള്ള പ്രബോധനം സരളമാക്കിത്തീർക്കുന്നു. ലാസറിനെ ഉയിർപ്പിച്ച്, പുനരുത്ഥാനത്തെക്കുറിച്ചും, ജീവനെക്കുറിച്ചുമുള്ള പ്രബോധനം ഉൾക്കൊള്ളാനുള്ള മാനസിക നിലയിൽ ശിഷ്യന്മാർ ആയിരിക്കുമ്പോഴാണ് പുനരുത്ഥാനവും ജീവനും താനാണെന്ന് യേശു പഠിപ്പിക്കുന്നത്.

ശുശ്രൂഷയെക്കുറിച്ചുള്ള പ്രബോധനം ഗ്രഹിക്കുവാൻ തക്കതുപോലെയുള്ള ഒരു മാനസിക സ്ഥിതി സൃഷ്ടിക്കുന്നതിനുവേണ്ടിയാണ് യേശു ശിഷ്യന്മാരുടെ പാദങ്ങൾ കഴുകുന്നത് (യോഹ. 13, 1-20). അതുപോലെ, മുന്തിരിച്ചെടിയേയും ശാഖകളേയും കുറിച്ചുള്ള ഉപമ, ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തെക്കുറിച്ചു മനസ്സിലാക്കാനുള്ള ഒരു മാനസിക നിലയിൽ ശിഷ്യന്മാരെ എത്തിച്ചു.

അങ്ങനെ, ഉപമകളിലൂടെയും ദൃഷ്ടാന്തങ്ങളിലൂടെയും അടയാളങ്ങളിലൂടെയും ചില പ്രവർത്തനങ്ങളിലൂടെയും, വചനം ഗ്രഹിക്കാൻ തക്കതുപോലെ ശ്രോതാക്കളെ മാനസികമായി ഒരുക്കിയശേഷം മാത്രമാണ് യേശു പഠിപ്പിച്ചു തുടങ്ങിയിരുന്നത്. അടയാളങ്ങളും ഉപമകളുമെല്ലാം ശിഷ്യന്മാരെ മാനസികമായി സജ്ജീകരിക്കുന്നതിനായിരുന്നു. പ്രബോധനങ്ങൾ വേണ്ടവിധം ഗ്രഹിക്കുകയും, അത് ഫലം നൽകുകയും ചെയ്യണമെങ്കിൽ അതുൾക്കൊള്ളുവാൻ തക്കതുപോലെ വിദ്യാർത്ഥികളെ മാനസികമായി അതിനുവേണ്ടി ഒരുക്കേണ്ടതുണ്ട്.

www.malankaralibrary.com



## 9. വ്യക്തിയെ അറിഞ്ഞുള്ള പ്രബോധനം

ശിഷ്യന്മാരെ പൂർണ്ണമായി അറിയുക ഗുരുവിന്റെ കടമയാണ്. പഠിതാവിനെക്കുറിച്ച് എല്ലാ വിശദാംശങ്ങളും അദ്ധ്യാപകന് അറിയാമെങ്കിൽ മാത്രമേ അതിനനുസരിച്ച് പഠിപ്പിക്കുവാൻ സാധിക്കൂ. ശിഷ്യന്മാരെക്കുറിച്ചുള്ള ആഴവും, വ്യക്തിപരവുമായ അറിവാണ് അവരെ വശീകരിക്കാൻ യേശുവിനെ സഹായിച്ചത്.

മുമ്പ് ഒരിക്കൽപോലും കാണുകയോ, പരിചയപ്പെടുകയോ, കേൾക്കുകയോ പോലും ചെയ്തിട്ടില്ലാത്ത നഥാനിയേലിനെപ്പോലും യേശുവിന് നന്നായി അറിയാമായിരുന്നു. തന്നെക്കുറിച്ചുള്ള ഈ അറിവ് നഥാനിയേലിനെ അത്ഭുതപ്പെടുത്തുകയാണ്. "നാഥാനിയേൽ തന്റെ അടുക്കലേക്കു വരുന്നതുകണ്ട് യേശു അവനെപ്പറ്റി ഇങ്ങനെ പറഞ്ഞു : ഇതാ കാപട്യമില്ലാത്ത ഒരു യഥാർത്ഥ ഇസ്രായേൽകാരൻ! അപ്പോൾ നഥാനിയേൽ ചോദിച്ചു : നീ എന്നെ എങ്ങനെ അറിയുന്നു" (യോഹ. 1, 47-48). യേശുവും നഥാനിയേലും തമ്മിലുള്ള ആദ്യ കൂടിക്കാഴ്ചയാണിത്. എങ്കിലും യേശുവിന് അവന്റെ സ്വഭാവവും അവന്റെ പൂർവ്വ ചരിത്രവുമെല്ലാം നന്നായി അറിയാം. യേശു തുടരുകയാണ്. "പീലിപ്പോസ് നിന്നെ വിളിക്കുന്നതിന് മുമ്പ്, നീ അത്തിമരത്തിന്റെ ചുവട്ടിൽ ഇരിക്കുമ്പോൾ ഞാൻ നിന്നെ കണ്ടു." ഇതുകൂടി കേട്ടപ്പോൾ നഥാനിയേലിന്റെ അത്ഭുതം വർദ്ധിക്കുകയാണ്. "അവൻ പറഞ്ഞു. ഗുരോ, അങ്ങ് ദൈവപുത്രനാകുന്നു. ഇസ്രായേലിന്റെ രാജാവാകുന്നു" (യോഹ. 1, 48-49).

ശിഷ്യന്മാരുടെ കുടുംബ പശ്ചാത്തലവും പൂർവ്വചരിത്രവുമെല്ലാം യേശുവിന് നന്നായി അറിയാമായിരുന്നു. ആദ്യമായി കണ്ടുമുട്ടിയവരാണെങ്കിൽപോലും, ശിഷ്യന്മാരെയെല്ലാം യേശു പേരുചൊല്ലിയാണ് തന്നെ അനുഗമിക്കുവാനായി വിളിച്ചത്. "യേശു അവനെ നോക്കിപ്പറഞ്ഞു. നീ യോഹന്നാന്റെ പുത്രനായ ശിമയോനാകുന്നു" (യോഹ. 1, 42). യേശുവിന് എന്നേയും എന്റെ പിതാവിനേയും അറിയാമല്ലോയെന്നോർത്ത് പത്രോസ് അതിശയിക്കുകയാണ്.

യേശു പലപ്പോഴും ശിഷ്യന്മാരെ പേരു ചൊല്ലിയാണ് വിളിച്ചിരുന്നത്. പത്രോസിന്റേയും പീലിപ്പോസിന്റേയുമൊക്കെ പേരുവിളിച്ചാണ് യേശു അവരോട് സംസാരിച്ചിരുന്നത്. "എന്നിട്ടും പീലിപ്പോസേ, നീ എന്നെ അറിഞ്ഞില്ലല്ലോ" (യോഹ. 14,9). പീലിപ്പോസ് യേശുവിനെ അറിഞ്ഞിരുന്നില്ലെങ്കിലും, യേശു





പീലിപ്പോസിനെ അറിഞ്ഞിരുന്നു. "യേശു അയാളോടു ചോദിച്ചു : യൂദാസ്, മനുഷ്യപുത്രനെ ചുംബനം കൊണ്ട് നീ ഒററിക്കൊടുക്കുന്നുവോ?" (ലൂ. 22, 48). ശിഷ്യന്മാരുടെ പേരുകൾമാത്രമല്ല, അവരുടെ സ്വഭാവവും പ്രവർത്തനങ്ങളുമെല്ലാം യേശു അറിഞ്ഞിരുന്നു. പത്രോസ് തന്നെ തള്ളിപ്പറയുമെന്നും, യൂദാസ് ഒറ്റിക്കൊടുക്കുമെന്നുമെല്ലാം യേശു മുൻകൂട്ടി മനസ്സിലാക്കിയിരുന്നു.

സമരിയാക്കാരി സ്ത്രീയെ ശരിയായ പാതയിൽ നയിക്കുവാൻ യേശുവിന് സാധിച്ചത് അവളുടെ പൂർവ്വചരിത്രമറിയാവുന്നതുകൊണ്ടായിരുന്നു. തനിക്ക് ഭർത്താവില്ല എന്നു നുണപറഞ്ഞ സമരിയാക്കാരിയോട്, നിനക്ക് അഞ്ചുഭർത്താക്കന്മാർ ഉണ്ടായിരുവെന്ന് പറഞ്ഞ് യേശു അവളുടെ പൂർവ്വചരിത്രം അവളുടെ മുമ്പിൽ അനാവരണം ചെയ്തപ്പോൾ അവൾ അതിശയിക്കുകയാണ്. "അവൾ പറഞ്ഞു: കർത്താവേ അങ്ങ് ഒരു പ്രവാചകനാണെന്ന് ഞാൻ മനസ്സിലാക്കുന്നു" (യോഹ. 4, 19). മററുള്ളവരുടെ ചെയ്തികളും, ഇംഗിതങ്ങളും, അവരുടെ ഭാവിപോലും പറയാൻ സാധിക്കുന്ന പ്രവാചകനോടാണ് യേശുവിനെ സമരിയാക്കാരി താരതമ്യം ചെയ്യുന്നത്.

ശിഷ്യന്മാരെയെല്ലാം പൂർണ്ണമായി അറിഞ്ഞുകൊണ്ടുതന്നെയാണ് യേശു അവരെ വിളിച്ചതും പഠിപ്പിച്ചതും. ഓരോ വ്യക്തിയേയും ക്രിസ്തുവിന് നന്നായി അറിയാമായിരുന്നു. "അവൻ അവരെയെല്ലാം അറിഞ്ഞിരുന്നു. മനുഷ്യനെപ്പറ്റി ആരുടേയും സാക്ഷ്യം അവന് ആവശ്യമുണ്ടായിരുന്നില്ല. എന്തെന്നാൽ മനുഷ്യനിലുള്ളത് എന്താണെന്ന് അവൻ വ്യക്തമായി അറിഞ്ഞിരുന്നു" (യോഹ. 2, 25).

ശരിയായ അദ്ധ്യാപനത്തിന്, അദ്ധ്യാപകൻ വിദ്യാർത്ഥിയെ വ്യക്തമായി അറിഞ്ഞിരിക്കുക ആവശ്യമാണ്. അദ്ധ്യാപകന് തന്നെ അറിയാമെന്നു കണ്ടാൽ, വിദ്യാർത്ഥി ശ്രദ്ധയോടും അച്ചടക്കത്തോടുമിരുന്ന് അദ്ധ്യാപകനെ ശ്രവിക്കും. വിദ്യാലയാന്തരീക്ഷത്തിലെ ഇന്നത്തെ അച്ചടക്കരാഹിത്യത്തിന് പ്രധാന കാരണം അദ്ധ്യാപകന് വിദ്യാർത്ഥികളെ വ്യക്തിപരമായി അറിയില്ല എന്നതാണ്. അദ്ധ്യാപകന് എന്റെ പേരുപോലും അറിയില്ലാത്തതിനാൽ എന്തുചെയ്താലും എന്നെ പിടിക്കാൻ പോകുന്നില്ലെന്നുള്ള കുട്ടിയുടെ ഉറപ്പാണ് അവനെ ഏത് അക്രമത്തിനും പ്രേരിപ്പിക്കുന്നത്.

ശിഷ്യന് ഗുരു ഒരു പ്രവാചകനായിരിക്കണം. പ്രവാചകൻ വ്യക്തികളുടെ

www.malankaralibrary.com



ഭാവി-ഭൂത-വർത്തമാനകാലങ്ങളെ അറിയുന്നതുപോലെ, ഒരദ്ധ്യാപകൻ വിദ്യാർത്ഥികളെ പൂർണ്ണമായി അറിഞ്ഞിരിക്കണം. വിദ്യാർത്ഥി അദ്ധ്യാപകനെ അറിഞ്ഞില്ലെങ്കിലും, അദ്ധ്യാപകൻ വിദ്യാർത്ഥിയെ അറിഞ്ഞിരിക്കണം. കുറഞ്ഞപക്ഷം എല്ലാ വിദ്യാർത്ഥികളുടേയും പേരുകളെങ്കിലും പഠിച്ചിരിക്കണം.

### 10. ശ്രോതാക്കളോടു ദയ

അദ്ധ്യാപന രംഗത്തെക്കുറിച്ച് അഥവാ അദ്ധ്യേതാക്കളുടെ അവസ്ഥയെക്കുറിച്ച് യേശുവിന് നല്ല ബോധ്യമുണ്ടായിരുന്നു. വിശക്കുന്നവന്റെ വിശപ്പടക്കിയിട്ടു മാത്രമേ അവനെ പഠിപ്പിക്കുവാൻ ഒരുമ്പെട്ടുള്ളൂ. ശ്രോതാക്കൾക്ക് വിശന്നപ്പോൾ നിങ്ങൾ തന്നെ അവർക്ക് ഭക്ഷിക്കാൻ കൊടുക്കണമെന്നും, അവരെ വിശക്കുന്നവരായി വീടുകളിലേക്ക് അയയ്ക്കരുതെന്നും യേശു ശിഷ്യന്മാരോടു കല്പിക്കുന്നു. "യേശു ശിഷ്യന്മാരെ വിളിച്ചുപറഞ്ഞു. ഈ ജനക്കൂട്ടത്തോട് എനിക്ക് അനുകമ്പ തോന്നുന്നു. കാരണം, മൂന്നുദിവസമായി അവർ എന്നോടുകൂടിയാണ്. അവർക്ക് ഭക്ഷിക്കുവാൻ യാതൊന്നുമില്ല. വഴിയിൽ അവർ തളർന്നുവീഴുവാനിടയുള്ളതിനാൽ ആഹാരം നല്കാതെ അവരെ പറഞ്ഞയ്ക്കാൻ എനിക്ക് മനസ്സുവരുന്നില്ല" (മത്താ. 15, 32). തന്നെ ശ്രവിക്കുവാൻ വന്ന ജനക്കൂട്ടത്തിന്റെ കാര്യത്തിൽ എത്രമാത്രം ശ്രദ്ധയും താല്പര്യവുമുണ്ടെന്നാണ് ഈ വാക്കുകൾ വ്യക്തമാക്കുന്നത്.

വിശന്നിരിക്കുന്നവരുടെ ഭാവിയെക്കുറിച്ചും യേശു ആശങ്കാകുലനാണ്. "അവരെ വിശപ്പോടെ വീട്ടിലേക്കു പറഞ്ഞയച്ചാൽ വഴിയിൽ തളർന്നുവീണേക്കും. ചിലർ ദൂരെ നിന്നുവന്നവരാണ്" (മർക്കോ. 8, 3). പഠിതാക്കൾ വീട്ടിൽ എത്തുന്നതുവരെയെങ്കിലുമുള്ള അവരുടെ സുരക്ഷിതത്വം യേശു ഇവിടെ ഉറപ്പുവരുത്തുകയാണ്.

യേശുവിനെ അന്വേഷിച്ചിറങ്ങിയ ജനക്കൂട്ടത്തിന്മേലും യേശുവിന് അനുകമ്പ തോന്നി. "അവൻ കരയ്ക്കിറങ്ങിയപ്പോൾ വലിയ ഒരു ജനക്കൂട്ടത്തെ കണ്ടു. അവരുടെ മേൽ അവന് അനുകമ്പതോന്നി" (മത്താ. 14, 14). അവരുടെ മേൽ അനുകമ്പ തോന്നാനുള്ള കാരണം വി. മർക്കോസ് വിവരിക്കുന്നുണ്ട്.. "കാരണം, അവർ ഇടയനില്ലാത്ത ആട്ടിൻപറ്റംപോലെ ആയിരുന്നു. അവൻ അവരെ പല കാര്യങ്ങളും പഠിപ്പിക്കാൻ തുടങ്ങി" (മർക്കോ 6, 34). ഓരോ വ്യക്തിയുടേയും കാര്യത്തിലുള്ള യേശുവിന്റെ ശ്രദ്ധയും താല്പര്യവുമാണ്,





അവർക്ക് നേതൃത്വം കൊടുക്കാനും അവരെ പഠിപ്പിക്കാനും ആരുമില്ലെന്ന് മനസ്സിലാക്കാനും അവരുടെ മേൽ അനുകമ്പതോന്നാനും ഇടയാക്കിയത്. താൻ അവരുടെ കാര്യത്തിൽ ശ്രദ്ധിക്കുന്നില്ലെങ്കിൽ, ഇടയനില്ലാത്ത ആടുകളെപ്പോലെ അവർ ചിതറിപ്പോകുമെന്ന് യേശുവിന് തീർച്ചയുണ്ടായിരുന്നു.

മറ്റുള്ളവരുടെ ശാരീരികവും മാനസികവുമായ അവസ്ഥയെക്കുറിച്ചും അവരുടെ ആവശ്യങ്ങളെക്കുറിച്ചും യേശു ബോധവാനായിരുന്നു. ശിഷ്യന്മാർക്ക് വളരെ തിരക്കാണെന്നും, അവർക്ക് ആവശ്യത്തിന് വിശ്രമം ലഭിക്കുന്നില്ലെന്നും ഗ്രഹിച്ച യേശു അവരെ വിശ്രമത്തിന് അയയ്ക്കുന്നുണ്ട്. "ഭക്ഷണം കഴിക്കുവാൻപോലും അവർക്ക് ഒഴിവ് കിട്ടിയിരുന്നില്ല. അതിനാൽ അവൻ പറഞ്ഞു. നിങ്ങൾ ഒരു വിജനസ്ഥലത്തേക്കുവരുവിൻ. അല്പം വിശ്രമിക്കാം" (മർക്കോ. 6, 31). തന്റെ ശിഷ്യന്മാരുടേയും അനുയായികളുടേയും ആരോഗ്യസ്ഥിതിയിൽ യേശു എത്ര ശ്രദ്ധാലുവായിരുന്നെന്ന് ഈ പ്രസ്താവന വ്യക്തമാക്കുന്നു.

വിദ്യാർത്ഥികളുടെ ശാരീരികവും മാനസികവും ബൗദ്ധികവുമായ അവസ്ഥ പരിഗണിച്ചുവേണം ഒരദ്ധ്യാപകൻ പഠിപ്പിക്കുന്നതിന്. കുട്ടികൾ ക്ഷീണിതരാണോ, പഠിക്കുവാനുള്ള സാഹചര്യം അവർക്കുണ്ടോ, അതിനുള്ള ശാരീരികവും മാനസികവും ബൗദ്ധികവുമായ അവസ്ഥയിലാണോ അവർ എന്നിവയെല്ലാം അദ്ധ്യാപകൻ ശ്രദ്ധിക്കേണ്ടതാണ്. അവരുടെ തുടർന്നുള്ള പ്രവർത്തനങ്ങളെക്കുറിച്ചും വിദൂര ഭാവിയെക്കുറിച്ചുപോലും, കരുതലുള്ളവനായിരിക്കണം. ക്ലാസ്സുകൾ കഴിഞ്ഞാൽ എന്റെ ജോലി തീർന്നു, വിദ്യാർത്ഥികൾ എങ്ങനെയും ആയിക്കൊള്ളട്ടെ എന്ന ഉദാസീന നിലപാട് ഒരദ്ധ്യാപകന് ഭൂഷണമല്ല. വിദ്യാർത്ഥികളെ പഠിപ്പിച്ചതുകൊണ്ടുമാത്രം ഒരദ്ധ്യാപകന്റെ കടമ നിറവേറപ്പെടുന്നില്ല. ക്ലാസ്സ് തീരുന്നതോടുകൂടി തീരുന്നതല്ല നല്ല ഒരദ്ധ്യാപകന്റെ ദൗത്യം.

www.malankaralibrary.com



3

# ക്രിസ്തുവിന്റെ അദ്ധ്യാപനരീതി

വൈവിധ്യങ്ങളും ആകർഷണീയങ്ങളുമായ അദ്ധ്യാപനരീതികളാണ് യേശു ഉപയോഗിച്ചിരുന്നത്. ഇന്നത്തെ അദ്ധ്യാപകർക്കുപോലും അജ്ഞാതമായ പല അദ്ധ്യാപന രീതികളും (Teaching Methods) വിദ്യകളും അദ്ധ്യാപനത്തിനായി യേശു ഉപയോഗിച്ചിരുന്നു. ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ സ്വീകരിച്ചിരിക്കുന്ന പല ആധുനിക അദ്ധ്യാപന രീതികളും നൂറ്റാണ്ടുകൾക്കുമുമ്പ് യേശു സ്വീകരിച്ചിരുന്നവയാണെന്നുള്ളത് പ്രത്യേകം ശ്രദ്ധേയമാണ്. യേശു പ്രായോഗികമാക്കിയ അദ്ധ്യാപന രീതികളുടെ പ്രത്യേകതയാണ് യേശുവിനെ യഹൂദ റബ്ബിമാരിൽ നിന്ന് വ്യത്യസ്തനാക്കിയതും യേശുവിന്റെ പ്രബോധനങ്ങൾക്ക് ആധികാരികത നൽകിയതും. വളരെ മനഃശാസ്ത്രപരമായ സമീപനമാണ് യേശു അദ്ധ്യാപനത്തിനായി അവലംബിച്ചത്.

## 1. പ്രബോധനം മുന്നറിവിലൂടെ

ഓരോ വിഷയത്തെക്കുറിച്ചും പഠിപ്പിക്കുന്നതിന് മുമ്പ് ആ വിഷയത്തിൽ കേൾവിക്കാർക്ക് എന്ത് പ്രാവീണ്യമുണ്ടെന്ന് അറിഞ്ഞിരിക്കുക പ്രധാനപ്പെട്ട കാര്യമാണ്. അറിയാവുന്ന കാര്യങ്ങൾ വീണ്ടും പഠിപ്പിക്കുന്നതുവഴിയുണ്ടാകാവുന്ന വിരസത ഒഴിവാക്കാനും, ഒരറിവുമില്ലാത്തവിഷയങ്ങൾ നേരിട്ടവത





രിപ്പിക്കുമ്പോഴുണ്ടാകാവുന്ന ബുദ്ധിമുട്ട് ഒഴിവാക്കാനും മുന്നറിവിന്റെ വെളിച്ചത്തിൽ നിന്നുള്ള അദ്ധ്യാപനം സഹായിക്കും.

വിവാഹ മോചനത്തെ സംബന്ധിച്ച പ്രബോധനം നൽകുന്നതിനുമുമ്പ് മോശ അതിനെക്കുറിച്ച് എന്തു പറഞ്ഞിട്ടുണ്ടെന്ന് ഫരിസേയരോട് യേശു ആരായുന്നുണ്ട്. (മർക്കോ. 10, 3). വിവാഹമോചനത്തെക്കുറിച്ച് മോശയുടെ നിയമത്തിന്റെ വെളിച്ചത്തിൽ സംസാരിക്കുന്നതിനാണ് ആ നിയമം അറിയാമോ എന്ന് യേശു ചോദിച്ചത്.

യേശുവിന്റെ മരണത്തെക്കുറിച്ചും ഉയർപ്പിനെക്കുറിച്ചും ശിഷ്യന്മാരുടെ അറിവ് പരിശോധിക്കുന്നതിനാണ് എമ്മാവൂസിലേക്ക് പോയ ശിഷ്യന്മാരോട് അവർ എന്തിനെക്കുറിച്ചാണ് സംസാരിച്ചിരുന്നത് എന്ന് യേശു ചോദിക്കുന്നത്. "അവൻ അവരോടു ചോദിച്ചു. എന്തിനെക്കുറിച്ചാണ് നിങ്ങൾ പരസ്പരം സംസാരിച്ചുകൊണ്ടുനടക്കുന്നത്?" (ലൂ. 24, 17). മനുഷ്യപുത്രന്റെ മരണത്തേയും ഉയർപ്പിനേയുംകുറിച്ചുള്ള അവരുടെ അറിവും വിശ്വാസവും മനസ്സിലാക്കിയിട്ട് അവയ്ക്ക് ആവശ്യമായ വിശദീകരണം നൽകുന്നതിനാണ് യേശു അവരുടെ മുന്നറിവ് പരിശോധിക്കുന്നത്.

സീസറിന് നികുതി കൊടുക്കണമോ എന്ന ഫരിസേയരുടെ ചോദ്യത്തിന് ഉത്തരം നൽകുന്നതിനുമുമ്പായി സീസറിന്റെ നാണയത്തെക്കുറിച്ച് അവർക്കെന്തറിയാം എന്ന് യേശു പരിശോധിക്കുന്നു. "യേശു ചോദിച്ചു." ഈ രൂപവും ലിഖിതവും ആരുടേതാണ്? സീസറിന്റേത് എന്ന് അവർ പറഞ്ഞു" (മത്താ. 22, 20-21).

ഒരറിവിന്റെ വെളിച്ചത്തിലും, ഒരറിവുമായി ബന്ധപ്പെടുത്തിയും വേറൊരറിവ് നൽകുന്നതിനാണ് യേശു ശ്രമിച്ചിരുന്നത്. യേശു അപ്പം വർദ്ധിപ്പിച്ച് ജനങ്ങൾക്ക് കൊടുത്തത് സ്വർഗ്ഗീയ അപ്പവുമായി അവരെ ബന്ധപ്പെടുത്തുന്നതിനും സ്വർഗ്ഗീയ അപ്പത്തെക്കുറിച്ച് അവരെ പഠിപ്പിക്കുന്നതിനുമാണ് (യോഹ. 6).

പുതിയ അറിവ് പകർന്നുകൊടുക്കുന്നതിനുമുമ്പായി അതുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ വിദ്യാർത്ഥികൾക്ക് എത്രമാത്രം അറിവുണ്ടെന്ന് അദ്ധ്യാപകൻ അറിഞ്ഞിരിക്കേണ്ടതാണ്. അവർക്കുള്ള അറിവിന്റെ അടിസ്ഥാനത്തിലും അതുമായി ബന്ധപ്പെടുത്തിയും അതിന് തുടർച്ചയായുമായിരിക്കണം പുതിയ അറിവ്

www.malankaralibrary.com



നൽകുന്നത്. എങ്കിൽ മാത്രമേ പുതിയ അറിവ് ഉൾക്കൊള്ളാനും അത് നില നിർത്താനും സാധിക്കൂ. എല്ലാ അറിവുകളും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ആയതിനാൽ, പഠിപ്പിക്കുന്നതിനുമുമ്പായി പഠിപ്പിക്കാൻ പോകുന്ന വിഷയത്തി ലുള്ള വിദ്യാർത്ഥിയുടെ അറിവ് പരിശോധിക്കേണ്ടതാവശ്യമാണ്. എങ്കിൽ മാത്രമേ ആ അറിവുമായി ബന്ധപ്പെടുത്തി പുതിയ അറിവ് നൽകുന്നതിന് സാധി ക്കൂ. അറിയാവുന്ന കാര്യങ്ങൾ വീണ്ടും പഠിപ്പിക്കുകയെന്ന പാഴ്‌വേല ഒഴി വാക്കാനും അത് സഹായിക്കും.

## 2. പ്രബോധനം പ്രവൃത്തിയിലൂടെ

ജീവിതമാണ് അദ്ധ്യാപനമെന്ന് തെളിയിച്ചുകൊണ്ടാണ് യേശുക്രിസ്തു വിശ്വഗുരുവായത്. വാക്കുകളിലൂടെയല്ല, പ്രവർത്തനത്തിലൂടെയാണ് യേശു പലകാര്യങ്ങളും പഠിപ്പിച്ചത്. പ്രവൃത്തികൾ വാക്കുകളായി മാറുകയായിരുന്നു. യേശു എന്ന വ്യക്തിതന്നെ വചനം മാംസം ധരിച്ചതാണ്. യേശുവിന്റെ ജഡം തന്നേയും വചനമായിരുന്നു. യേശുക്രിസ്തുവിന്റെ മനുഷ്യാസ്ഥിത്വത്തിന്റെ രൂപീകരണത്തിൽ തന്നെ വചനവും ശരീരവും സംയോജിക്കപ്പെടുകയാണ്. വചനത്തിൽ നിന്ന് ശരീരം ഉടലെടുക്കുന്നു. "വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു" (യോഹ. 1, 14). വാക്കുകളു(വചനം)ടേയും പ്രവൃത്തിയു ടേയും അഭേദ്യതയാണ് ഇവിടെ കാണുന്നത്. ശരീരം വചനത്തിന്റെ ദൃശ്യരൂ പമാണ്. ശരീരം വചനത്തെയാണ് വെളിപ്പെടുത്തുന്നത്.

യേശുവിന്റെ ജീവിതത്തിലും വാക്കുകൾ ജഡം ധരിക്കുകയായിരുന്നു. യേശുവിന്റെ പ്രവർത്തനത്തിലൂടെയാണ് യേശുവിനെ നാം മനസ്സിലാക്കുന്ന ത്. യേശു പഠിപ്പിച്ചതും പ്രവൃത്തിയിലൂടെയാണ്. യേശുതന്നെ അത് വ്യക്തമാ ക്കുന്നുണ്ട്... "ഞാൻ ചെയ്യുന്ന പ്രവൃത്തികൾ എന്നെപ്പറ്റി സാക്ഷ്യം നൽകുന്നു" (യോഹ. 10, 25). യേശുക്രിസ്തുവിന്റെ പ്രവർത്തനങ്ങളായിരുന്നു യേശുവി നെക്കുറിച്ചുള്ള ഏറ്റവും വലിയ സാക്ഷ്യം. "പെസഹാത്തിരുന്നാളിന് അവൻ ജറുസലേമിലായിരിക്കുമ്പോൾ പ്രവർത്തിച്ച അടയാളങ്ങൾ കണ്ട് വളരെപ്പേർ അവന്റെ നാമത്തിൽ വിശ്വസിച്ചു." (യോഹ. 2, 23).

യേശുവിന്റെ ആദ്യ അത്ഭുതമായ കാനായിലെ വെള്ളം വീഞ്ഞാക്കൽ, തന്റെ മഹത്വം പ്രകടിപ്പിക്കുന്നതിനുവേണ്ടി ചെയ്തതാണെന്ന് ബൈബിൾ തന്നെ സാക്ഷ്യം നൽകുന്നു. യേശു തന്റെ മഹത്വം പറഞ്ഞു പഠിപ്പിക്കുകയ





ല്ല, കാണിച്ചുകൊടുക്കുകയാണ്; തന്റെ മഹാത്മ്യം സ്വയം വർണ്ണിക്കുകയല്ല, പ്രവൃത്തിയിലൂടെ വെളിവാക്കികൊടുക്കുകയാണ്. പാപങ്ങൾ മോചിക്കാൻ തനി ക്കധികാരമുണ്ടെന്ന് പറഞ്ഞുകൊടുക്കുകയല്ല, തളർവാത രോഗിയുടെ പാപ ങ്ങളും അതുവഴി രോഗങ്ങളും മാറ്റി അത് വ്യക്തമാക്കി കൊടുക്കുകയാണ്. "ഭൂമിയിൽ പാപങ്ങൾ ക്ഷമിക്കുവാൻ മനുഷ്യപുത്രന് അധികാരമുണ്ടെന്ന് നിങ്ങൾ അറിയേണ്ടതിനാണിത്" (മത്താ. 9, 6).

അതുപോലെ,മാമോദീസായുടെ ആവശ്യം യേശു പറഞ്ഞ് മനസ്സിലാക്കു കയല്ല, സ്വയം മാമോദീസ സ്വീകരിച്ച് ബോദ്ധ്യപ്പെടുത്തുകയാണ് (മത്താ. 3, 13-17). തനിക്ക് രോഗങ്ങൾ സുഖമാക്കാനും മരിച്ചവരെ ഉയർപ്പിക്കാനും കഴി യുമെന്ന് അവ ചെയ്ത് കാണിച്ചുകൊടുക്കുകയാണ്. പ്രാർത്ഥനയുടെ ആവ ശ്യവും പ്രസക്തിയും പ്രാർത്ഥിച്ച് വെളിപ്പെടുത്തികൊടുക്കുന്നു. പാപികളോ ടുള്ള മനോഭാവം എന്തായിരിക്കണമെന്ന് വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയോട് പ്രകടിപ്പിച്ച മനോഭാവംവഴി പഠിപ്പിക്കുന്നു (യോഹ. 8, 1-11). ശിഷ്യ ന്മാരുടെ പാദങ്ങൾ കഴുകി മറ്റുള്ളവരെ ശുശ്രൂഷിക്കേണ്ടതെങ്ങനെയെന്ന് പ്രബോധിപ്പിക്കുന്നു(യോഹ. 13, 4-17). സ്നേഹിതനുവേണ്ടി ജീവൻ ബലിയർപ്പി ക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ലെന്ന് തന്റെ ജീവൻ ബലിയർപ്പിച്ച് യേശു പഠിപ്പിക്കുന്നു. അങ്ങനെ, യേശു തന്റെ ജീവിതത്തിലൂടെയാണ് പഠിപ്പിച്ചത്. പഠിപ്പിക്കുന്നതിനു പകരം പ്രവർത്തിക്കുയായിരുന്നെന്ന് പറയുന്നതിനേക്കാൾ, തന്റെ അനുദിന ജീവിതത്തിലെ ചില കർമ്മങ്ങളിലൂടെ പഠിപ്പിക്കുകയായിരു ന്നെന്ന് പറയുന്നതാണ് ഉത്തമം.

ഗോഗുൽത്തായിലെ മരക്കുരിശിലൂടെയായിരുന്നു യേശുതന്റെ ഏറ്റവും വലിയ പ്രബോധനം നൽകിയത്. ഏറ്റവും ഹൃദയസ്പർശിയും ഒരിക്കലും ഓർമ്മയിൽ നിന്ന് മാഞ്ഞുപോകാത്തതുമായിരുന്നു ആ പഠിപ്പിക്കൽ. കാര ണം, അവിടെ യേശു വാക്കുകളിലൂടെയല്ല, പ്രവർത്തിയിലൂടെയാണ് പഠിപ്പി ച്ചത്. യേശുവിന്റെ മൂന്നുവർഷത്തെ പഠിപ്പിക്കലിലൂടെ ലഭിക്കാതിരുന്നത്, ഗോഗുൽത്തായിലെ മൂന്നുമണിക്കൂർ നേരത്തെ പ്രവർത്തികൊണ്ട് കരഗതമാ യി. ആ മൂന്നു മണിക്കൂർ നേരത്തെ പ്രവർത്തികൊണ്ട് അനേകവർഷങ്ങളിലെ പ്രസംഗത്തേക്കാൾ ശക്തിയും ഫലവുമുണ്ടായി.

അദ്ധ്യാപകനെ കേട്ടല്ല, കണ്ടാണ് കുട്ടികൾ പഠിക്കുന്നത്. അദ്ധ്യാപകന്റെ വാക്കുകളല്ല, പ്രവൃത്തിയാണ് അദ്ധ്യാപനമായി മാറുന്നത്. അദ്ധ്യാപകന്റെ ജീവി

www.malankaralibrary.com



തമാണ് വിദ്യാർത്ഥികൾ പഠിക്കുന്നതും, പാഠമാക്കുന്നതും, അനുകരിക്കുന്നതും. അനേകം പ്രസംഗങ്ങൾക്ക് നേടിത്തരാൻ സാധിക്കാത്തത് ഒരു ചെറിയ പ്രവൃത്തിക്ക് നേടിത്തരാൻ കഴിയും. അതിനാൽ, തന്റെ ജീവിതത്തിലൂടെയാണ് അദ്ധ്യാപകൻ പഠിപ്പിക്കേണ്ടത്. ഇന്ന് അദ്ധ്യാപകരോടുള്ള ആദരവു കുറയുന്നതിന് കാരണം അവരുടെ ആചരണവും പ്രബോധനവും തമ്മിലുള്ള വലുതായ അന്തരമാണ്.

### 3. പ്രബോധനത്തോടൊപ്പം പ്രവർത്തനവും

പ്രവർത്തനത്തിലൂടെ പഠിപ്പിച്ച യേശു, ചിലയവസരങ്ങളിൽ പ്രവർത്തനത്തോടൊപ്പം പഠിപ്പിക്കലും നടത്തിയിരുന്നു. പ്രബോധനം ആയാസരഹിതവും, ഗ്രഹണം സുഗമവുമാകുന്നതിനാണ് പ്രബോധനത്തോടൊപ്പം പ്രവർത്തനവും നടത്തിയിരുന്നത്. പ്രവർത്തനങ്ങൾ പഠിപ്പിക്കുന്ന കാര്യങ്ങളുടെ പ്രായോഗികതയ്ക്ക് സാക്ഷ്യംകൂടിയായിരുന്നു. പ്രബോധനത്തെ സഹായിക്കുന്ന പ്രവർത്തനങ്ങളാണ് നടത്തിയിരുന്നത്.

അപ്പം വർദ്ധിപ്പിച്ചുകൊടുത്തിട്ട് സ്വർഗ്ഗീയമായ അപ്പത്തെക്കുറിച്ച് പഠിപ്പിക്കുന്നു (യോഹ. 6, 5-58). സ്വർഗ്ഗീയ അപ്പത്തെക്കുറിച്ച് പഠിപ്പിക്കുന്നതിനുവേണ്ടികൂടിയാണ് അപ്പം വർദ്ധിപ്പിച്ചത്. ശിഷ്യന്മാരുടെ പാദങ്ങൾ കഴുകിയിട്ട് സ്വസ്ഥാനത്തിരുന്ന് ശുശ്രൂഷയെക്കുറിച്ച് പഠിപ്പിക്കുന്നു. "അവൻ അവരുടെ പാദങ്ങൾ കഴുകിയതിനുശേഷം മേലങ്കിധരിച്ച്, സ്വസ്ഥാനത്തിരുന്ന് അവരോടു പറഞ്ഞു" (യോ. 13, 12). ശുശ്രൂഷയെക്കുറിച്ചുള്ള പ്രബോധനം സുഗമമാക്കിത്തീർത്തത് പാദങ്ങൾ കഴുകിയ പ്രവർത്തനമാണ്. ശുശ്രൂഷ എന്താണെന്നും എങ്ങനെയാണെന്നും നേരിൽ കണ്ടറിഞ്ഞതുകൊണ്ട് അതിനെക്കുറിച്ചുള്ള പ്രബോധനം വേഗത്തിൽ ഗ്രഹിക്കുന്നതിന് സാധിച്ചു.

യേശു പുനഃരുത്ഥാനവും ജീവനുമാണെന്ന് പഠിപ്പിച്ചിട്ട്, മരിച്ചുപോയ ലാസറിന് ജീവൻകൊടുക്കുന്നു (യോഹ. 11, 17-27; 38-44). അന്ധനെ സുഖപ്പെടുത്തിയിട്ട് ആത്മീയ അന്ധതയെക്കുറിച്ച് പഠിപ്പിക്കുന്നു (യോഹ. 9, 1-41). സമരിയാക്കാരിയോട് കുടിക്കുവാൻ വെള്ളം ചോദിച്ചിട്ട് ജീവജലത്തെക്കുറിച്ചു പഠിപ്പിക്കുന്നു (യോഹ. 4, 1-15). പാപിനിയായ സ്ത്രീക്ക് പാപമോചനം നൽകിയിട്ട് ഇനിയും പാപം ചെയ്യരുതെന്ന് കല്പിക്കുന്നു. "യേശു പറഞ്ഞു ഞാനും നിന്നെ വിധിക്കുന്നില്ല; പൊയ്ക്കൊള്ളുക. ഇനിമേൽ പാപം ചെയ്യരുത്" (യോഹ. 8, 3-11).





പാപം മോചിക്കാനും രോഗങ്ങൾ സുഖപ്പെടുത്താനും തനിക്ക് ശക്തിയുണ്ടെന്ന് പഠിപ്പിക്കുന്നതിനോടൊപ്പം അതിനു തെളിവായി തളർവാതരോഗിയുടെ രോഗവും പാപവും മോചിക്കുന്നു. "ഭൂമിയിൽ പാപങ്ങൾ ക്ഷമിക്കുവാൻ മനുഷ്യപുത്രന് അധികാരമുണ്ടെന്ന് നിങ്ങൾ അറിയേണ്ടതിനാണിത്. അനന്തരം, അവൻ തളർവാതരോഗിയോടു പറഞ്ഞു. എഴുന്നേറ്റ് നിന്റെ കട്ടിലുമെടുത്ത് വീട്ടിലേക്കു പോകുക. അയാൾ എഴുന്നേറ്റു വീട്ടിലേക്ക് പോയി" (മത്താ. 9, 1-8). സഹോദരനുവേണ്ടി സ്വന്തം ജീവൻ ബലിയർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ലെന്ന് പഠിപ്പിക്കുകയും അത് പ്രയോഗത്തിൽ വരുത്തുകയും ചെയ്തു.

അങ്ങനെ, പ്രസംഗവും, പ്രവർത്തനവും യേശുക്രിസ്തു ഒരുമിച്ചുകൊണ്ടുപോവുകയാണ്. പഠിപ്പിക്കുന്നതിനനുസരിച്ച് പ്രവർത്തിക്കുകയും പ്രവൃത്തിയ്ക്കനുസരിച്ച് പഠിപ്പിക്കുകയും ചെയ്യുന്ന ഒരു ശൈലിയാണിവിടെ കാണുന്നത്. പഠിപ്പിക്കുന്നത് പ്രവർത്തിച്ചുകാണിച്ചുകൊടുക്കുകയും, പ്രവർത്തിച്ച് കാണിച്ചുകൊടുത്ത ശേഷം പഠിപ്പിക്കുകയും ചെയ്യുന്ന രീതിയാണ് ഏറെ സംഗതമായിട്ടുള്ളത്. പ്രവർത്തനത്തിന്റെ പിൻബലം പഠിപ്പിക്കലും, പഠിപ്പിക്കലിന്റെ ശക്തി പ്രവർത്തനവുമായിരിക്കണം.

### 4. സാഹചര്യവും അദ്ധ്യാപനരീതികളും

സാഹചര്യത്തിനും, കേൾവിക്കാരുടെ മാനസികവും ബൗദ്ധികവുമായ നിലവാരത്തിനുമനുസരിച്ചുള്ള അദ്ധ്യാപനരീതികളാണ് യേശു ഉപയോഗിച്ചിരുന്നത്. ഉപമകളില്ലാതെ പഠിപ്പിക്കുവാനാവുന്നിടത്ത് ഉപമകളില്ലാതെയും, ഉപമകളാവശ്യമുള്ളിടത്ത് ഉപമകളിലൂടെയുമാണ് യേശു പഠിപ്പിച്ചത്. "ഉപമകളിലാണ് ഇതെല്ലാം ഞാൻ നിങ്ങളോട് പറഞ്ഞത്. ഉപമകളില്ലാതെ ഞാൻ നിങ്ങളോട് സംസാരിക്കുന്ന സമയം വരുന്നു. അപ്പോൾ പിതാവിനെപ്പറ്റി സ്പഷ്ടമായി ഞാൻ നിങ്ങളെ അറിയിക്കും" (യോഹ. 16, 25).

ചില അവസരങ്ങളിൽ ഉപമകളൊന്നുംകൂടാതെ തന്നെ വളരെ വ്യക്തമായി യേശു പഠിപ്പിക്കുന്നുണ്ട്. "അവന്റെ ശിഷ്യന്മാർ പറഞ്ഞു. ഇപ്പോൾ ഇതാ, നീ, സ്പഷ്ടമായി സംസാരിക്കുന്നു. ഉപമയൊന്നും പറയുന്നുമില്ല... ആരും നിന്നോട് ചോദിക്കേണ്ട ആവശ്യവുമില്ല" (യോഹ. 16, 29). ഉപമകളുടെ സഹായമില്ലാതെ വളരെ വ്യക്തമായി പഠിപ്പിക്കാനും യേശുവിന് സാധിച്ചു.

www.malankaralibrary.com



ആരോട് ഏതുരീതിയിൽ പഠിപ്പിക്കണമെന്ന് യേശുവിന് നിശ്ചയമുണ്ടായിരുന്നു. "നിങ്ങൾക്ക് ദൈവരാജ്യത്തിന്റെ രഹസ്യങ്ങൾ അറിയുവാൻ വരം ലഭിച്ചിരിക്കുന്നു. മറ്റുള്ളവർക്കാകട്ടെ അത് ഉപമകളിലൂടെ നൽകപ്പെടുന്നു" (ലൂ. 8, 10). അതുകൊണ്ടാണ് ഓരോരുത്തരുടേയും ഗ്രഹണശക്തിയ്ക്കനുസരിച്ചുള്ള അദ്ധ്യാപനരീതികൾ യേശു അവലംബിച്ചത്. ഉപമകളിലൂടെ ജനങ്ങളോടു സംസാരിച്ച യേശു ശിഷ്യന്മാർക്ക് എല്ലാം രഹസ്യമായി വിശദീകരിച്ചുകൊടുത്തിരുന്നു. "ഉപമകൾ കൂടാതെ അവൻ ജനത്തോട് സംസാരിച്ചിരുന്നില്ല. എന്നാൽ, ശിഷ്യന്മാർക്ക് എല്ലാം രഹസ്യമായി വിശദീകരിച്ചുകൊടുത്തിരുന്നു" (മർക്കോ. 4, 34).

അദ്ധ്യാപനത്തിനുവേണ്ടി ഏതെല്ലാം രീതികൾ ഉപയോഗിക്കാമെന്ന് അറിഞ്ഞിരിക്കുകയും, ആവശ്യാനുസരണം ആ രീതികൾ അവലംബിക്കുകയും ചെയ്യുക അദ്ധ്യാപകന്റെ പരമപ്രധാനമായ കർത്തവ്യമാണ്.

### 8. ഉപമകളും ദൃഷ്ടാന്തങ്ങളും അദ്ധ്യാപനത്തിൽ

യേശുക്രിസ്തുവിനെ ശ്രേഷ്ടനായ ഒരു പ്രബോധകനാക്കിതീർത്തത് പ്രബോധനത്തിൽ അദ്ദേഹം ഉപയോഗിച്ച ഉപമകളും ദൃഷ്ടാന്തങ്ങളുമാണ്. യേശു ഉപമകളിലൂടെ സംസാരിക്കുന്നവനാണെന്ന് യേശുവിന്റെ ജനനത്തിന് നൂറ്റാണ്ടുകൾക്ക് മുമ്പുതന്നെ പ്രവാചക ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിരുന്നു. "ഞാൻ ഉപമകളിൽ എന്റെ വായ് തുറക്കും. ലോകസ്ഥാപനംമുതൽ നിഗൂഢമായിരുന്നവയൊക്കെ ഞാൻ പ്രസ്ഥാവിക്കും" (മത്താ. 13,35, സങ്കീ. 78.2).

ഉപമകളിലൂടെയാണ് യേശു പ്രധാനമായും പഠിപ്പിച്ചിരുന്നത്. "യേശു ഈ ഉപമകൾ അവസാനിപ്പിച്ചശേഷം അവിടെനിന്ന് പുറപ്പെട്ടു സ്വദേശത്ത് വന്നു" (മത്താ. 13, 53). സാധാരണക്കാരായ ജനങ്ങളോട് യേശു പലപ്പോഴും ഉപമകളിലൂടെയാണ് സംസാരിച്ചിരുന്നത്. "ഇതെല്ലാം യേശു ഉപമകൾ വഴിയാണ് ജനക്കൂട്ടത്തോട് അരുളിച്ചെയ്തത്. ഉപമകളിലൂടെയല്ലാതെ അവൻ ഒന്നും അവരോടുപറഞ്ഞിരുന്നില്ല"(മത്താ. 13, 34). ജനക്കൂട്ടത്തോട് യേശു ഉപമകളിലൂടെയാണ് സംസാരിച്ചിരുന്നതെന്ന് വി. മർക്കോസും സാക്ഷ്യപ്പെടുത്തുന്നുണ്ട്. "അവർക്കു മനസ്സിലാകത്തക്കവിധമുള്ള അനേകം ഉപമകളിലൂടെ അവൻ വചനം പ്രസംഗിച്ചു. ഉപമകൾകൂടാതെ അവൻ അവരോടു സംസാരിച്ചിരുന്നില്ല" (മർക്കോസ് 4, 33-34). യേശു ജനങ്ങളെ പഠിപ്പിച്ചത് ഉപമകളിലൂടെയാണെന്ന്





വി. മർക്കോസ് ആവർത്തിച്ചു രേഖപ്പെടുത്തുന്നുണ്ട്. "അവൻ ഉപമകളിലൂടെ പലകാര്യങ്ങൾ അവരെ പഠിപ്പിച്ചു" (മർക്കോ. 4,2).

യേശു ഉപയോഗിച്ച ഉപമകളെല്ലാംതന്നെ യേശുവിന്റെ പ്രബോധനത്തെ വളരെയധികം സഹായിച്ചു. അഗ്രാഹ്യവും രഹസ്യാത്മകവുമായ ദൈവീക സത്യങ്ങൾപോലും വളരെ നിഷ്പ്രയാസം യേശുവിന് പഠിപ്പിക്കാൻ സാധിച്ചത് ഉപമകളിലൂടെയാണ്. ലോകഭാഷയ്ക്കും സംസ്കാരത്തിനും യേശു നൽകിയ ഏറ്റവും വലിയ സംഭാവന ഉപമകളാണ്. എല്ലാ സാഹിത്യത്തിലും യേശുവിന്റെ ഉപമകളും അതിന്റെ സ്വാധീനവും ദൃശ്യമാണ്. യേശു ഉപയോഗിച്ച ഉപമകളെല്ലാം ചുരുങ്ങിയ കാലയളവിനുള്ളിൽതന്നെ ലോകപ്രസിദ്ധങ്ങളായി. വിശ്വ പ്രസിദ്ധമായ എത്രയോ ഉപമകളാണ് യേശുവിൽ നിന്ന് ലോകത്തിന് ലഭിച്ചത്!. ലളിതവും സരളവുമായ ഈ ഉപമകളിലൂടെ എത്രയോ വലിയ നിഗൂഢ സത്യങ്ങളാണ് യേശു വെളിപ്പെടുത്തിയത്!.

ദൈനംദിന ജീവിതത്തിൽ കാണപ്പെടുന്ന ഉപ്പ്, പുളിമാവ്, കടുകുമണി, കളകൾ, വല, നിധി, രത്നങ്ങൾ (മത്താ. 13) എന്നിവ ദൈവരാജ്യത്തെക്കുറിച്ച് പഠിപ്പിക്കുവാനായി യേശു ഉപയോഗിച്ചു. വിതക്കാരന്റെ ഉപമ (മർക്കോ. 4, 1-9), രണ്ടുപുത്രന്മാരുടെ ഉപമ (മത്താ. 21, 28-32), മുന്തിരിത്തോട്ടത്തിലെ കൃഷിക്കാരുടെ ഉപമ (മത്താ 21, 33-34), മഹാവിരുന്നിന്റെ ഉപമ (ലൂ. 14, 15-24), പത്തുകന്യകകളുടെ ഉപമ (മത്താ. 25, 1-13), നിർദ്ദയനായ ഭൃത്യന്റെ ഉപമ (മത്താ. 18, 21-25) എന്നിവയും ദുർഗ്രാഹ്യമായ ദൈവരാജ്യരഹസ്യം വെളിപ്പെടുത്തുവാനായി യേശു പ്രയോജനപ്പെടുത്തി. നല്ല ഇടയന്റെ ഉപമ (യോഹ. 10, 1-21), കാണാതായ ആടിന്റെ ഉപമ (ലൂ. 15, 1-7) കാണാതായ നാണയത്തിന്റെ ഉപമ (ലൂ. 15, 8-10), ധൂർത്തപുത്രന്റെ ഉപമ (ലൂ. 15, 11-32) എന്നിവ ദൈവസ്നേഹം കാണിക്കുവാനും, നല്ല സമറിയാക്കാരന്റെ ഉപമ (ലൂ. 10, 25-37), ധനവാന്റേയും ലാസറിന്റേയും ഉപമ (ലൂ. 16, 19-31) എന്നിവ മനുഷ്യസ്നേഹം കാണിക്കുവാനായി യേശു ഉപയോഗിച്ചു.

യേശുവിന്റെ പഠിപ്പിക്കൽ സുഗ്രാഹ്യവും വശ്യവുമാക്കിത്തീർത്തത് ഇപ്രകാരമുള്ള ഉപമകളാണ്. യേശു അവതരിപ്പിച്ച ഉപമകളെല്ലാം തന്നെ വളരെ ലളിതവും ആശയസംപുഷ്ടവും കൃത്യവുമായിരുന്നു. സാദൃശ്യങ്ങളും ദൃഷ്ടാന്തങ്ങളുമൊക്കെ ഏത് അഗ്രാഹ്യമായ ആശയങ്ങളും സുഗ്രാഹ്യമാക്കിതീർക്കു

www.malankaralibrary.com



ന്നതിന് സഹായിച്ചു. ഉപമകളാണ് യേശുവിന്റെ പ്രബോധനത്തെ സരളമാക്കി തീർത്തത്. ഉപമയുടെ പൊരുൾ സാധാരണക്കാരനുപോലും പൂർണ്ണമായി വ്യക്തമായിരുന്നു.

ക്ലാസ്സുകൾ സജീവമാക്കുന്നതിനും, ആശയങ്ങൾ വ്യക്തമാക്കുന്നതിനും ഉദാഹരണങ്ങളും ഉപമകളും ദൃഷ്ടാന്തങ്ങളുമൊക്കെ വളരെ സഹായിക്കും. അതിനാൽ അനുയോജ്യമായ ഉപമകളും ദൃഷ്ടാന്തങ്ങളുമൊക്കെ അവസരോചിതമായി അദ്ധ്യാപകൻ ഉപയോഗിക്കേണ്ടതാണ്.

### 6. ചോദ്യങ്ങൾക്ക് മറുപടിയായുള്ള പഠിപ്പിക്കൽ

ജനങ്ങളുടെ സംശയങ്ങൾക്ക് പ്രത്യുത്തരമായിട്ടാണ് യേശു പലകാര്യങ്ങളും പഠിപ്പിച്ചത്. ജനങ്ങളുടെ സംശയങ്ങളെല്ലാം ദൂരീകരിക്കാൻ യേശു തയ്യാറായിരുന്നു. ജനങ്ങൾ ചോദിച്ച ഒരു ചോദ്യത്തിനുപോലും യേശു മറുപടി പറയാതെ പോയിട്ടില്ല. ഞങ്ങൾ എവിടെയാണ് ആരാധിക്കേണ്ടതെന്നു ചോദിച്ച സമരിയാക്കാരി സ്ത്രീക്ക്, എന്താണ് ആരാധനയെന്നും എങ്ങനെയാണ് ആരാധിക്കേണ്ടതെന്നും യേശു വളരെ വ്യക്തമായി പറഞ്ഞുകൊടുക്കുന്നു (യോഹ. 4, 20-24). നിത്യജീവൻ അവകാശമാക്കുവാൻ എന്തുചെയ്യണമെന്നു ചോദിച്ച യുവാവിനേയും അതിനുള്ള മാർഗ്ഗങ്ങൾ യേശുക്രിസ്തു പഠിപ്പിക്കുന്നു. (മാർക്കോ. 10, 17-22).

ആരാണ് എന്റെ അയൽക്കാരൻ എന്ന് ഒരു നിയമജ്ഞൻ ചോദിച്ചപ്പോൾ അതിന് പ്രത്യുത്തരമായിട്ടാണ് നല്ല സമരിയാക്കാരൻെറ ഉപമ യേശു പറയുന്നത് (ലൂ. 10, 25-37). അതുപോലെ, സ്വർഗ്ഗരാജ്യത്തിലെ വലിയവൻ ആരെന്ന ചോദ്യം ഉയർന്നപ്പോഴാണ് യേശു ഒരു ശിശുവിനെ എടുത്ത് അവരുടെ മുമ്പിൽ നിർത്തി അവരെ പഠിപ്പിച്ചത് (മത്താ. 18, 1-5). വീണ്ടുംജനിക്കാൻ എങ്ങനെ സാധിക്കുമെന്ന നിക്കൊദെമോസിന്റെ ചോദ്യത്തിനു വ്യക്തമായ മറുപടി യേശു നൽകുന്നുണ്ട് (യോഹ. 3, 1-7). ജന്മനാ ഒരുവൻ അന്ധനായി ജനിച്ചതിന്റെ കാരണം ആരാഞ്ഞ ശിഷ്യന്മാരോട് അതിനുള്ള കാരണങ്ങൾ പറയുന്നു (യോഹ. 9, 1-5). ദൈവരാജ്യം എപ്പോഴാണ് വരുന്നതെന്ന ഫരിസേയരുടെ ചോദ്യത്തിനും യേശു കൃത്യമായ ഉത്തരം നൽകുന്നുണ്ട് (ലൂ. 17, 20-37)

സീസറിന് നികുതി കൊടുക്കുന്നത് നിയമാനുസൃതമാണോ, അല്ലയോ, എന്ന് ഫരിസേയരുടെ അനുയായികളും ഹേറോദേസ് പക്ഷക്കാരും ചേർന്ന് യേശു





വിനെ വാക്കിൽ കുടുക്കുവാനായി ചോദിച്ചപ്പോഴാണ്, നാണയവും അതിലെ രൂപവും ലിഖിതവും സാക്ഷിയാക്കി സീസറിനുള്ളത് സീസറിനും ദൈവത്തിനുള്ളത് ദൈവത്തിനും കൊടുക്കുക എന്ന് യേശു പഠിപ്പിച്ചത് (മത്താ.22, 17-21). സാബത്തിൽ രോഗശാന്തി നൽകുന്നത് അനുവദനീയമാണോ എന്ന ചോദ്യത്തിന് സാബത്തിൽ നന്മ ചെയ്യുന്നത് അനുവദനീയമാണ് എന്ന ലളിതവും വ്യക്തവുമായ പാഠം യേശു പഠിപ്പിച്ചു (മത്താ. 12, 11-13).

അങ്ങനെ മറ്റുള്ളവരുടെ സംശയങ്ങൾ യേശു സന്തോഷപൂർവ്വം സ്വാഗതം ചെയ്യുകയും, അവയ്ക്ക് വ്യക്തമായ മറുപടി നൽകുകയും ചെയ്തു. ചോദ്യങ്ങളും സംശയങ്ങളും ചോദിക്കാനുള്ള സാഹചര്യം സൃഷ്ടിക്കുകയും, ജനങ്ങളെ അവയ്ക്ക് പ്രേരിപ്പിക്കുകയും, അങ്ങനെ ചോദിക്കുന്ന ചോദ്യങ്ങൾക്കുത്തരങ്ങളായി അവരെ പഠിപ്പിക്കുകയും ചെയ്യുകയെന്നതായിരുന്നു യേശുവിന്റെ അദ്ധ്യാപന രീതികളിൽ ഒന്ന്.

സംശയങ്ങളും തെറ്റിദ്ധാരണകളുമെല്ലാം തീർത്തുവേണം പഠിപ്പിക്കൽ മുന്നോട്ടുകൊണ്ടുപോകുവാനെന്ന് യേശുവിന് നിർബന്ധമുണ്ടായിരുന്നു. ജനങ്ങളുടെ സംശയങ്ങൾ തീർക്കാതെ നൂറുനൂറു കാര്യങ്ങൾ പറഞ്ഞുപോവുകയെന്നതായിരുന്നില്ല യേശുവിന്റെ അദ്ധ്യാപനശൈലി. പുതിയ കാര്യങ്ങൾ പഠിപ്പിക്കുന്നതിനേക്കാളും പഠിപ്പിച്ച ഭാഗത്തെ സംശയങ്ങൾ തീർത്ത് കാര്യങ്ങൾ വ്യക്തമാക്കി മുന്നോട്ടുപോകുവാനായിരുന്നു യേശു ശ്രമിച്ചിരുന്നത്.

ചോദ്യോത്തരരീതിയിൽ പഠിപ്പിക്കുകയെന്നത് തത്വചിന്തകനായ സോക്രട്ടീസിന്റെ അദ്ധ്യാപനരീതിയായിരുന്നു. യേശുക്രിസ്തുവിന്റെ കാലത്ത് പ്രബലമായിരുന്ന ഈ രീതി ഒരുപക്ഷേ പിന്തുടരുകയായിരിക്കാം യേശു ചെയ്തത്. വിദ്യാർത്ഥികൾക്ക് ഏതു ചോദ്യവും ചോദിക്കുവാൻ അവസരം നൽകിയിട്ട് അപ്പോഴുണ്ടാകുന്ന ചോദ്യങ്ങൾക്ക് മറുപടിയായി പഠിപ്പിക്കുകയെന്ന രീതി അവരെ കൂടുതൽ ഉത്സുകരും ക്രിയാത്മകരുമാക്കാൻ സഹായിക്കുന്നതാണ്.

### 7. ഹൃദയ വിചാരങ്ങളറിഞ്ഞുള്ള പഠിപ്പിക്കൽ

കേൾവിക്കാരുടെ അന്തർഗതം മനസ്സിലാക്കി അതിനനുസരിച്ച് പഠിപ്പിക്കുക യേശുവിന്റെ ഒരു ശൈലിയായിരുന്നു. ജനങ്ങളുടെ ഹൃദയവിചാരങ്ങളും വ്യാപാരങ്ങളുമറിഞ്ഞ് പഠിപ്പിക്കുക പ്രധാനപ്പെട്ട കാര്യമാണ്. അവരുടെ മനസ്സ് എങ്ങനെ വ്യാപരിക്കുന്നെന്നും അവർ എങ്ങനെ പ്രതികരിക്കുന്നെന്നും മനസ്സിലാക്കിയാണ് യേശു പഠിപ്പിച്ചത്.

www.malankaralibrary.com



യേശു അനേകരുടെ ഹൃദയവിചാരങ്ങൾ വെളിപ്പെടുത്തുന്നവനാണെന്ന്, ശിശുവായ യേശുവിനെ കൈകളിലെടുത്തുകൊണ്ട് അവിടുത്ത ജനനസമയത്തുതന്നെ പ്രവാചകനായ ശിമയോൻ അരുൾചെയ്തിട്ടുണ്ട്. "അങ്ങനെ അനേകരുടെ ഹൃദയവിചാരങ്ങൾ വെളിപ്പെടും" (ലൂ. 2, 35). ശിമയോൻ അന്ന് പ്രവചിച്ചത് വാസ്തവമായിരുന്നെന്ന് വർഷങ്ങൾക്കുശേഷം മനുഷ്യന്റെ മനസ്സിലിരിപ്പ് മനസ്സിലാക്കി യേശു പഠിപ്പിച്ചപ്പോൾ എല്ലാവർക്കും ബോധ്യമായി.

"എന്നാൽ തന്റെ ശിഷ്യന്മാർ ഇതിനെക്കുറിച്ച് പിറുപിറുക്കുന്നു എന്നു മനസ്സിലാക്കി, യേശു അവരോടു ചോദിച്ചു ഇത് നിങ്ങൾക്ക് ഇടർച്ചവരുത്തുന്നുവോ?" (യോ. 6, 61). അവർ പരസ്യമായി പ്രതികരിച്ചില്ലെങ്കിലും, അവരുടെ ഉള്ളിലുള്ള പിറുപിറുപ്പ് മനസ്സിലാക്കിയാണ് യേശു പ്രതികരിക്കുന്നത്. "ഇക്കാര്യം അവർ തന്നോട് ചോദിക്കുവാൻ ആഗ്രഹിക്കുന്നു എന്നു മനസ്സിലാക്കി യേശു പറഞ്ഞു" (യോഹ. 16, 19). താൻ പറഞ്ഞ കാര്യങ്ങളെക്കുറിച്ച് ശിഷ്യന്മാർക്കിടയിൽ സംശയമുണ്ടെന്നും അത് തന്നോട് ചോദിക്കുവാൻ ആഗ്രഹിക്കുന്നുവെന്നും മനസ്സിലാക്കി യേശു അവരെ പഠിപ്പിക്കുകയാണ്. അവർ ചോദ്യം ചോദിച്ചിരുന്നില്ല, ചോദിക്കുവാൻ ആഗ്രഹിക്കുക മാത്രമേ ചെയ്തുള്ളൂവെങ്കിലും അവരുടെ ഇംഗിതം മനസ്സിലാക്കിയാണ് യേശു അവരെ പഠിപ്പിച്ചത്.

ശിഷ്യന്മാരുടെ ഹൃദയവിചാരങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കുന്ന മറ്റൊരു രംഗം, തങ്ങളിൽ വലിയവൻ ആരെന്നതർക്കം അവരുടെയിടയിൽ ഉണ്ടായപ്പോഴാണ്. "അവരുടെ ഹൃദയവിചാരങ്ങൾ അറിഞ്ഞ യേശു ഒരു ശിശുവിനെയെടുത്ത്, അടുത്തുനിർത്തി, അവരോടു പറഞ്ഞു" (ലൂ. 9, 47). അന്ത്യ അത്താഴവേളയിലും തങ്ങളിൽ വലിയവൻ ആരെന്ന തർക്കമുണ്ടായപ്പോൾ അതും മനസ്സിലാക്കി യേശു അവരെ പഠിപ്പിക്കുന്നുണ്ട്. "തങ്ങളിൽ വലിയവൻ ആരാണ് എന്നൊരു തർക്കവും അവരുടെയിടയിലുണ്ടായി. അപ്പോൾ അവൻ അവരോടു പറഞ്ഞു" (ലൂ. 22, 24-25).

ശിഷ്യന്മാരുടെ മാത്രമല്ല, ജനങ്ങളുടെ മുഴുവൻ ഹൃദയവ്യാപാരങ്ങൾ മനസ്സിലാക്കി പഠിപ്പിക്കാൻ യേശുവിന് കഴിഞ്ഞു. തളർവാത രോഗിയെ സുഖപ്പെടുത്തുന്ന സന്ദർഭത്തിൽ, ദൈവത്തിനല്ലാതെ മറ്റാർക്കാണ് പാപം ക്ഷമിക്കുവാൻ സാധിക്കുകയെന്ന് നിയമജ്ഞർ തങ്ങളുടെ ഉള്ളിൽ ചിന്തിച്ചപ്പോൾ അത്





മനസ്സിലാക്കി യേശു പഠിപ്പിക്കുന്നു. "അവൻ ഇപ്രകാരം ഉള്ളിൽ വിചാരിക്കുന്നുവെന്നു മനസ്സിലാക്കി യേശു അവരോടു ചോദിച്ചു, എന്തുകൊണ്ടാണ് നിങ്ങൾ ഉള്ളിൽ ഇങ്ങനെ വിചാരിക്കുന്നത്" (മർക്കോ. 2, 8). ജനങ്ങളുടെ ഉള്ളിലെ ചിന്തയാണ് യേശു ഇവിടെ വെളിപ്പെടുത്തുന്നത്. ഈ സന്ദർഭത്തിൽ യേശുവിന്റെ പ്രതികരണമായി വി.മത്തായി രേഖപ്പെടുത്തുന്നതിപ്രകാരമാണ്. "അവരുടെ വിചാരങ്ങൾ ഗ്രഹിച്ച യേശു ചോദിച്ചു. നിങ്ങൾ ഹൃദയത്തിൽ തിന്മ വിചാരിക്കുന്നതെന്ത്?" (മത്താ. 9,4). വി. ലൂക്കോസും,യേശു തളർവാത രോഗിയെ സുഖപ്പെടുത്തിയ സംഭവം രേഖപ്പെടുത്തുന്നിടത്ത് യേശുവിന്റെ പ്രതികരണം നൽകുന്നുണ്ട്. "അവരുടെ ചിന്തകൾ മനസ്സിലാക്കിയ യേശു അവരോട് പറഞ്ഞു : എന്തുകൊണ്ടാണ് നിങ്ങൾ ഹൃദയത്തിൽ ഇങ്ങനെ ചോദ്യം ചെയ്യുന്നത്" (ലൂ. 5, 22).

ജനങ്ങളുടെ ഉള്ളിലുള്ള ദുഷ്ടത മനസ്സിലാക്കി അതിനനുസരിച്ച് യേശു പ്രതികരിക്കുന്നതായും കാണുന്നു. സീസറിന് നികുതി കൊടുക്കുന്നതിനെക്കുറിച്ച് ചോദിച്ച് യേശുവിനെ കുടുക്കിലാക്കാൻ ശ്രമിച്ച ഫരിസേയരുടെ ദുഷ്ടത മനസ്സിലാക്കി അവരോടു പ്രതികരിക്കുന്നു. "അവരുടെ കാപട്യം മനസ്സിലാക്കി അവൻ പറഞ്ഞു, നിങ്ങൾ എന്തിന് എന്നെ പരീക്ഷിക്കുന്നു." (മർക്കോ. 12, 15). മററുള്ളവരുടെ അന്തർഗതങ്ങൾ നന്നായറിയാവുന്നതുകൊണ്ടാണ് യേശുവിന് അവരുടെ കാപട്യം മനസ്സിലാക്കാൻ സാധിച്ചത്. "അവരുടെ ദുഷ്ടത മനസ്സിലാക്കിക്കൊണ്ട് യേശു പറഞ്ഞു, കപടനാട്യക്കാരെ, നിങ്ങൾ എന്നെ പരീക്ഷിക്കുന്നതെന്ത്?" (മത്താ. 22, 18).

ജനങ്ങളുടെ വിചാരങ്ങൾ മനസ്സിലാക്കി പഠിപ്പിക്കുന്ന യേശുവിനെ, അവൻ പിശാചുക്കളുടെ തലവനായ ബേൽസ്ബൂലിനെക്കൊണ്ടാണ് പിശാചുക്കളെ ബഹിഷ്കരിക്കുന്നതെന്ന് ഫരിസേയർ യേശുവിനെക്കുറിച്ച് ചിന്തിച്ച സന്ദർഭത്തിലും, നാം കാണുന്നുണ്ട്. "അവരുടെ വിചാരങ്ങൾ മനസ്സിലാക്കിയ യേശു അവരോടു പറഞ്ഞു : അന്തഃശ്ഛിദ്രമുള്ള ഏതു രാജ്യവും നശിച്ചുപോകും" (മത്താ. 12,25).

വിദ്യാർത്ഥികളുടെ ചിന്തകളും വിചാരങ്ങളും മനോഭാവങ്ങളും മനസ്സിലാക്കി പഠിപ്പിക്കുക ഒരദ്ധ്യാപകന്റെ കടമയും ആവശ്യവുമാണ്. അവർ ഏതെല്ലാം വിധത്തിൽ ചിന്തിക്കുന്നുവെന്നും അവരുടെ പ്രതികരണമെന്താ

www.malankaralibrary.com



ണെന്നും അറിഞ്ഞുവേണം പഠിപ്പിക്കുന്നതിന്. പരസ്യമായി പ്രകടിപ്പിച്ചില്ലെങ്കിൽപോലും അതറിയുകയും, അവരുടെ മനോഭാവമറിഞ്ഞ് പഠിപ്പിക്കുകയും ചെയ്യുക ആവശ്യമാണ്.

### 8. പരസ്പരമുള്ള ചോദ്യങ്ങൾക്ക് മറുപടിയായി പഠിപ്പിക്കൽ

ശിഷ്യന്മാർ പരസ്പരം ചോദിക്കുന്ന ചോദ്യങ്ങളും സംശയങ്ങളും മനസ്സിലാക്കി അതിനു മറുപടിയായി പഠിപ്പിക്കുന്ന രീതിയും യേശു പിന്തുടർന്നിരുന്നു. യേശുവിൽ നിന്ന് മറുപടി പ്രതീക്ഷിച്ചായിരുന്നില്ല ശിഷ്യന്മാർ പരസ്പരം സംശയങ്ങൾ ചോദിച്ചിരുന്നത്. എങ്കിലും, ശിഷ്യന്മാർ പരസ്പരം ചോദിച്ച ചോദ്യങ്ങൾക്കുള്ള ഉത്തരം യേശുതന്നെ നൽകുകയാണ്. "അപ്പോൾ അവന്റെ ശിഷ്യന്മാരിൽ ചിലർ പരസ്പരം പറഞ്ഞു, അല്പസമയം കഴിഞ്ഞാൽ നിങ്ങൾ എന്നെ കാണുകയില്ല. എന്നതിന്റെ അർത്ഥമെന്താണ്?" (യോ. 16, 17-18). ശിഷ്യന്മാരുടെ സംശയങ്ങൾക്ക് യേശു മറുപടി നൽകി. "അല്പസമയം കഴിഞ്ഞാൽ നിങ്ങൾ എന്നെ കാണുകയില്ല. വീണ്ടും അല്പസമയം കഴിഞ്ഞാൽ നിങ്ങൾ എന്നെ കാണും എന്നു ഞാൻ പറഞ്ഞതിനെപ്പറ്റി നിങ്ങൾ പരസ്പരം ചോദിക്കുന്നുവോ?" (യോ. 16, 19). ഇങ്ങനെ പറഞ്ഞിട്ട് അവർ പരസ്പരം ചോദിച്ച ചോദ്യങ്ങൾക്കുള്ള ഉത്തരം യേശു വളരെ വ്യക്തമായിതന്നെ പറഞ്ഞുകൊടുക്കുകയാണ് (യോ. 16, 20-22).

ഫരിസേയരുടേയും സദുക്കായരുടേയും പുളിമാവിനെ സൂക്ഷിക്കുവാൻ യേശു പറഞ്ഞപ്പോൾ അതു മനസ്സിലാകാത്ത ശിഷ്യന്മാർ പരസ്പരം ചില ചോദ്യങ്ങൾ ചോദിച്ചു. ചോദ്യം യേശുവിനോട് ആയിരുന്നില്ലെങ്കിലും, യേശു അതിന് മറുപടി നൽകുകയാണ്. "നാം അപ്പമൊന്നും എടുക്കാത്തതുകൊണ്ടായിരിക്കാം എന്ന് അവർ തമ്മിൽ പറഞ്ഞു. യേശു ഇതറിഞ്ഞ് അവരോടു ചോദിച്ചു, അല്പവിശ്വാസികളെ, നിങ്ങൾ അപ്പം ഇല്ലാത്തതിനെപ്പറ്റി തമ്മിൽ സംസാരിക്കുന്നതെന്തിന്?" (മത്താ. 16, 7-9). ഇതേ വിധത്തിൽ തന്നെ വി. മർക്കോസും ഈ സംഭവം രേഖപ്പെടുത്തുന്നുണ്ട്. "അവൻ ഇങ്ങനെ പറഞ്ഞത് തങ്ങളുടെ പക്കൽ അപ്പം ഇല്ലാത്തതുകൊണ്ടാണെന്ന് അവർ പരസ്പരം പറഞ്ഞു. ഇതു മനസ്സിലാക്കിയ യേശു അവരോടു പറഞ്ഞു" (മർക്കോ. 8, 16-17).

ബഥാനിയായിൽ വച്ച് ഒരു സ്ത്രീ യേശുവിനെ തൈലംകൊണ്ട് അഭിഷേകം ചെയ്തതിൽ പ്രതിഷേധിച്ച് ആളുകൾ അവളെ കുറ്റപ്പെടുത്തിയപ്പോൾ യേശു





അതിൽ ഇടപെട്ട് അതിന് ന്യായീകരണം നൽകുന്നുണ്ട്. "അവിടെയുണ്ടായിരുന്ന ചിലർ അമർഷത്തോടെ പരസ്പരം പറഞ്ഞു. ഈ തൈലം പാഴാക്കികളഞ്ഞത് എന്തിന് ? അവർ അവളെ കുറ്റപ്പെടുത്തി. യേശുപറഞ്ഞു. ഇവളെ തനിയെ വിടുക" (മർക്കോ. 14, 4-6). ഇവിടേയും ആളുകൾ പരസ്പരം ചോദിച്ച ചോദ്യങ്ങൾക്ക് യേശു ഉത്തരം നൽകുകയാണ്. ആളുകളുടെ പ്രസ്താവനകളും വിമർശനങ്ങളും അറിഞ്ഞ് അതിനനുസരിച്ച് പ്രതികരിക്കുകയാണ്.

വിദ്യാർത്ഥികൾ പരസ്പരം ഉന്നയിക്കുന്ന ചോദ്യങ്ങൾക്കും സംശയങ്ങൾക്കും മറുപടി നൽകുക അദ്ധ്യാപകന്റെ ഏറ്റവും വലിയ കടമയാണ്. അവരുടെ സംശയങ്ങൾ അവർ അദ്ധ്യാപകനോട് നേരിട്ട് ചോദിച്ചില്ലെങ്കിൽ തന്നേയും അത് മനസ്സിലാക്കി പഠിപ്പിക്കേണ്ടതാണ്. ശിഷ്യന്മാർ ഏതുവിധത്തിൽ ചിന്തിക്കുന്നു, അവർ എങ്ങനെ പ്രതികരിക്കുന്നു എന്നൊക്കെ അറിഞ്ഞിരിക്കേണ്ടതാണ്. ചുരുക്കത്തിൽ, അവരുടെ സ്പന്ദനങ്ങൾ അറിഞ്ഞുവേണം പഠിപ്പിക്കേണ്ടത്. ഒരു പക്ഷെ ഭയംകൊണ്ടോ, ലജ്ജകൊണ്ടോ, മറ്റേതെങ്കിലും കാരണംകൊണ്ടോ ശിഷ്യന്മാർ ഗുരുവിനോട് അവരുടെ സംശയങ്ങൾ ചോദിച്ചില്ലെന്നുവരാം. എങ്കിലും അതുമനസ്സിലാക്കി അവരുടെ സംശയങ്ങൾ മാറ്റിക്കൊടുക്കുമ്പോഴാണ് ഒരദ്ധ്യാപകന്റെ പ്രാഗത്ഭ്യം വെളിപ്പെടുക.

### 9. ചോദ്യങ്ങളിലൂടെ പ്രബോധനം

അദ്ധ്യാപനത്തിനായി യേശു ഉപയോഗിച്ച ഒരു രീതിയാണ് ചിന്തിപ്പിക്കുന്ന ചില ചോദ്യങ്ങൾ ചോദിച്ച് ശിഷ്യന്മാരെക്കൊണ്ട് സ്വയം ഉത്തരം കണ്ടെത്തിക്കുക എന്നത്. അവർ സ്വയം ഉത്തരം കണ്ടെത്തി പഠിക്കുന്നതിനുവേണ്ടി യേശു ചിന്തോദ്ദീപകമായ ചില ചോദ്യങ്ങൾ ചോദിക്കുന്നുണ്ട്. "അവൻ ചോദിച്ചു ഇവർക്കു ഭക്ഷിക്കുവാൻ നാം എവിടെനിന്ന് അപ്പം വാങ്ങും" (യോ. 6,5). ഇതു കേട്ട് ശിഷ്യന്മാർ ഓരോരുത്തരും അതിനുള്ള മാർഗ്ഗം കണ്ടെത്തുകയാണ്. ജനങ്ങൾക്ക് എങ്ങനെ ഭക്ഷണം കൊടുക്കണമെന്നതിനെക്കുറിച്ച് വ്യക്തമായ പ്ലാൻ യേശുവിനുണ്ടായിരുന്നെങ്കിലും ശിഷ്യന്മാരെക്കൊണ്ട് ചിന്തിപ്പിക്കുന്നതിനാണ് യേശു ആ ചോദ്യം ചോദിച്ചത്. "എന്തുചെയ്യണമെന്ന് അവൻ നേരത്തെ മനസ്സിൽ കണ്ടിരുന്നു" (യോ. 6,6). പ്രതിസന്ധികളിൽ നിന്ന് രക്ഷപെടാനുള്ള മാർഗ്ഗം സ്വയം കണ്ടെത്തുന്നതിനും, അതിനെ അഭിമുഖീകരിക്കുന്നതിനുള്ള ശക്തി ശിഷ്യന്മാർക്കുണ്ടാകുന്നതിനും വേണ്ടിയാണ് യേശു ഈ രീതി ഉപ

www.malankaralibrary.com



യോഗിച്ചിരുന്നത്. ഇപ്രകാരമാണ് ഒരദ്ധ്യാപകന് കുട്ടികളെ സ്വയം വളർത്തുന്നതിന് സാധിക്കുക. ഇങ്ങനെ ചിന്തിപ്പിക്കുകയും പഠിപ്പിക്കുകയും ചെയ്താൽ ഭാവിയിൽ ഇതുപോലെയുള്ള പ്രതിസന്ധിഘട്ടങ്ങളിൽ അവർ സ്വയം പ്രതിവിധി കണ്ടെത്തിക്കൊള്ളും.

ബഥ്സയ്ദായിലെ രോഗിയോട് നീ സുഖംപ്രാപിക്കാൻ ആഗ്രഹിക്കുന്നുവോ എന്ന് യേശു ചോദിച്ചത് അവന്റെ അവസ്ഥയെക്കുറിച്ച് അവനെ ബോധവാനാക്കാനായിരുന്നു (യോഹ. 5,6). സുഖം പ്രാപിക്കാൻ ആഗ്രഹമില്ലായിരുന്നെങ്കിൽ അവൻ മുപ്പത്തിയെട്ടുവർഷമായി കുളക്കരയിൽ കിടക്കുമായിരുന്നില്ല. അതുപോലെ മോശ എഴുതിയവ നിങ്ങൾ വിശ്വസിക്കുന്നില്ലെങ്കിൽ പിന്നെ എന്റെ വാക്കുകൾ എങ്ങനെ വിശ്വസിക്കും എന്ന് യേശു യഹൂദരോട് ചോദിച്ചതും അവരെ ചിന്തിപ്പിക്കുവാനായിരുന്നു (യോ. 5, 47).

ശിഷ്യന്മാരുടെ മാനസിക പക്വത അവരെ ബോധ്യപ്പെടുത്തുവാനാണ് 'നിങ്ങളും പോകുവാൻ ആഗ്രഹിക്കുന്നുവോ'യെന്ന് യേശു ചോദിച്ചത് (യോഹ. 6, 67). 'എന്തുകൊണ്ടാണ് നിങ്ങൾ എന്നെ കൊല്ലുവാൻ ആലോചിക്കുന്നത്' എന്ന് യേശു അമ്പേഷിക്കുന്നത് തന്നെ കൊല്ലുവാൻ തക്കതുപോലെയുള്ള തെറ്റുകൾ തന്നിലുണ്ടോയെന്ന് മറ്റുള്ളവരെക്കൊണ്ട് ചിന്തിപ്പിക്കുവാനാണ് (യോഹ. 7, 19). വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയെ യേശുവിന്റെ അടുക്കലേക്ക് ആനയിച്ചവരാരും അവളെ ശിക്ഷിക്കാതിരുന്നതിന്റെ കാരണം അവളെ ബോധ്യപ്പെടുത്തുവാൻ യേശു അവളോടു ചോദിക്കുകയാണ്. "സ്ത്രീയേ, അവരെല്ലാം എവിടെ? ആരും നിന്നെ വിധിച്ചില്ലേ?" (യോഹ. 8, 10). അവരാരും അവളെ ശിക്ഷിച്ചില്ലെന്ന് യേശുവും കണ്ടതാണ്. എങ്കിലും അവളുടെ അവസ്ഥ അവൾ മനസ്സിലാക്കാൻ വേണ്ടിയാണ് യേശു ആ ചോദ്യം ചോദിച്ചത്.

ഭോഷനായ ധനികന്റെ ഭോഷത്വത്തെക്കുറിച്ച് അവനെ ബോധ്യപ്പെടുത്താൻ യേശു ചോദിക്കുന്നു, "ഭോഷാ ഈ രാത്രി നിന്റെ ആത്മാവിനെ നിന്നിൽ നിന്ന് ആവശ്യപ്പെടും. അപ്പോൾ നീ ഒരുക്കിവെച്ചിരിക്കുന്ന സാധനങ്ങൾ ആരുടേതായിരിക്കും" (ലൂ. 12, 20). ഭൗതിക നേട്ടങ്ങളുടെ വ്യർത്ഥതയെക്കുറിച്ച് വിശദമായൊരു പ്രഭാഷണം നടത്തുകയല്ല, അതവൻ സ്വയം ചിന്തിച്ച് കണ്ടെത്തുന്നതിനായി ഒരു ചോദ്യം എറിഞ്ഞുകൊടുക്കുകയാണ് യേശു ഇവിടെ ചെയ്യുന്നത്.





നല്ല സമരിയാക്കാരന്റെ ഉപമ പറഞ്ഞിട്ട് അതിൽ നല്ല അയൽക്കാരനായി വർത്തിച്ചത് ആരെന്ന് ജനത്തെക്കൊണ്ട് യേശു പറയിപ്പിക്കുകയാണ്, "കവർച്ചക്കാരുടെ കൈയ്യിൽപെട്ട ആ മനുഷ്യന് ഈ മൂവരിൽ ആരാണ് അയൽക്കാരനായി വർത്തിച്ചത്?" (ലൂ. 10, 36). നല്ല അയൽക്കാരൻ ആരാണെന്നുകൂടി യേശുവിന് പറയാമായിരുന്നെങ്കിലും ജനം അത് സ്വയം കണ്ടെത്തുന്നതിനുവേണ്ടി ഒരു ചോദ്യം ഉന്നയിക്കുകയാണ്. യേശുവിന്റെ പ്രവർത്തനരീതിയെക്കുറിച്ച് വിമർശനമുണ്ടായപ്പോൾ ആ രീതി ശരിയായിട്ടുള്ളതാണെന്ന് മറ്റുള്ളവരെ ബോധ്യപ്പെടുത്താൻവേണ്ടി യേശു ചോദിക്കുന്നു, "ഏതാണ് എളുപ്പം, തളർവാത രോഗിയോട്, നിന്റെ പാപങ്ങൾ ക്ഷമിച്ചിരിക്കുന്നു എന്നു പറയുന്നതോ, എഴുന്നേറ്റ് നിന്റെ കിടക്കയെടുത്ത് നടക്കുക എന്നുപറയുന്നതോ?" (മർക്കോ. 2,9). ഇതുകേട്ടപ്പോൾ ജനം അതിനെക്കുറിച്ച് ആലോചിക്കുകയും യേശുവിന്റെ നടപടി ശരിയാണെന്ന് കണ്ടെത്തുകയും ചെയ്തു. ഇവിടെയെല്ലാം ചോദ്യങ്ങളിലൂടെയാണ് യേശു ഉത്തരം നൽകുന്നത്. അഥവാ, ചോദ്യങ്ങളാണ് ഉത്തരമായി മാറുന്നത്. നേരിട്ട് ഒരു ഉത്തരം കൊടുക്കുന്നതിനു പകരം ഒരു ചോദ്യം ചോദിക്കുകയും ആ ചോദ്യത്തിനുത്തരം അവർ തന്നെ കണ്ടെത്തുകയും ചെയ്യുന്നു.

പഠിപ്പിക്കാനുള്ളതെല്ലാം ഒരദ്ധ്യാപകൻ വിശദീകരിച്ച് പഠിപ്പിക്കണമെന്നില്ല. ആവശ്യമായ ചോദ്യങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകിയാൽ വിദ്യാർത്ഥികൾ സ്വയം ചിന്തിച്ച് ഉത്തരം കണ്ടെത്തിക്കൊള്ളും. സ്വയം കണ്ടെത്തുന്ന പ്രതിവിധികളാണ് എന്നും ഓർമ്മയിൽ നിലനിൽക്കുക. ഇതറിയാവുന്ന യേശു ആ രീതിയും അദ്ധ്യാപനത്തിനായി അവലംബിച്ചിരുന്നു. അദ്ധ്യാപകന് അറിയാൻ പാടില്ലാത്തതുകൊണ്ട് കുട്ടികളോടു ചോദിക്കുകയല്ല ചെയ്തത്. ചോദിച്ച ആളിന് (യേശു) ഉത്തരം വ്യക്തമായി അറിയാമായിരുന്നു. എങ്കിലും ജനങ്ങളെക്കൊണ്ട് ചിന്തിപ്പിച്ച്, ഉത്തരം കണ്ടെത്തുന്നതിനും, അതുവഴി അവരുടെ ബുദ്ധി വികസിപ്പിക്കുന്നതിനും വേണ്ടിയാണ് യേശു ഈ ചോദ്യരീതി അവലംബിച്ചത് (യോഹ. 6,6).

കുട്ടികളോട് ചോദ്യങ്ങൾ ചോദിക്കുന്നത് അദ്ധ്യാപകന് ഉത്തരം അറിയാൻ പാടില്ലാത്തതുകൊണ്ടല്ല. കുട്ടികൾ പറയുന്ന ഉത്തരംകേട്ടിട്ട് പഠിക്കുക എന്ന ലക്ഷ്യത്തോടെയുമായിരിക്കരുത്. ചോദിക്കുന്ന ചോദ്യങ്ങൾക്കുള്ള ഉത്തരം വ്യക്തമായിതന്നെ അദ്ധ്യാപകന് അറിവുണ്ടായിരിക്കണം. കുട്ടികൾ സ്വയം ഉത്ത

www.malankaralibrary.com



രം കണ്ടെത്തി പഠിക്കുകയും വളരുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെയായിരിക്കണം അദ്ധ്യാപകൻ കുട്ടികളോട് ചോദ്യങ്ങൾ ചോദിക്കുന്നതിന്. പ്രതിസന്ധികളെ തരണം ചെയ്യാനുള്ള കഴിവും, നിർണ്ണായ ഘട്ടങ്ങളിൽ സ്വയം തീരുമാനമെടുക്കാനുള്ള കഴിവും ഈ ചോദ്യോത്തര രീതിയിലുള്ള പരിശീലനത്തിലൂടെ വിദ്യാർത്ഥികൾക്ക് ലഭിക്കും.

### 10. ആത്മ ബോധന രീതി

ശിഷ്യന്മാരെക്കൊണ്ട് സ്വയം കാര്യങ്ങൾ മനസ്സിലാക്കിയെടുപ്പിക്കുന്ന രീതിയും അദ്ധ്യാപനത്തിനായി യേശു ഉപയോഗിച്ചിരുന്നു. എല്ലാം വിശദമായി പഠിപ്പിച്ചുവിടാതെ, കുറെ കാര്യങ്ങൾ സ്വയം പഠിക്കുവാനായി യേശു ശിഷ്യന്മാരെ കല്പിച്ചയയ്ക്കുകയാണ്. സ്വയം വസ്തുതകൾ പഠിച്ചെടുക്കുവാനുള്ള നിർദ്ദേശമാണ് യേശു നൽകുന്നത്.

ചുങ്കക്കാരോടും പാപികളോടും ചേർന്ന് ഭക്ഷണം കഴിക്കുന്നതിന്റെ കാരണം വളരെ വിശദമായി പഠിപ്പിച്ചിട്ട്, ചിലകാര്യങ്ങൾ സ്വയം പഠിക്കുവാനായി യേശു ഫരിസേയരെ നിയോഗിക്കുകയാണ്. "ഞാൻ ബലിയല്ല, കരുണയാണാഗ്രഹിക്കുന്നത് എന്നതിന്റെ അർത്ഥം നിങ്ങൾ പോയി പഠിക്കുക" (മത്താ. 9, 13). ഈ വാക്യത്തിന്റെ അർത്ഥം പറഞ്ഞുകൊടുക്കാതെ അത് സ്വയം പഠിച്ചെടുക്കുവാനായി യേശു ആഹ്വാനം ചെയ്തയയ്ക്കുകയാണ്.

പിശാചുബാധയിൽ നിന്ന് സുഖം പ്രാപിച്ച മനുഷ്യൻ യേശുവിനോടുകൂടെയിരുന്ന് വചനം കേൾക്കുവാൻ ആഗ്രഹിച്ചെങ്കിലും, യേശു അവനെ പഠിക്കുവാനും പ്രവർത്തിക്കുവാനുമായി പറഞ്ഞയയ്ക്കുകയാണ്. "നീ വീട്ടിലേക്ക് തിരിച്ചുപോയി ദൈവം നിനക്ക് ചെയ്തതെന്തെന്ന് അറിയിക്കുക" (ലൂ. 8,39). ദൈവം അവന് ചെയ്തതെന്തെന്ന് അറിയിക്കണമെങ്കിൽ അവൻ അത് സ്വയം അറിയുകയും ബോധ്യപ്പെടുകയും ചെയ്യേണ്ടതുണ്ട്.

എല്ലാകാര്യങ്ങളും എല്ലാവരേയും പഠിപ്പിക്കുവാൻ സാധിക്കുകയില്ലെന്നറിയാവുന്ന യേശു കുറെകാര്യങ്ങൾ സ്വമേധയാ പഠിക്കുവാൻ നിർദ്ദേശിക്കുകയാണ്. യേശുവിന്റെ നേരിട്ടുള്ള പ്രബോധനങ്ങൾകൊണ്ടുമാത്രം പൂർണ്ണമായ അറിവ് ജനങ്ങൾക്ക് ലഭിക്കുകയില്ലെന്ന് യേശുവിനറിയാവുന്നതുകൊണ്ടാണ് അവരോട് സ്വയം പഠിക്കാൻ ആവശ്യപ്പെടുന്നത്. ഒരു ഗുരുവിനും, ശിഷ്യർക്കാവശ്യമായ അറിവുകൾ മുഴുവനും പകർന്നുകൊടുക്കാനാവില്ല. സ്വയം പഠി





ക്കാൻ കൂടി വിദ്യാർത്ഥികൾ തയ്യാറാകണം. അതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക അദ്ധ്യാപകന്റെ കടമയുമാണ്. സ്വയം ആർജ്ജിച്ചെടുക്കുന്ന അറിവുകളാണ് ഓർമ്മയിൽ ഏറെനാൾ നിലനിൽക്കുക. അതിനാൽ, എല്ലാ കാര്യങ്ങളും അദ്ധ്യാപകൻതന്നെ പഠിപ്പിച്ചുവിടാതെ, കുറെകാര്യങ്ങൾ വിദ്യാർത്ഥികൾ സ്വയം പഠിക്കുവാനായി പ്രേരിപ്പിക്കേണ്ടതാണ്.

### 11. വിലയിരുത്തൽ.

താൻ പഠിപ്പിക്കുന്നത് കേൾവിക്കാർ വേണ്ടവിധത്തിൽ മനസ്സിലാക്കുന്നുണ്ടോയെന്ന് യേശു പരിശോധിച്ചിരുന്നു. പ്രബോധിപ്പിക്കുന്ന കാര്യങ്ങൾ ശരിയായ രീതിയിൽ ഗ്രഹിക്കുന്നുണ്ടോയെന്നറിയാൻ പ്രബോധനത്തിനിടയിൽ ഒരവലോകനം നടത്തിയിരുന്നു. രത്നത്തിന്റേയും വലയുടേയും നിധിയുടേയും ഉപമകളിലൂടെ സ്വർഗ്ഗരാജ്യത്തെക്കുറിച്ച് പഠിപ്പിച്ചത് ശിഷ്യന്മാർക്ക് മനസ്സിലായോയെന്ന് യേശു ചോദിക്കുന്നുമുണ്ട്. "നിങ്ങൾ ഇതെല്ലാം ഗ്രഹിച്ചുവോ? അവൻ ചോദിച്ചു. ഉവ്വ്, എന്ന് അവർ ഉത്തരം പറഞ്ഞു. അവൻ തുടർന്നു". (മത്താ 13, 51-52). താൻ പഠിപ്പിക്കുന്നത് കേൾവിക്കാർ പൂർണ്ണമായി മനസ്സിലാക്കിയെന്നറിഞ്ഞപ്പോഴാണ് യേശു തുടർന്ന് പഠിപ്പിക്കുന്നത്. താൻ പറയുന്നത് അവർക്ക് മനസ്സിലാകുന്നുണ്ടോയെന്ന് യേശു നേരിട്ടുതന്നെ ചോദിക്കുകയാണിവിടെ.

വിതക്കാരന്റെ ഉപമ അരുളിചെയ്തിട്ട് അത് ശിഷ്യന്മാർക്ക് മനസ്സിലായോയെന്ന് യേശു അന്വേഷിക്കുന്നുണ്ട്. "അവൻ അവരോടു ചോദിച്ചു ഈ ഉപമ നിങ്ങൾക്ക് മനസ്സിലാകുന്നില്ലേ?" (മർക്കോ. 4, 13). അവർക്ക് അത് മനസ്സിലായില്ലെന്നറിഞ്ഞപ്പോൾ യേശു ആ ഉപമയുടെ വിശദീകരണം നൽകുകയാണ് (മർക്കോ. 4, 14-20).

അദ്ധ്യാപകൻ പഠിപ്പിക്കുന്നതിൽ എത്രമാത്രം കുട്ടികൾ ഗ്രഹിക്കുന്നുണ്ടെന്നറിയുക അത്യന്താപേഷിതമാണ്. പഠിപ്പിക്കുന്നതെല്ലാം കുട്ടികൾ മനസ്സിലാക്കണം എന്ന ഉദ്ദേശ്യത്തോടെയാണ് പഠിപ്പിക്കുന്നത്. ആ ലക്ഷ്യം നിറവേറുന്നുണ്ടോയെന്നറിയാൻ അദ്ധ്യാപനത്തിനിടയിൽ ഒരു വിലയിരുത്തൽ അത്യന്താപേഷിതമാണ്. പഠിപ്പിക്കുന്നത് വിദ്യാർത്ഥികൾ ഗ്രഹിക്കുന്നുണ്ടെന്ന് അദ്ധ്യാപകൻ ഉറപ്പ് വരുത്തണം.

www.malankaralibrary.com



## 12. മനസ്സിലാകാത്തവയ്ക്ക് മതിയായ വിശദീകരണം

താൻ പഠിപ്പിക്കുന്ന കാര്യങ്ങൾ ശരിയായി മനസ്സിലാകാതെവന്നാൽ അവയ്ക്ക് ശരിയായ വിശദീകരണം നൽകാൻ യേശു തയ്യാറായിരുന്നു. സാധാരണക്കാരിൽ സാധാരണക്കാരായ മനുഷ്യർക്ക് മനസ്സിലാകുന്ന ലളിതമായ ഭാഷയിൽ സനാതന സത്യങ്ങളെല്ലാം യേശു വ്യാഖ്യാനിച്ചുകൊടുത്തു. താൻ പഠിപ്പിക്കുന്നത് ജനങ്ങൾ വേണ്ടവിധത്തിൽ ഗ്രഹിക്കുന്നില്ലെന്നുകണ്ടാൽ, മതിയായ വിശദീകരണവും ലളിതമായ വ്യാഖ്യാനവും നൽകി അത് മനസ്സിലാക്കി കൊടുക്കുവാൻ യേശു പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

ഫരിസേയരുടേയും സദുക്കായരുടേയും പ്രബോധനമാകുന്ന പുളിമാവിനെക്കുറിച്ച് യേശു സംസാരിച്ചത് അപ്പത്തിന്റെ പുളിമാവിനെക്കുറിച്ചാണെന്ന് ശിഷ്യന്മാർ തെറ്റിദ്ധരിച്ചപ്പോൾ യേശു അതിന് ആവശ്യമായ വിശദീകരണം നൽകുകയാണ്. "അപ്പത്തിന്റെ പുളിമാവിനെയല്ല, ഫരിസേയരുടേയും സദുക്കായരുടേയും പുളിമാവിനെയാണ് സൂക്ഷിച്ചുകൊള്ളാൻ അവൻ അരുളിചെയ്തതെന്ന് അപ്പോൾ അവർക്ക് മനസ്സിലായി" (മത്താ. 16, 12). മതിയായ വിശദീകരണം നൽകിയപ്പോഴാണ് അവർ വേണ്ടവിധത്തിൽ മനസ്സിലാക്കിയത്.

കളകളുടെ ഉപമ ശരിയായി മനസ്സിലാകാതിരുന്ന ശിഷ്യന്മാർക്ക് അതിന്റെ വിശദീകരണം യേശു നൽകുകയാണ്. "അനന്തരം, ജനക്കൂട്ടത്തെ പറഞ്ഞയച്ചിട്ട് അവൻ വീട്ടിലേക്കുവന്നു. ശിഷ്യന്മാർ അവന്റെ അടുക്കൽ വന്ന് അപേക്ഷിച്ചു. വയലിലെ കളകളെ സംബന്ധിക്കുന്ന ഉപമ ഞങ്ങൾക്ക് വിശദീകരിച്ചുതന്നാലും" (മത്താ. 13, 36). ശിഷ്യന്മാർ ആവശ്യപ്പെട്ടതനുസരിച്ച് വളരെ ദീർഘമായ ഒരു വിശദീകരണം യേശു അതിന് നൽകി. (മത്താ 13, 37-43). ദേവാലയത്തിന്റെ നാശത്തെക്കുറിച്ചുള്ള പ്രവചനം മനസ്സിലാകാതിരുന്ന ശിഷ്യന്മാർക്ക് അതും വിശദീകരിച്ചു കൊടുക്കുന്നുണ്ട്. "അവൻ ഒലിവുമലയിൽ ഇരിക്കുമ്പോൾ ശിഷ്യന്മാർ തനിച്ച് അവനെ സമീപിച്ചു പറഞ്ഞു: ഇതെല്ലാം എപ്പോൾ സംഭവിക്കുമെന്നും, നിന്റെ ആഗമനത്തിന്റേയും, യുഗാവസാനത്തിന്റേയും അടയാളമെന്താണെന്നും ഞങ്ങൾക്ക് പറഞ്ഞുതരണമേ! യേശു പറഞ്ഞു." (മത്താ. 24, 3-4).

അതുപോലെ, സ്നാപകയോഹന്നാനെക്കുറിച്ച് യേശു പറഞ്ഞകാര്യങ്ങൾ വിശദീകരിച്ചുകഴിഞ്ഞപ്പോൾ ശിഷ്യന്മാർക്ക് ശരിയായ രീതിയിൽ അത് ബോധ്യ





മായി. "സ്നാപകയോഹന്നാനെപ്പറ്റിയാണ് അവൻ തങ്ങളോടു സംസാരിച്ചതെന്ന് അപ്പോൾ ശിഷ്യന്മാർക്ക് മനസ്സിലായി" (മത്താ. 17, 13). വിതക്കാരന്റെ ഉപമയും, ശിഷ്യന്മാർക്ക് മനസ്സിലാകാതെ വന്നപ്പോൾ അതും വ്യക്തമായി യേശു വിശദീകരിച്ചു കൊടുക്കുന്നുണ്ട്. "അവൻ തനിച്ചായപ്പോൾ പന്ത്രണ്ടു പേരും കൂടെയുണ്ടായിരുന്ന മറ്റുള്ളവരും ഉപമകളെക്കുറിച്ച് അവനോടു ചോദിച്ചു... അവൻ അവരോടു ചോദിച്ചു, ഈ ഉപമ നിങ്ങൾക്ക് മനസ്സിലാകുന്നില്ലേ?" (മർക്കോ. 4, 10-13). തുടർന്ന് യേശു ആ ഉപമ വളരെ വ്യക്തമായി അവർക്ക് വിശദീകരിച്ചുകൊടുത്തു (മർക്കോ. 4, 14-20).

ലാസറിന്റെ മരണത്തെക്കുറിച്ച് പറഞ്ഞത് മാനുഷിക നിദ്രയായി ശിഷ്യന്മാർ തെറ്റിദ്ധരിച്ചപ്പോൾ യേശു അതിന്റേയും അർത്ഥം വ്യക്തമാക്കികൊടുക്കുന്നു. "യേശു അയാളുടെ മരണത്തെക്കുറിച്ചാണ് സംസാരിച്ചത്. എന്നാൽ, നിദ്രയുടെ വിശ്രമത്തെക്കുറിച്ചാണ് അവൻ പറഞ്ഞതെന്ന് അവർ വിചാരിച്ചു. അപ്പോൾ യേശു വ്യക്തമായി അവരോടു പറഞ്ഞു, ലാസർ മരിച്ചുപോയി" (യോഹ. 11, 13-14). ലാസർ മരിച്ചകാര്യം വീണ്ടും വ്യക്തമായി യേശു പറഞ്ഞില്ലായിരുന്നെങ്കിൽ അവർക്ക് മനസ്സിലാകുമായിരുന്നില്ല.

കേൾവിക്കാർക്ക് മനസ്സിലാകാത്ത ആശയങ്ങൾക്ക് ആവശ്യമായ വിശദീകരണം നൽകേണ്ടതുണ്ട്. അധികം വിശദീകരണം ആവശ്യമില്ലാത്തതും, കൂടുതൽ വിശദീകരണം ആവശ്യമുള്ളതുമായ ആശയങ്ങൾ കണ്ടേക്കാം. അതിനനുസരിച്ചുള്ള ഒരു സമീപനമായിരിക്കണം ഒരദ്ധ്യാപകന്റേത്. എല്ലാവരേയും വിളിച്ചുകൂട്ടി പഠിപ്പിക്കുന്നതിനേക്കാൾ, മനസ്സിലാകാത്തവരെമാത്രം വിളിച്ചു പഠിപ്പിക്കുന്നതായിരിക്കും കൂടുതൽ അഭികാമ്യം.

## 13. വിളിക്കനുസരിച്ചുള്ള പ്രബോധനം

ഓരോരുത്തർക്കും അവർക്കാവശ്യമായ പ്രബോധനവും പരിശീലനവുമാണ് യേശു നൽകിയിരുന്നത്. ചിലർക്ക് പൊതുവായ ചില നിർദ്ദേശങ്ങളും മറ്റുചിലർക്ക് ആഴമായ അറിവും നൽകുന്നു. ശിഷ്യന്മാരെ വർഷങ്ങളോളം കൂടെ കൊണ്ടുനടന്ന് പഠിപ്പിക്കുന്നതായി കാണുന്നുണ്ട്. ജനക്കൂട്ടത്തോടു പൊതുവായി പറഞ്ഞ ഉപമകളുടേയും മറ്റും ആഴമായ അർത്ഥം ശിഷ്യന്മാർക്ക് മാത്രമായി വിശദീകരിച്ചു കൊടുക്കുന്നുണ്ട്. "അവർക്കു മനസ്സിലാകത്തക്കവിധമുള്ള അനേകം ഉപമകളിലൂടെ അവൻ വചനം പ്രസംഗിച്ചു. ഉപമകൾ കൂടാതെ

www.malankaralibrary.com



അവൻ അവരോടു സംസാരിച്ചിരുന്നില്ല. എന്നാൽ, ശിഷ്യന്മാർക്ക് എല്ലാം രഹസ്യമായി വിശദീകരിച്ചുകൊടുത്തിരുന്നു" (മർക്കോ 4, 33-34). ശിഷ്യന്മാരെ എല്ലാകാര്യങ്ങളും വ്യക്തമായും, ആഴമായും ബോധ്യപ്പെടുത്തേണ്ടത് ആവശ്യമാണെന്ന് തോന്നിയതുകൊണ്ടാണ് യേശു ഇപ്രകാരം പ്രവർത്തിച്ചത്.

ചിലയവസരങ്ങളിൽ, ശിഷ്യന്മാർതന്നെ യേശുപറഞ്ഞതിന് കൂടുതൽ വിശദീകരണം ആവശ്യപ്പെടുകയും യേശു അത് നൽകുകയും ചെയ്യുന്നുണ്ട്. "അനന്തരം, ജനക്കൂട്ടത്തെ പറഞ്ഞയച്ചിട്ട് അവൻ വീട്ടിലേക്കുവന്നു. ശിഷ്യന്മാർ അവന്റെയടുക്കൽ വന്ന് അപേക്ഷിച്ചു. വയലിലെ കളകളെ സംബന്ധിക്കുന്ന ഉപമ ഞങ്ങൾക്ക് വിശദീകരിച്ചുതന്നാലും. അവൻ ഉത്തരം പറഞ്ഞു..." (മത്താ. 13, 36-37). ശിഷ്യന്മാർ ഇതേക്കുറിച്ച് ആഴമായി അറിഞ്ഞിരിക്കണമെന്നുള്ളതുകൊണ്ടാണ് അവരെ മാത്രമായി പഠിപ്പിക്കുന്നത്.

ശിഷ്യന്മാരിൽതന്നെ ചിലരെ മാത്രം കൂട്ടിക്കൊണ്ടുപോയി അവരെ പ്രത്യേകമായി പഠിപ്പിക്കുന്ന സന്ദർഭങ്ങളുമുണ്ട്. "ആറു ദിവസം കഴിഞ്ഞ്, പത്രോസ്, യാക്കോബ്, യോഹന്നാൻ എന്നിവരെ മാത്രം കൂട്ടിക്കൊണ്ട് യേശു ഒരു ഉയർന്ന മലയിലേക്കുപോയി... അവൻ പറഞ്ഞു..." (മർക്കോ. 9, 2-13). പ്രത്യേകമായി തെരഞ്ഞെടുക്കപ്പെട്ടവർക്കു മാത്രമായുള്ള ഒരു പരിശീലനമാണ് ഇവിടെ നൽകുന്നത്.

ശിഷ്യന്മാരെ പഠിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ മറ്റാരും അവിടേക്ക് കടന്നുവരരുതെന്നുപോലും യേശു ആഗ്രഹിച്ചിരുന്നു. കാരണം, അത്ര ആഴമായും വ്യക്തിപരമായും അവരെ പഠിപ്പിക്കേണ്ടതുണ്ടെന്ന് യേശു മനസ്സിലാക്കിയിരുന്നു. "അവർ അവിടെ നിന്ന് യാത്രതിരിച്ച് ഗലീലിയിലൂടെ കടന്നുപോയി. ഇക്കാര്യം ആരും അറിയരുതെന്ന് അവൻ ആഗ്രഹിച്ചു. കാരണം, അവൻ ശിഷ്യന്മാരെ പഠിപ്പിച്ചുകൊണ്ടിരിക്കുകയായിരുന്നു." (മർക്കോ. 9, 30-31). മറ്റാർക്കും അത്ര ആവശ്യമില്ലാത്ത ഉപദേശങ്ങളും പരിശീലനവുമൊക്കെ ശിഷ്യന്മാർക്ക് ആവശ്യമുണ്ടെന്ന് മനസ്സിലാക്കിയാണ് അവരെ മാത്രമായി യേശു പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുന്നത്.

അങ്ങനെ, ഓരോ വിഭാഗത്തിനും അവരുടെ ജീവിതാന്തസ്സിന് ആവശ്യമായ ഉപദേശങ്ങളും അറിവുകളുമാണ് യേശുക്രിസ്തു നൽകുന്നത്.ശിഷ്യന്മാർക്ക് മറ്റുള്ളവരേക്കാൾ കൂടുതലായ അറിവ് ആവശ്യമുള്ളതുകൊണ്ടാണ് അവരെ





കൂടുതലായി പഠിപ്പിക്കുന്നത്. എല്ലാവർക്കും ഒരേ വിളിയും ഒരേ ദൗത്യവുമല്ല ഉള്ളത്. ആയതിനാൽ, എല്ലാവർക്കും ഒരുപോലെയുള്ള അറിവല്ല ആവശ്യം. ഓരോരുത്തർക്കും ഏതുരീതിയിലുള്ള അറിവാണ് ആവശ്യമെന്നു മനസ്സിലാക്കി അതിനനുസരിച്ച് പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുകയാണ് അദ്ധ്യാപകന്റെ ധർമ്മം.

## 14. തെറ്റിദ്ധാരണകൾ നീക്കിയുള്ള പഠിപ്പിക്കൽ

നിലവിലിരിക്കുന്ന തെറ്റായ ധാരണകളും വികലമായ ആശയങ്ങളും മാറ്റിയെടുക്കാൻ യേശു ശ്രമിക്കുന്നുണ്ട്. തെറ്റായ അറിവുകൾ വച്ചുപുലർത്താനോ, അവയോടു പൊരുത്തപ്പെടാനോ അല്ല, അവയുടെ പൊള്ളത്തരം കാട്ടിക്കൊടുക്കാനും, അപൂർണ്ണമായ അറിവിനു പകരം പൂർണ്ണമായ അറിവ് പകർന്നുകൊടുക്കാനുമുള്ള ധൈര്യം യേശുകാണിക്കുന്നുണ്ട്. പ്രചാരത്തിലിരിക്കുന്ന തെറ്റായ ധാരണകൾ തിരുത്തി പകരം പൂർണ്ണവും അവികലവുമായ അറിവ് നൽകുന്ന ധാരാളം സംഭവങ്ങൾ സുവിശേഷങ്ങളിൽ കണ്ടെത്താനാകും. "വ്യഭിചാരം ചെയ്യരുത് എന്നുപറയപ്പെട്ടതായി നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു: അഭിലാഷത്തോടെ സ്ത്രീയെ നോക്കുന്ന ഏതൊരുവനും ഹൃദയത്തിൽ അവളുമായി വ്യഭിചാരം ചെയ്തുകഴിഞ്ഞു" (മത്താ. 5. 27-28). വ്യഭിചാരത്തെക്കുറിച്ചുള്ള വികലമായ അറിവ് തിരുത്തുകയും വ്യഭിചാരം എന്നതിന്റെ പൂർണ്ണമായ അർത്ഥം വ്യക്തമാക്കുകയും ചെയ്യുകയാണിവിടെ.

ജനങ്ങൾക്ക് ലഭിച്ചിട്ടുള്ള അറിവ് ശരിയല്ലെന്നുകണ്ടാൽ, വ്യക്തമായ ചില പ്രസ്താവനകളിലൂടെ അത് തിരുത്തുവാൻ യേശു മടിച്ചിരുന്നില്ല. "ആരെങ്കിലും ഭാര്യയെ ഉപേക്ഷിക്കുന്ന പക്ഷം അവൻ അവൾക്ക് മോചനപത്രം കൊടുക്കട്ടെ എന്നുപറയപ്പെട്ടിട്ടുണ്ടല്ലോ. എന്നാൽ, ഞാൻ നിങ്ങളോടു പറയുന്നു, പരസംഗം നിമിത്തമല്ലാതെ ഭാര്യയെ ഉപേക്ഷിക്കുന്നവൻ അവളെ വ്യഭിചാരിണിയാക്കുന്നു"(മത്താ. 5, 31-32).

പൂർവ്വകാല നിയമങ്ങൾ കാലഹരണപ്പെട്ടവയാണെന്നുകണ്ടാൽ അവയ്ക്ക് കാലോചിതമായ മാറ്റം വരുത്തി പഠിപ്പിക്കുവാനും യേശു ധൈര്യം കാണിക്കുന്നുണ്ട്. "വ്യാജമായി ആണയിടരുത്, ദൈവത്തോടുള്ള നിന്റെ പ്രതിജ്ഞകൾ നിറവേറ്റണം, എന്ന് പൂർവ്വികരോടു പറയപ്പെട്ടതായി നിങ്ങൾ കേട്ടിട്ടു

www.malankaralibrary.com



ണ്ടല്ലോ? എന്നാൽ, ആണയിടുകയേ അരുത് എന്ന് ഞാൻ നിങ്ങളോടു പറയുന്നു...." (മത്താ 5, 33-35). "കണ്ണിനുപകരം കണ്ണ്, പല്ലിനുപകരം പല്ല്, എന്നു പറയപ്പെട്ടതായി നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ, ദുഷ്ടനെ എതിർക്കരുത് എന്നു ഞാൻ നിങ്ങളോടുപറയുന്നു...." (മത്താ. 5, 38-40). "നിന്റെ അയൽക്കാരനെ സ്നേഹിക്കുക, നിന്റെ ശത്രുവിനെ ദ്വേഷിക്കുക എന്നു പറയപ്പെട്ടതായി നിങ്ങൾ കേട്ടിട്ടുണ്ടല്ലോ? എന്നാൽ, ഞാൻ നിങ്ങളോടുപറയുന്നു നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുവിൻ.." (മത്താ. 5, 43-45).

വിജാതിയരുടെയിടയിലെ രീതിയല്ല, തന്റെ അനുയായികൾക്ക് വ്യത്യസ്തമായ ജീവിത രീതിയാണുള്ളതെന്ന് യേശു പഠിപ്പിക്കുന്നു. "വിജാതിയരുടെ ഭരണകർത്താക്കൾ അവരുടെമേൽ യജമാനത്വം പുലർത്തുന്നുവെന്നും അവരുടെ പ്രമാണികൾ അവരുടെമേൽ അധികാരം പ്രയോഗിക്കുന്നുവെന്നും നിങ്ങൾക്കറിയാമല്ലോ. എന്നാൽ, നിങ്ങളുടെയിടയിൽ അങ്ങനെയാകരുത്" (മർക്കോ 10, 42-43). ജനങ്ങൾക്ക് കിട്ടിയിരിക്കുന്ന അറിവ് തെറ്റാണ്, അവർ പഠിച്ചിരിക്കുന്നത് പൂർണ്ണമായിട്ടുള്ളതല്ല, എന്നു മനസ്സിലാക്കി അത് തിരുത്തുവാൻ യേശു ശ്രമിക്കുകയാണിവിടെ. നിലവിലിരിക്കുന്ന ധാരണകൾക്കും, വിശ്വാസങ്ങൾക്കും, സാമൂഹ്യ നിയമങ്ങൾക്കുമെതിരെ ശബ്ദമുയർത്തുക ആയാസകരമാണെന്നറിയാമെങ്കിലും, അവ തെറ്റാണെങ്കിൽ അതിലെ പോരായ്മകൾ പരിഹരിക്കാനുള്ള ധൈര്യം യേശു പ്രകടിപ്പിച്ചിരുന്നു. ഇന്നലെവരെ മനസ്സിലാക്കിയതിൽ നിന്നും തികച്ചും വ്യത്യസ്തവും നൂതനവുമായ ഒരാശയം നൽകിയപ്പോൾ ജനം അത് സ്വീകരിച്ചെങ്കിൽ അതിനുകാരണം യേശുവിന്റെ പ്രബോധനങ്ങൾ ആധികാരികമായി അവർക്ക് തോന്നിയതാണ്.

വികലവും അപൂർണ്ണവുമായ അറിവാണ് വിദ്യാർത്ഥികൾക്കുള്ളതെങ്കിൽ അത് മാറ്റിയെടുക്കാനുള്ള ഉത്തരവാദിത്വം അദ്ധ്യാപകനുണ്ട്. അവർക്ക് ലഭിച്ചിരിക്കുന്ന തെറ്റായ അറിവിന്റെ സ്ഥാനത്ത് ശരിയായതും കാലോചിതവുമായ അറിവ് നൽകാൻ അദ്ധ്യാപകന് സാധിക്കണം. തെറ്റായ അറിവ് വച്ചുപുലർത്തുന്നത് അപകടകരമാണ്. വിദ്യാർത്ഥികൾ ഏതെങ്കിലും കാരണവശാൽ തെറ്റായി മനസ്സിലാക്കിയിട്ടുണ്ടെങ്കിൽ അത് തിരുത്തിക്കൊടുക്കേണ്ടതാണ്. നിലവിലിരിക്കുന്ന ധാരണകൾ തിരുത്തുക സുഗമമല്ലെങ്കിലും, ആവശ്യമെന്നുകണ്ടാൽ അദ്ധ്യാപകൻ അതിന് തയ്യാറാകണം.





## 15. സ്വരഭേദവും, അംഗവിക്ഷേപവും

സാഹചര്യമനുസരിച്ചും വിഷയത്തിന്റെ പ്രാധാന്യമനുസരിച്ചും യേശു സ്വരം മാറ്റി പഠിപ്പിക്കുന്നതായി നാം കാണുന്നു. വിതക്കാരന്റെ ഉപമ പറഞ്ഞിട്ട് യേശു സ്വരമുയർത്തി അവരോടു സംസാരിക്കുകയാണ്. "തുടർന്ന് അവൻ സ്വരമുയർത്തിപ്പറഞ്ഞു, കേൾക്കാൻ ചെവിയുള്ളവൻ കേൾക്കട്ടെ" (ലൂ. 8, 8). അപ്പോൾ, അതിനുമുമ്പ് പറഞ്ഞത് സ്വരം താഴ്ത്തിയായിരുന്നെന്ന് വ്യക്തമാണ്.

വ്യത്യസ്തമായ സ്വരങ്ങളിലാണ് യേശു സംസാരിക്കുന്നത്. "യേശു ഉച്ചത്തിൽ വിളിച്ചുപറഞ്ഞു, എന്നിൽ വിശ്വസിക്കുന്നവൻ എന്നിലല്ല, എന്നെ അയച്ചവനിലാണ് വിശ്വസിക്കുന്നത്"(യോഹ. 12, 44). യേശു ഇക്കാര്യം വിളിച്ചുപറയുകയായിരുന്നെന്നാണ് വി. യോഹന്നാൻ രേഖപ്പെടുത്തുന്നത്. വൈവിധ്യം അദ്ധ്യാപനരീതികളിൽമാത്രമല്ല, സ്വരത്തിലും ആവശ്യമാണെന്ന് യേശുവിനറിയാമായിരുന്നു. പഠിപ്പിക്കൽ കൂടുതൽ ആകർഷണിയമാക്കാൻ സ്വരം വ്യത്യാസപ്പെടുത്തി പഠിപ്പിക്കുക ആവശ്യമാണ്. മുഴുവൻ സമയവും ഒരേ സ്വരത്തിൽ പഠിപ്പിച്ചാൽ പലരും ശ്രദ്ധിക്കുകയില്ലെന്നുമാത്രമല്ല, പ്രധാനപ്പെട്ടവയും അപ്രധാനപ്പെട്ടവയും തമ്മിൽ തിരിച്ചറിയുകയുമില്ല.

ആവശ്യമായ അംഗവിക്ഷേപങ്ങൾ കാണിക്കാനും യേശു മറന്നില്ല. വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയെ കൊണ്ടുവന്നപ്പോൾ യേശു കുനിഞ്ഞ് നിലത്ത് എഴുതിക്കൊണ്ടിരിക്കുകയായിരുന്നെങ്കിലും, അവളെ കൊണ്ടുവന്നവരോടു സംസാരിക്കേണ്ടിവന്നപ്പോൾ നിവർന്ന് അവരോടു സംസാരിക്കുകയാണ്. "അവർ ആവർത്തിച്ച് ചോദിച്ചുകൊണ്ടിരുന്നതിനാൽ അവൻ നിവർന്ന് അവരോടു പറഞ്ഞു, നിങ്ങളിൽ പാപം ഇല്ലാത്തവൻ ആദ്യം അവളെ കല്ലെറിയട്ടെ" (യോഹ. 8, 7). ഇതുപറഞ്ഞിട്ട് വീണ്ടും നിലത്ത് കുനിഞ്ഞിരുന്ന് എഴുതിക്കൊണ്ടിരുന്ന യേശു സ്ത്രീയോടു സംസാരിക്കുന്നതിനായി വീണ്ടും നിവരുകയാണ്. "അവൻ വീണ്ടും കുനിഞ്ഞ് നിലത്ത് എഴുതിക്കൊണ്ടിരുന്നു. യേശു നിവർന്ന് അവളോടു ചോദിച്ചു. സ്ത്രീയേ, അവരെല്ലാം എവിടെ?" (യോഹ. 8, 10). അവരോടു സംസാരിക്കാൻ വിവിധ ശാരീരിക നിലപാടുകളാണ് യേശു സ്വീകരിക്കുന്നത്.

ആളുകളുടെ ശ്രദ്ധ പിടിക്കുവാനായി അവരുടെ നേരെ നോക്കി പഠിപ്പിക്കുന്ന രീതിയും യേശുവിനുണ്ടായിരുന്നു. "അവൻ ശിഷ്യരുടെ നേരെ കണ്ണു

www.malankaralibrary.com



കളുയർത്തി അരുളിചെയ്തു" (ലൂ. 6,20). ഗുരു തങ്ങളെ വീക്ഷിക്കുന്നെന്നു കണ്ടാൽ ശിഷ്യന്മാർ ശ്രദ്ധിച്ചിരിക്കും. അതിനാൽ ശിഷ്യന്മാരുടെ നേരെ നോക്കി പഠിപ്പിക്കുന്നതിൽ വളരെ പ്രാധാന്യമുണ്ട്. അധരങ്ങൾ മാത്രമല്ല, ശരീരത്തിലെ മിക്കവാറും എല്ലാ അവയവങ്ങളും അദ്ധ്യാപനത്തിനായി യേശു ഉപയോഗിച്ചിരുന്നു. ശരീരത്തിന്റെ മുഴുവൻ ഭാഗഭാഗിത്വവും പഠിപ്പിക്കലിൽ ഉണ്ടാകേണ്ടതാണ്. അധരങ്ങൾ കൊണ്ടു മാത്രമല്ല പഠിപ്പിക്കുന്നത്. അതിനാൽ, ആവശ്യമായ സ്വരഭേദവും അംഗവിക്ഷേപവും അദ്ധ്യാപനത്തിൽ ഉണ്ടാകേണ്ടതാണ്.

### 16. താരതമ്യപഠനം

ഉപമകളും ദൃഷ്ടാന്തങ്ങളും യേശു താരതമ്യപഠനത്തിനുവേണ്ടി ഉപയോഗിച്ചതാണ്. യേശുവിന് വെളിപ്പെടുത്താനുണ്ടായിരുന്ന പല ദൈവിക സത്യങ്ങളും മനുഷ്യന് അഗ്രാഹ്യമായതിനാൽ, അവ സുപരിചിതങ്ങളായ പലതുമായി താരതമ്യം ചെയ്ത് പഠിപ്പിക്കുകയാണ്. താരതമ്യപഠനത്തിനായി പഴയനിയമകാലഘട്ടത്തിലെ പല പ്രതീകങ്ങൾപോലും യേശു ഉപയോഗിക്കുന്നുണ്ട്.

ജീവന്റെ അപ്പത്തെ പഴയനിയമകാലഘട്ടത്തിലെ മന്നായുമായി യേശു താരതമ്യം ചെയ്യുന്നുണ്ട്. "നിങ്ങളുടെ പിതാക്കന്മാർ മരുഭൂമിയിൽ വച്ച് മന്നാ ഭക്ഷിച്ചു. എങ്കിലും അവർ മരിച്ചു... ഇതു ഭക്ഷിക്കുന്നവൻ മരിക്കുകയില്ല" (യോ. 6, 49-50). മന്നായിൽ നിന്ന് ജീവന്റെ അപ്പത്തെ വേർതിരിച്ചുകാണാൻ ഈ താരതമ്യ പ്രബോധനം സഹായിച്ചു. സോളമനുമായി യേശു തന്നെത്തന്നെ താരതമ്യം ചെയ്യുന്നുണ്ട്. "സോളമന്റെ വിജ്ഞാനം ശ്രവിക്കാൻ അവൾ ഭൂമിയുടെ അതിർത്തികളിൽ നിന്ന് വന്നെത്തി. ഇതാ, ഇവിടെ സോളമനേക്കാൾ വലിയവൻ" (മത്താ. 12, 42). പടയാളികൾ യേശുവിനെ പിടികൂടിയപ്പോൾ ശിഷ്യന്മാർ ഓടിപ്പോയ സംഭവം സഖറിയാ പ്രവാചകന്റെ പുസ്തകത്തിൽ എഴുതപ്പെട്ട ഭാഗവുമായി താരതമ്യപ്പെടുത്തുകയാണ് - "യേശു അവരോടു പറഞ്ഞു: ഈ രാത്രിയിൽ നിങ്ങൾക്കെല്ലാവർക്കും എന്നിൽ ഇടർച്ചയുണ്ടാകും. എന്തെന്നാൽ, ഞാൻ ഇടയനെ അടിക്കും; ആടുകൾ ചിതറിപ്പോകും എന്നെഴുതിയിരിക്കുന്നു" (മത്താ. 26, 31). പ്രവാചക ഗ്രന്ഥങ്ങളിൽ തന്നെക്കുറിച്ച് എഴുതിയിരിക്കുന്നതെല്ലാം വായിച്ചിട്ട് അതുമായിട്ട് യേശു തന്റെ ജീവിതത്തെ താരതമ്യപ്പെടുത്തുന്നുണ്ട്. "നിങ്ങൾ കേട്ടിരിക്കെത്തന്നെ ഇന്ന് ഈ തിരുവെഴുത്ത് നിറവേറിയിരിക്കുന്നു" (ലൂ. 4, 21).





അതുപോലെ, അനുദിന ജീവിതത്തിലെ പല യാഥാർത്ഥ്യങ്ങളുമായി താരതമ്യം ചെയ്ത് യേശു ദൈവിക സത്യങ്ങൾ പഠിപ്പിക്കുന്നുണ്ട്. രണ്ടു യജമാനന്മാരെ സേവിക്കുവാൻ സാധിക്കുകയില്ലെന്ന് പറഞ്ഞിട്ട് ദൈവത്തേയും മാമോനേയും സേവിക്കുവാൻ സാധിക്കുകയില്ലെന്ന് പഠിപ്പിക്കുന്നു (മത്താ 6, 24). വിതക്കാരന്റെ ഉപമയിലൂടെ നാലുതരം വയലുകളെക്കുറിച്ച് പറഞ്ഞിട്ട്, ദൈവവചനത്തോടു നാലു തരത്തിൽ പ്രതികരിക്കുന്നവരെക്കുറിച്ച് പറയുന്നു (മർക്കോ. 4, 1-9). നല്ല അയൽക്കാരനെ നല്ല സമരിയാക്കാരനുമായി താരതമ്യം ചെയ്യുന്നു (ലൂ. 10, 25-37). കാണാതായ ആടിന്റേയും, നഷ്ടപ്പെട്ട നാണയത്തിന്റേയും, ധൂർത്തപുത്രന്റേയും ഉപമയിലൂടെ ദൈവത്തിന് പാപികളോടുള്ള കാരുണ്യം വ്യക്തമാക്കുന്നു (ലൂ. 15). പത്തു കന്യകകളുടെ ഉപമയിലെ വിവേകവതികളായ അഞ്ചു കന്യകമാരെ ജാഗരൂകരായിരിക്കുന്നവരോടും, വിവേകശൂന്യകളായ അഞ്ചു കന്യകമാരെ ജാഗരൂകതയില്ലാത്തവരോടും യേശു താരതമ്യം ചെയ്യുന്നു (മത്താ. 25, 1-13). നല്ലയിടയന്റെ പ്രത്യേകതകളെല്ലാം വിവരിച്ചിട്ട് യേശു, താൻ നല്ലയിടയനാണെന്ന് സമർത്ഥിക്കുന്നു (യോഹ. 10, 7-18).

മനുഷ്യന് വേഗം മനസ്സിലാകുന്ന താരതമ്യങ്ങളിലൂടെയും ഉപമകളിലൂടെയും പഠിപ്പിക്കുക യേശുവിന്റെ ശൈലിയായിരുന്നു. എത്ര അഗ്രാഹ്യമായ ആശയങ്ങളും അധികം വിശദീകരണമില്ലാതെതന്നെ എളുപ്പത്തിൽ ഗ്രഹിപ്പിക്കാൻ താരതമ്യപഠനവും പഠിപ്പിക്കലും സഹായിക്കും.

### 17. ലളിതമായവയിൽ നിന്ന് സങ്കീർണ്ണതയിലേക്ക്

അറിയപ്പെടുന്നവയിൽ നിന്ന് അറിയപ്പെടാത്തവയിലേക്കും (Known to unknown) ലളിതമായതിൽ നിന്ന് സങ്കീർണ്ണതയിലേക്കും (Simple to complex) നയിക്കുന്നതായിരുന്നു യേശുവിന്റെ അദ്ധ്യാപനരീതി. കുട്ടികൾക്ക് അറിയാവുന്ന കാര്യങ്ങളിൽ നിന്നാരംഭിച്ച് ക്രമേണ അവർക്ക് അഗ്രാഹ്യമായ മണ്ഡലങ്ങളിലേയ്ക്ക് അവരെ നയിക്കണം. ഗഹനങ്ങളും സങ്കീർണ്ണങ്ങളുമായ ആശയങ്ങൾകൊണ്ട് തുടങ്ങിയാൽ സമർത്ഥരായവർക്കുപോലും അത് പിന്തുടരുവാനും മനസ്സിലാക്കുവാനും പ്രയാസമായിരിക്കും. അദ്ധ്യാപനത്തിന്റെ മനഃശാസ്ത്രമറിയാവുന്ന യേശു ആളുകൾക്കറിയാവുന്ന കൊച്ചുകൊച്ചു കാര്യങ്ങൾ പറഞ്ഞിട്ട് ക്രമേണ ഗഹനങ്ങളായ കാര്യങ്ങളിലേക്ക് കടക്കുകയായിരുന്നു.

സ്വർഗ്ഗരാജ്യത്തെ സംബന്ധിക്കുന്ന രഹസ്യങ്ങൾ നേരിട്ട് പഠിപ്പിച്ചാൽ ജനങ്ങൾക്ക് മനസ്സിലാവുകയില്ലെന്നറിയാവുന്ന യേശു, വയലിലെ കളകളുടേയും,

www.malankaralibrary.com



വലയിലകപ്പെട്ട മത്സ്യങ്ങളുടേയും, പത്തുകന്യകമാരുടേയും, മഹാവിരുന്നിന്റേയുമൊക്കെ ഉപമകൾ പറഞ്ഞ് സ്വർഗ്ഗരാജ്യത്തെക്കുറിച്ച് പഠിപ്പിക്കുന്നു. കാണാതായ ആടിന്റേയും, നഷ്ടപ്പെട്ട നാണയത്തിന്റേയും, മുടിയനായ പുത്രന്റേയുമൊക്കെ ഉപമകൾ പറയുവാൻ കാരണം ലളിതമായ ഈ ചിത്രങ്ങളിലൂടെയല്ലാതെ, ദൈവത്തിന്റെ സ്നേഹത്തെക്കുറിച്ച് എത്രവിവരിച്ചാലും ജനങ്ങൾക്ക് മനസ്സിലാവുകയില്ല എന്നതാണ്.

അയൽക്കാരനാരാണെന്നും, അവരോട് എങ്ങനെ വർത്തിക്കണമെന്നും, ധനവാന്റേയും ലാസറിന്റേയും വളരെ ലളിതമായ ഉപമകളിലൂടെയും നല്ല സമരിയാക്കാരന്റെ ദൃഷ്ടാന്തത്തിലൂടേയും യേശു പഠിപ്പിക്കുകയാണ്. അരാണ് അയൽക്കാരൻ എന്നുള്ള അറിവ് അവർക്ക് വേഗം ലഭിക്കാൻ ഇടയായത് നല്ല സമരിയാക്കാരന്റെ ഉപമയാണ്. ലളിതമായ ഈ ഉപമയിലൂടെയല്ലാതെ, അയൽക്കാരനെക്കുറിച്ച് എത്ര വർണ്ണിച്ചാലും അതവർക്ക് ഗ്രഹിക്കുവാൻ കഴിയുമായിരുന്നില്ല. ജനങ്ങൾക്ക് അജ്ഞാതമായ സ്വർഗ്ഗീയ അപ്പത്തെക്കുറിച്ച് പഠിപ്പിക്കുന്നതിന്, അപ്പം വർദ്ധിപ്പിച്ച് അവർക്ക് നൽകികൊണ്ട് ഭൗതികമായ അപ്പത്തിന്റെ അറിവാൽ ആരംഭിക്കുകയാണ്. അങ്ങനെ, അറിയാവുന്ന സത്യങ്ങളിൽ നിന്ന് അറിയാൻ പാടില്ലാത്ത രഹസ്യങ്ങളിലേക്ക് നയിക്കുന്ന അദ്ധ്യാപനരീതിയായിരുന്നു യേശുവിന്റേത്.

ലളിതമായ ആശയങ്ങളിൽ നിന്ന് സങ്കീർണ്ണമായ ആശയങ്ങളിലേക്കുള്ള കടന്നുകയറ്റമായിരിക്കണം അദ്ധ്യാപനം. സങ്കീർണ്ണമായ ആശയങ്ങൾകൊണ്ടാരംഭിച്ചാൽ അദ്ധ്യാപനത്തിന് പുരോഗതി ഉണ്ടാവുകയില്ലെന്നുമാത്രമല്ല, അതിന് ആരംഭംപോലും കുറിക്കാനാവില്ല. അതിനാൽ, ജനങ്ങൾക്ക് അറിയാവുന്നതും, അവർക്ക് വേഗം മനസ്സിലാകുന്നതുമായ ആശയങ്ങൾ കൊണ്ടായിരിക്കണം പഠിപ്പിക്കൽ ആരംഭിക്കുന്നതിന്.

### 18. പ്രോത്സാഹനം അദ്ധ്യാപനത്തിൽ

അഭിനന്ദിക്കേണ്ടവരെ അഭിനന്ദിക്കുന്നതിൽ യേശു ഒരിക്കലും ലുബ്ധ് വരുത്തിയിരുന്നില്ല. അവസരോചിതവും അർഹവുമായ പ്രോത്സാഹനം മറ്റുള്ളവരെ വളർത്തുമെന്ന് യേശു മനസ്സിലാക്കിയിരുന്നു. അഭിനന്ദിക്കേണ്ടവരെ അഭിനന്ദിക്കുകയും പ്രോത്സാഹിപ്പിക്കേണ്ടവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന അനേകം സന്ദർഭങ്ങൾ സുവിശേഷങ്ങളിൽ കാണാൻ സാധിക്കും.





ഒരു മനുഷ്യനെ അഭിനന്ദിക്കാവുന്നതിൽവച്ച് ഏറ്റവും ശ്രേഷ്ഠമായ രീതിയിൽതന്നെ യേശു സ്നാപകയോഹന്നാനെ അഭിനന്ദിക്കുകയാണ്. "സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, സ്ത്രീകളിൽ നിന്ന് ജനിച്ചവരിൽ സ്നാപകയോഹന്നാനേക്കാൾ വലിയവൻ ഉണ്ടായിട്ടില്ല" (മത്താ. 11, 11; ലൂ 7, 28). ലോകത്തിലുള്ള എല്ലാ മനുഷ്യരും സ്ത്രീകളിൽ നിന്ന് ജനിച്ചവരാണ്. അപ്പോൾ ലോകത്തിലുള്ള എല്ലാ മനുഷ്യരേക്കാളും വലിയവൻ ആണ് സ്നാപകയോഹന്നാൻ എന്ന് യേശു പ്രസ്താവിക്കുകയാണ്. ഇതിനേക്കാൾ മനോഹരമായി ആർക്കും ഒരു മനുഷ്യനേയും അഭിനന്ദിക്കാനാവില്ല. സ്നാപകയോഹന്നാൻ പ്രവാചകരേക്കാൾ ശ്രേഷ്ഠനാണെന്ന് പറഞ്ഞും യേശു പ്രശംസിക്കുന്നുണ്ട്. "അല്ലെങ്കിൽ, പിന്നെ എന്തിനാണ് നിങ്ങൾ പോയത്? പ്രവാചകനെ കാണാനോ? അതേ, ഞാൻ പറയുന്നു പ്രവാചകനേക്കാൾ വലിയവനെത്തന്നെ" (മത്താ. 11, 9, ലൂക്കോ 7, 26). "കത്തിജ്ജ്വലിക്കുന്ന ഒരു വിളക്കായിരുന്നു അവൻ" (യോ. 5, 35) എന്നുപറഞ്ഞും യേശു യോഹന്നാനെ അവതരിപ്പിക്കുന്നുണ്ട്.

തന്റെ ഭൃത്യനെ സുഖപ്പെടുത്തണമെന്നാവശ്യപ്പെട്ടുവരുന്ന ശതാധിപന്റെ വിശ്വാസംകണ്ട് ആശ്ചര്യപ്പെട്ട്, തന്നെ അനുഗമിച്ചിരുന്നവരോടു പറഞ്ഞു, "സത്യമായി ഞാൻ നിങ്ങളോടുപറയുന്നു, ഇതുപോലുള്ള വിശ്വാസം ഇസ്രായേലിൽപ്പോലും ഞാൻ കണ്ടിട്ടില്ല" (മത്താ. 8, 10; ലൂ. 7, 9). ഏറ്റവും കൂടുതൽ വിശ്വാസമുള്ളവരായ ഇസ്രായേല്യരുടെയിടയിലുള്ളതിനേക്കാൾ കൂടുതൽ വിശ്വാസം ശതാധിപനിലുണ്ടെന്ന് പറഞ്ഞ് അവനെ ആദരിക്കുകയാണ്. ശതാധിപനും കേൾവിക്കാർക്കും തങ്ങളുടെ വിശ്വാസത്തിൽ തുടരുവാൻ ഈ പ്രസ്താവന വലിയ പ്രോത്സാഹനമായി.

ഇതുപോലെ, കാനാൻകാരിയുടെ വിശ്വാസത്തേയും യേശു പ്രശംസിക്കുന്നുണ്ട്. "യേശുപറഞ്ഞു, സ്ത്രീയേ, നിന്റെ വിശ്വാസം വലുതാകുന്നു" (മത്താ. 15, 28). ഒരു പക്ഷേ, തന്റെ മകളെ യേശു സൗഖ്യമാക്കിയതിൽ നിന്ന് ലഭിച്ച സന്തോഷത്തേക്കാൾ കൂടുതൽ അവൾക്ക് ലഭിച്ചത് തന്റെ വിശ്വാസത്തെക്കുറിച്ച് യേശുവിൽ നിന്ന് ലഭിച്ച പ്രശംസയിൽ നിന്നായിരിക്കും. ഒരു രക്തസ്രാവക്കാരി യേശുവിന്റെ വസ്ത്രത്തിലെങ്കിലും തൊട്ടാൽ സുഖം പ്രാപിക്കുമെന്ന വിശ്വാസത്തിൽ യേശുവിന്റെ വസ്ത്രത്തിൽ തൊട്ടു. ഉടനെ, നിന്നെ രക്ഷപ്പെടുത്താൻ തക്കതുപോലെ നിന്റെ വിശ്വാസം വലിയതാണെന്ന് പറഞ്ഞ് യേശു അവളേയും അഭിനന്ദിക്കുന്നു. "യേശുപറഞ്ഞു, മകളേ, നിന്റെ വിശ്വാസം

www.malankaralibrary.com



നിന്നെ രക്ഷിച്ചിരിക്കുന്നു" (ലൂ.8, 48). അവളുടെ വിശ്വാസത്തിന് ലഭിച്ച വലിയ അംഗീകാരമായിരുന്നു യേശുവിന്റെ ഈ പ്രസ്താവന.

നിഷ്കപടമായ ജീവിതത്തിന് നത്താനിയേലിനും യേശുവിന്റെ പ്രശംസയും അംഗീകാരവും ലഭിച്ചു. "നത്താനിയേൽ തന്റെ അടുക്കലേക്കു വരുന്നതുകണ്ട് യേശു അവനെപ്പറ്റി ഇങ്ങനെ പറഞ്ഞു, ഇതാ, കാപട്യമില്ലാത്ത ഒരു യഥാർത്ഥ ഇസ്രായേൽക്കാരൻ" (യോഹ. 1, 47). യേശുവിന്റെ പരസ്യമായുള്ള അഭിനന്ദനം നത്താനിയേലിനെ അത്ഭുതപ്പെടുത്തുകയുണ്ടായി. ബുദ്ധിപൂർവ്വമായ മറുപടിയുടെ പേരിൽ ഒരു നിയമജ്ഞനേയും യേശു അഭിനന്ദിക്കുന്നുണ്ട്. "അയാൾ ബുദ്ധിപൂർവ്വം മറുപടി പറഞ്ഞു എന്നു മനസ്സിലാക്കിയ യേശു പറഞ്ഞു, നീ ദൈവരാജ്യത്തിൽ നിന്ന് അകലെയല്ല"(മർക്കോ. 12, 34). ദൈവരാജ്യം അവകാശമാക്കാൻ തക്ക യോഗ്യത അവനുണ്ടെന്ന് പറഞ്ഞാണ് യേശു അവനെ പ്രശംസിക്കുന്നത്.

ബഥാനിയായിൽ വച്ച് സുഗന്ധതൈലംകൊണ്ട് തന്നെ അഭിഷേകം ചെയ്ത സ്ത്രീയേയും യേശു പ്രശംസിക്കുന്നു. "ഇവൾ എനിക്കുവേണ്ടി ഒരു നല്ലകാര്യം ചെയ്തിരിക്കുന്നു.. സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ലോകത്തിലെവിടെയെല്ലാം ഈ സുവിശേഷം പ്രസംഗിക്കപ്പെടുമോ അവിടെയെല്ലാം ഇവൾചെയ്ത കാര്യവും ഇവളുടെ സ്മരണയ്ക്കായി പ്രസ്താവിക്കപ്പെടും" (മത്താ. 26, 10-13). അവൾ ചെയ്തത് ഒരു മഹനീയകൃത്യമാണെന്ന് യേശു ഇവിടെ വിളംബരം ചെയ്യുകയാണ്.

തന്റെ ചോദ്യത്തിന് കൃത്യമായ ഉത്തരം നൽകിയ പത്രോസിനേയും സമൂഹമദ്ധ്യത്തിൽ പ്രശംസിക്കുന്നതിന് യേശു മറന്നില്ല. "യേശു അയാളോട് അരുളിചെയ്തു, യോനായുടെ പുത്രനായ ശിമയോനേ, നീ ഭാഗ്യവാൻ! എന്തുകൊണ്ടെന്നാൽ, മാംസരക്തങ്ങളല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവാണ് നിനക്ക് ഇത് വെളിപ്പെടുത്തിത്തന്നത്" (മത്താ. 16, 17). പത്രോസിന്റേത് ദൈവികമായ കാഴ്ചപ്പാടുകളാണെന്നും, അവൻ ഭാഗ്യവാനാണെന്നും, സ്വർഗ്ഗസ്ഥനായ പിതാവ് സ്വർഗ്ഗീയ രഹസ്യങ്ങൾ വെളിപ്പെടുത്തികൊടുക്കുവാൻ തക്കതുപോലെ അവൻ ദൈവത്തിന് പ്രിയങ്കരനാണെന്നുമാണ് ഇവിടുത്തെ വിവക്ഷ.

അങ്ങനെ, ഏതെങ്കിലും വിധത്തിൽ അഭിനന്ദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടവരെയെല്ലാം യേശു അഭിനന്ദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതായി കാണുന്നുണ്ട്. ശരിയായ പ്രോത്സാഹനം ഏതു വ്യക്തിയേയും വളർത്തും. അവസരോചിതമായ പ്രശംസ ശരിയായി പഠിക്കുന്നതിന് വിദ്യാർത്ഥികളെ പ്രേരിപ്പിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യുമെന്നതിനാൽ അദ്ധ്യാപകൻ ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.





## 19. ശിക്ഷണം അദ്ധ്യാപനത്തിൽ

ശകാരിക്കേണ്ടവരെ ശകാരിക്കുവാനും, ശിക്ഷിക്കേണ്ടവരെ ശിക്ഷിക്കുവാനും, തിരുത്തേണ്ടവരെ തിരുത്തുവാനും യേശു ഭയപ്പെട്ടിരുന്നില്ല. തെറ്റ് ആരിൽ കണ്ടാലും മുഖം നോക്കാതെ അത് വിമർശിക്കുവാൻ യേശു തയ്യാറായി. നിയമജ്ഞരുടേയും ഫരിസേയരുടേയും കപടതയെ യേശു ശക്തിയായി വിമർശിക്കുന്നുണ്ട്. "കപടനാട്യക്കാരായ നിയമജ്ഞരേ, ഫരിസേയരേ, നിങ്ങൾക്കു ദുരിതം" (മത്താ. 23,13). അന്ധരായ മാർഗ്ഗദർശികളേ, അന്ധരേ, അന്ധരും മൂഢരുമായവരേ, കപടനാട്യക്കാരേ, സർപ്പങ്ങളേ, അണലി സന്താനങ്ങളേ, തുടങ്ങിയ പ്രയോഗങ്ങളാൽ തിന്മയ്ക്കെതിരെ യേശു ആഞ്ഞടിക്കുകയാണ് (മത്താ. 23, 13-33). ആത്മാർത്ഥതയില്ലാത്ത നിയമജ്ഞരേയും ഫരിസേയരേയും വെള്ളയടിച്ച ശവകുടീരങ്ങളോടുപമിച്ച് അവർക്കെതിരെ പോരാടുകയാണ്. "നിങ്ങൾ വെള്ളയടിച്ച കുഴിമാടങ്ങൾക്ക് സദൃശ്യരാകുന്നു" (മത്താ. 23, 27). തെറ്റു തെറ്റാണെന്ന് പറയുവാനും, അത് തിരുത്തുവാനും യേശു കാണിക്കുന്ന ധൈര്യം ഏതൊരു വ്യക്തിയേയും അത്ഭുതപ്പെടുത്തും.

ജറുസലേം ദേവാലയം അശുദ്ധമാക്കിയവരെ മാതൃകാപരമായി ശിക്ഷിക്കുന്നതായി കാണുന്നുണ്ട്. "തിന്മപ്രവർത്തിക്കുന്നവരെയെല്ലാം ദേവാലയത്തിൽ നിന്ന് പുറത്താക്കുകയും, അവരുടെ ഇരിപ്പിടങ്ങളും ഉപകരണങ്ങളുമെല്ലാം തട്ടിമറിച്ചിടുകയും ചെയ്തു" (മത്താ. 21, 12-13, മർക്കോ-11, 15-17). ശിക്ഷ നടപ്പാക്കുന്നതിൽ വ്യക്തികളോ, സ്ഥലങ്ങളോ ഒന്നും ഒരു പ്രതിബന്ധമായിരുന്നില്ല. ആരുടേയും മുഖം നോക്കാതെ ഓരോരുത്തർക്കും അർഹിക്കുന്ന ശിക്ഷ നൽകിയിരുന്നു. ഒരുപക്ഷെ, പാവപ്പെട്ടവരോടുള്ളതിനേക്കാൾ ശിക്ഷണകാര്യത്തിൽ കാർക്കശ്യം കാണിച്ചിരുന്നത് സമൂഹത്തിലെ പ്രമാണിമാരോടാണ്.

തന്റെ പദ്ധതികൾക്കുവിരുദ്ധമായി തന്നെ ഉപദേശിക്കുകയും പ്രേരിപ്പിക്കുയും ചെയ്ത തന്റെ വത്സലശിഷ്യനായ പത്രോസിനെപ്പോലും "സാത്താനേ" എന്നുവിളിച്ച് ശകാരിക്കാൻ യേശുക്രിസ്തു വിമുഖത കാട്ടിയില്ല. "യേശു

www.malankaralibrary.com



തിരിഞ്ഞ് പത്രോസിനെ ശാസിച്ചുകൊണ്ടുപറഞ്ഞു, സാത്താനേ എന്റെ മുമ്പിൽനിന്ന് പോകൂ, നീ എനിക്ക് പ്രതിബന്ധമാകുന്നു. നീ ചിന്തിക്കുന്നത് ദൈവത്തിന്റെ കാര്യങ്ങളല്ല, മനുഷ്യന്റെ കാര്യങ്ങളാണ്" (മത്താ. 16, 23; മർക്കോ. 8, 33). പത്രോസിന് ദൈവിക ചിന്ത നൽകാൻ ഈ ശകാരം ആവശ്യമായിരുന്നെന്ന് തുടർന്നുള്ള സംഭവങ്ങൾ വ്യക്തമാക്കുന്നുണ്ട്. കാരണം, അതിനുശേഷം പത്രോസ് ഒരിയ്ക്കലും ആ വിധത്തിൽ ചിന്തിച്ചിട്ടില്ല. പത്രോസിനെ ശരിയായ മാർഗ്ഗത്തിലൂടെ നയിക്കാൻ ആ ശാസന ഉപകരിച്ചു.

എന്നാൽ, യേശു ആരേയും ശിക്ഷിക്കാൻ വേണ്ടി ശിക്ഷിച്ചതല്ല. യേശു ശിക്ഷിച്ചത് രക്ഷിക്കാൻവേണ്ടിയായിരുന്നു. രക്ഷ മുന്നിൽ കണ്ടുകൊണ്ടുള്ള ശിക്ഷയാണ് നടപ്പിലാക്കിയിരുന്നത്. ദൈവത്തിന്റെ ശിക്ഷാനടപടികൾ എപ്പോഴും ഈ വിധത്തിലുള്ളതാണ്. ദൈവത്തിന്റെ ആദ്യശിക്ഷാനടപടിതന്നെ അത് വ്യക്തമാക്കുന്നു. ആദ്യപാപത്തിന് ആദിമാതാപിതാക്കളായ ആദത്തേയും, ഹൗവ്വായേയും ശിക്ഷിക്കുന്നത് അവരെ രക്ഷിക്കാനുള്ള പദ്ധതികൾ ആദ്യം തയ്യാറാക്കിയശേഷമാണ് (ഉല്പ. 3, 14-24). രക്ഷിക്കാൻവേണ്ടി ശിക്ഷിക്കുക എന്നുള്ളതായിരിക്കണം ശിക്ഷയുടെ ലക്ഷ്യം. വ്യക്തിയെയല്ല, തെറ്റിനെയാണ് വെറുക്കേണ്ടതും, ശിക്ഷിക്കേണ്ടതും.

യേശു നടപ്പിലാക്കിയ ശിക്ഷാനടപടികൾ അനുകൂലമായ പ്രതിഫലമാണ് ഉളവാക്കിയത്. ശിക്ഷകൾ പ്രതികൂല ഫലം സൃഷ്ടിക്കുന്നുണ്ടോയെന്നുകൂടി ശിക്ഷിക്കുന്നവർ ശ്രദ്ധിച്ചിരിക്കേണ്ടതാണ്. ശിക്ഷകളെ ഭയന്ന് ഒളിച്ചോട്ടവും, ആത്മഹത്യയുമൊക്കെ അവലംബിക്കുന്നവരുടെ എണ്ണം കൂടിവരുന്ന ഈ കാലഘട്ടത്തിൽ ശിക്ഷ നടപ്പിലാക്കുന്നത് വളരെ ശ്രദ്ധാപൂർവ്വമായിരിക്കണം. ശിക്ഷിക്കുന്നത് രക്ഷിക്കാൻവേണ്ടിയാണ് എന്ന തിരിച്ചറിവ് ശിക്ഷിക്കുന്നവനും ശിക്ഷ സ്വീകരിക്കുന്നവനും ഉണ്ടാകണം.

### 20. ഉൾക്കൊള്ളാനാവുന്നത്രയും.

അറിയാവുന്നതെല്ലാം പഠിപ്പിച്ചുതീർക്കുകയെന്നല്ല, കേൾവിക്കാരുടെ കഴിവും ആവശ്യവുമനുസരിച്ച് പഠിപ്പിക്കുക എന്നതായിരുന്നു യേശുവിന്റെ ലക്ഷ്യം. പഠിപ്പിക്കുന്ന കാര്യം സ്വായത്തമാക്കാനുള്ള കഴിവ് കേൾവിക്കാർക്കില്ലെങ്കിൽ പിന്നെ പഠിപ്പിച്ചിട്ടു കാര്യമില്ല. ശിഷ്യന്മാരുടെ ഗ്രഹണശക്തി നോക്കിയാണ് യേശു പഠിപ്പിച്ചിരുന്നത്. ശിഷ്യന്മാർക്ക് പഠിപ്പിക്കുന്ന കാര്യങ്ങൾ





ഉൾക്കൊള്ളാനുള്ള കഴിവില്ലെന്നുകണ്ടാൽ കഴിവുണ്ടാകുന്ന സമയത്തേക്ക് യേശു ആ അദ്ധ്യാപനം നീട്ടിവച്ചിരുന്നു.

"ഇനിയും വളരെകാര്യങ്ങൾ എനിക്ക് നിങ്ങളോട് പറയുവാനുണ്ട്. എന്നാൽ, അവ ഉൾക്കൊള്ളാൻ ഇപ്പോൾ നിങ്ങൾക്ക് കഴിയുകയില്ല" (യോഹ. 16, 12). ധാരാളം കാര്യങ്ങൾ ശിഷ്യന്മാരോടു പറയുവാനുണ്ടായിരുന്നെങ്കിലും അവ ഉൾക്കൊള്ളാനുള്ള കഴിവ് അവർക്കില്ലെന്നു മനസ്സിലാക്കിയ യേശു അത്തരം ശ്രമത്തിൽ നിന്ന് പിന്തിരിയുകയാണ്.

ഉൾക്കൊള്ളാൻ കഴിയാവുന്നത്രയും അറിവ് ഉൾക്കൊള്ളാൻ കഴിയാവുന്നവിധത്തിൽ, ഉൾക്കൊള്ളാൻ കഴിയുന്ന സമയത്ത് നൽകണം. ഗ്രഹിക്കുവാൻ കഴിവില്ലാതിരിക്കുന്ന സമയത്ത്, ഉൾക്കൊള്ളാൻ കഴിയാത്ത കാര്യങ്ങൾ അവ എത്ര പ്രധാനപ്പെട്ടവയാണെങ്കിലും, പഠിപ്പിച്ചതുകൊണ്ട് പ്രയോജനമില്ല. അദ്ധ്യാപകന്റെ അറിവും കഴിവുമനുസരിച്ചല്ല, കുട്ടികളുടെ കഴിവും ആവശ്യവുമനുസരിച്ചായിരിക്കണം പഠിപ്പിക്കേണ്ടത്.

### 21. ജ്ഞാനയോഗത്തിൽ നിന്ന് കർമ്മയോഗത്തിലേക്ക്.

പ്രായോഗിക ജീവിതത്തിനുവേണ്ട വ്യക്തമായ ചില നിർദ്ദേശങ്ങളോടെയാണ് യേശുക്രിസ്തു പ്രബോധനങ്ങളെല്ലാം അവസാനിപ്പിച്ചിരുന്നത്. അറിവും ജ്ഞാനവുമൊക്കെ അതിൽതന്നെ ഒതുക്കിനിർത്താതെ, അതിന്റെ അടിസ്ഥാനത്തിൽ അനുദിന ജീവിതത്തിൽ എന്തുമാറ്റമാണ് വരുത്തേണ്ടതെന്ന് യേശു നിർദ്ദേശിച്ചിരുന്നു. എല്ലാ പ്രബോധനങ്ങളും എന്തെങ്കിലും ചെയ്യാൻ പ്രേരിപ്പിക്കുന്നതും, അതിന് ആഹ്വാനം ചെയ്യുന്നതുമായിരുന്നു.

നല്ല സമരിയാക്കാരനെ അവതരിപ്പിച്ചിട്ട് നല്ല സമരിയാക്കാരനെപ്പോലെ പ്രവർത്തിക്കുവാൻ യേശു ജനങ്ങളെ ഉത്ബോധിപ്പിക്കുകയാണ്. "യേശു പറഞ്ഞു, നീയും പോയി അതുപോലെ ചെയ്യുക" (ലൂ. 10,37). വെറുതെയൊരു ഉപമ പറഞ്ഞ് അവസാനിപ്പിക്കുകയല്ല, അതിന്റെ അടിസ്ഥാനത്തിൽ എന്തു ചെയ്യണമെന്ന് വ്യക്തമായ നിർദ്ദേശം നൽകുകയാണ്.

വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയെ ഉപദേശിച്ച് യേശു അയയ്ക്കുന്നത് ഇനിമേൽ പാപം ചെയ്യരുത് എന്ന് പറഞ്ഞുകൊണ്ടാണ്. "യേശുപറഞ്ഞു, പൊയ്ക്കൊള്ളുക. ഇനിമേൽ പാപം ചെയ്യരുത്" (യോഹ. 8,11). ജീവിതത്തിൽ

www.malankaralibrary.com



ഒരു മാറ്റത്തിനുള്ള ആഹ്വാനമാണ് യേശു ഇവിടെ നൽകുന്നത്. യേശു ശിഷ്യന്മാരുടെ പാദങ്ങൾ കഴുകുകയും ശുശ്രൂഷയെക്കുറിച്ച് പഠിപ്പിക്കുകയും ചെയ്തിട്ട് പരസ്പരം പാദങ്ങൾ കഴുകുവാൻ ആവശ്യപ്പെടുകയാണ്. "നിങ്ങളുടെ കർത്താവും ഗുരുമായ ഞാൻ നിങ്ങളുടെ പാദങ്ങൾ കഴുകിയെങ്കിൽ, നിങ്ങളും പരസ്പരം പാദങ്ങൾ കഴുകേണ്ടിയിരിക്കുന്നു" (യോഹ. 13, 14). പരസ്പരം പാദങ്ങൾ കഴുകുന്ന സ്ഥിതി വിശേഷത്തിൽ ശിഷ്യന്മാർ എത്തുന്നതിനാണ് യേശു അവരുടെ പാദങ്ങൾ കഴുകിയതും ശുശ്രൂഷയെക്കുറിച്ച് പഠിപ്പിച്ചതും.

പിശാചുബാധിതനെ സുഖമാക്കുകയും പലകാര്യങ്ങളും ബോധ്യപ്പെടുത്തുകയും ചെയ്തിട്ട്, ഭാവിയിൽ എങ്ങനെ ജീവിയ്ക്കണമെന്നതിന് വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയാണ് അയയ്ക്കുന്നത്. "നീ വീട്ടിലേക്ക് തിരിച്ചുപോയി ദൈവം നിനക്ക് ചെയ്തതെന്തെന്ന് അറിയിക്കുക" (ലൂ. 8,39; മർക്കോ. 5, 19). വിതക്കാരന്റെ ഉപമ അരുൾചെയ്തശേഷം അതിന്റെ അടിസ്ഥാനത്തിൽ വിശദമായ ഒരു പ്രഭാഷണം നടത്തിയിട്ട്, താൻ പറഞ്ഞത് ചെവിക്കൊള്ളാനും ആഹ്വാനം ചെയ്യുകയാണ്. "തുടർന്ന് അവൻ സ്വരമുയർത്തിപ്പറഞ്ഞു: കേൾക്കാൻ ചെവിയുള്ളവൻ കേൾക്കട്ടെ!" (ലൂ. 8,8).

ദൈവത്തിന്റെ മഹാകരുണയെക്കുറിച്ച് ശിഷ്യന്മാരെ പഠിപ്പിച്ചിട്ട് അവരോടും കരുണയുള്ളവരായിരിക്കാൻ യേശു ഉപദേശിക്കുന്നു. "നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ" (ലൂ. 6, 36). നിർദ്ദയനായ ഭൃത്യന്റെ ഉപമയിലൂടെ ദൈവത്തിന്റെ ദീർഘക്ഷമയും മഹാകരുണയും വിവരിച്ചിട്ട് മറ്റുള്ളവരോടു ക്ഷമിക്കുവാനുള്ള നിർദ്ദേശം നൽകുകയാണ്. "നിങ്ങൾ സഹോദരനോടു ഹൃദയപൂർവ്വം ക്ഷമിക്കുന്നില്ലെങ്കിൽ എന്റെ സ്വർഗ്ഗസ്ഥനായ പിതാവ് നിങ്ങളോടും ഇതുപോലെ തന്നെ പ്രവർത്തിക്കും" (മത്താ. 18, 35).

തന്നെ സമീപിച്ച ധനികനായ യുവാവിനെ നിത്യജീവൻ പ്രാപിക്കാനുള്ള മാർഗ്ഗങ്ങൾ പഠിപ്പിച്ചിട്ട് അവൻ അത്യാവശ്യമായും ഉടൻതന്നെ പ്രായോഗികമാക്കേണ്ടതെന്തെന്ന് യേശു ചൂണ്ടിക്കാണിക്കുന്നു. "പോയി നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്കുകൊടുക്കുക. പിന്നെ വന്ന് എന്നെ അനുഗമിക്കുക" (മത്താ. 19,21; മർക്കോ 10, 21). വെറുതെ കുറെ കാര്യങ്ങൾ അവൻ കേട്ടുകൊണ്ടുപോയിട്ട് പ്രയോജനമില്ലെന്നറിയാവുന്ന ക്രിസ്തു കൃത്യമായി പ്രവർത്തിക്കുവാൻ





അവനെ പറഞ്ഞയക്കുകയാണ്. ബഥ്സയ്ദാ കുളക്കരയിൽ വച്ച് സൗഖ്യം കിട്ടിയ രോഗിക്കും ചില പ്രായോഗിക നിർദ്ദേശങ്ങൾ നൽകിയാണ് യേശു അയയ്ക്കുന്നത്. "യേശു പറഞ്ഞു, നോക്കൂ, നീ സൗഖ്യം പ്രാപിച്ചിരിക്കുന്നു. കൂടുതൽ മോശമായതൊന്നും സംഭവിക്കാതിരിക്കാൻ മേലിൽ പാപം ചെയ്യരുത്" (യോഹ. 5, 14).

തന്റെ ശിഷ്യന്മാർക്ക് ആവശ്യമായ പരിശീലനം നൽകിയിട്ട് അവർക്ക് വ്യക്തമായ ചുമതലകൾ നൽകിയാണ് യേശു ജനങ്ങളുടെയിടയിലേക്ക് അയയ്ക്കുന്നത്. "ഈ പന്ത്രണ്ടുപേരേയും യേശു ഇപ്രകാരം ചുമതലപ്പെടുത്തി അയച്ചു (മത്താ. 10,5). ഏതുവിധത്തിൽ ലോകത്തിൽ പ്രവർത്തിയ്ക്കണമെന്നതിനും വ്യക്തമായ കല്പന യേശു ശിഷ്യന്മാർക്ക് നൽകുന്നുണ്ട്. "ചെന്നായ്ക്കളുടെയിടയിലേക്ക് ചെമ്മരിയാടുകളെ എന്നപോലെ ഞാൻ നിങ്ങളെ അയയ്ക്കുന്നു. അതിനാൽ, നിങ്ങൾ സർപ്പങ്ങളെപ്പോലെ വിവേകികളും, പ്രാവുകളെപ്പോലെ നിഷ്കളങ്കരുമാകുവിൻ" (മത്താ. 10, 16). യേശു ശിഷ്യന്മാരെ പഠിപ്പിച്ചത്, അവർ വെറും അറിവുള്ളവരായി ജീവിക്കാനല്ല, അറിവിനനുസരിച്ച് ജീവിക്കുവാനാണ്.

അറിവ് പ്രായോഗിക ജീവിതത്തിലേക്ക് കടന്നുവരുന്നില്ലായെങ്കിൽ അതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. അറിവ് ജീവിക്കാൻ വേണ്ടിയാണ്. ജീവിതത്തെ സഹായിക്കാത്ത അറിവ് അറിവല്ല. പുതിയ അറിവന്റെ അടിസ്ഥാനത്തിൽ ജീവിത രീതിയിൽ മാറ്റമുണ്ടാകണം. ജ്ഞാനം കർമ്മത്തിലേക്ക് നയിക്കണം. വിദ്യാർത്ഥികളെ കർമ്മപഥത്തിലെത്തിക്കാൻ സഹായിക്കുന്നതായിരിക്കണം ഒരദ്ധ്യാപകന്റെ പഠിപ്പിക്കൽ. അറിവിന്റെ സ്വാഭാവിക പരിണാമം കർമ്മമായിരിക്കണം. അതിനു തക്കതുപോലെയായിരിക്കണം അദ്ധ്യാപകൻ പഠിപ്പിക്കുന്നത്.

www.malankaralibrary.com



4

# ക്രിസ്തുവിന്റെ അദ്ധ്യാപനത്തിന്റെ പ്രത്യേകത

യേശുവിന്റെ അദ്ധ്യാപനം വളരെ സവിശേഷമായിരുന്നു. വളരെ അസാധാരണവും അനന്യവുമായ ആ പ്രബോധനത്തിൽ വിശിഷ്ടങ്ങളായ ധാരാളം ഘടകങ്ങൾ കണ്ടെത്താനാകും. ഏതൊരദ്ധ്യാപകനും അനുകരിക്കാവുന്നതും അനുകരിക്കേണ്ടതുമായ നിരവധി മാതൃകകൾ യേശുവിന്റെ പ്രബോധനത്തിൽ ദൃശ്യമാണ്.

### 1. ബോധ്യമുള്ളത് പഠിപ്പിക്കുക, പഠിപ്പിച്ചവയിൽ ഉറച്ചുനിൽക്കുക

മറ്റുള്ളവർക്ക് ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും, സത്യമായിട്ടുള്ളതും തനിക്ക് ബോധ്യമായിട്ടുള്ളതുമായ കാര്യങ്ങൾ പഠിപ്പിക്കുന്നതിൽ യേശു ബദ്ധശ്രദ്ധനായിരുന്നു. തനിക്ക് പറയാനുള്ളത് മുഖംനോക്കാതെ പറയാനുള്ള ധൈര്യം യേശുവിനുണ്ടായിരുന്നു. പ്രതിഷേധങ്ങളുടേയും വിമർശനങ്ങളുടേയും പേരിൽ പറഞ്ഞവ മാറ്റിപ്പറയുവാനോ, വളച്ചൊടിക്കുവാനോ, വ്യത്യസ്തമായി വ്യാഖ്യാനിക്കാനോ ക്രിസ്തു ഒരുക്കമായിരുന്നില്ല.

പ്രധാന പുരോഹിതൻ യേശുവിനെ കൊല്ലുവാനായി വിചാരണ നടത്തിയപ്പോഴും താൻ പഠിപ്പിച്ചവയിൽ നിന്ന് വ്യതിചലിക്കുവാൻ യേശു തയ്യാറായില്ല. ഞാൻ അങ്ങനെയല്ല പഠിപ്പിച്ചത്, ഞാൻ അങ്ങനെയല്ല അർത്ഥമാക്കിയത് എന്നൊക്കെപ്പറഞ്ഞ് യേശുവിന് വേണമെങ്കിൽ ന്യായവിധിയിൽ നിന്ന് രക്ഷ





പ്പെടാമായിരുന്നു. എന്നാൽ, താൻ പഠിപ്പിച്ചത് പഠിപ്പിച്ചില്ലെന്ന് പറയുവാനോ, മാറ്റി പഠിപ്പിക്കുവാനോ യേശു തയ്യാറായിരുന്നില്ല. “അപ്പോൾ പ്രധാനാചാര്യൻ യേശുവിനെ അവന്റെ ശിഷ്യരെയും പ്രബോധനത്തെയും കുറിച്ച് ചോദ്യം ചെയ്തു. യേശു മറുപടിപറഞ്ഞു, ഞാൻ പരസ്യമായിട്ടാണ് ലോകത്തോടു സംസാരിച്ചിട്ടുള്ളത്.. രഹസ്യമായി ഞാൻ ഒന്നും സംസാരിച്ചിട്ടില്ല... ഞാൻ പറഞ്ഞതെന്താണെന്ന് കേട്ടവരോടു ചോദിക്കുക. ഞാൻ എന്താണ് പറഞ്ഞതെന്ന് അവർക്കറിയാം” (യോഹ. 18, 19-21). തന്നെ ശ്രവിച്ചവർ പറയുന്നതിൽ നിന്ന് വ്യത്യസ്തമായി ഒന്നും തനിക്ക് പറയാനില്ലെന്നായിരുന്നു യേശുക്രിസ്തുവിന്റെ നിലപാട്. യേശുവിന് ഒന്നും ഒളിക്കുവാനുണ്ടായിരുന്നില്ല. രഹസ്യമായിട്ടൊന്നും പരസ്യമായിട്ട് മറ്റൊന്നുമായിരുന്നില്ല പഠിപ്പിച്ചിരുന്നത്. താൻ പറഞ്ഞതിന് സാക്ഷിയും തെളിവും കേട്ടവരാണ്.

എതിർപ്പുകളും പ്രതിസന്ധികളുമുണ്ടായാലും പറയാനുള്ളത് പറയുകയും, പറഞ്ഞ കാര്യങ്ങളിൽ ഉറച്ചുനിൽക്കുകയും ചെയ്യുക യേശുവിനെപ്പോലെയുള്ള പ്രഗത്ഭനും ആദർശവാനും ധൈര്യശാലിയുമായ ഒരു ഗുരുവിന് മാത്രമേ സാധിക്കൂ.

### 2. കുറ്റമറ്റ അദ്ധ്യാപനം

യേശുക്രിസ്തുവിന്റെ പ്രബോധനത്തിൽ ആർക്കും തെറ്റുകൾ കണ്ടെത്താൻ കഴിഞ്ഞിരുന്നില്ല. പിഴവുകളും കുറവുകളുമില്ലാത്ത പ്രബോധനരീതിയായിരുന്നു ക്രിസ്തുവിന്റേത്. താൻ പറയുന്നത് സത്യമാണെന്നും ആർക്കും തന്നിൽ കുറ്റമാരോപിക്കാൻ കഴിയില്ലെന്നും ക്രിസ്തുവിനറിയാമായിരുന്നു. “ഞാൻ സത്യംപറയുന്നതുകൊണ്ട് നിങ്ങൾ എന്നെ വിശ്വസിക്കുന്നില്ല. നിങ്ങളിൽ ആർക്ക് എന്നിൽ പാപം ആരോപിക്കാൻ കഴിയും” (യോഹ. 8, 45-46). താൻ പഠിപ്പിച്ചത് നൂറുശതമാനവും ശരിയാണെന്ന് ബോധ്യമുള്ള, തെറ്റുണ്ടെങ്കിൽ തിരുത്തുവാൻ സന്നദ്ധനായ വ്യക്തിക്കുമാത്രമേ ഇപ്രകാരം ജനങ്ങളെ വെല്ലുവിളിക്കാൻ സാധിക്കൂ.

യേശുവിന്റെ പ്രബോധനത്തിൽ തെറ്റുകണ്ടുപിടിക്കാൻ ചാരന്മാർ ശ്രമിച്ചിട്ടുപോലും സാധിച്ചില്ല. “അവർ നീതിമാന്മാരെന്നു ഭാവിക്കുന്ന ചാരന്മാരെ അയച്ച് അവനെ ഗവർണ്ണറുടെ അധികാരത്തിനും വിധിക്കും ഏൽപ്പിച്ചുകൊടുക്കത്തക്കവിധം അവന്റെ വാക്കിൽ നിന്ന് എന്തെങ്കിലും പിടിച്ചെടുക്കാൻ അവ

www.malankaralibrary.com



സരം കാത്തിരുന്നു... ജനങ്ങളുടെ സാന്നിദ്ധ്യത്തിൽവച്ച് അവനെ ഒരുവാക്കിൽപോലും കുടുക്കുവാൻ അവർക്ക് സാധിച്ചില്ല" (ലൂ. 20, 20-26). "പീലാത്തോസ് പ്രധാനപുരോഹിതന്മാരോടും ജനക്കൂട്ടത്തോടും പറഞ്ഞു, ഞാൻ ഈ മനുഷ്യനിൽ ഒരു കുറ്റവും കാണുന്നില്ല" (ലൂ. 23, 4). "ഇതാ, നിങ്ങളുടെ മുമ്പിൽവച്ച് തന്നെ ഇവനെ ഞാൻ വിസ്തരിച്ചു. നിങ്ങൾ ആരോപിക്കുന്ന കുറ്റങ്ങളിൽ ഒന്നുപോലും അവനിൽ ഞാൻ കണ്ടില്ല. ഹേറോദേസും കണ്ടില്ല" (ലൂ. 23, 14).

താൻ പഠിപ്പിച്ചവയിൽ തെറ്റുണ്ടെങ്കിൽ തെളിയിക്കുവാനായി പ്രധാനാചാര്യന്മാരെപ്പോലും യേശു വെല്ലുവിളിക്കുന്നുണ്ട്. "യേശു അവനോടു പറഞ്ഞു, ഞാൻ തെറ്റായി സംസാരിച്ചുവെങ്കിൽ തെറ്റു തെളിയിക്കുക" (യോഹ. 18, 23). താൻ പഠിപ്പിച്ചവയിൽ തെറ്റില്ലെന്നും, തെറ്റുണ്ടെങ്കിൽ തിരുത്തുവാൻ തയ്യാറാണെന്നുമുള്ള ധ്വനിയാണ് യേശുവിന്റെ ഈ പ്രഖ്യാപനത്തിലുള്ളത്. താൻ പഠിപ്പിച്ചത് ശരിയാണെന്ന് നൂറുശതമാനവും ഉറപ്പുള്ള വ്യക്തിക്കുമാത്രമേ ഇപ്രകാരമുള്ള ഒരു വെല്ലുവിളി ഉയർത്താനാകൂ.

യേശുക്രിസ്തുവിന്റെ എതിരാളികൾക്കുപോലും യേശുവിന്റെ പഠിപ്പിക്കലിൽ കുറ്റമാരോപിക്കാൻ കഴിഞ്ഞില്ല. ആർക്കും ഒരു തെറ്റും കണ്ടുപിടിക്കാൻ കഴിയാത്തവിധത്തിലുള്ളതായിരിക്കണം ഒരദ്ധ്യാപകന്റെ പ്രബോധനം.

### 3. ന്യായമായ വികാരപ്രകടനം

യേശുക്രിസ്തു വികാരങ്ങൾക്ക് അടിമപ്പെട്ടിരുന്നില്ലെങ്കിലും, ന്യായമായ വികാരങ്ങൾ പ്രകടിപ്പിച്ചിരുന്നു. മാനുഷികമായ എല്ലാവികാരങ്ങളും മാന്യമായ രീതിയിൽ പ്രകടിപ്പിച്ചുകൊണ്ട് യേശുക്രിസ്തു പൂർണ്ണമനുഷ്യനുമാണെന്ന് തെളിയിച്ചു. സ്നേഹം, കരുണ, കോപം, ദുഃഖം, സഹതാപം തുടങ്ങിയ എല്ലാ വികാരങ്ങളും യേശുവിൽ ദൃശ്യമാണ്.

ഫരിസേയരുടെ പ്രതികരണത്തിലും മനോഭാവത്തിലും യേശു ദുഃഖവും കോപവും, പ്രകടിപ്പിക്കുന്നതായി കാണുന്നുണ്ട്. "അവരുടെ ഹൃദയകാഠിന്യത്തിൽ ദുഃഖിച്ച് അവരുടെ നേരെ കോപത്തോടെ നോക്കിക്കൊണ്ട്, അവൻ ആ മനുഷ്യനോടുപറഞ്ഞു..." (മർക്കോ, 3. 5). ഒരേ സമയം യേശു ദുഃഖവും, കോപവും പ്രകടിപ്പിക്കുകയാണ്. തന്റെ അനുഗ്രഹം വാങ്ങാനായി തന്റെയടുക്കൽ വന്ന ശിശുക്കളെ ശകാരിച്ച ശിഷ്യന്മാരോടും യേശു കോപിച്ച് സംസാരിക്കുന്നുണ്ട്. "ഇതുകണ്ടപ്പോൾ യേശു കോപിച്ച് അവരോടു പറഞ്ഞു" (മർക്കോ. 10, 14)





ഫരിസേയർ സ്വർഗ്ഗത്തിൽ നിന്ന് അടയാളം ആവശ്യപ്പെട്ടപ്പോൾ യേശു യഥാർത്ഥത്തിൽ ദുഃഖിച്ചു. വളരെ വേദനയോടും നെടുവീർപ്പോടുമാണ് യേശു അതിന് മറുപടി നൽകുന്നത്. "അവൻ ആത്മാവിൽ അഗാധമായി നെടുവീർപ്പിട്ടുകൊണ്ട് പറഞ്ഞു, എന്തുകൊണ്ടാണ് ഈ തലമുറ അടയാളം അന്വേഷിക്കുന്നത്?" (മർക്കോ. 8, 12). ഇത്രയും അടയാളങ്ങൾ കാണിച്ചിട്ടും തന്നിൽ വിശ്വാസം വരാതെ വീണ്ടും സ്വർഗ്ഗത്തിൽ നിന്ന് അടയാളം ആവശ്യപ്പെട്ടതിലുള്ള വേദനയാണ് യേശു ഇവിടെ പ്രകടിപ്പിക്കുന്നത്.

ലാസറിന്റെ മരണത്തിൽ ദുഃഖിതയായ മറിയത്തെ കണ്ടപ്പോൾ യേശു നെടുവീർപ്പിടുകയും അസ്വസ്ഥനാവുകയും ചെയ്യുന്നുണ്ട്. "അവളും അവളോടു കൂടി വന്ന യഹൂദരും കരയുന്നതുകണ്ടപ്പോൾ യേശു ആത്മാവിൽ നെടുവീർപ്പിട്ടുകൊണ്ട് അസ്വസ്ഥനായി ചോദിച്ചു..." (യോഹ. 11, 33). മറ്റുള്ളവരുടെ വികാരങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ദുഃഖിക്കുകയും കരയുന്നവരോടുകൂടി കരയുകയും ചെയ്യുന്ന ഒരു ക്രിസ്തുവിനെയാണ് ഇവിടെ കണ്ടെത്തുക. വെറുമൊരു വികാരജീവിയായിരുന്നില്ല ക്രിസ്തു. മാനുഷിക വികാരങ്ങൾ, വികാരങ്ങൾക്ക് പൂർണ്ണമായി അടിപ്പെടാതെതന്നെ, പ്രയോഗിക്കുന്നതായി ലാസറിന്റെ കല്ലറയിൽ വ്യക്തമായി കാണാം. അക്ഷരാർത്ഥത്തിൽതന്നെ ലാസറിന്റെ കുഴിമാടത്തിന്നരികെ യേശു കരയുന്നതായി കാണുന്നു. "യേശു കണ്ണുനീർ പൊഴിച്ചു. അപ്പോൾ യഹൂദർ പറഞ്ഞു, നോക്കുക, അവൻ എത്രമാത്രം അവനെ സ്നേഹിച്ചിരുന്നു..."(യോഹ. 11, 35-36). സ്നേഹമെന്ന വികാരവും അവിടെ യേശു പ്രകടിപ്പിച്ചത് യഹൂദരെപ്പോലും അത്ഭുതപ്പെടുത്തുകയാണ്. "യേശു വീണ്ടും നെടുവീർപ്പിട്ടുകൊണ്ട് ശവകുടീരത്തിങ്കൽ വന്നു" (യോഹ. 11, 38).

യൂദാസിന്റെ വഞ്ചനയെക്കുറിച്ച് മുന്നറിയിപ്പ് നൽകുമ്പോഴും യേശു അസ്വസ്ഥനായി കാണപ്പെടുന്നുണ്ട്. "ഇതു പറഞ്ഞപ്പോൾ യേശു ആത്മാവിൽ അസ്വസ്ഥനായി" (യോ. 13, 21). താൻ സ്നേഹിക്കുന്ന തന്റെ വത്സല ശിഷ്യരിൽ ഒരാൾ തന്നെ ഒറ്റിക്കൊടുക്കുന്നതിലുള്ള മനോവേദനയാണ് ഈ അസ്വസ്ഥതയ്ക്ക് കാരണം.

www.malankaralibrary.com



വികാരങ്ങൾ വിചാരങ്ങളെ കീഴ്പ്പെടുത്തുവാൻ യേശു ഒരിക്കലും അനുവദിച്ചിരുന്നില്ലെങ്കിലും,വിവിധ വികാരങ്ങൾക്ക് യേശു വിധേയനായി. മറ്റുള്ളവരുടെ വികാരങ്ങൾ ഉൾക്കൊള്ളുക, അവരെ സ്വന്തമാക്കാനുള്ള ഒരു ഉപാധി കൂടിയാണ്. വികാരങ്ങളില്ലാത്ത വ്യക്തി മനുഷ്യനല്ല. വിവിധ ജീവിതാവസ്ഥയ്ക്കനുസരിച്ച് വിവിധ വികാരങ്ങൾ മാന്യമായി പ്രകടിപ്പിക്കുകയും, മറ്റുള്ളവരുടെ വികാരങ്ങൾ ഉൾക്കൊണ്ട് അതിൽ പങ്കുചേരുകയും ചെയ്യുക അദ്ധ്യാപകന്റെ കടമയാണ്.

### 4. സമയോചിതമായ പ്രബോധനം

പ്രബോധനങ്ങൾ യഥാസമയം നൽകുന്നതിന് യേശു ശ്രമിച്ചിരുന്നു. പറയരുതാത്തത് പറയുകയോ, പറയാനുള്ളത് അനവസരത്തിൽ പറയുകയോ ചെയ്യുന്ന സ്വഭാവം യേശുവിനുണ്ടായിരുന്നില്ല. ഓരോ പ്രബോധനവും എപ്പോഴാണ് നൽകേണ്ടതെന്ന് യേശുവിന് വ്യക്തമായ പ്ലാനുണ്ടായിരുന്നു. "ഇക്കാര്യങ്ങൾ ആരംഭത്തിലേ നിങ്ങളോടു പറയാതിരുന്നത് ഞാൻ നിങ്ങളോടുകൂടി ഉണ്ടായിരുന്നതുകൊണ്ടാണ്" (യോഹ. 16, 4). ഓരോന്നും അതിന്റെ ആവശ്യം വരുമ്പോഴാണ് പഠിപ്പിക്കുന്നത്. നേരത്തെ പഠിപ്പിക്കേണ്ട ആവശ്യമില്ലാതിരുന്നതുകൊണ്ടാണ് നേരത്തെ പഠിപ്പിക്കാതിരുന്നതെന്ന് യേശു പറയുന്നു. എന്നാൽ, യേശു ശിഷ്യന്മാരെ വിട്ടുപോകുന്ന സമയം സമാഗതമായതിനാൽ അവരെ പഠിപ്പിക്കേണ്ട സാഹചര്യം വന്നു. ആരംഭത്തിൽ പറയേണ്ട ആവശ്യമില്ലാതിരുന്നതുകൊണ്ട് പറയാതിരുന്ന കാര്യങ്ങൾ, ഇപ്പോൾ ആവശ്യം വന്നപ്പോൾ പറയുകയാണ്.

എന്നാൽ ചിലകാര്യങ്ങൾ ഉടനെ പഠിപ്പിച്ചിട്ട് ആവശ്യമില്ലെങ്കിലും ഭാവിയെ മുന്നിൽകണ്ടുകൊണ്ട് മുൻകൂട്ടി പഠിപ്പിക്കുന്നുണ്ട്. "അവരുടെ സമയം വരുമ്പോൾ, ഇതു ഞാൻ പറഞ്ഞിരുന്നുവെന്ന് നിങ്ങൾ ഓർമ്മിക്കുവാൻ വേണ്ടി ഞാൻ ഇത് നിങ്ങളോടു പറഞ്ഞിരിക്കുന്നു" (യോഹ 16, 4). സമയമാകുമ്പോൾ ഓർമ്മിക്കാൻ വേണ്ടിയാണ് ഇവിടെ ഈ പ്രബോധനം മുൻകൂട്ടി നൽകുന്നത്.

അങ്ങനെ, പറയണ്ടാത്ത കാര്യങ്ങൾ പറയാതിരിക്കുന്നതിലും, പറയേണ്ടവ അവസരത്തിനൊത്തു പറയുന്നതിലും യേശു വിജയിച്ചിരുന്നു. ഇപ്പോൾ പറയേണ്ടത് പിന്നീട് പറയുകയോ, പിന്നീട് പറയേണ്ടത് ഇപ്പോൾ പറയുകയോ, ജനങ്ങളോടു പറയേണ്ടത് അവരോടു പറയാതിരിക്കുകയോ, ശിഷ്യന്മാരോടു പറയേണ്ടത് പറയാതിരിക്കുകയോ ചെയ്യുന്ന സ്വഭാവമൊന്നും യേശുവിനുണ്ടാ





യിരുന്നില്ല. അവശ്യസമയത്ത് അറിവും മാർഗ്ഗനിർദ്ദേശങ്ങളും ലഭിക്കുന്നില്ലെങ്കിൽ പിന്നീട് കിട്ടിയതുകൊണ്ട് പ്രയോജനമില്ല. അതിനാൽ ആവശ്യസമയത്ത് ആവശ്യമായ അറിവും ഉപദേശങ്ങളും നൽകുക എന്നത് അദ്ധ്യാപകന്റെ കടമയാണ്. എന്തുപറയണം, എന്തുപറയാതിരിക്കണം, എപ്പോൾ പറയണം, എപ്പോൾ പറയാതിരിക്കണം എന്നൊക്കെ അദ്ധ്യാപകൻ അറിഞ്ഞിരിക്കേണ്ടതാണ്.

### 5. സമയോചിതമായ ചോദ്യങ്ങൾ

ചോദ്യങ്ങൾ എപ്പോഴാണ് ചോദിക്കേണ്ടത് എന്നതിനെ സംബന്ധിച്ച് യേശു ക്രിസ്തുവിന് വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു. അനവസരത്തിലുള്ള ചോദ്യങ്ങൾ ഒഴിവാക്കിയിരുന്നു. ചില ചോദ്യങ്ങൾ മനസ്സിൽ വച്ചുകൊണ്ട് അത് ചോദിക്കുവാനുള്ള അവസരത്തിനുവേണ്ടി കാത്തിരുന്നു.

തങ്ങളിൽ വലിയവനാരെന്നതിനെക്കുറിച്ച് വഴിയിൽ വച്ച് ശിഷ്യന്മാരുടെയിടയിൽ തർക്കമുണ്ടായെങ്കിലും അതിനെക്കുറിച്ച് യേശു ചോദിക്കുന്നത് വീട്ടിൽ വന്നതിനുശേഷമാണ്. "അവൻ വീട്ടിലായിരുന്നപ്പോൾ അവരോടുചോദിച്ചു, വഴിയിൽ വച്ച് എന്തിനെക്കുറിച്ചാണ് നിങ്ങൾ തമ്മിൽ തർക്കിച്ചിരുന്നത്" (മർക്കോ. 9, 33). ഇതിനെക്കുറിച്ച് വഴിയിൽ വച്ചുതന്നെ ചോദിക്കുന്നത് ശരിയല്ലെന്നു മനസ്സിലാക്കിയായിരിക്കണം വീട്ടിലെ ശാന്തമായ അന്തരീക്ഷത്തിൽ വച്ച് യേശു ഈ ചോദ്യം ചോദിക്കുന്നത്. വഴിയിൽ വച്ചുതന്നെ ചോദിച്ചിരുന്നെങ്കിൽ ഒരുപക്ഷെ അത് മറ്റൊരു തർക്കത്തിന് അങ്കം കുറിക്കുമായിരുന്നു.

ചോദ്യോത്തരങ്ങളെല്ലാം സ്ഥലകാല ബോധത്തോടെയാണ് യേശു നടത്തുന്നത്. സാഹചര്യത്തിനനുസരിച്ചുള്ള ചോദ്യങ്ങൾ, ചോദിക്കാൻ പറ്റിയ സാഹചര്യത്തിൽ വച്ച് കൃത്യമായി യേശു ചോദിച്ചിരുന്നു. ഏതു നല്ലകാര്യമാണെങ്കിലും അത് അനവസരത്തിലുള്ളതാണെങ്കിൽ വിപരീതഫലം മാത്രമേ ഉളവാക്കുകയുള്ളൂ. ചോദിക്കേണ്ടവ എപ്പോൾ, എവിടെവച്ച്, എങ്ങനെ ചോദിക്കണം എന്ന് ഒരദ്ധ്യാപകൻ നിർബന്ധമായും അറിഞ്ഞിരിക്കേണ്ടതാണ്.

### 6. പ്രബോധനത്തിലൂടെയുള്ള മുന്നറിയിപ്പ്

അപകടങ്ങളിൽ ഉൾപ്പെടാതിരിക്കുന്നതിന് യേശു ശിഷ്യന്മാർക്ക് ആവശ്യമായ മുന്നറിയിപ്പ് നൽകുന്നുണ്ട്. എവിടേക്ക് പോകണമെന്നും, എവിടേക്ക് പോകരുതെന്നും, പോകുന്നിടത്ത് എന്തെല്ലാം ചെയ്യണമെന്നുമൊക്കെ യേശു

www.malankaralibrary.com



കൃത്യമായി പറഞ്ഞയയ്ക്കുന്നുണ്ട്. "നിങ്ങൾ വിജാതിയരുടെയടുക്കലേക്ക് പോകരുത്; സമറിയാക്കാരുടെ പട്ടണത്തിൽ പ്രവേശിക്കുകയുമരുത്. പ്രത്യുത, ഇസ്രായേൽ വംശത്തിലെ നഷ്ടപ്പെട്ടുപോയ ആടുകളുടെ അടുക്കലേക്ക് പോകുവിൻ. പോകുമ്പോൾ, സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു എന്നു പ്രസംഗിക്കുവിൻ.." (മത്താ. 10, 5-14). വളരെ കൃത്യമായ മുന്നറിയിപ്പുകളാണ് യേശു ഇവിടെ ശിഷ്യന്മാർക്ക് നൽകുന്നത്.

ഭാവിയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചും, സ്വീകരിക്കേണ്ട മുൻകരുതലുകളെക്കുറിച്ചും യേശു ശിഷ്യന്മാർക്ക് നിർദ്ദേശം നൽകുന്നുണ്ട്. തന്നെ കൂടാതെ അവർക്ക് ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യേണ്ടിവരുമ്പോൾ അവർക്ക് അപകടങ്ങളുണ്ടാകാതിരിക്കാനും, ജീവിതത്തിൽ വിജയം ഉണ്ടാകുന്നതിനുംവേണ്ടിയാണ് യേശു ആവശ്യമായ മുന്നറിയിപ്പ് നൽകുന്നത്. "ചെന്നായ്ക്കളുടെ ഇടയിലേക്ക് ചെമ്മരിയാടുകളെ എന്നപോലെ ഞാൻ നിങ്ങളെ അയയ്ക്കുന്നു. അതിനാൽ നിങ്ങൾ സർപ്പങ്ങളെപ്പോലെ വിവേകികളും, പ്രാവുകളെപ്പോലെ നിഷ്കളങ്കരുമായിരിക്കുവിൻ. മനുഷ്യരെ സൂക്ഷിച്ചുകൊള്ളുവിൻ..." (മത്താ. 10, 16-23). ജീവിതത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളെല്ലാം ഇവിടെ പറഞ്ഞുകൊടുക്കുകയാണ്. ആരെ ഭയപ്പെടണമെന്നും, ആരെ ഭയപ്പെടേണ്ടതില്ലെന്നും യേശു മുന്നറിയിപ്പ് നൽകുന്നുണ്ട്. "ശരീരത്തെ കൊല്ലുകയും, ആത്മാവിനെ കൊല്ലാൻ കഴിവില്ലാതിരിക്കുകയും ചെയ്യുന്നവരെ നിങ്ങൾ ഭയപ്പെടേണ്ട. മറിച്ച്, ആത്മാവിനേയും ശരീരത്തേയും നരകത്തിനിരയാക്കാൻ കഴിയുന്നവനെ ഭയപ്പെടുവിൻ." (മത്താ. 10,28). വഞ്ചകരായ നിയമജ്ഞരെ സൂക്ഷിച്ചുകൊള്ളാനും യേശു ശിഷ്യന്മാർക്ക് ഉപദേശങ്ങൾ നൽകുന്നുണ്ട്. "അവൻ ഇങ്ങനെ പഠിപ്പിച്ചു, നിങ്ങൾ നിയമജ്ഞരെ സൂക്ഷിച്ചുകൊള്ളുവിൻ" (മർക്കോ. 12, 38). തെരഞ്ഞെടുക്കപ്പെട്ടവരെ വഴിതെറ്റിക്കുന്നതിന് അടയാളങ്ങളും അത്ഭുതങ്ങളും പ്രവർത്തിക്കുന്നവരെ സൂക്ഷിക്കാനും യേശു മുന്നറിയിപ്പ് നൽകുകയാണ്. "സാധ്യമെങ്കിൽ തെരഞ്ഞെടുക്കപ്പെട്ടവരെ വഴിതെറ്റിക്കുന്നതിന് അടയാളങ്ങളും അത്ഭുതങ്ങളും അവർ പ്രവർത്തിക്കും. നിങ്ങൾ ജാഗരൂകരായിരിക്കുവിൻ. എല്ലാം ഞാൻ മുൻകൂട്ടി നിങ്ങളോടു പറഞ്ഞിരിക്കുന്നു" (മർക്കോ. 13, 22-23).

യേശു, തനിക്ക് ഏതുവിധത്തിലുള്ള മരണമാണ് ഉണ്ടാകാൻ പോകുന്നതെന്നും മുന്നറിയിപ്പ് നൽകുന്നു. "അവൻ ഇതു പറഞ്ഞത് താൻ ഏതുവിധത്തിലുള്ള മരണമാണ് വരിക്കാൻ പോകുന്നത് എന്ന് സൂചിപ്പിക്കുവാനാണ്" (യോഹ. 12, 33). സംഭവിക്കുവാനിരിക്കുന്ന പല കാര്യങ്ങളും സംഭവിക്കുന്നതിന് മുമ്പുതന്നെ യേശു വെളിപ്പെടുത്തുന്നുണ്ട്. "അത് സംഭവിക്കുമ്പോൾ അവൻ ഞാനാകുന്നുവെന്ന് നിങ്ങൾ വിശ്വസിക്കേണ്ടതിനാണ് സംഭവിക്കുന്നതിനുമുമ്പുതന്നെ ഞാൻ നിങ്ങളോടു പറയുന്നത്" (യോഹ. 13, 19).





ഭാവിയിൽ ശിഷ്യന്മാർക്കുണ്ടാകാൻ പോകുന്ന പീഢനങ്ങളേയും അപമാനങ്ങളേയും കുറിച്ചും യേശു മുന്നറിയിപ്പു നൽകുന്നു. "അവർ എന്നെ പീഡിപ്പിച്ചുവെങ്കിൽ നിങ്ങളേയും പീഡിപ്പിക്കും... എന്നാൽ എന്റെ നാമം മൂലം അവർ ഇതെല്ലാം നിങ്ങളോടു ചെയ്യും" (യോഹ. 15, 20-21). "അവർ നിങ്ങളെ സിനഗോഗുകളിൽ നിന്ന് പുറത്താക്കും" (യോഹ. 16, 2). "ലോകത്തിൽ നിങ്ങൾക്ക് ഞെരുക്കമുണ്ടാകും" (യോഹ. 16, 33).

എന്നാൽ പീഡനങ്ങളിൽ ഉറച്ചുനിന്നാൽ അവർക്ക് വിജയമുണ്ടാകുമെന്നും സൂചന നൽകുന്നുണ്ട്. "നിങ്ങൾ കരയുകയും വിലപിക്കുകയും ചെയ്യും; എന്നാൽ ലോകം സന്തോഷിക്കും. നിങ്ങൾ ദുഃഖിതരാകും. എന്നാൽ നിങ്ങളുടെ ദുഃഖം സന്തോഷമായി മാറും" (യോഹ. 16, 20). പത്രോസിന് ഏതുവിധത്തിലുള്ള ഒരു മരണമാണ് ഉണ്ടാവുകയെന്നും യേശു മുന്നറിയിപ്പ് നൽകുന്നുണ്ട്. "ഇത് അവൻ (യേശു) പറഞ്ഞത്, ഏതുവിധമുള്ള മരണത്താൽ പത്രോസ് ദൈവത്തെ മഹത്വപ്പെടുത്തും എന്നു സൂചിപ്പിക്കുവാനാണ്" (യോഹ. 21, 19). അങ്ങനെ, സംഭവിക്കുവാൻ പോകുന്നതെല്ലാം വളരെ മുൻകൂട്ടിതന്നെ യേശു കാണുകയും, അവയ്ക്കെല്ലാം വ്യക്തമായ മുന്നറിയിപ്പ് നൽകുകയും ചെയ്യുന്നുണ്ട്.

ആവശ്യമായ മുന്നറിയിപ്പ് ശിഷ്യന്മാർക്ക് കൊടുക്കുവാൻ തക്കതുപോലെ എല്ലാം മുൻകൂട്ടി കാണുവാനുള്ള കഴിവ് അദ്ധ്യാപകനുണ്ടായിരിക്കണം. ധാരാളം അനുഭവസമ്പത്തുള്ള അദ്ധ്യാപകർക്ക് അനേകം കാര്യങ്ങളിൽ വിദ്യാർത്ഥികൾക്ക് മുൻകരുതലുകൾ നൽകാൻ സാധിക്കും. ശിഷ്യന്മാരെ ശരിയായി നയിക്കുകയും അവർക്ക് ശരിയായ മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്യേണ്ട അദ്ധ്യാപകൻ, അവർക്ക് ആവശ്യമായ മുന്നറിയിപ്പ് നൽകുന്നില്ലായെങ്കിൽ അവർ അപകടത്തിൽ നിപതിക്കും.

www.malankaralibrary.com



## 7. ദീർഘവീക്ഷണത്തോടെയുള്ള പ്രബോധനം

എല്ലാ കാര്യങ്ങളും മുൻകൂട്ടി കാണുവാനും അതിനനുസരിച്ച് ജീവിതത്തെ ക്രമീകരിക്കാനുമുള്ള കഴിവ് യേശുവിനുണ്ടായിരുന്നു. തന്റെ മരണംപോലും യേശു കൃത്യമായി അറിഞ്ഞിരുന്നു. "ഈ ലോകംവിട്ട് പിതാവിന്റെ സന്നിധിയിലേക്ക് പോകാനുള്ള സമയമായെന്ന് പെസഹാത്തിരുന്നാളിന് മുമ്പ് യേശു അറിഞ്ഞു" (യോഹ. 13,1). തന്റെ മരണ സമയം കൃത്യമായി അറിഞ്ഞിരുന്നതുകൊണ്ടാണ് 'എന്റെ സമയം ഇതുവരേയും ആയിട്ടില്ല' എന്ന് മുമ്പ് പലപ്പോഴും യേശു പറഞ്ഞിട്ടുള്ളത്. "ഇനി അൽപസമയം കൂടി ഞാൻ നിങ്ങളോടുകൂടി ഉണ്ടായിരിക്കും" (യോഹ. 13, 33) എന്ന് യേശു പറഞ്ഞതും ആ സമയം അറിയാവുന്നതുകൊണ്ടാണ്. താൻ എവിടെ നിന്നു വന്നുവെന്നും, എവിടേക്ക് പോകുന്നുവെന്നും യേശു വ്യക്തമായി മനസ്സിലാക്കിയിരുന്നു. "പിതാവ് സകലതും തന്റെ കരങ്ങളിൽ ഏൽപ്പിച്ചിരിക്കുന്നുവെന്നും, താൻ ദൈവത്തിൽ നിന്ന് വരുകയും ദൈവത്തിങ്കലേക്ക് പോവുകയും ചെയ്യുന്നുവെന്നും മനസ്സിലാക്കി" (യോഹ. 13, 3).

യൂദാസ് തന്നെ ഒറ്റിക്കൊടുക്കുമെന്നും പത്രോസ് തള്ളിപ്പറയുമെന്നും യേശു മുൻകൂട്ടിതന്നെ അറിഞ്ഞിരുന്നു. "തന്നെ ഒറ്റിക്കൊടുക്കുന്നവൻ ആരാണെന്ന് അവൻ അറിഞ്ഞിരുന്നു" (യോഹ. 13, 11). അറിയുക മാത്രമല്ല, അത് പരസ്യമായി പ്രഖ്യാപിക്കുകയും ചെയ്തു. "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. നിങ്ങളിൽ ഒരുവൻ എന്നെ ഒറ്റിക്കൊടുക്കും" (യോഹ. 13, 21). പത്രോസ് തന്നെ നിഷേധിക്കുമെന്ന് യേശു മുൻകൂട്ടി അവനോടു പറയുകയാണ്. "സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു, നീ എന്നെ മൂന്നു പ്രാവശ്യം ഉപേക്ഷിച്ചുപറയുന്നതുവരെ കോഴി കൂകുകയില്ല" (യോഹ. 13, 38). കോഴി കൂകുന്നതിനുമുമ്പുതന്നെ അത് സംഭവിക്കുമെന്ന് യേശുക്രിസ്തു കൃത്യമായി കാണുകയാണ്. ശിഷ്യന്മാരെല്ലാം തന്നെവിട്ടുപോകുമെന്നും യേശു അറിഞ്ഞിരുന്നു. "നിങ്ങൾ ഓരോരുത്തരും താന്താങ്ങളുടെ വഴിക്ക് ചിതറിക്കപ്പെടുകയും എന്നെ ഏകനായി വിട്ടുപോവുകയും ചെയ്യുന്ന സമയം വരുന്നു; അല്ല,അതു വന്നുകഴിഞ്ഞു." (യോഹ. 16, 32).

ഭാവിയിൽ പരിശുദ്ധാത്മാവ് വന്ന് ചെയ്യാൻ പോകുന്ന കാര്യങ്ങൾപോലും യേശു മുൻകൂട്ടികാണുന്നുണ്ട്. "ഞാൻ പിതാവിന്റെ അടുക്കൽ നിന്ന് അയ





ക്കുന്ന സഹായകൻ, പിതാവിൽ നിന്ന് പുറപ്പെടുന്ന ആ സത്യാത്മാവ് വരുമ്പോൾ അവൻ എന്നെക്കുറിച്ച് സാക്ഷ്യം നൽകും" (യോഹ. 15, 26)."സത്യാത്മാവ് വരുമ്പോൾ നിങ്ങളെ പൂർണ്ണ സത്യത്തിലേക്ക് നയിക്കും" (യോഹ. 16, 13).

യേശുക്രിസ്തു എല്ലാ കാര്യങ്ങളും മുൻകൂട്ടി അറിഞ്ഞിരുന്നുവെന്ന് ശിഷ്യന്മാർ തന്നെ സമ്മതിക്കുന്നുണ്ട്. "നീ എല്ലാ കാര്യങ്ങളും അറിയുന്നുവെന്നും ആരും നിന്നോട് ചോദിക്കേണ്ട ആവശ്യമില്ലെന്നും ഇപ്പോൾ ഞങ്ങൾ മനസ്സിലാക്കുന്നു" (യോഹ. 16, 30). തനിക്ക് സംഭവിക്കാനിരിക്കുന്നതെല്ലാം യേശു മുൻകൂട്ടി അറിഞ്ഞിരുന്നുവെന്ന് വി. യോഹന്നാൻ വ്യക്തമാക്കുന്നുണ്ട്. "തനിക്കു സംഭവിക്കാനിരിക്കുന്നതെല്ലാം അറിഞ്ഞിരുന്ന യേശു മുമ്പോട്ട് വന്ന് അവരോട് ചോദിച്ചു, നിങ്ങൾ ആരെ അന്വേഷിക്കുന്നു" (യോഹ. 18, 4). വസ്തുതകളെല്ലാം മുൻകൂട്ടി ദർശിച്ചിരുന്നതുകൊണ്ട് അതിനനുസരിച്ച് ജീവിതത്തെ ക്രമീകരിക്കുന്നതിനും, മറ്റുള്ളവരോടു പെരുമാറുന്നതിനും യേശുവിന് സാധിച്ചിരുന്നു.

യേശുക്രിസ്തുവിന് എല്ലാ കാര്യങ്ങളും അറിയാമായിരുന്നുവെന്ന് പത്രോസും സാക്ഷ്യപ്പെടുത്തുന്നു. "പത്രോസ് പറഞ്ഞു, കർത്താവേ, നീ എല്ലാം അറിയുന്നു. ഞാൻ നിന്നെ സ്നേഹിക്കുന്നുവെന്നും നീ അറിയുന്നു" (യോഹ. 21, 17). യേശുവിന് എല്ലാം അറിയാമെന്ന് പത്രോസ് മനസ്സിലാക്കിയിരുന്നതുകൊണ്ടാണ്, പത്രോസ് യേശുവിന്റെയടുക്കൽ ഒന്നും ഒളിയ്ക്കാതിരുന്നതും സത്യസന്ധമായി പെരുമാറിയതും. അദ്ധ്യാപകന് എല്ലാം അറിയാം എന്ന തോന്നൽ അദ്ധ്യാപകനെ വഞ്ചിക്കാനുള്ള ശ്രമത്തിൽ നിന്ന് കുട്ടികളെ അകറ്റിനിർത്തും. അതുപോലെ അദ്ധ്യാപകന് എല്ലാം മുൻകൂട്ടി അറിയാം എന്നതോന്നൽ വിദ്യാർത്ഥികളിൽ അദ്ധ്യാപകനെക്കുറിച്ചുള്ള വിശ്വാസം വർദ്ധിപ്പിക്കും.

പ്രവാചകനെപ്പോലെ എല്ലാം മുൻകൂട്ടി ദർശിക്കാനുള്ള കഴിവ് ഒരദ്ധ്യാപകന് ഉണ്ടാവുകയില്ലെങ്കിലും, സാഹചര്യങ്ങളുടേയും പരിതഃസ്ഥിതികളുടേയും അടിസ്ഥാനത്തിൽ ചിലകാര്യങ്ങൾ അനുമാനിക്കുവാനെങ്കിലും അദ്ദേഹത്തിന് സാധിക്കും. ഈ അനുമാനങ്ങളുടേയും കണക്കുകൂട്ടലുകളുടേയും അടിസ്ഥാനത്തിൽ സ്വജീവിതത്തെ ക്രമപ്പെടുത്തുകയും, ശിഷ്യന്മാർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്യേണ്ടതാണ്. ചുറ്റുപാടുകളെ വിലയിരുത്തുകയും സാധ്യതകളെക്കുറിച്ച് കരുതലുള്ളവനായിരിക്കുകയും ചെയ്യുക അപകടങ്ങളൊഴിവാക്കി ജീവിതം സുഗമമായി മുന്നോട്ടുനയിക്കുന്നതിന് സഹായിക്കും.

www.malankaralibrary.com



## 8. പ്രബോധനത്തിൽ നിശ്ശബ്ദത

മറുപടി പറയാതിരിക്കുക എന്നതായിരുന്നു ചില ചോദ്യങ്ങൾക്കുള്ള യേശുവിന്റെ മറുപടി. നിയമജ്ഞരും പ്രധാന പുരോഹിതരും യേശുവിനെ പരീക്ഷിക്കുവാനായി ചോദിച്ച ചോദ്യങ്ങൾക്ക് യേശു മറുചോദ്യം ചോദിക്കുകയും, അവർ തന്ത്രപൂർവ്വം മറുപടി പറയാതിരിക്കുകയും ചെയ്തപ്പോൾ യേശുവും മനഃപൂർവ്വം മറുപടിയിൽ നിന്ന് ഒഴിഞ്ഞുമാറുകയാണ്. "അവർ യേശുവിനോടു മറുപടി പറഞ്ഞു, ഞങ്ങൾക്കറിഞ്ഞുകൂടാ അപ്പോൾ അവൻ പറഞ്ഞു, എന്തധികാരത്തിലാണ് ഞാൻ ഇതു ചെയ്യുന്നതെന്ന് നിങ്ങളോടു ഞാനും പറയുന്നില്ല" (മത്താ. 21, 27; മർക്കോ. 11, 33). കാര്യങ്ങൾ അറിയാൻ വേണ്ടിയല്ല, തന്നെ കുരുക്കിലാക്കാൻ വേണ്ടിയാണ് അവർ ചോദിക്കുന്നതെന്ന് യേശുവിനറിയാമായിരുന്നു. ചോദ്യങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ മനസ്സിലാക്കി പ്രതികരിക്കുക വലിയകാര്യമാണ്.

നിശ്ശബ്ദനായിരിക്കുക, ചോദ്യങ്ങളിൽ നിന്ന് ഒഴിഞ്ഞ് മാറുക, ഉത്തരം പറയാതിരിക്കുക, മറുചോദ്യം ചോദിക്കുക എന്നിവയൊക്കെയായിരുന്നു അനർഹമായ ചോദ്യങ്ങളോടുള്ള യേശുവിന്റെ പ്രതികരണം. മറുപടികൊണ്ട് പ്രയോജനമില്ലാത്തിടത്ത് നിശ്ശബ്ദനായിരിക്കുകയാണ് ബുദ്ധിയെന്ന് യേശുവിനറിയാമായിരുന്നു. പ്രധാന പുരോഹിതന്റെ ചോദ്യങ്ങൾക്ക് മറുപടി പറഞ്ഞിട്ടർത്ഥമില്ലെന്ന് മനസ്സിലാക്കിയ യേശു അയാളുടെ മുമ്പിൽ നിശ്ശബ്ദത പാലിക്കുകയാണ്. "പ്രധാനാചാര്യൻ മദ്ധ്യത്തിൽ എഴുന്നേറ്റുനിന്ന് യേശുവിനോട് ചോദിച്ചു, നീ ഒരു മറുപടിയും നൽകുന്നില്ലേ?.. അവനാകട്ടെ നിശ്ശബ്ദനായിരുന്നു. മറുപടിയൊന്നും പറഞ്ഞില്ല" (മർക്കോ. 14, 60-61).

പീലാത്തോസിന്റെ ചോദ്യങ്ങൾക്കും മറുപടി പറഞ്ഞിട്ട് പ്രയോജനമില്ലെന്ന് മനസ്സിലാക്കിയ യേശു അവിടേയും മൗനം പാലിക്കുകയാണ്. തനിക്കെതിരെയുള്ള കുറ്റാരോപണങ്ങൾക്ക് മറുപടി പറയുന്നതിനേക്കാൾ പ്രയോജനകരം നിശ്ശബ്ദനായിരിക്കുകയാണെന്ന് യേശുവിന് ബോധ്യമായി. "പീലാത്തോസ് വീണ്ടും ചോദിച്ചു, നീ മറുപടിയൊന്നും പറയുന്നില്ലേ? നോക്കൂ! എത്രയോ കുറ്റങ്ങളാണ് അവർ നിന്റെമേൽ ആരോപിക്കുന്നത്. എന്നാൽ, യേശു മറുപടി ഒന്നും പറഞ്ഞില്ല. തന്മൂലം പീലാത്തോസ് വിസ്മയിച്ചു." (മർക്കോ. 15, 4-5; യോഹ. 19, 9-10) തനിക്കെതിരെയുള്ള അടിസ്ഥാനരഹിതമായ കുറ്റാരോപണങ്ങളെ എതിർത്തിട്ടോ, നിഷേധിച്ചിട്ടോ കാര്യമില്ലെന്ന് അറിയാവുന്നതുകൊണ്ടാണ് യേശു മൗനം പാലിച്ചത്. യേശുവിന്റെ ആ സമയത്തെ നിശ്ശബ്ദതയാണ് കൂടുതൽ വാചാലമായതും, പീലാത്തോസ് ഉൾപ്പെടെയുള്ള എല്ലാവരേയും വിസ്മയിപ്പിച്ചതും. യേശു ആ ചോദ്യങ്ങൾക്ക് മറുപടി പറഞ്ഞിരുന്നെങ്കിൽ ആരും യേശുവിനെ ശ്രദ്ധിക്കുമായിരുന്നില്ല. എന്നാൽ, എല്ലാവരും ചെയ്യുന്നതിന് വിപരീതമായി, യേശു ആ സമയത്ത് നിശ്ശബ്ദത പാലിച്ചതുകൊണ്ടാണ് യേശു എല്ലാവരുടേയും ശ്രദ്ധാകേന്ദ്രമായി മാറിയത്.

എല്ലാത്തിനും ചാടിക്കയറി മറുപടി പറയുന്നതിനേക്കാൾ നല്ലത്, മറുപടി അർഹിക്കാത്തവയ്ക്കും അവകൊണ്ട് പ്രയോജനമില്ലാത്തവയ്ക്കും മറുപടി നൽകാതിരിക്കുകയാണ്. ഏതിനൊക്കെ മറുപടി പറയണം, ഏതിനൊക്കെ പറയരുത് എന്നൊക്കെ തിരിച്ചറിയാനുള്ള വിവേകവും, അതിനനുസരിച്ച് പ്രവർത്തിക്കാനുള്ള ധൈര്യവും അദ്ധ്യാപകനുണ്ടാകണം.

## 9. വൈവിധ്യമാർന്ന അദ്ധ്യാപനം

ചില കാര്യങ്ങൾ ഉപദേശരൂപത്തിലും, ചിലത് ആജ്ഞാരൂപത്തിലും, മറ്റു ചിലത് വിമർശനരൂപത്തിലുമൊക്കെയാണ് യേശു പഠിപ്പിച്ചത്. ആവശ്യാനുസരണം ഉപദേശവും അഭ്യർത്ഥനയും യാചനയും ആജ്ഞയും കല്പനയും വിമർശനവും ശകാരവുമെല്ലാം നൽകിയിരുന്നു. വിഷയങ്ങളേയും വ്യക്തികളേയും ആശ്രയിച്ച് യേശു വിവിധ രൂപത്തിലാണ് പ്രതികരിച്ചിരുന്നത്.

വിതക്കാരന്റെ ഉപമ ഉപദേശ രൂപത്തിലാണ് യേശു അരുളിചെയ്തത്. "അവരെ ഉപദേശിച്ചുകൊണ്ട് അവൻ പറഞ്ഞു, ശ്രദ്ധിച്ചുകേൾക്കുവിൻ" (മർക്കോ. 4, 3). എന്നാൽ, അശുദ്ധാത്മാക്കളോട് ആജ്ഞാസ്വരത്തിലാണ് സംസാരിക്കുന്നത്. "അശുദ്ധാത്മാവേ, നീ ആ മനുഷ്യനിൽ നിന്ന് പുറത്തുവരൂ, എന്ന് യേശു ആജ്ഞാപിച്ചിരുന്നു" (മർക്കോ. 5, 8). അശുദ്ധാത്മാവിനോട് ആജ്ഞാപിക്കുന്നതായി മർക്കോസിന്റെ സുവിശേഷത്തിൽതന്നെ വേറൊരിടത്തും നാം കാണുന്നുണ്ട്. "മൂകനും ബധിരനുമായ അശുദ്ധാത്മാവേ, നിന്നോടു ഞാൻ ആജ്ഞാപിക്കുന്നു, അവനിൽനിന്ന് പുറത്തുവരിക" (മർക്കോ. 9, 25). അശുദ്ധാത്മാവിനോട് ഉപദേശമോ അഭ്യർത്ഥനയോ അല്ല, ആജ്ഞയാണ് വേണ്ടതെന്നറിയാവുന്നതുകൊണ്ടാണ് യേശുക്രിസ്തു ആ സമീപനം സ്വീകരിക്കുന്നത്.

www.malankaralibrary.com



ഒരേവേദിയിൽ, ഒരേ സമയത്ത്, ഒരേ വ്യക്തിയോടുതന്നെ ചിലകാര്യങ്ങൾ കല്പനയായും ചിലത് നിർദ്ദേശമായും നൽകുന്ന അവസരവുമുണ്ട്. "യാത്രയ്ക്ക് വടിയല്ലാതെ മറ്റൊന്നും അവർ കരുതരുതെന്ന് അവൻ കല്പിച്ചു. ചെരുപ്പുകൾ ഇടാമെന്നും രണ്ട് ഉടുപ്പുകൾ ധരിക്കരുതെന്നും നിർദ്ദേശം നൽകി" (മർക്കോ. 6, 9). വേദനാജനകമായ സാഹചര്യങ്ങളിൽ നെടുവീർപ്പിട്ടുകൊണ്ട് ചിലകാര്യങ്ങൾ പറയുന്നുണ്ട്. "അവൻ ആത്മാവിൽ അഗാധമായി നെടുവീർപ്പിട്ടുകൊണ്ട് പറഞ്ഞു..." (മർക്കോ 8, 12). ഫരിസേയർ യേശുവിനെ പരീക്ഷിച്ചുകൊണ്ട് അടയാളം ആവശ്യപ്പെട്ടപ്പോഴാണ് നെടുവീർപ്പോടുകൂടി മറുപടി പറയുന്നത്.

ചിലകാര്യങ്ങൾ ശിഷ്യന്മാർക്ക് മുന്നറിയിപ്പ് രൂപേണ നൽകുന്നുണ്ട്. "അവൻ മുന്നറിയിപ്പ് നൽകി, നിങ്ങൾ ജാഗരൂകതയുള്ളവരായിരിക്കുവിൻ" (മർക്കോ. 8, 15). ഫരിസേയരുടേയും ഹേറോദേസിന്റെയും പുളിമാവിനെ സൂക്ഷിക്കുവാനുള്ള മുൻകരുതലുകളാണ് ഇവിടെ നൽകുന്നത്. പറയേണ്ട കാര്യങ്ങൾ ശകാരരൂപത്തിലും പറയാൻ യേശു മടിച്ചില്ല. "പത്രോസിനെ ശാസിച്ചുകൊണ്ട് (യേശു) പറഞ്ഞു, സാത്താനേ, നീ എന്റെ മുമ്പിൽ നിന്ന് പോകൂ" (മർക്കോ. 8, 33). പീഡാനുഭവത്തിൽ നിന്നും മരണത്തിൽ നിന്നും തന്നെ പിന്തിരിപ്പിക്കാൻ ശ്രമിച്ചതിനാണ് യേശു പത്രോസിനെ ശകാരിച്ചത്. യേശുക്രിസ്തു അശുദ്ധാത്മാവിനേയും ശകാരിച്ചിരുന്നു. "ജനങ്ങൾ ഓടിക്കൂടുന്നതുകണ്ട് യേശു അശുദ്ധാത്മാവിനെ ശകാരിച്ചു" (മർക്കോ. 9, 25). യേശുവിനെ തിരസ്കരിച്ച സമരിയാക്കാരെ നശിപ്പിക്കാനാഗ്രഹിച്ച ശിഷ്യന്മാരെ, അശുദ്ധാത്മാവിനെ ശകാരിച്ചതുപോലെ തന്നെ ശകാരിക്കുന്നുണ്ട്. "അവൻ തിരിഞ്ഞ് അവരെ ശാസിച്ചു" (ലൂ. 9, 55).

പരിശുദ്ധാത്മാവിൽ ആനന്ദിച്ച് സംസാരിക്കുന്ന ക്രിസ്തുവിനേയും സുവിശേഷത്തിൽ നാം കാണുന്നുണ്ട്. "ആ സമയംതന്നെ പരിശുദ്ധാത്മാവിൽ ആനന്ദിച്ച് അവൻ പറഞ്ഞു..." (ലൂ. 10, 21). യേശുവിന്റെ ഉള്ളിൽ തിങ്ങിനിറഞ്ഞിരുന്ന ആനന്ദവും സന്തോഷവും അപ്പോഴത്തെ പ്രബോധനത്തിൽ ദൃശ്യമായിരുന്നു.

സാഹചര്യത്തിനനുസരിച്ച് ന്യായമായി പ്രതികരിക്കുവാൻ അദ്ധ്യാപകന് കഴിയണം. എപ്പോഴും ആജ്ഞാപിച്ചുകൊണ്ട് മാത്രമിരിക്കുന്ന, അല്ലെങ്കിൽ





എപ്പോഴും വിമർശിച്ചുകൊണ്ടിരിക്കുന്ന ഒരദ്ധ്യാപകന്റെ പ്രബോധനത്തിന് യാതൊരു സ്വീകാര്യതയുമില്ല. ആജ്ഞയെക്കാളും വിമർശനത്തേക്കാളും അഭ്യർത്ഥനയും യാചനയും ഉപദേശവുമൊക്കെയാണ് സ്വഭാവരൂപീകരണത്തിന് സഹായിക്കുക. ആജ്ഞാപിച്ചും കല്പിച്ചും ആരെയെങ്കിലും നിയന്ത്രിക്കാനോ, ആരിലെങ്കിലും മാറ്റമുണ്ടാക്കാനോ സാധിക്കുകയില്ല. എങ്കിലും ആവശ്യാനുസരണം എല്ലാത്തരം അദ്ധ്യാപനരീതികളും സ്വീകരിക്കേണ്ടതാണ്. ആയതിനാൽ, വൈവിധ്യമാർന്ന പ്രതികരണശൈലിയാണ് ആവശ്യം.

## 10. പ്രതിഫലവും പ്രസിദ്ധിയുമില്ലാതെ

യേശു പഠിപ്പിച്ചിരുന്നത് പ്രതിഫലത്തിനോ, പ്രസിദ്ധിക്കോ വേണ്ടിയായിരുന്നില്ല. അറിവ് പ്രദാനം ചെയ്യുന്നതിൽ നിന്ന് ലഭിക്കുന്ന സംതൃപ്തിയായിരുന്നു അതിന്റെ പ്രതിഫലം. ശിഷ്യന്മാരുടെ നന്മയ്ക്കപ്പുറം യാതൊരു വ്യക്തിപരമായ പ്രതിഫലവും തന്റെ അദ്ധ്യാപനവൃത്തിയിൽ നിന്ന് യേശു പ്രതീക്ഷിച്ചിരുന്നില്ല.

തന്റെ പ്രസംഗങ്ങളിലും അത്ഭുതപ്രവർത്തനങ്ങളിലും ആകൃഷ്ടരായി തന്റെ ചുറ്റും ധാരാളം ആളുകൾ കൂടിയപ്പോൾ യേശു അവരിൽ നിന്ന് ഒഴിഞ്ഞുമാറുകയാണ്. "തന്റെ ചുറ്റും പുരുഷാരം കൂടുന്നതുകണ്ടപ്പോൾ മറുകരയ്ക്ക് പോകുവാൻ യേശു കല്പന നൽകി" (മത്താ. 8, 18). തന്റെ പിന്നിൽ ആളുകൾ അണിനിരക്കുകയും പ്രശംസിക്കാൻ ഒരുങ്ങുകയും ചെയ്തപ്പോൾ ആ സാഹചര്യം യേശു തന്നെ ഒഴിവാക്കുകയാണ്. തനിക്ക് അംഗീകാരവും പ്രസിദ്ധിയുമൊക്കെ വർദ്ധിച്ചുവരുന്നുവെന്നറിഞ്ഞ് അതൊഴിവാക്കുവാനായി പലയിടത്തും രഹസ്യമായി കഴിയുവാൻ യേശു ആഗ്രഹിക്കുന്നുണ്ട്. "അവൻ അവിടെ ഒരുവീട്ടിൽ പ്രവേശിച്ചു... തന്നെ ആരും തിരിച്ചറിയാതിരിക്കണമെന്ന് അവൻ ആഗ്രഹിച്ചു" (മർക്കോ. 7, 24).

പ്രസിദ്ധിയും പ്രതിഫലവുമൊന്നും ഇഷ്ടപ്പെടാതിരുന്ന യേശു, ബധിരനെ സുഖപ്പെടുത്തിയിട്ട് ഇക്കാര്യം ആരോടും പറയരുതെന്ന് പറഞ്ഞ് തന്നെ പ്രസിദ്ധനാക്കുന്നതിൽ നിന്ന് അവനെ വിലക്കുന്നുണ്ട്. "ഇക്കാര്യം ആരോടും പറയരുതെന്ന് അവൻ അവരെ വിലക്കി" (മർക്കോ 7, 36). യേശുവിനെ, ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവായി പത്രോസ് ഏറ്റുപറഞ്ഞപ്പോഴും ഈ സത്യം ആരോടും പറയരുതെന്ന് പറഞ്ഞ് ശിഷ്യന്മാർക്ക് താക്കീത് നൽകു

www.malankaralibrary.com



ന്നുണ്ട്. ദൈവപുത്രനെന്ന് എല്ലാവരും അറിയുമ്പോൾ തനിക്ക് ലഭിച്ചേക്കാവുന്ന പ്രസിദ്ധി ഒഴിവാക്കാനായിരുന്നു യേശു ഇപ്രകാരം നിർദ്ദേശിച്ചത്. "അനന്തരം അവൻ, താൻ ക്രിസ്തുവാണെന്ന് ആരോടും പറയരുതെന്ന് ശിഷ്യന്മാരോടു കല്പിച്ചു" (മത്താ. 16, 20). ഇതുതന്നെ മറ്റുവാക്കുകളിൽ വി. മർക്കോസും രേഖപ്പെടുത്തുന്നുണ്ട്. "തന്നെക്കുറിച്ച് ആരോടും പറയരുതെന്ന് അവൻ അവരോടു കല്പിച്ചു" (മർക്കോ. 8, 30).

രണ്ട് അന്ധന്മാരെ സുഖപ്പെടുത്തിയിട്ട് അവരോടും യേശു തന്നെക്കുറിച്ച് ആരോടും പറയരുതെന്ന് കല്പിക്കുന്നുണ്ട്. "ഇത് ആരും അറിയാനിടയാകരുത് എന്ന് യേശു അവരോടു കർശനമായി നിർദ്ദേശിച്ചു" (മത്താ. 9, 30). കുഷ്ഠരോഗിയെ സുഖപ്പെടുത്തിയിട്ടും യേശു ഇതുതന്നെ പറയുന്നുണ്ട്. "യേശു അയാളെ കർശനമായി ശാസിച്ചുകൊണ്ട് പറഞ്ഞയച്ചു, നീ ഇതെപ്പറ്റി ആരോടും ഒന്നും സംസാരിക്കരുത്" (മർക്കോ. 1, 44). അനേകം രോഗികളെ സുഖമാക്കിയിട്ട് അവരോടെല്ലാം തന്നെ പരസ്യപ്പെടുത്തരുതെന്ന് ആജ്ഞാപിക്കുന്നു. "അവരെയെല്ലാം അവൻ സുഖപ്പെടുത്തി. തന്നെ പരസ്യപ്പെടുത്തരുതെന്ന് അവൻ അവരോട് കല്പിച്ചു" (മത്താ. 12, 15-16).

ജനങ്ങൾ തന്നെ രാജാവാക്കുവാൻ ശ്രമിച്ചപ്പോഴും യേശു അതിൽ നിന്ന് ഒഴിഞ്ഞുമാറുകയാണ്. "രാജാവാക്കുവാൻവേണ്ടി അവർ വന്നു തന്നെ ബലമായി പിടിച്ചുകൊണ്ടുപോകുവാൻ ഭാവിക്കുന്നു എന്നു മനസ്സിലാക്കിയ യേശു വീണ്ടും തനിയെ മലമുകളിലേക്ക് പിന്മാറി" (യോ. 6, 15). യേശുവിന്റെ ഈ മാതൃക പ്രസിദ്ധിക്കും പ്രതിഫലത്തിനും വേണ്ടി പരക്കം പായുന്ന ഇന്നത്തെ ജനത്തിന് വലിയൊരു വെല്ലുവിളിയാണ്.

തന്നെ പ്രകീർത്തിക്കാനും പ്രസിദ്ധമാക്കാനും ശ്രമിക്കുന്ന വേദികളിൽ നിന്നെല്ലാം യേശു മനഃപൂർവ്വം പിന്മാറിയിരുന്നു. പ്രതിഫലത്തിനുവേണ്ടിയായിരുന്നില്ല, യേശു പഠിപ്പിച്ചിരുന്നതും പ്രവർത്തിച്ചതും. അദ്ധ്യാപനംകൊണ്ട് ജീവിക്കേണ്ടിവന്നാലും, ജീവിക്കാൻ വേണ്ടിയായിരിക്കരുത് അദ്ധ്യാപനം. അറിവ് വിറ്റു കാശാക്കാനുള്ളതല്ല, അത് സൗജന്യമായി നൽകാനുള്ളതാണ്. അറിവ് നേടുവാനുള്ള മാർഗ്ഗം അവലംബിച്ചതിന് പണച്ചെലവ് വന്നേക്കാം. എന്നാൽ അറിവ് ആരും പണംകൊടുത്ത് വാങ്ങിച്ചതല്ല; അതുകൊണ്ട് അത് വിൽക്കാനും പാടില്ല. അദ്ധ്യാപകനെക്കുറിച്ച് ജനങ്ങൾക്ക് മതിപ്പു തോന്നിയേ





ക്കാം; എന്നാൽ ജനങ്ങളുടെ കൈയ്യടിനേടാൻ വേണ്ടിയായിരിക്കരുത് ഒരദ്ധ്യാപകൻ പഠിപ്പിക്കേണ്ടത്.

## 11. ഹൃദയസ്പർശിയായ പ്രബോധനം

യേശു പഠിപ്പിച്ചിരുന്നത് അധരങ്ങൾകൊണ്ടായിരുന്നില്ല, ഹൃദയംകൊണ്ടായിരുന്നു. ഹൃദയത്തിലുള്ളത് ഹൃദയംകൊണ്ട് ഹൃദയത്തിലേക്ക് സംവേദനം ചെയ്യപ്പെടുന്ന പ്രക്രിയായിരുന്നു യേശുക്രിസ്തുവിന്റെ പഠിപ്പിക്കൽ. യേശുവിന്റെ പ്രബോധനത്തിന്റെ പ്രത്യേകതയും അതു ഹൃദയങ്ങൾ തമ്മിലുള്ള സംവേദനമായിരുന്നു എന്നതാണ്. കേൾവിക്കാരെയെല്ലാം വശീകരിക്കുവാൻ യേശുവിന് സാധിച്ചത് യേശുവിന്റെ പ്രസംഗം ഹൃദയ സ്പർശിയായിരുന്നതുകൊണ്ടാണ്.

യേശുക്രിസ്തുവിന്റെ ഏറ്റവും സുദീർഘമായ ഗിരിപ്രഭാഷണംതന്നെയായിരുന്നു ഏറ്റവും ഹൃദയസ്പർശിയായ പ്രസംഗവും. അവിടെ യേശുവും ശിഷ്യന്മാരും തമ്മിൽ ഹൃദയം തുറന്ന് സംഭാഷണത്തിൽ ഏർപ്പെടുന്നതായി കാണുന്നുണ്ട്. ആ പ്രസംഗം വി. മത്തായി രേഖപ്പെടുത്തുന്നത് ഇങ്ങനെ പറഞ്ഞുകൊണ്ടാണ്, "അവൻ വായ്തുറന്ന് അവരോട് സംസാരിച്ചു." (He opened his mouth and taught them) (മത്താ. 5, 2). അവൻ വായ് തുറന്ന് സംസാരിച്ചു എന്നുള്ളത്, അവൻ പറഞ്ഞു എന്നത് ആലങ്കാരിക ഭാഷയിൽ രേഖപ്പെടുത്തുന്നതല്ല. വായ് തുറക്കാതെ സംസാരിക്കാനാവില്ല. അല്ലെങ്കിൽ അവൻ സംസാരിച്ചു എന്നു പറയുമ്പോൾ തന്നെ, അവൻ വായ് തുറന്നാണ് സംസാരിച്ചത് എന്ന് സ്പഷ്ടമാണ്. അപ്പോൾപിന്നെ എന്തിനാണ് അവൻ വായ്തുറന്ന് സംസാരിച്ചു എന്ന് രേഖപ്പെടുത്തിയിരിക്കുന്നത്? വായ് തുറന്നു സംസാരിച്ചു എന്നുപറയുമ്പോൾ ഹൃദയം തുറന്ന് സംസാരിച്ചുഎന്നാണർത്ഥം. ഉള്ളുതുറന്നുള്ള ആത്മാർത്ഥമായ സൗഹൃദ സംഭാഷണത്തിനാണ് വായ്തുറന്ന് സംസാരിക്കുക എന്നർത്ഥമുള്ള ഗ്രീക്ക് പദപ്രയോഗം കൊണ്ട് ഉദ്ദേശിക്കുന്നത്.

ഹൃദയത്തിൽ നിന്ന് ഹൃദയത്തിലേക്ക് നിർഗ്ഗളിക്കുന്നതായിരുന്നു യേശുവിന്റെ പഠിപ്പിക്കൽ. ഹൃദയത്തിൽ ചലനങ്ങൾ സൃഷ്ടിക്കാനും, വ്യക്തിയുടെ ജീവിതത്തെ മുഴുവൻ മാറ്റിമറിക്കാനും പര്യാപ്തമായിരുന്നു യേശുവിന്റെ പ്രബോധനം. ഇപ്രകാരം, വായ് തുറന്നുള്ള സംസാരത്തിനു മാത്രമേ ഹൃദയങ്ങളിൽ ചലനങ്ങൾ സൃഷ്ടിക്കാൻ സാധിക്കൂ.

www.malankaralibrary.com



## 12. പഠിക്കാൻ സ്വാതന്ത്ര്യം

യേശുവിന്റെ പ്രബോധനങ്ങൾ വളരെ ശക്തമായിരുന്നെങ്കിലും, അത് സ്വീകരിക്കാൻ ആരേയും നിർബന്ധിക്കുന്നില്ല. പ്രബോധനങ്ങൾ സ്വീകരിക്കാനോ, തിരസ്ക്കരിക്കാനോ ഉള്ള പരിപൂർണ്ണ സ്വാതന്ത്ര്യം കേൾവിക്കാർക്ക് നൽകിയിരുന്നു. ഇത് ശിഷ്യന്മാരെക്കുറിച്ച് താല്പര്യവും ഉത്തരവാദിത്വവുമില്ലാത്തതുകൊണ്ടായിരുന്നില്ല. അവർക്ക് വേണമെങ്കിൽ പഠിക്കട്ടെ, അവർ എങ്ങനേയും പോകട്ടെയെന്നുള്ള ഉദാസീന മനോഭാവത്തിന്റെ ഫലവുമായിരുന്നില്ല. മറിച്ച്, മനുഷ്യന്റെ മഹത്വവുംസ്വാതന്ത്ര്യവും അംഗീകരിച്ചതുകൊണ്ടും നിർബ്ബന്ധിച്ചുള്ള ഒരു പഠനവും ഫലവത്താവുകയില്ലെന്ന് ഉറപ്പുള്ളതുകൊണ്ടുമാണ്.

എല്ലാവർക്കും എല്ലാ കാര്യങ്ങളും ഒന്നുപോലെ ഗ്രഹിക്കുവാൻ സാധിക്കുകയില്ലെന്നും യേശുവിനറിയാമായിരുന്നു. ഗ്രഹിക്കുവാൻ കഴിവില്ലാത്തവരെ യേശു അതിന് നിർബന്ധിക്കുന്നില്ല. ഗ്രഹിക്കുവാൻ കഴിവുള്ളവർ ഗ്രഹിക്കട്ടെ എന്ന ലക്ഷ്യത്തോടെ ചിലകാര്യങ്ങൾ യേശു പഠിപ്പിക്കുന്നുണ്ട്. ഷണ്ഡന്മാരെക്കുറിച്ചുള്ള യേശുവിന്റെ പ്രബോധനം അത് ഗ്രഹിക്കുവാൻ കഴിവുള്ളവർക്കു വേണ്ടി നൽകിയതാണ്. "എന്തെന്നാൽ ഷണ്ഡരായി ജനിക്കുന്നവരുണ്ട്. മനുഷ്യനാൽ ഷണ്ഡരാക്കപ്പെടുന്നവരുമുണ്ട്. സ്വർഗ്ഗരാജ്യത്തെ പ്രതി തങ്ങളെത്തന്നെ ഷണ്ഡരാക്കുന്നവരുണ്ട്. ഗ്രഹിക്കുവാൻ സാധിക്കുന്നവൻ ഇത് ഗ്രഹിക്കട്ടെ" (മത്താ. 19, 12). തനിക്ക് പറയാനുള്ളത് വളരെ വ്യക്തമായി പഠിപ്പിച്ചുവെങ്കിലും അത് ഗ്രഹിക്കുവാൻ ആരേയും നിർബന്ധിക്കുന്നില്ല.

വിതക്കാരന്റെ ഉപമയും അരുളിചെയ്തിട്ട് 'കേൾക്കുവാൻ ചെവിയുള്ളവൻ കേൾക്കട്ടെ' എന്ന് യേശു പ്രസ്താവിക്കുന്നുണ്ട് (മത്താ 13, 9). വിതക്കാരന്റെ ഉപമയ്ക്ക് വളരെ വ്യക്തമായ വിശദീകരണം നൽകുകയും അത് എല്ലാവരും മനസ്സിലാക്കണമെന്ന് യേശു ആഗ്രഹിക്കുകയും ചെയ്യുന്നുണ്ട്. എങ്കിലും ആ പ്രബോധനം സ്വീകരിക്കുവാൻ യേശു ആരേയും നിർബന്ധിക്കുന്നില്ല.

ആരേയും അടിച്ചേൽപ്പിച്ച് പഠിപ്പിക്കാനും അവരിൽ ബോധ്യം ജനിപ്പിക്കാനും സാധ്യമല്ലെന്ന് യേശുവിനറിയാമായിരുന്നു. മറ്റുള്ളവരുടെ സ്വാതന്ത്ര്യം നിഷേധിച്ചുകൊണ്ട് ഒരു അദ്ധ്യാപകനും നല്ലൊരു പ്രബോധകനാകാൻ സാധ്യമല്ല.





## 13. അഭിപ്രായ രൂപീകരണ സ്വാതന്ത്ര്യം

ജനങ്ങൾക്കിടയിൽ തന്നെക്കുറിച്ചുള്ള അഭിപ്രായമെന്താണെന്ന് അറിയുക വലിയ കാര്യമാണ്. ശിഷ്യന്മാരും സമൂഹവും തന്നെ എങ്ങനെ കാണുന്നുയെന്നറിഞ്ഞാൽ അതിനനുസരിച്ച് ആവശ്യമെങ്കിൽ ജീവിതശൈലിയിൽ മാറ്റം വരുത്താൻ സാധിക്കും. ശിഷ്യന്മാരും സമൂഹവും തന്നെക്കുറിച്ച് എന്തുപറയുന്നു എന്നറിയാനുള്ള ആകാംക്ഷ യേശുവിനുണ്ടായിരുന്നു. "യേശു ശിഷ്യന്മാരോടു ചോദിച്ചു, മനുഷ്യപുത്രൻ ആരെന്നാണ് ജനങ്ങൾ പറയുന്നത്" (മത്താ. 16, 13; മർക്കോ. 8, 27; ലൂ. 9, 18). ജനങ്ങളുടെയിടയിൽ തന്നെക്കുറിച്ചുള്ള അഭിപ്രായമെന്തെന്ന് അറിയാനാണ് യേശു ഈ ചോദ്യം ചോദിക്കുന്നത്.

ജനാഭിപ്രായം മാത്രമല്ല, തന്നെക്കുറിച്ച് തന്നെ അടുത്തറിഞ്ഞവരുടെയിടയിലുള്ള അഭിപ്രായവും അറിയുവാൻ യേശു ആഗ്രഹിച്ചിരുന്നു. അതിനാൽ, ജനാഭിപ്രായം കേട്ടശേഷം, ശിഷ്യന്മാരോടും താൻ ആരാകുന്നുവെന്ന് ചോദിക്കുകയാണ്. "അവൻ അവരോട് ചോദിച്ചു, എന്നാൽ ഞാൻ ആരാകുന്നു എന്നാണ് നിങ്ങൾ പറയുന്നത്?" (മത്താ. 16, 15; മർക്കോ. 8, 29, ലൂ. 9, 20). യേശുവിനെക്കുറിച്ച് അവർക്കുള്ള അഭിപ്രായം ശിഷ്യന്മാർ രേഖപ്പെടുത്തുന്നുമുണ്ട്.

തന്നെക്കുറിച്ച് ഓരോരുത്തർക്കും അവരവരുടേതായ അഭിപ്രായം രൂപീകരിക്കുന്നതിനുള്ള സ്വാതന്ത്ര്യവും അവസരവും ലഭിക്കുന്നതിനായി, തന്നെക്കുറിച്ച് രേഖപ്പെടുത്തപ്പെട്ട അഭിപ്രായം ശരിയാണെങ്കിൽപോലും അത് ആരോടും പറയരുതെന്ന് യേശു വിലക്കുകയാണ്. "അനന്തരം അവൻ, താൻ ക്രിസ്തുവാണെന്ന് ആരോടും പറയരുതെന്ന് ശിഷ്യന്മാരോടു കല്പിച്ചു" (മത്താ. 16, 20; മർക്കോ. 8, 30). ഇക്കാര്യം കർശനമായി തന്നെ പറഞ്ഞുവെന്നാണ് ലൂക്കോസ് രേഖപ്പെടുത്തുന്നത്. "ഇക്കാര്യം ആരോടും പറയരുതെന്ന് കർശനമായി നിരോധിച്ചു" (ലൂ. 9, 21). ആരെയെങ്കിലും കുറിച്ച് നല്ല ഒരു അഭിപ്രായമോ, വിലയിരുത്തലോ, ഉണ്ടായാൽ എല്ലാവരേയും അത് അറിയിക്കുക പതിവാണ്. എന്നാൽ യേശു തന്നെക്കുറിച്ചുള്ള സ്വന്തവും, സ്വതന്ത്രവുമായ അഭിപ്രായം രൂപീകരിക്കുവാനുള്ള അവസരം ഓരോരുത്തർക്കും ലഭിക്കുന്നതിനുവേണ്ടി രേഖപ്പെടുത്തപ്പെട്ട അഭിപ്രായം തടഞ്ഞുവയ്ക്കുകയാണ്.

www.malankaralibrary.com



തനിക്കെതിരെ ഉണ്ടാകുന്ന ആരോപണം നിഷേധിക്കാനും യേശു ഒരുമ്പെട്ടില്ല. പീലാത്തോസ് യേശുവിനെ വിചാരണചെയ്തപ്പോൾ അവിടെ ഉയർന്നുവന്ന ആരോപണങ്ങളിൽ ഒന്നുപോലും ഖണ്ഡിക്കാൻ യേശു മെനക്കെട്ടില്ല. "പീലാത്തോസ് വീണ്ടും ചോദിച്ചു, അവർ എന്തെല്ലാം കാര്യങ്ങൾ നിനക്കെതിരെ സാക്ഷ്യപ്പെടുത്തുന്നു എന്നു നീ കേൾക്കുന്നില്ലേ? എന്നാൽ, അവൻ ഒരു ആരോപണത്തിനുപോലും മറുപടിപറഞ്ഞില്ല" - (മത്താ. 27, 13-14). ജനഹിതത്തിനെതിരെ പ്രതികരിക്കാനോ, അതിനെതിരെ ന്യായവാദം നടത്താനോ അല്ല, ജനഹിതം മാനിക്കാനാണ് യേശു ശ്രമിച്ചത്. തനിക്കെതിരെ അനുകൂലമോ പ്രതികൂലമോ ആയ അഭിപ്രായം രൂപീകരിക്കാനുള്ള സ്വാതന്ത്ര്യം ഓരോരുത്തർക്കും യേശു നൽകുകയാണ്.

തന്നെക്കുറിച്ച് ജനങ്ങളും തന്റെ കുട്ടികളും എന്തുപറയുന്നുവെന്ന് ഒരദ്ധ്യാപകൻ അന്വേഷിക്കേണ്ടതുണ്ട്. അവരുടെ അഭിപ്രായം തെറ്റാണെങ്കിൽ അത് പറഞ്ഞു തിരുത്തുവാനല്ല, വിലയിരുത്തലിനനുസരിച്ച് ജീവിത ശൈലിയിൽ മാറ്റം വരുത്തുവാനാണ് ശ്രമിക്കേണ്ടത്. അപ്പോൾ അവരുടെ അഭിപ്രായം അവർ തനിയെ തിരുത്തിക്കൊള്ളും. തന്നെക്കുറിച്ച് ശരിയായുള്ള അഭിപ്രായം ജനങ്ങൾക്കിടയിൽ ഇല്ലെങ്കിൽ അതിന്റെ പേരിൽ പരിഭവമോ, വെറുപ്പോ അല്ല ഉണ്ടാകേണ്ടത്. ജീവിതത്തിൽ മാറ്റം വരുത്തുവാനുള്ള അവസരമായി അതിനെ കാണണം. തന്നെക്കുറിച്ച് വികലമോ അവാസ്തവമോ ആയ അഭിപ്രായം ആരെങ്കിലും രൂപീകരിച്ചാലും അതിൽ പ്രകോപിതനാകാതെ സമചിത്തതയോടെ അത് സ്വീകരിക്കുവാൻ അദ്ധ്യാപകന് സാധിക്കണം.

## 14. പ്രാർത്ഥനയും പ്രബോധനവും

ശിഷ്യന്മാരുടെ നന്മ ആഗ്രഹിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്ന ഒരു ഗുരുവിനെയാണ് ക്രിസ്തുവിലൂടെ വി. ഗ്രന്ഥം അവതരിപ്പിക്കുന്നത്. പ്രാർത്ഥന കൂടാതെ പ്രബോധനം ഫലവത്താകുകയില്ലെന്ന് യേശുവിനറിയാമായിരുന്നു. ശിഷ്യന്മാരെ പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുന്നതോടുകൂടി തീരുന്നതായിരുന്നില്ല ഗുരുവായ ക്രിസ്തുവിന്റെ ദൗത്യം. കേട്ട വചനങ്ങൾക്കനുസരിച്ച് ജീവിക്കാനുള്ള ശക്തി ശിഷ്യന്മാർക്കുണ്ടാകുവാൻ വേണ്ടി യേശു പ്രാർത്ഥിക്കുന്നുണ്ട്.





വി. യോഹന്നാന്റെ സുവിശേഷം 14 മുതൽ 16 വരെയുള്ള അദ്ധ്യായങ്ങൾ മുഴുവൻ യേശുവിന്റെ പ്രബോധനവും വാഗ്ദാനവും 17-ാം അദ്ധ്യായം മുഴുവൻ ശിഷ്യന്മാർക്കുവേണ്ടിയുള്ള യേശുവിന്റെ പ്രാർത്ഥനയുമാണ്. താൻ പഠിപ്പിച്ച രീതിയിൽ അവർ ജീവിക്കുന്നതിനായി അവർക്കുവേണ്ടി യേശു സുദീർഘമായി പ്രാർത്ഥിക്കുകയാണ്. കുറെകാര്യങ്ങൾ പഠിപ്പിച്ചതുകൊണ്ടുമാത്രം ഗുരുവായ തന്റെ കടമ തീരുന്നില്ലെന്ന് യേശുവിനറിയാമായിരുന്നു. പഠിപ്പിച്ചവ അവരിൽ ഫലം ഉളവാക്കണമെന്ന് യേശു ആഗ്രഹിച്ചു. അതിനുവേണ്ടി യേശു പ്രാർത്ഥിച്ചു.

പ്രബോധനം ഫലവത്താകുവാൻവേണ്ടി പ്രാർത്ഥിക്കുകയും, അതിന്റെ വിജയത്തിൽ ദൈവത്തിന് നന്ദി പറയുകയും ചെയ്യുക യേശുവിന്റെ പതിവായിരുന്നു. "സ്വർഗ്ഗത്തിന്റേയും ഭൂമിയുടേയും നാഥനായ പിതാവേ, നീ ഇക്കാര്യങ്ങൾ ബുദ്ധിമാന്മാരിലും വിവേകികളിൽ നിന്നും മറച്ച് ശിശുക്കൾക്ക് വെളിപ്പെടുത്തിയതിനാൽ ഞാൻ നിന്നെ സ്തുതിക്കുന്നു" (മത്താ. 11, 25 ; ലൂ. 10, 21). ബുദ്ധിമാന്മാർക്കും വിവേകികൾക്കും ഗ്രഹിക്കാൻ കഴിയാത്ത കാര്യങ്ങൾപോലും ശിശുക്കൾക്ക് മനസ്സിലാക്കാൻ സാധിച്ചത് ദൈവത്തിന്റെ സഹായം കൊണ്ടാണെന്ന് യേശു ഇവിടെ സമ്മതിക്കുകയാണ്. തനിക്ക് നന്നായി പഠിപ്പിക്കാൻ സാധിക്കുന്നത് ദൈവത്തിന്റെ ഇടപെടൽ കൊണ്ടാണെന്ന് മനസ്സിലാക്കി ദൈവത്തിന് യേശു നന്ദിപറയുകയാണ്.

പ്രാർത്ഥന കൂടാതെ പ്രബോധനത്തിൽ വിജയം വരിക്കാൻ സാധിക്കുകയില്ലെന്നറിയാവുന്നതുകൊണ്ട്, പഠിപ്പിക്കൽ കഴിഞ്ഞും പ്രാർത്ഥനയിൽ മുഴുകുന്നതായി നാം കാണുന്നു. പട്ടണങ്ങളിൽ പ്രസംഗിക്കാൻ പോകുന്നതിനുമുമ്പായി രാവിലെതന്നെ ഉണർന്ന് യേശു പ്രാർത്ഥിക്കുന്നുണ്ട്. "അതിരാവിലെ തന്നെ അവൻ ഉണർന്ന് ഒരു വിജനസ്ഥലത്തേക്കുപോയി. അവിടെ അവൻ പ്രാർത്ഥിച്ചുകൊണ്ടിരുന്നു" (മർക്കോ. 1, 35). പ്രാർത്ഥനയ്ക്കുശേഷം യേശു പറയുകയാണ്, "നമുക്ക് അടുത്ത പട്ടണത്തിലേക്ക് പോകാം. അവിടേയും എനിക്ക് പ്രസംഗിക്കേണ്ടിയിരിക്കുന്നു" (മർക്കോ. 1, 38). ഒറ്റയ്ക്ക് വിജനസ്ഥലത്തിരുന്ന് ശിഷ്യന്മാർക്കുവേണ്ടി പ്രാർത്ഥിച്ചതിനുശേഷമാണ് പ്രസംഗിക്കാനായി യേശു പോകുന്നത്.

www.malankaralibrary.com



ശിഷ്യന്മാരെ പഠിപ്പിക്കുകമാത്രമല്ല, അവർക്കുവേണ്ടി യേശു പ്രാർത്ഥിക്കുകയും ചെയ്തു. തങ്ങളെ പഠിപ്പിക്കുക മാത്രമല്ല, തങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്ന ഒരദ്ധ്യാപകനെയാണ് വിദ്യാർത്ഥികൾ ഇഷ്ടപ്പെടുക.

## 15. പ്രാർത്ഥനയുടെ മാതൃകയായ ക്രിസ്തു

ജീവിതത്തിന്റെ പ്രധാനപ്പെട്ട നിമിഷങ്ങളിലെല്ലാം പ്രാർത്ഥിച്ചുകൊണ്ട് യേശു ശിഷ്യന്മാർക്ക് പ്രാർത്ഥനയുടെ മാതൃക കാണിച്ചുകൊടുത്തിരുന്നു. നിരന്തരം പ്രാർത്ഥിക്കുന്ന ഒരു ക്രിസ്തുവിനെയാണ് സുവിശേഷങ്ങളിൽ നാം കാണുക. "അവൻ ജനക്കൂട്ടത്തെ പിരിച്ചുവിട്ടതിനുശേഷം ഏകാന്തതയിൽ പ്രാർത്ഥിക്കുവാൻ മലയിലേക്കുകയറി" (മത്താ. 14, 23). ഇത് യേശുവിന്റെ ഒരു പതിവു രീതിയായിരുന്നു.

അപ്പസ്തോലന്മാരെ തെരഞ്ഞെടുക്കുന്നതിനുമുമ്പ് ഒരു രാത്രിമുഴുവൻ യേശു പ്രാർത്ഥിക്കുന്നുണ്ട്. "ആ ദിവസങ്ങളിൽ അവൻ പ്രാർത്ഥിക്കുവാനായി ഒരു മലയിലേക്കുപോയി. അവിടെ ദൈവത്തോടുള്ള പ്രാർത്ഥനയിൽ രാത്രി മുഴുവൻ ചെലവഴിച്ചു. പ്രഭാതമായപ്പോൾ അവൻ ശിഷ്യന്മാരെ വിളിച്ചുകൂട്ടി" (ലൂ. 6, 12-13). ശിഷ്യന്മാരെ പ്രാർത്ഥനയുടെ ആവശ്യകത ബോദ്ധ്യപ്പെടുത്താനും, അവർക്കു പ്രാർത്ഥനയുടെ മാതൃക നൽകാനും വേണ്ടി അവരുടെ കൂടെ പ്രാർത്ഥിക്കുന്നതായി നാം കാണുന്നുണ്ട്. "ഒരിക്കൽ അവൻ തനിയെ പ്രാർത്ഥിക്കുകയായിരുന്നു. ശിഷ്യന്മാരും അവന്റെകൂടെ ഉണ്ടായിരുന്നു" (ലൂ. 9, 18).

യേശു രൂപാന്തരപ്പെട്ട മലയിലും ശിഷ്യന്മാരുടെ കൂടെയിരുന്ന് പ്രാർത്ഥിച്ച് അവർക്ക് പ്രാർത്ഥനയുടെ മാതൃക നൽകുകയും പ്രാർത്ഥനയുടെ ശക്തി വെളിപ്പെടുത്തുകയും ചെയ്തു. "അവൻ ഇതെല്ലാം പറഞ്ഞിട്ട് ഏകദേശം എട്ടു ദിവസങ്ങൾക്കുശേഷം പത്രോസ്, യോഹന്നാൻ, യാക്കോബ് എന്നിവരെ കൂട്ടികൊണ്ടു പ്രാർത്ഥിക്കുവാൻ മലയിലേക്ക് കയറിപ്പോയി. പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ അവന്റെ മുഖഭാവം മാറി..." (ലൂ. 9, 28-29). 'നാം ഇവിടെ ഇരിക്കുന്നത് നല്ലതാകുന്നു' എന്ന് ശിഷ്യന്മാർ പറയാൻ തക്കതുപോലെ പ്രാർത്ഥന അവർക്ക് സന്തോഷകരവും ആസ്വാദ്യകരവുമായ ഒരു അനുഭവമായി മാറി. മൃതനായ ലാസറിനെ ഉയർപ്പിക്കുന്നതിനു മുമ്പായും ശിഷ്യന്മാരുടെ മദ്ധ്യത്തിൽ വച്ച് പ്രാർത്ഥിച്ച് അവർക്ക് പ്രാർത്ഥനയുടെ മാതൃക നൽകി. "പിതാവേ നീ എന്നെ ശ്രവിച്ചതിനാൽ ഞാൻ നിനക്കു നന്ദിപറയുന്നു. നീ





എന്നെ എപ്പോഴും ശ്രവിക്കുമെന്നും എനിക്കറിയാം" (യോഹ. 11, 41-42).

രക്ഷാകരമായ തന്റെ പീഢാനുഭവത്തിനും മരണത്തിനും മുമ്പായി നീണ്ട മണിക്കൂറുകൾ ഗത്സെമനിൽ യേശു പ്രാർത്ഥിക്കുന്നുണ്ട്. "അവൻ അല്പദൂരം മുന്നോട്ട് ചെന്ന് കമിഴ്ന്നുവീണ് പ്രാർത്ഥിച്ചു" (മത്താ 26, 39). ഗത്സെമനിലെ യേശുവിന്റെ പ്രാർത്ഥന വി. ലൂക്കോസ് വിവരിക്കുന്നത് കുറേക്കൂടി ഹൃദയസ്പർശിയായ വിധത്തിലാണ്. "അവൻ തീവ്രവേദനയിൽ മുഴുകി കൂടുതൽ തീഷ്ണമായി പ്രാർത്ഥിച്ചു. അവന്റെ വിയർപ്പ് രക്തത്തുള്ളികളായി നിലത്തു വീണു" (ലൂ. 22, 44). തീവ്രദുഖഃത്തോടെ രക്തമൊഴുക്കി ശിഷ്യന്മാരുടെയിടയിലിരുന്ന് പ്രാർത്ഥിച്ച് അവർക്ക് മാതൃക നൽകി. മരണത്തെ അഭിമുഖീകരിക്കുന്ന ഒരു വ്യക്തി ചെയ്യേണ്ടതെന്തെന്നതിന് യേശു ഇവിടെ മാതൃക നൽകുന്നു.

യേശുവിന്റെ പ്രാർത്ഥനാ ജീവിതം ശിഷ്യന്മാർക്ക് വലിയൊരു മാതൃകയായി മാറിയെന്ന് പ്രാർത്ഥിക്കുവാൻ പഠിപ്പിക്കണമേയെന്ന ശിഷ്യന്മാരുടെ അഭ്യർത്ഥന വ്യക്തമാക്കുന്നു. "അവൻ ഒരിടത്തു പ്രാർത്ഥിച്ചു കൊണ്ടിരിക്കുകയായിരുന്നു. പ്രാർത്ഥന അവസാനിച്ചപ്പോൾ ശിഷ്യന്മാരിലൊരുവൻ വന്നു പറഞ്ഞു, കർത്താവേ, യോഹന്നാൻ തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചതുപോലെ ഞങ്ങളെയും പ്രാർത്ഥിക്കുവാൻ പഠിപ്പിക്കുക" (ലൂ. 11, 1). യേശുവിന്റെ പ്രാർത്ഥനയിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടതുകൊണ്ടാണ് ശിഷ്യന്മാർ യേശുവിനോട് ഇപ്രകാരം ഒരു അഭ്യർത്ഥന നടത്തുന്നത്. യേശുവിന്റെ പ്രാർത്ഥനയാണ് ശിഷ്യന്മാരിൽ പ്രാർത്ഥനയോടുള്ള ആഭിമുഖ്യം ജനിപ്പിച്ചത്. പ്രാർത്ഥനയുടെ ഒരു മനുഷ്യനായി തീർന്നുകൊണ്ട് ഒരദ്ധ്യാപകൻ വിദ്യാർത്ഥികൾക്ക് പ്രാർത്ഥനയുടെ മാതൃകയാകണം.

## 16. ശിഷ്യന്മാരുടെ പക്ഷത്തുനിൽക്കുന്ന ഗുരു.

ശിഷ്യന്മാർ നേരിടുന്ന പ്രയാസങ്ങളിലും വിമർശനങ്ങളിലും അവരെ സംരക്ഷിക്കുന്ന ഒരു ക്രിസ്തുവിന്റെ ചിത്രമാണ് സുവിശേഷങ്ങൾ നൽകുക. യേശു എന്നും ശിഷ്യന്മാർക്ക് വേണ്ടി വാദിക്കുകയും നിലകൊള്ളുകയും ചെയ്തിരുന്നു. സാബത്തിൽ ഗോതമ്പുവയലിലൂടെ പോയ ശിഷ്യന്മാർക്ക് വിശന്ന അവസരത്തിൽ അവർ കതിരുകൾ പറിച്ചുതിന്നതിനെ ഫരിസേയർ വിമർശിച്ചപ്പോൾ ശിഷ്യന്മാരുടെ ചെയ്തികളെ ന്യായീകരിക്കാനും അവരെ സംരക്ഷിക്കുവാനു

www.malankaralibrary.com



മായി ക്രിസ്തു കടന്നുവരികയാണ്. "ഫരിസേയർ ഇതുകണ്ട് അവനോട് പറഞ്ഞു, നോക്കൂ, സാബത്തിൽ അനുവദിച്ചിട്ടില്ലാത്തത് നിന്റെ ശിഷ്യന്മാർ ചെയ്യുന്നു. അവൻ പറഞ്ഞു, വിശന്നപ്പോൾ ദാവീദും അനുചരന്മാരും എന്താണ് ചെയ്തതെന്ന് നിങ്ങൾ വായിച്ചിട്ടില്ലയോ?.." (മത്താ. 12, 1-8; മർക്കോ. 2, 23-28; ലൂ. 6, 1-5). ശിഷ്യന്മാർക്കുവേണ്ടി ക്രിസ്തു ഇവിടെ ന്യായവാദം നടത്തുകയാണ്.

ഭക്ഷണം കഴിക്കുന്നതിന് മുമ്പ് കൈ കഴുകാത്തതിന്റെ പേരിൽ ശിഷ്യന്മാരെ കുറ്റപ്പെടുത്തിയ ഫരിസേയരോടും നിയമജ്ഞരോടും ശിഷ്യന്മാർക്കുവേണ്ടി യേശു വാദിക്കുന്നുണ്ട്. "ഭക്ഷണം കഴിക്കുന്നതിന് മുമ്പ് അവർ കൈ കഴുകുന്നില്ലല്ലോ? അവൻ മറുപടി പറഞ്ഞു...." (മത്താ. 15, 2-20; മർക്കോ. 7, 1-13) ചുങ്കക്കാരോടും പാപികളോടുമൊരുമിച്ച് യേശുവിന്റെ ശിഷ്യന്മാർ ഭക്ഷണം കഴിക്കുന്നതിനെ ഫരിസേയരും നിയമജ്ഞരും എതിർത്തപ്പോൾ അവരെ സഹായിക്കാനും യേശു ശ്രമിക്കുന്നുണ്ട്. ഫരിസേയരും നിയമജ്ഞരും പിറുപിറുപ്പോടെ അവന്റെ ശിഷ്യന്മാരോടു പറഞ്ഞു, നിങ്ങൾ ചുങ്കക്കാരോടും പാപികളോടും ഒരുമിച്ച് തിന്നുകയും കുടിക്കുകയും ചെയ്യുന്നതെന്ത്? യേശു അവരോടു പറഞ്ഞു :" (ലൂ. 5, 30-31). നിയമജ്ഞരും ഫരിസേയരും വിമർശിച്ചത് ശിഷ്യന്മാരെയാണെങ്കിലും വിമർശനത്തിന് മറുപടി നൽകുന്നത് യേശുക്രിസ്തുവാണ്.

യേശുവിന്റെ ശിഷ്യന്മാർ ഉപവസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാത്തതിന്റെ പേരിൽ വിമർശനമുണ്ടായപ്പോഴും യേശുവാണ് അവർക്കുവേണ്ടി ഇടപെടുന്നത്. "അവർ അവനോട് പറഞ്ഞു, യോഹന്നാന്റെ ശിഷ്യന്മാർ പലപ്പോഴും ഉപവസിക്കുകയും, പ്രാർത്ഥിക്കുകയും ചെയ്യുന്നു.... എന്നാൽ, നിന്റെ ശിഷ്യന്മാർ തിന്നും കുടിച്ചും നടക്കുന്നു. യേശു അവരോട് പറഞ്ഞു..." (ലൂ. 5, 33-39). ശിഷ്യന്മാരുടെ നടപടി ശരിയാണെന്ന് യേശു ഇവിടെ സമർത്ഥിക്കുകയാണ്. ശിഷ്യന്മാരുടെ ഏത് പ്രതിസന്ധിഘട്ടത്തിലും അവരെ സംരക്ഷിക്കുവാൻ യേശുക്രിസ്തു എപ്പോഴുമുണ്ടായിരുന്നു. തങ്ങളെ സഹായിക്കുവാൻ തങ്ങളോടൊപ്പം തങ്ങളുടെ ഗുരുവുണ്ടെന്നുള്ള സത്യം അവർക്ക് ധൈര്യവും പ്രചോദനവും നൽകിയിരുന്നു. 'ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല' എന്ന് വാഗ്ദാനം ചെയ്ത ക്രിസ്തു, ശിഷ്യന്മാർക്ക് അത് അനുഭവമാകത്തക്ക വിധം അവരോടൊപ്പം വസിച്ച് അവരെ സംരക്ഷിച്ചിരുന്നു.





തങ്ങൾ ഒറ്റയ്ക്കല്ല, തങ്ങൾക്കുവേണ്ടി ഇടപെടുവാനും വാദിക്കുവാനും ഗുരുവുണ്ടെന്ന ബോധ്യം ഓരോ അദ്ധ്യാപകനും അദ്ദേഹത്തിന്റെ ശിഷ്യരിൽ ജനിപ്പിക്കണം. ചെന്നായ്ക്കൾ വരുമ്പോൾ ആടുകളെ ഇട്ടെറിഞ്ഞുപോകുന്ന ഇടയന്റെ കൂടെപോകാൻ ആടുകളുണ്ടായെന്നുവരില്ല. ശിഷ്യന്മാരെ ആപത്തുകളിൽ നിന്നും പ്രതിസന്ധികളിൽ നിന്നും രക്ഷിക്കുക ഗുരുവിന്റെ ധർമ്മമാണ്.

## 17. ഗുരു-ശിഷ്യബന്ധം വ്യക്തിബന്ധത്തിലേക്ക്

ഗുരു-ശിഷ്യ ബന്ധം പഠനവേദിയിലെ ബന്ധം കൊണ്ട് അവസാനിക്കുന്നതല്ല. യേശുവിന് ഇത് നന്നായി അറിയാമായിരുന്നു. ആഴമായ വ്യക്തിബന്ധം യേശുവും ശിഷ്യന്മാരും തമ്മിലുണ്ടായിരുന്നു. കുറെ അറിവ് നൽകുന്നതോടെ ഗുരുവിന്റേയും, ഗുരുപറയുന്നത് കേൾക്കുന്നതോടുകൂടി ശിഷ്യന്റേയും ദൗത്യം തീരുന്നില്ല. ഗുരു ശിഷ്യരുടേയും, ശിഷ്യന്മാർ ഗുരുവിന്റേയും സമസ്ത ജീവിത മണ്ഡലങ്ങളിലേക്കും കടന്നുചെല്ലണം.

ഗുരു-ശിഷ്യർ തമ്മിൽ മാത്രമല്ല, ഗുരുവിന്റേയും ശിഷ്യന്മാരുടേയും കുടുംബങ്ങൾ തമ്മിലും ആഴമായ ബന്ധം സ്ഥാപിക്കപ്പെടണം. യേശു ശിഷ്യന്മാരുടേയും, ശിഷ്യന്മാർ യേശുവിന്റേയും ഭവനങ്ങളിലേക്ക് കടന്നുചെല്ലുന്നതായും അവിടെ താമസിക്കുന്നതായും കാണുന്നുണ്ട്. തന്റെ കുടുംബത്തെക്കുറിച്ചറിയാനാഗ്രഹിച്ച ശിഷ്യന്മാരെ താൻ താമസിക്കുന്നിടത്തേയ്ക്ക് ക്ഷണിക്കുകയും അവരെ കൂട്ടിക്കൊണ്ടുപോയി തന്നോടുകൂടി താമസിക്കുന്നതിന് യേശു അവരെ അനുവദിക്കുകയും ചെയ്യുന്നു. "അവർ ചോദിച്ചു, റബ്ബീ, അങ്ങ് എവിടെയാണ് താമസിക്കുന്നത്. അവൻ പറഞ്ഞു, വന്നുകാണുക. അവർ ചെന്ന് അവൻ വസിക്കുന്നിടം കാണുകയും അന്ന് അവനോടുകൂടി താമസിക്കുകയും ചെയ്തു" (യോഹ. 1, 38). ഗുരുവിനോടുകൂടി ഗുരുവിന്റെ ഭവനത്തിൽ താമസിക്കുമ്പോൾ ശിഷ്യന്മാർക്ക് ലഭിക്കുന്ന അറിവും അനുഭവവും ഒരു ക്ലാസ്സു മുറിയിൽ നിന്നും ലഭിക്കുന്നതിനേക്കാൾ വളരെ കൂടുതലാണ്. ഗുരുവിന്റെ അധരങ്ങളിൽ നിന്നല്ല, ജീവിതത്തിൽ നിന്ന് തന്നെ പഠിക്കാൻ അത്തരം സന്ദർഭങ്ങൾ ഉപകരിക്കും. ഗുരുവിന്റെ കൂടെയുള്ള ജീവിതത്തെപ്പോലെ ശിഷ്യന്മാരെ സ്വാധീനിക്കുന്ന ഒന്നും ഉണ്ടാവുകയില്ല.

അതുപോലെ, യേശുവും പലപ്രാവശ്യം ശിഷ്യന്മാരുടെ വീടുകളിൽ പോയി താമസിക്കുന്നതായി കാണുന്നുണ്ട്. ശിമയോന്റെയും അന്ത്രയോസിന്റേയും

www.malankaralibrary.com



ഭവനത്തിലെത്തിയപ്പോൾ ശിമയോന്റെ അമ്മായിയമ്മയ്ക്ക് പനിയാണെന്ന റിഞ്ഞ് യേശു അവളെ സുഖപ്പെടുത്തുന്നുണ്ട്. "അവൻ ശിമയോന്റേയും അന്ത്രയോസിന്റേയും ഭവനത്തിലെത്തി. ശിമയോന്റെ അമ്മായിയമ്മ പനിപിടിച്ച് കിടപ്പിലായിരുന്നു... അവൻ അടുത്തുചെന്ന് അവളെ കൈയ്ക്കുപിടിച്ച് എഴുന്നേൽപ്പിച്ചു" (മർക്കോ 1, 29-31, മത്താ. 8, 14-15, ലൂ. 4, 38-39). ശിഷ്യന്മാരുടെ വീടുകളിൽ പോവുക മാത്രമല്ല, അവരുടെ കുടുംബത്തിന്റെ ആവശ്യങ്ങളിൽ സഹായിക്കാൻകൂടി സന്നദ്ധനാണെന്നതിന്റെ തെളിവായിരുന്നു തന്റെ ശിഷ്യനായ ശിമയോന്റെ വീട്ടിലെത്തി അവന്റെ അമ്മായിയമ്മയെ യേശു സുഖപ്പെടുത്തിയത്. തങ്ങളുടേയും തങ്ങളുടെ കുടുംബത്തിന്റേയും ആവശ്യങ്ങളിൽ ഗുരു തങ്ങളോടുകൂടിയുണ്ടെന്നറിയുക ശിഷ്യന്മാർക്ക് സന്തോഷം പ്രദാനം ചെയ്യുന്നതാണ്.

യേശു മത്തായിയുടെ ഭവനത്തിലെത്തി അവനോടും ശിഷ്യന്മാരോടുംകൂടി താമസിക്കുകയും ഭക്ഷണം കഴിക്കുകയും ചെയ്യുന്നതായും കാണുന്നുണ്ട്. "യേശു മത്തായിയുടെ ഭവനത്തിൽ ഭക്ഷണത്തിനിരുന്നപ്പോൾ അനേകം ചുങ്കക്കാരും പാപികളും വന്ന് അവനോടും അവന്റെ ശിഷ്യന്മാരോടുംകൂടി ഭക്ഷണത്തിനിരുന്നു" (മത്താ. 9, 10). ഗുരു ശിഷ്യന്മാരുടെ വീടുകളിൽ പോവുക മാത്രമല്ല, അവരുടെ ഭവനവാസികളോടുകൂടി ചേർന്ന് ഭക്ഷണം കഴിക്കുക വലിയൊരനുഭവമാണ്. "യേശു ലേവിയുടെ ഭവനത്തിൽ ഭക്ഷണത്തിനിരിക്കുമ്പോൾ അനേകം ചുങ്കക്കാരും പാപികളും അവന്റേയും ശിഷ്യരുടേയും കൂടെയിരുന്നു" (മർക്കോ. 2, 15, ലൂ. 5, 29). ഗുരുവിന്റെ കൂടെയിരുന്ന് ഭക്ഷണം കഴിക്കുക ശിഷ്യന്മാർക്ക് എന്നും ആനന്ദകരമാണ്. ഒന്നിച്ചിരുന്ന് ഭക്ഷണം കഴിക്കുക സൗഹൃദത്തിന്റേയും ആത്മബന്ധത്തിന്റേയും അടയാളവുമാണ്.

സക്കേവൂസിനെ യേശു നേടിയത് പ്രസംഗങ്ങൾ കൊണ്ടോ, പ്രബോധനങ്ങൾകൊണ്ടോ ആയിരുന്നില്ല, അവന്റെ ഭവനം സന്ദർശിച്ചതുവഴിയായിരുന്നു. "യേശു അയാളോടുപറഞ്ഞു, സക്കേവൂസ് വേഗം ഇറങ്ങിവരിക. ഇന്ന് എനിക്ക് നിന്റെ വീട്ടിൽ താമസിക്കേണ്ടിയിരിക്കുന്നു. അയാൾ തിടുക്കത്തിൽ ഇറങ്ങി വന്ന് സന്തോഷത്തോടെ അവനെ സ്വീകരിച്ചു" (ലൂ. 19, 5-6). സക്കേവൂസിനെ ഏറ്റവും കൂടുതൽ സ്വാധീനിച്ചതും അയാളെ മാനസാന്തരപ്പെടുത്തിയതും യേശു അയാളുടെ വീട്ടിൽ എത്തിയതാണ്.





എമ്മാവൂസിലേക്കു പോയ രണ്ടുശിഷ്യന്മാരുടെകൂടെയും ചേർന്ന് യേശു യാത്രചെയ്യുകയും അവരുടെ വീട്ടിൽകയറി താമസിക്കുകയും അവരോട് ചേർന്ന്ഭക്ഷണം കഴിക്കുകയും ചെയ്യുന്നതായും കാണാൻ സാധിക്കും. "അവൻ അവരോടുകൂടി താമസിക്കുവാൻ കയറി. അവരോടൊപ്പം ഭക്ഷണത്തിനിരുന്നപ്പോൾ അവൻ അപ്പമെടുത്ത് ആശീർവ്വദിച്ച് മുറിച്ച് അവർക്കുകൊടുത്തു" (ലൂ. 24, 29-30). ഗുരു, ശിഷ്യന്മാരോടുകൂടി യാത്ര ചെയ്യുകയും, ഭക്ഷിക്കുകയും, താമസിക്കുകയും അങ്ങനെ എല്ലാ ജീവിതാനുഭവങ്ങളിലും പങ്കുകൊള്ളുകയും ചെയ്യുമ്പോൾ ഗുരുവും ശിഷ്യന്മാരും തമ്മിലുണ്ടാകുന്ന ബന്ധം അഭേദ്യമായിത്തീരുന്നു.

ശിഷ്യന്മാരെ വളരെയധികം സ്പർശിച്ച സംഭവമാണ് യേശുവിന്റെ അന്ത്യ അത്താഴം. "സമയമായപ്പോൾ അവൻ ഭക്ഷണത്തിനിരുന്നു. അവനോടൊപ്പം അപ്പസ്തോലന്മാരും" (ലൂ. 22, 14). യേശുവിന്റെ അന്ത്യഅത്താഴത്തിൽപ്പോലും സംബന്ധിക്കാൻ സാധിച്ചത് ശിഷ്യന്മാർക്ക് വലിയൊരു അനുഭവമായിരുന്നിരിയ്ക്കണം. ഗുരുവും ശിഷ്യന്മാരും ഒന്നിച്ച് പൊതുപരിപാടികളിൽ സംബന്ധിക്കുന്നതും അവർ തമ്മിലുള്ള ബന്ധം വളർത്താൻ സഹായിക്കും. കാനായിലെ വിരുന്നുഭവനത്തിൽ യേശുവും ശിഷ്യന്മാരും ഒരുമിച്ചു പോകുന്നതായികാണുന്നുണ്ട്. "യേശുവും ശിഷ്യന്മാരും വിരുന്നിനു ക്ഷണിക്കപ്പെട്ടിരുന്നു" (യോഹ. 2, 2). ഒന്നിച്ച് വിരുന്നിന് പോകുന്നതും ഒന്നിച്ച് ഭക്ഷണം കഴിക്കുന്നതും തീർച്ചയായും വലിയൊരു അനുഭവമാണ്.

യേശുവിന്റെ വചനങ്ങൾ ശിഷ്യന്മാരിൽ സ്വാധീനം ചെലുത്തിയത് യേശുവിന് ശിഷ്യന്മാരുമായി ദൃഢബന്ധം ഉണ്ടായിരുന്നതുകൊണ്ടാണ്. തങ്ങളോടുകൂടി ഭക്ഷിക്കുകയും, താമസിക്കുകയും, തങ്ങളുടേയും കുടുംബത്തിന്റേയും കാര്യങ്ങളിൽ താല്പര്യം കാണിക്കുകയും ചെയ്യുന്ന ഗുരുവിന്റെ വാക്കുകൾ തിരസ്കരിക്കാൻ ശിഷ്യന്മാർക്കു കഴിഞ്ഞിരുന്നില്ല. ഗുരുവിന്റെ വാക്കുകൾ ശിഷ്യന്മാരിൽ ചലനം സൃഷ്ടിക്കണമെങ്കിൽ ക്ലാസ്സുമുറിയിലെ ബന്ധത്തിനപ്പുറമായ ഒരു വ്യക്തിബന്ധത്തിലേക്ക് ഗുരുവും ശിഷ്യന്മാരും എത്തിച്ചേരണം.

## 18. സാമൂഹ്യമാറ്റത്തിനുള്ള ആഹ്വാനം

യേശുക്രിസ്തുവിന്റെ പ്രബോധനങ്ങളും പ്രവർത്തനങ്ങളുമെല്ലാം സാമൂഹ്യമാറ്റത്തിനുള്ള ആഹ്വാനം നൽകുന്നതായിരുന്നു. സമൂഹത്തിലെ കാലഹ

www.malankaralibrary.com



രണപ്പെട്ട വ്യവസ്ഥിതികളെ തുടച്ചുമാറ്റി നവസമൂഹസൃഷ്ടിക്കുള്ള ശ്രമമാണ് തന്റെ പ്രബോധനങ്ങളിലൂടെ യേശു നടത്തിയത്. നിയമത്തെയോ പ്രവാചകന്മാരെയോ, അസാധുവാക്കുവാനല്ല, അതു പൂർത്തീകരിക്കാനാണ് താൻ വന്നിരിക്കുന്നതെന്നരുൾചെയ്ത യേശു, സാമൂഹ്യ വ്യവസ്ഥിതികളെ ഒന്നടങ്കം പിഴുതെറിയാതെതന്നെ, അവയെ വേണ്ടവിധത്തിൽ പരിഷ്കരിക്കുവാനാണ് ശ്രമിച്ചത്. നിലവിലിരിക്കുന്ന സമ്പ്രദായങ്ങളും രീതികളും ശരിയല്ലെന്നുകണ്ടാൽ എതിർപ്പുകൾ വകവയ്ക്കാതെ തന്നെ അവയ്ക്കു മാറ്റം വരുത്തുവാൻ യേശു ധൈര്യം കാട്ടിയിരുന്നു. സാമൂഹ്യമാറ്റത്തിന് ആഹ്വാനം ചെയ്യുക മാത്രമല്ല, അതിന് ആരംഭം കുറിക്കുവാനും യേശു ശ്രമിച്ചിരുന്നു.

കുഷ്ഠരോഗിയെ അശുദ്ധനായി കണ്ട് അവനെ സമൂഹത്തിൽ നിന്നും കുടുംബത്തിൽ നിന്നുതന്നേയും മാറ്റിനിർത്തുന്ന വ്യവസ്ഥിതി നിലവിലിരുന്ന സമൂഹത്തിൽ, കുഷ്ഠരോഗി വെറുക്കപ്പെടേണ്ടവനല്ലെന്നും അവനോടു കരുണ കാണിയ്ക്കേണ്ടതാണെന്നും പഠിപ്പിക്കുവാനാണ് യേശു കുഷ്ഠരോഗിയെ സ്നേഹപൂർവ്വം സ്പർശിച്ചുകൊണ്ട് അവനെ സുഖപ്പെടുത്തിയത്. "അവൻ സഹതാപ പൂർവ്വം കൈനീട്ടി അയാളെ സ്പർശിച്ചുകൊണ്ട് പറഞ്ഞു, എനിക്ക് മനസ്സുണ്ട്. നിനക്ക് ശുദ്ധിയുണ്ടാകട്ടെ" (മർക്കോ. 1, 41). രോഗത്തെക്കാളും കുഷ്ഠരോഗിയെ ഏറ്റവുംകൂടുതൽ വിഷമിപ്പിച്ചിരുന്നത് സമൂഹം അയാളെ അശുദ്ധനായി കണ്ടിരുന്നതാണ്. അതുകൊണ്ടാണ്, കുഷ്ഠരോഗി യേശുവിനോട് തന്നെ സുഖമാക്കാൻ ആവശ്യപ്പെടുന്നതിനുപകരം ശുദ്ധനാക്കാൻ ആവശ്യപ്പെടുന്നത്. "അങ്ങേയ്ക്ക് മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധനാക്കാൻ കഴിയും" (മർക്കോ. 1, 40). ഒരു പക്ഷേ, അയാൾ കുഷ്ഠരോഗി ആയതിനുശേഷം അയാളോടു കരുണ കാണിക്കുന്നതും അയാളെ സ്പർശിക്കുന്നതുമായ ആദ്യത്തെ വ്യക്തിയും ഏകവ്യക്തിയും ക്രിസ്തുവായിരിക്കണം. കുഷ്ഠരോഗിയോട് സമൂഹം വച്ചുപുലർത്തുന്ന മനോഭാവത്തിൽ മാറ്റം വരുത്തുവാനുള്ള ആഹ്വാനമാണ് യേശു ഇവിടെ നൽകുന്നത്. കുഷ്ഠരോഗിയുടെ രോഗം മാറ്റുന്നതിനേക്കാൾ 'കുഷ്ഠരോഗം' ബാധിച്ച സമൂഹത്തിലെ വ്യവസ്ഥിതികളെ മാറ്റുവാനാണ് യേശു ശ്രദ്ധിക്കുന്നത്.

യഹൂദരും സമരിയാക്കാരും തമ്മിൽ യാതൊരു ബന്ധവുമില്ലാത്ത സമൂഹത്തിൽ, യഹൂദനായ യേശു സമരിയാക്കാരിയോട് കുടിക്കാൻ ജലം ചോദിച്ചത് വലിയൊരു സാമൂഹ്യമാറ്റം മുന്നിൽ കണ്ടുകൊണ്ടായിരുന്നു (യോഹ. 4,





7-42). ദുർബ്ബലർ നിയമത്തിന്റെ നൂലാമാലകളിൽ അകപ്പെട്ട് ശിക്ഷിക്കപ്പെടുകയും, ശക്തന്മാർ നിയമത്തിന്റെ പഴുതുകളിലൂടെ രക്ഷപെടുകയും ചെയ്യുന്ന ഒരു വ്യവസ്ഥിതിയിൽ, അതിനൊരു മാറ്റം വരുത്തുവാനാണ്, പാപമില്ലാത്തവർ ആദ്യം അവളെ കല്ലെറിയട്ടെയെന്ന് (യോഹ. 8, 7) പറഞ്ഞ് വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയോട് യേശു കരുണ കാണിച്ചത്. സമൂഹത്തിലെ ദുഷിച്ച സമ്പ്രദായങ്ങൾക്കും പ്രവണതകൾക്കുമെതിരെയുള്ള യേശുവിന്റെ ശക്തമായ ഒരു ആഹ്വാനമായിരുന്നു ആ സംഭവം.

പാപിയെയല്ല, പാപത്തെയാണ് വെറുക്കേണ്ടതെന്നും, പാപികളോടുള്ള സമീപനത്തിൽ വ്യതിയാനം വരുത്തേണ്ടതുണ്ടെന്നും പഠിപ്പിക്കുവാനാണ് തന്റെ പാദങ്ങൾ തൈലംകൊണ്ട് അഭിഷേകം ചെയ്യുന്നതിന് പാപിനിയായ സ്ത്രീയെ യേശു അനുവദിക്കുന്നത് (യോ. 12, 3-8). ശുശ്രൂഷ ചെയ്യാൻ മനസ്സില്ലാതെ വലിയവരാകാൻ ശ്രമിക്കുന്ന ഒരു സമൂഹത്തിലാണ്, ശിഷ്യരുടെ പാദങ്ങൾ കഴുകി അവരെ ശുശ്രൂഷിച്ച് വലിയവരാകാനുള്ള മാർഗ്ഗം ഇതാണെന്ന് കാണിച്ചുകൊടുക്കുന്നത് (യോ. 13, 1-16). ശിഷ്യന്മാരുടെ മനോഭാവത്തിൽ മാറ്റമുണ്ടാക്കുവാനാണ് യേശു ഇവിടേയും ശ്രമിക്കുന്നത്.

സാബത്തിന്റെ പേരിൽ മനുഷ്യനെ ദ്രോഹിച്ചിരുന്ന ഒരു സാമൂഹ്യവ്യവസ്ഥിതിയിൽ മനുഷ്യൻ സാബത്തിനുവേണ്ടിയല്ല, സാബത്ത് മനുഷ്യനുവേണ്ടിയാണ് എന്ന വലിയ സത്യം സമഹൂത്തെ പഠിപ്പിക്കാൻ വേണ്ടിയാണ് യേശു സാബത്തിൽ രോഗശാന്തി നൽകുന്നത്. ഒരു രോഗിക്ക് സൗഖ്യം നൽകുന്നതിനേക്കാൾ യേശുവിനെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ടത് സാബത്തിനോടുള്ള സമൂഹത്തിന്റെ മനോഭാവത്തിൽ മാറ്റം വരുത്തുകയായിരുന്നു. ഇവിടെ സാബത്തിനേക്കാൾ എത്രയോ ശ്രേഷ്ഠമാണ് മനുഷ്യൻ എന്ന് സമൂഹത്തെ ബോധ്യപ്പെടുത്തുവാനാണ് യേശു സാബത്തിൽ രോഗശാന്തി നൽകുന്നത്. തെറ്റായ മനോഭാവങ്ങൾക്കും സമ്പ്രദായങ്ങൾക്കും പകരം പുതിയ മനോഭാവങ്ങൾക്കും ആചാരരീതികൾക്കും തുടക്കം കുറിക്കുക എന്നതായിരുന്നു യേശുവിന്റെ ഇവിടുത്തെ ലക്ഷ്യം. വെറുമൊരു രോഗശാന്തി എന്നതിലുപരിയായ ഒരു മാനം ആ സംഭവത്തിനുണ്ടായിരുന്നു. ഭൗതീക സമ്പത്തിൽ ലക്ഷ്യം വച്ച് ജീവിക്കുന്നവരെ അതിൽ നിന്ന് പിന്തിരിപ്പിച്ച്, ദൈവസന്നിധിയിൽ സമ്പന്നരാകുന്ന ഒരു സമൂഹത്തെ സൃഷ്ടിക്കുവാനാണ്, ധനികനായ ഭോഷന്റെ ഉപമ യേശു അരുളി ചെയ്യുന്നത് (ലൂ. 12, 13-21).

www.malankaralibrary.com



അങ്ങനെയുള്ള ധാരാളം പ്രബോധനങ്ങളും പ്രവർത്തനങ്ങളും സാമൂഹ്യ മാറ്റത്തെ ലക്ഷ്യം വച്ചുകൊണ്ട് യേശു നിറവേറ്റുന്നതായി സുവിശേഷങ്ങളിൽ കാണാൻ സാധിക്കും. യേശുവിന്റെ പ്രബോധനങ്ങളും പ്രവർത്തനങ്ങളുമെല്ലാം സമൂഹത്തെ ശരിയായവിധത്തിൽ രൂപപ്പെടുത്തുന്നതിനുള്ളതായിരുന്നു. യേശു ചെയ്ത രോഗശാന്തിപോലെയുള്ള അത്ഭുതങ്ങൾപോലും സമൂഹത്തെ ഓരോ മഹത്തായ കാര്യങ്ങൾ പഠിപ്പിക്കാൻവേണ്ടിയായിരുന്നു. യേശുവിനെപ്പോലെ സമൂഹത്തെ ശരിയായ ദിശയിൽ നയിക്കുവാനുള്ള ഉത്തരവാദിത്വം അദ്ധ്യാപകന്റേതാണ്. ഒരു കാലഘട്ടത്തിലെ സമൂഹം ആ കാലഘട്ടത്തിലെ അദ്ധ്യാപകരെയും ആശ്രയിച്ചിരിക്കുന്നു. അദ്ധ്യാപകർ എങ്ങനെയോ അങ്ങനെയായിരിക്കും സമൂഹവും. ഒരു സമൂഹം നശിക്കുന്നെങ്കിൽ അതിനുത്തരവാദിത്വം ആ സമൂഹത്തിലെ അദ്ധ്യാപകർക്കും കൂടിയുണ്ട്. അതിനാൽ, സമൂഹത്തെ തെറ്റായ പ്രവണതകളിൽ നിന്നും വ്യവസ്ഥിതികളിൽ നിന്നും മോചിപ്പിച്ച് ഒരു നവസമൂഹമാക്കി അതിനെ മാറ്റേണ്ട ചുമതല അദ്ധ്യാപകർക്കുമുണ്ട്. അദ്ധ്യാപകർ സമൂഹത്തിന്റെ ശില്പികളായി (social engineers) മാറണം. സമൂഹം നവീകരിക്കപ്പെടേണ്ടതുണ്ടെന്നു കണ്ടാൽ അതിനുള്ള ശംഖൊലി മുഴക്കുവാൻ അദ്ധ്യാപകർക്ക് കഴിയണം.





# 5

# വിസ്മയകരമായ അറിവും പ്രബോധനവും

ആരേയും അത്ഭുതപ്പെടുത്തുന്ന വിജ്ഞാനവും പ്രബോധന പാടവവും യേശുവിനുണ്ടായിരുന്നു. അറിവിന്റെ കാര്യത്തിൽ ആർക്കും യേശുവിനെ തോൽപ്പിക്കാനോ വാക്കിൽ കുരുക്കാനോ സാധിച്ചിരുന്നില്ല. യേശുവിനെ പരീക്ഷിക്കാൻ വന്നവരെല്ലാം ലജ്ജിതരായും പരാജിതരായും മടങ്ങുകയാണ് ഉണ്ടായത്. സജീവമായ സർവ്വവിജ്ഞാനകോശമായിരുന്നു യേശുക്രിസ്തു. യേശുവിന്റെ വിജ്ഞാന ഭണ്ഡാരത്തിൽ നിന്നു അടർന്നുവീണ അറിവിന്റെ നുറുങ്ങുകൾ കേട്ട് ജനം അത്ഭുതസ്തബ്ധരായി.

ആഴമേറിയ അറിവും ആ അറിവ് മനുഷ്യഹൃദയങ്ങളിലേക്ക് സന്നിവേശിപ്പിക്കുന്നതിനാവശ്യമായ പ്രബോധന ചാതുരിയും യേശുവിനുണ്ടായിരുന്നു. ജ്ഞാനിയായിരിക്കുക, മറ്റുള്ളവരെ ജ്ഞാനികളാക്കുക ഇവ രണ്ടും അപൂർവ്വമായി മാത്രമെ ഏക വ്യക്തിയിൽ സമ്മേളിച്ചു കാണാറുള്ളൂ. ഒരുവൻ വളരെ ജ്ഞാനിയാണെങ്കിലും, ആ ജ്ഞാനം പകർന്നുകൊടുക്കുവാനുള്ള പാടവം അയാൾക്കുണ്ടാകണമെന്നില്ല. എന്നാൽ യേശുവിനെ ഗുരൂത്തമനാക്കിയത് ഈ രണ്ടു സിദ്ധികളും അതിന്റെ പരിപൂർണ്ണതയിൽത്തന്നെ യേശുവിൽ സമ്മേളിച്ചിരുന്നു എന്നുള്ളതാണ്.

www.malankaralibrary.com



## 1. കൃത്യമായ മറുപടി

ഏതു ചോദ്യത്തിനും വിമർശനത്തിനും തക്കതായ മറുപടി നൽകുവാൻ യേശുവിന് കഴിഞ്ഞിരുന്നു. യേശുവിനെ നിരന്തരം പരീക്ഷിക്കുവാനും, വാക്കിൽ കുടുക്കുവാനും വന്ന ഫരിസേയർക്കും സദുക്കായർക്കും ഒരിയ്ക്കൽപോലും അതിന് സാധിച്ചിരുന്നില്ല. "ഫരിസേയരും സദുക്കായരും യേശുവിനെ പരീക്ഷിക്കാൻ വന്നു... അവൻ പ്രതിവചിച്ചു" (മത്താ. 16. 1). യേശുവിനെ പരീക്ഷിക്കാനായി, സ്വർഗ്ഗത്തിൽ നിന്ന് ഒരടയാളം ആവശ്യപ്പെട്ട ഫരിസേയർക്ക് അതിന് തക്കതായ മറുപടി കൊടുക്കുന്നതായിട്ടാണ് ഇവിടെ കാണുന്നത്.

യേശുവിനെ പരീക്ഷിക്കുവാനായി, ഏതെങ്കിലും കാരണത്താൽ ഒരുവൻ തന്റെ ഭാര്യയെ ഉപേക്ഷിക്കുന്നത് നിയമാനുസൃതമാണോ എന്നു ചോദിച്ച ഫരിസേയർക്കും യേശു കൃത്യമായ മറുപടി കൊടുക്കുന്നുണ്ട് (മത്താ. 19,3). യേശുവിന്റെ മറുപടി കേട്ട് അവർ പരാജിതരായി മടങ്ങുകയാണ് ചെയ്തത്.

യേശുവിനെ വാക്കിൽ കുടുക്കാനായി വളരെ ആലോചിച്ച് യേശുവിന്റെ അടുക്കലേക്കുപോയ ഫരിസേയരുടേയും ഹേറോദേസ് പക്ഷക്കാരുടേയും ഒരു സമൂഹവും തോറ്റ് മടങ്ങിപ്പോരുകയുണ്ടായി. "അപ്പോൾ ഫരിസേയർ പോയി യേശുവിനെ എങ്ങനെ വാക്കിൽകുടുക്കാം എന്ന് ആലോചന നടത്തി. അവർ തങ്ങളുടെ അനുയായികളെ ഹേറോദേസ് പക്ഷക്കാരോടൊത്ത് അവന്റെ അടുക്കൽ അയച്ചു ചോദിച്ചു.. അവരുടെ ദുഷ്ടത മനസ്സിലാക്കിക്കൊണ്ട് യേശു പറഞ്ഞു, കപടനാട്യക്കാരെ, നിങ്ങൾ എന്നെ പരീക്ഷിക്കുന്നതെന്ത്? .... ഇതു കേട്ട് അവർ വിസ്മയഭരിതരായി, അവനെ വിട്ടുപോയി"(മത്താ. 22, 15-22). ആർക്കും ഒരു തരത്തിലും തന്നെ കുരുക്കിലാക്കാനാവില്ലെന്ന് യേശുവിന്റെ മറുപടി തെളിയിക്കുകയുണ്ടായി. സങ്കീർണ്ണമായ ചോദ്യങ്ങളിൽ നിന്നും വളരെ വിദഗ്ധമായി രക്ഷപെടുവാനുള്ള വൈഭവം യേശുവിനുണ്ടായിരുന്നു. പ്രതിയോഗികളെപ്പോലും വിസ്മയിപ്പിക്കുന്നതായിരുന്നു യേശുവിന്റെ പ്രത്യുത്തരങ്ങൾ.

യേശുവിനെ പരീക്ഷിക്കുവാനായി തന്ത്രങ്ങൾ ആവിഷ്കരിച്ചെത്തിയ സദുക്കായരേയും വാക്കുമുട്ടിക്കുന്നതായി കാണാൻ കഴിയും. യേശുവിന്റെ മുമ്പിൽ പരാജയപ്പെട്ട സദുക്കായരുടെ സംരക്ഷണയ്ക്കെത്തിയ ഫരിസേയർക്കും





യേശുവിന്റെയടുക്കൽ വിജയിക്കാനായില്ല. "യേശു സദുക്കായരെ വാക്കുമുട്ടിച്ചെന്നുകേട്ടപ്പോൾ ഫരിസേയർ ഒന്നിച്ചുകൂടി. അവരിൽ ഒരു നിയമപണ്ഡിതൻ അവനെ പരീക്ഷിച്ചുകൊണ്ട് ചോദിച്ചു... അവൻ പറഞ്ഞു...." (മത്താ. 22, 34-36). യേശുവിനെ പരീക്ഷിക്കുവാനായി നിയമത്തിലെ അതിപ്രധാന കല്പന ഏതെന്ന് ചോദിച്ച നിയമപണ്ഡിതന്റെ ചോദ്യത്തിന് അർഹിക്കുന്ന മറുപടി നൽകി യേശു വിജയക്കൊടി പാറിക്കുകയുണ്ടായി. (മത്താ. 22, 37-40).

മരുഭൂമിയിൽ പിശാചിന്റെ തന്ത്രപൂർവ്വമായ പരീക്ഷണത്തെ യേശു ബുദ്ധിപൂർവ്വം അതിജീവിക്കുന്നതായും കാണുന്നുണ്ട്. പിശാചിന്റെ എല്ലാ ചോദ്യങ്ങൾക്കും അതേ നാണയത്തിൽ തന്നെ തിരുവചനഭാഗം ഉദ്ധരിച്ചുകൊണ്ട് മറുപടിനൽകിയപ്പോൾ പിശാച് പരാജയം സമ്മതിച്ച് യേശുവിനെ വിട്ടുപോവുകയാണുണ്ടായത്. 'അപ്പോൾ പിശാച് അവനെ വിട്ടുപോയി' (മത്താ. 4, 1-11). അറിവിന്റെ കാര്യത്തിൽ ആർക്കും യേശുവിനെ വെല്ലുവിളിക്കാനാവില്ലെന്ന് എല്ലാവർക്കും മനസ്സിലായി. യേശുവിനെ ഒരു തരത്തിലും പരാജയപ്പെടുത്താനാവില്ലെന്ന് ബോദ്ധ്യമായ നിയമജ്ഞരും, ഫരിസേയരും, സദുക്കായരും, പിശാചുപോലും അവസാനം തോൽവി സമ്മതിക്കുകയാണ്. "അവനോട് ഒരുവാക്ക് ഉത്തരം പറയുവാൻ ആർക്കും കഴിഞ്ഞില്ല. ആ ദിവസം മുതൽ അവനോട് എന്തെങ്കിലും ചോദിക്കാൻ ആരും ധൈര്യപ്പെട്ടതുമില്ല" (മത്താ. 22, 46).

അറിവിന്റെ കാര്യത്തിൽ ഒരദ്ധ്യാപകൻ ആർക്കും പിന്നിലാകരുത്. അതോടൊപ്പം ചോദ്യങ്ങൾക്ക് വളരെ സമർത്ഥമായി ഉത്തരം പറയുവാനുള്ള പാടവവും ഒരദ്ധ്യാപകന് ഉണ്ടാകേണ്ടതാണ്. ചോദ്യങ്ങൾക്ക് കൃത്യമായ മറുപടി കൊടുക്കാനും, അറിവ് മറ്റുള്ളവരിലേക്ക് സംവേദനം ചെയ്യുന്നതിനും പ്രത്യേക കഴിവ് വേണം. അസാമാന്യമായ അറിവും ജ്ഞാനവുമുള്ളവർക്കെല്ലാം ആ അറിവ് മറ്റുള്ളവരിലേക്ക് പകർന്നുകൊടുക്കുവാനുള്ള കഴിവുണ്ടാകണമെന്നില്ല. അതായത് നല്ല അറിവുള്ളവരെല്ലാം നന്നായി പഠിപ്പിക്കണമെന്നില്ല. നല്ല അറിവുണ്ടായിരിക്കുന്നതും, നന്നായി പഠിപ്പിക്കുന്നതും രണ്ടും രണ്ട് കഴിവുകളാണ്. അറിവ് പകർന്നുകൊടുക്കുന്നതിൽ അറിവുള്ളവരും പരാജയപ്പെട്ടെന്നിരിക്കും, നല്ല അറിവുണ്ടായിരിക്കുകയും, ആ അറിവ് നന്നായി പകർന്നുകൊടുക്കാനുള്ള കഴിവുണ്ടായിരിക്കുകയും ചെയ്യുന്നവനാണ് പ്രഗത്ഭനായ അദ്ധ്യാപകനായി തീരുക.

www.malankaralibrary.com


## 2. പ്രബോധനത്തിലെ സത്യത്തിന്റെ മാനങ്ങൾ

താൻ പഠിപ്പിക്കുന്നതിൽ സത്യത്തിന്റെ അംശം എത്രമാത്രമുണ്ടെന്നും, കേൾവിക്കാർ എത്രമാത്രം പ്രാധാന്യത്തോടെ തന്റെ വചനങ്ങൾ സ്വീകരിക്കണമെന്നും യേശു വെളിപ്പെടുത്തുന്നുണ്ട്. ചില കാര്യങ്ങൾ യേശു അത്ര പ്രാധാന്യത്തോടെയല്ലാതെ പറഞ്ഞുപോവുകയും, മറ്റു ചില കാര്യങ്ങൾ വളരെ പ്രധാനപ്പെട്ടതാണെന്ന് പറഞ്ഞ് പഠിപ്പിക്കുകയും ചെയ്യുന്നുണ്ട്.

ചിലയവസരങ്ങളിൽ ചില യാഥാർത്ഥ്യങ്ങൾ 'ഞാൻ പറയുന്നു' എന്നു പറഞ്ഞ് യേശു പ്രസ്താവിക്കുകമാത്രം ചെയ്യുന്നു. "അനുതപിക്കുന്ന ഒരു പാപിയെക്കുറിച്ച് സ്വർഗ്ഗത്തിൽ കൂടുതൽ സന്തോഷമുണ്ടാകും എന്ന് ഞാൻ നിങ്ങളോട് പറയുന്നു" (ലൂ. 15,7). "അനുതപിക്കുന്ന ഒരു പാപിയെക്കുറിച്ച് ദൈവത്തിന്റെ മാലാഖമാരുടെ മുമ്പിൽ സന്തോഷമുണ്ടാകു എന്ന് ഞാൻ നിങ്ങളോട് പറയുന്നു" (ലൂ. 15, 10). "ഞാൻ നിങ്ങളോടു പറയുന്നു, ഏലിയാ വന്നു കഴിഞ്ഞു" (മർക്കോ. 9, 13). "ഞാൻ നിങ്ങളോടു പറയുന്നു" എന്നുപറഞ്ഞുള്ള സാധാരണ പ്രസ്താവനകളാണിവയൊക്കെ. ഇപ്രകാരമുള്ള ധാരാളം പ്രസ്താവനകൾ സുവിശേഷങ്ങളിൽ കാണാൻ സാധിക്കും.

എന്നാൽ, ഞാൻ പറയുന്നു എന്നതിനുപകരം ഞാൻ സത്യമായി പറയുന്നു എന്നു പറഞ്ഞ് ചിലകാര്യങ്ങൾ യേശു പ്രസ്താവിക്കുന്നുണ്ട്. താൻ പറയുന്നത് സത്യമായിട്ടുള്ള കാര്യങ്ങളാണെന്നാണ് യേശു പറയുന്നത്. "ദൈവരാജ്യം ശക്തിയോടെ സമാഗതമാകുന്നത് കാണുന്നതുവരെ മരിക്കുകയില്ലാത്ത ചിലർ ഇവിടെ നിൽക്കുന്നവരിലുണ്ടെന്ന് സത്യമായി ഞാൻ നിങ്ങളോട് പറയുന്നു" (മർക്കോ. 9, 1). "സത്യമായി ഞാൻ നിങ്ങളോട് പറയുന്നു... നിങ്ങൾക്ക് ഒരു പാത്രം വെള്ളംകുടിക്കാൻ തന്നാൽ അയാൾക്ക് പ്രതിഫലം ലഭിക്കാതിരിക്കുകയില്ല" (മർക്കോ. 9, 41). "സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഈ തലമുറയ്ക്ക് ഒരടയാളവും നല്കപ്പെടുകയില്ല" (മർക്കോ. 8, 12). "സത്യമായി ഞാൻ നിങ്ങളോടു പറുന്നു, ധനവാന് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക ദുഷ്കരമാണ്" (മത്താ. 19, 23).. "സത്യമായി ഞാൻ നിങ്ങളോട് പറയുന്നു... എന്നെ അനുഗമിച്ചവരായ നിങ്ങൾ ഇസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങളെ വിധിച്ചുകൊണ്ട് പന്ത്രണ്ടു സിംഹാസനങ്ങളിൽ ഇരിക്കും" (മത്താ. 19, 28). ഞാൻ സത്യമായി പറയുന്നു എന്നു പറഞ്ഞാണ് യേശു ഇവിടെയെല്ലാം പ്രസ്താവനകൾ നടത്തുന്നത്.





കുറെക്കൂടി വ്യക്തവും ശക്തവുമായ യാഥാർത്ഥ്യങ്ങൾ, സത്യം സത്യമായി ഞാൻ നിങ്ങളോട് പറയുന്നു, എന്ന മുഖവുരയോടെയാണ് ആരംഭിക്കുന്നത്. "സത്യം സത്യമായി ഞാൻ നിങ്ങളോട് പറയുന്നു, നിങ്ങൾ പിതാവിനോടു ചോദിക്കുന്നതെന്തും എന്റെ നാമത്തിൽ അവിടുന്ന് നിങ്ങൾക്ക് നൽകും" (യോഹ. 16, 23). "സത്യം സത്യമായി ഞാൻ നിങ്ങളോട് പറയുന്നു, നിങ്ങളിൽ ഒരുവൻ എന്നെ ഒറ്റിക്കൊടുക്കും" (യോഹ. 13, 21). യേശുവിന് വളരെ തീർച്ചയുള്ളതും വളരെ ശ്രദ്ധയോടെ ശ്രവിക്കേണ്ടതുമായ പ്രബോധനങ്ങളായതുകൊണ്ടാണ് ഈ രീതിയിൽ തറപ്പിച്ചു സംസാരിക്കുന്നത്.

താൻ പഠിപ്പിക്കുന്നത് തനിക്ക് എത്രമാത്രം തീർച്ചയുള്ള കാര്യങ്ങളാണ് എന്ന് ഒരു അദ്ധ്യാപകൻ വെളിപ്പെടുത്തിയാൽ അതിനനുസരിച്ചുള്ള ഗൗരവത്തോടെ കേൾവിക്കാർ സ്വീകരിക്കും.

## 3. വിഷയത്തിന്റെ പ്രാധാന്യമനുസരിച്ചുള്ള പ്രബോധനം

വിഷയത്തിന്റെ പ്രാധാന്യമനുസരിച്ചും അവയ്ക്ക് വ്യക്തിയിലുള്ള പ്രസക്തിക്കനുസരിച്ചുമുള്ള പ്രബോധനമായിരുന്നു യേശുക്രിസ്തുവിന്റേത്. ചില കാര്യങ്ങൾ സാന്ദർഭികമായി പറഞ്ഞുപോകുന്നതായും, എന്നാൽ പ്രധാനപ്പെട്ട ചില യാഥാർത്ഥ്യങ്ങൾ വളരെ വ്യക്തമായും വിശദമായും ഗൗരവത്തോടെയും പഠിപ്പിക്കുന്നതായും കാണുന്നുണ്ട്.

അത്ര വിശദമായല്ലാതെ യേശു പറഞ്ഞുപോകുന്ന കാര്യങ്ങൾ സുവിശേഷകർ രേഖപ്പെടുത്തുന്നത്, അവൻ പറഞ്ഞു എന്ന മുഖവുരയോടെയാണ്. "അവൻ അവരോട് പറഞ്ഞു...." (മർക്കോ. 9,1). "അവൻ പറഞ്ഞു..." (മർക്കോ. 9, 12). യേശുവിന്റെ കൂടുതൽ പ്രബോധനങ്ങളും ഈവിധത്തിലുള്ളതാണ്. ചിലകാര്യങ്ങൾ യേശു ആജ്ഞാപിക്കുകയും കല്പിക്കുകയും ചെയ്യുന്നുണ്ട്. "മലയിൽ നിന്നിറങ്ങുമ്പോൾ അവൻ അവരോട് കല്പിച്ചു" (മർക്കോ. 9, 9).

ചിലകാര്യങ്ങൾ ചെവികളിൽ വളരെ ആഴമായി പതിയാൻ തക്കതുപോലെ പറയുന്നുണ്ട്. "ഈ വചനങ്ങൾ നിങ്ങളുടെ ചെവികളിൽ ആഴമായി പതിയട്ടെ" (ലൂ. 9, 44). മറ്റുചിലകാര്യങ്ങൾ ജനത്തിന് മനസ്സിലാക്കാൻ തക്കതുപോലെ പഠിപ്പിക്കുന്നുണ്ട്. "നിങ്ങൾ എല്ലാവരും എന്റെ വാക്കുകൾ കേട്ട് മനസ്സിലാക്കുവിൻ" (മർക്കോ. 7, 14). ചില കാര്യങ്ങൾ ശ്രദ്ധിച്ചുകേൾക്കുവാനായി ആവശ്യപ്പെടുന്നുണ്ട്. "അവൻ പറഞ്ഞു, നിങ്ങൾ ശ്രദ്ധിച്ചുകേൾക്കുവിൻ. നിങ്ങൾ

www.malankaralibrary.com



അളക്കുന്ന അളവിൽതന്നെ നിങ്ങൾക്കും അളക്കപ്പെടും" (മർക്കോ 4, 24). ഒന്നും ഒളിച്ചുവയ്ക്കാതെ, തുറന്നു പറയേണ്ട കാര്യങ്ങൾ തുറന്നുപറയുവാനും യേശു ധൈര്യം കാണിയ്ക്കുന്നുണ്ട്. തന്റെ പീഡാനുഭവത്തേയും മരണത്തേയും കുറിച്ചുള്ള വാർത്തകൾ ശിഷ്യന്മാർക്ക് ഇഷ്ടപ്പെടുകയില്ലെന്നറിയാമെങ്കിലും യേശു അക്കാര്യം തുറന്നുപറയുന്നുണ്ട്. "അവൻ ഇക്കാര്യം തുറന്നുപറഞ്ഞു" (മർക്കോ 8, 32).

യാതൊരു അവ്യക്തതയ്ക്കും സാദ്ധ്യതയില്ലാത്തവിധത്തിൽ ചിലകാര്യങ്ങൾ വളരെ തെളിവായി പറയുന്ന സന്ദർഭങ്ങളുമുണ്ട്. "അവൻ തെളിവായിപ്പറഞ്ഞു, സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങളിൽ ഒരുവൻ എന്നെ ഒറ്റിക്കൊടുക്കും" (യോഹ. 13,21). ശിഷ്യന്മാരിലൊരുവൻ തന്നെ ഒറ്റിക്കൊടുക്കുവാനിരിക്കുന്ന കാര്യം മറച്ചുവയ്ക്കാതെ യേശു ഇവിടെ തുറന്നുപറയുകയാണ്.

തുറന്നുപറയേണ്ടത് തുറന്നുപറയുവാനും വ്യക്തമായി പറയേണ്ടത് വ്യക്തമായിപറയുവാനും ഒരദ്ധ്യാപകന് സാധിക്കണം. ഇവിടെ ആരേയും ഭയപ്പെടേണ്ടതില്ല. മുഖം നോക്കേണ്ടതുമില്ല.

### 4. ആജ്ഞാശക്തിയുള്ള വചനങ്ങൾ

യേശുക്രിസ്തുവിന്റെ വാക്കുകൾ ശക്തവും, ആരേയും ആജ്ഞാനുവർത്തിയാക്കുന്നതുമായിരുന്നു. ആരെക്കൊണ്ടും എന്തും ചെയ്യിപ്പിക്കുവാനുള്ള ശക്തി ആ വാക്കുകൾക്കുണ്ടായിരുന്നു. എന്നെ അനുഗമിക്കുക എന്ന യേശുവിന്റെ വാക്കുകൾ കേട്ടാണ് ശിഷ്യന്മാരെല്ലാം യേശുവിനെ അനുഗമിച്ചത്. "യേശു അവരോട് പറഞ്ഞു, എന്നെ അനുഗമിക്കുവിൻ... ഉടനെ അവർ വലകളുപേക്ഷിച്ച്, അവനെ അനുഗമിച്ചു" (മർക്കോ 1, 18). എല്ലാം ഉപേക്ഷിച്ച് യേശുവിനെ അനുഗമിക്കുക എന്ന ധീരമായ നടപടിക്ക് അവരെ തയ്യാറാക്കിയത് യേശുവിന്റെ ശക്തമായ വാക്കുകളായിരുന്നു. രണ്ടാമതൊന്ന് ചിന്തിക്കാൻ സമയംപോലുമെടുക്കാതെ ഉടൻതന്നെ അവർ യേശുവിനെ അനുഗമിക്കുകയാണുണ്ടായത്.

അശുദ്ധാത്മാക്കളെ അനുസരിപ്പിക്കാൻപോലുമുള്ള ശക്തി യേശുവിന്റെ വാക്കുകൾക്കുണ്ടായിരുന്നു. "യേശു അതിനെ ശാസിച്ചു, നിശ്ശബ്ദമായിരിക്കുക. അവനെ വിട്ട് പുറത്തുവരിക. അശുദ്ധാത്മാവ് അയാളെ തള്ളിവീഴ്ത്തി





യിട്ട് ഉച്ചസ്വരത്തിൽ അലറിക്കൊണ്ട് പുറത്തുവന്നു. എല്ലാവരും അത്ഭുതപ്പെട്ട് പരസ്പരം പറഞ്ഞു, ഇതെന്ത്, അശുദ്ധാത്മാക്കളോടുപോലും അവൻ ആജ്ഞാപിക്കുന്നു. അവ അനുസരിക്കുകയും ചെയ്യുന്നു" (മർക്കോ. 1, 25-27). അശുദ്ധാത്മാക്കൾക്കുപോലും യേശുവിന്റെ വചനങ്ങൾ അനുസരിക്കാതിരിക്കാൻ കഴിഞ്ഞില്ല. "അവൻ വചനംകൊണ്ട് അശുദ്ധാത്മാക്കളെ പുറത്താക്കുകയും എല്ലാ രോഗികളേയും സുഖപ്പെടുത്തുകയും ചെയ്തു" (മത്താ. 8, 16). സൃഷ്ടിക്കാനും നിലനിർത്താനും നശിപ്പിക്കാനുമുള്ള ശക്തി യേശുവിന്റെ വാക്കുകൾക്കുണ്ടായിരുന്നു.

വചനംകൊണ്ട് യേശുവിന് സാധിക്കാത്തതായി ഒന്നും ഉണ്ടായിരുന്നില്ല. ഒരുവാക്കുകൊണ്ട് എത്രവലിയ രോഗവും സുഖമാക്കാൻ യേശുവിന് കഴിഞ്ഞിരുന്നു. "വിവിധ രോഗങ്ങൾ ബാധിച്ചിരുന്ന വളരെപ്പേരെ അവൻ സുഖപ്പെടുത്തി. അനേകം പിശാചുക്കളെ പുറത്താക്കി" (മർക്കോ. 1, 34). ഇവയെല്ലാം ഒരു ചെറിയ വാക്കുകൊണ്ട് സാധിച്ചെടുത്തതാണ്. പാപങ്ങൾ മോചിക്കാനും ആ വചനങ്ങൾക്ക് സാധിച്ചിരുന്നു. "മകനേ, നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു" (മർക്കോ. 2, 5). തളർവാതരോഗിയുടെ പാപങ്ങൾ മോചിക്കാനും, അവന്റെ രോഗം മാറ്റുവാനും യേശുവിന്റെ വാക്കുകൾക്ക് കഴിഞ്ഞു. "അവൻ തളർവാതരോഗിയോടു പറഞ്ഞു, എഴുന്നേറ്റ് നിന്റെ കട്ടിലുമെടുത്ത് വീട്ടിലേക്കുപോവുക. അയാൾ എഴുന്നേറ്റ് വീട്ടിലേക്ക് പോയി" (മത്താ. 9, 6-7).

രോഗങ്ങൾ മാറ്റാനും പാപങ്ങൾ മോചിക്കാനുമല്ല, മരിച്ചവരെ ഉയർപ്പിക്കാനുള്ള ശക്തിയും യേശുവിന്റെ വാക്കുകൾക്കുണ്ടായിരുന്നു. "ഇതുപറഞ്ഞിട്ട് അവൻ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു, ലാസറേ, പുറത്തുവരിക. അപ്പോൾ മരിച്ചവൻ പുറത്തുവന്നു" (യോഹ. 11, 43-44). ലാസറിനെ മാത്രമല്ല, മരിച്ച പല വ്യക്തികളേയും വെറുമൊരു വാക്കുകൊണ്ട് യേശു ഉയർപ്പിച്ചു.

അപ്പവും വീഞ്ഞും തന്റെ ശരീരവും രക്തവുമാക്കി തീർക്കാനുള്ള ശക്തിയും യേശുവിന്റെ വചനങ്ങൾക്കുണ്ടായിരുന്നു. "പിന്നെ അവൻ അപ്പമെടുത്ത്, കൃതജ്ഞതാ സ്തോത്രം ചെയ്ത് മുറിച്ച്, അവർക്ക് കൊടുത്തുകൊണ്ട് അരുളിചെയ്തു, ഇത് നിങ്ങൾക്കായി നൽകപ്പെടുന്ന എന്റെ ശരീരമാകുന്നു... അവൻ പാനപാത്രമെടുത്തുകൊണ്ട് അരുളിചെയ്തു, ഈ പാനപാത്രം നിങ്ങൾക്കുവേണ്ടി ചിന്തപ്പെടുന്ന എന്റെ രക്തത്തിലുള്ള പുതിയ ഉടമ്പടിയാ

www.malankaralibrary.com



കുന്നു." (ലൂ. 22, 17-20). യേശുവിന്റെ വചനത്തിന്റെ ശക്തിയാൽ അപ്പവും വീഞ്ഞും ശരീരവും രക്തവുമായി മാറി. പ്രകൃതിയിൽപ്പോലും രൂപഭേദങ്ങൾ വരുത്തുവാനുള്ള ശക്തി യേശുവിന്റെ വാക്കുകൾക്കുണ്ടായിരുന്നു. കാറ്റും കടലും പോലും യേശുവിന്റെ വാക്കുകൾ കേട്ടു. "അവൻ എഴുന്നേറ്റ്, കാറ്റിനേയും കടലിനേയും ശാസിച്ചു; വലിയ ശാന്തതയുണ്ടായി. അവർ ആശ്ചര്യപ്പെട്ടു പറഞ്ഞു, ഇവൻ ആര്? കാറ്റും കടലുംപോലും ഇവനെ അനുസരിക്കുന്നുവല്ലോ?" (മത്താ. 8, 26-27).

ഒരദ്ധ്യാപകന്റെ വാക്കുകൾ ശക്തമാണ്; ശക്തമാകണം. ആരെക്കൊണ്ടും എന്തും ചെയ്യിപ്പിക്കാനുള്ള കഴിവ് ആ വാക്കുകൾക്കുണ്ടാകണം. ദൈവം സൃഷ്ടി നടത്തിയതുതന്നെ വചനം കൊണ്ടാണ്. വാക്കുകൾ വെറും അക്ഷരക്കൂട്ടങ്ങളല്ല, അത് സൃഷ്ടിക്കാനുള്ളതാണ്.

### 5. ആധികാരികമായ പ്രബോധനം

വളരെ ആധികാരികമായ പ്രബോധനങ്ങളായിരുന്നു യേശുവിന്റേത്. ആ വചനങ്ങൾ കേട്ടവർക്കെല്ലാം അതിൽ എന്തോ കഴമ്പുണ്ടെന്ന് ബോധ്യമായി. ആ പ്രബോധനങ്ങൾ അത്ര ശക്തവും ആധികാരികവുമായിരുന്നു. വചനത്തിന്റെ ശക്തിയും സംഭവ്യതയും കണ്ട് ജനം വിസ്മയഭരിതരായി.

"യേശു ഈ വചനങ്ങൾ അവസാനിപ്പിച്ചപ്പോൾ ജനാവലി അവന്റെ പ്രബോധനത്തെപ്പറ്റി വിസ്മയിച്ചു. എന്തെന്നാൽ, അവരുടെ നിയമജ്ഞരെപ്പോലെയല്ല, അധികാരമുള്ളവനെപ്പോലെയാണ് അവൻ പഠിപ്പിച്ചത്" (മത്താ. 7, 28). നിയമജ്ഞരെപ്പോലെ നിലവാരം കുറഞ്ഞ കുറെ വർത്തമാനം പറയുകയായിരുന്നില്ല യേശു ചെയ്തിരുന്നത്. യേശുവിന് എല്ലാറ്റിനേയും സംബന്ധിച്ച് ആധികാരികമായ അറിവുണ്ടായിരുന്നതുകൊണ്ടാണ് അവിടുത്തെ പ്രബോധനങ്ങൾക്ക് ആധികാരികത കൈവന്നത്. അതുകൊണ്ടാണ് നിയമജ്ഞരുടെ പഠിപ്പിക്കലിനേക്കാൾ യേശുവിന്റെ പഠിപ്പിക്കൽ ശ്രേഷ്ഠമായി എല്ലാവർക്കുംഅനുഭവപ്പെട്ടത്. "അവന്റെ പ്രബോധനത്തിൽ അവർ വിസ്മയഭരിതരായി. കാരണം, അധികാരമുള്ളവനെപ്പോലെയാണ് അവൻ പഠിപ്പിച്ചത്; നിയമജ്ഞരെപ്പോലെയല്ല"(മർക്കോ. 1, 22). ആധികാരികമായ അറിവുള്ളവനാണ് അധികാരത്തോടെ പഠിപ്പിക്കാൻ സാധിക്കുക.





അശുദ്ധാത്മാക്കളെപ്പോലും നിയന്ത്രിക്കാൻ തക്കതുപോലെ ശക്തമായിരുന്നു യേശുവിന്റെ വചനങ്ങൾ. "എല്ലാവരും അത്ഭുതപ്പെട്ട് പരസ്പരം പറഞ്ഞു, ഇതെന്ത്! അധികാരത്തോടെയുള്ള പുതിയ പ്രബോധനമോ! അശുദ്ധാത്മാക്കളോടുപോലും അവൻ ആജ്ഞാപിക്കുന്നു. അവ അനുസരിക്കുകയും ചെയ്യുന്നു" (മർക്കോ. 1, 27). അശുദ്ധാത്മാക്കളോടുപോലും അധികാരത്തോടു സംസാരിക്കാൻ യേശുവിന് കഴിഞ്ഞിരുന്നു. യേശുവിന്റെ വചനങ്ങൾ ചലനാത്മകവും ക്രിയാത്മകവുമായിരുന്നു. ആ വാക്കുകൾ, സസൂഷ്മം അയയ്ക്കുന്ന അസ്ത്രംപോലെ, കൊള്ളേണ്ടിടത്ത് കൊണ്ടിരുന്നു. അത് ലക്ഷ്യം കണ്ടേ മടങ്ങുമായിരുന്നുള്ളൂ. അതുകൊണ്ടാണ്, യേശുവിന്റെ വാക്കുകൾ കേട്ട് അശുദ്ധാത്മാക്കൾപോലും അനുസരിക്കാൻ നിർബന്ധിതരായത്. "എല്ലാവരും അത്ഭുതപ്പെട്ട് പരസ്പരം പറഞ്ഞു, എന്തൊരു വചനമാണിത്! ഇവൻ അധികാരത്തോടും ശക്തിയോടുംകൂടി അശുദ്ധാത്മാക്കളോടു കല്പിക്കുകയും അവ വിട്ടുപോകയും ചെയ്യുന്നുവല്ലോ!" (ലൂ. 4, 36). യേശുവിന്റെ വാക്കുകളുടെ ശക്തി കണ്ട് എല്ലാവരും അത്ഭുതപ്പെടുകയാണ്.

യേശുവിന്റെ പ്രബോധനം കേട്ടവർക്കെല്ലാം അത് ആധികാരിക പ്രബോധനമായി അനുഭവപ്പെട്ടു. വചനത്തിന്റെ മുമ്പിൽ എല്ലാവരും പകച്ചുനിന്നുപോയി. കാരണം അവയിൽ എന്തൊക്കെയോ അസാധാരണത്വം അവർ ദർശിച്ചു. ആ വാക്കുകൾ വെറും വാക്കുകളായിരുന്നില്ല; അത് കർമ്മോന്മുഖമായിരുന്നു; അത് കർമ്മം തന്നെയായിരുന്നു. എന്തെങ്കിലും ഫലം ഉളവാക്കുന്നതായിരുന്നു ആ വാക്കുകൾ. "അവന്റെ പ്രബോധനത്തിൽ അവർ വിസ്മയഭരിതരായി. കാരണം, അധികാരത്തോടുകൂടിയതായിരുന്നു അവന്റെ വചനം" (ലൂ. 4, 32). യേശുവിന്റെ പ്രബോധനത്തിൽ എല്ലാവരും വിസ്മയിക്കാൻ കാരണം അത് ആധികാരികമായിരുന്നു എന്നതാണ്.

ആധികാരികമായ അറിവുള്ളവനുമാത്രമേ, അധികാരത്തോടുകൂടി പഠിപ്പിക്കാൻ കഴിയൂ. ആധികാരികമായ പ്രബോധനത്തിനുമാത്രമേ മറ്റുള്ളവരിൽ ചലനങ്ങൾ സൃഷ്ടിക്കാൻ കഴിയൂ. പഠിപ്പിക്കുന്ന കാര്യങ്ങൾ നൂറുശതമാനവും യാഥാർത്ഥ്യമാണെന്ന് തീർച്ചയുള്ളവനാണ് ആധികാരികമായി പഠിപ്പിക്കാൻ കഴിയുക. കേൾവിക്കാരുടെ ഹൃദയങ്ങളിലേക്ക് തുളച്ചുകയറുന്നതും അവരെ കർമ്മത്തിനു പ്രേരിപ്പിക്കുന്നതുമായ തരത്തിൽ വളരെ ആധികാരികമായ പ്രബോധനമായിരിക്കണം ഒരദ്ധ്യാപകന്റേത്. യേശുക്രിസ്തുവിനെപ്പോലെ, പഠി

www.malankaralibrary.com



പ്പിക്കുന്ന കാര്യങ്ങൾ ആധികാരികമായി പഠിപ്പിക്കുവാനുള്ള പാടവം ഒരദ്ധ്യാപകൻ നേടണം.

### 6. വിസ്മയകരമായ ജ്ഞാനം

യേശുവിന്റെ അറിവ് ആരേയും വിസ്മയിപ്പിക്കുന്നതായിരുന്നു. യേശുവിന്റെ വാക്കുകൾ കേട്ടവരെല്ലാം അവിടുത്തെ ജ്ഞാന സാഗരത്തിനുമുമ്പിൽ നിർന്നിമേഷരായി നിന്നുപോയിട്ടുണ്ട്. "അവർ വിസ്മയഭരിതരായി ചോദിച്ചു, ഈ മനുഷ്യന് ഈ ജ്ഞാനവും ശക്തിയും എവിടെനിന്ന്?" (മത്താ. 13, 54). സാധാരണ സ്ഥിതിയിൽ ഒരു മനുഷ്യന് ലഭിക്കാൻ സാധിക്കാത്ത വിധത്തിലുള്ള ജ്ഞാനം യേശുവിൽ ദർശിച്ചതിന്റെ ഫലമായിട്ടാണ് ജനങ്ങൾ അത്ഭുതപരതന്ത്രരാകുന്നത്.

അറിവിന്റെ കാര്യത്തിൽ ആരേയും വെല്ലാൻ ചെറുപ്രായത്തിൽ തന്നെ യേശുവിന് കഴിഞ്ഞിരുന്നു. പന്ത്രണ്ടുവയസ്സുമാത്രം പ്രായമുള്ള യേശു ഉപാദ്ധ്യായന്മാരുടെ ഇടയിലേക്ക് ചെന്ന് അവർ പറയുന്നത് ഗ്രഹിക്കുവാനും അവരോടു ചോദ്യങ്ങൾ ചോദിക്കുവാനും തക്കതുപോലെയുള്ള അറിവ് നേടിയിരുന്നു. "അവൻ ഉപാദ്ധ്യായന്മാരുടെ ഇടയിലിരുന്ന് അവർ പറയുന്നതുകേൾക്കുകയും അവരോടു ചോദ്യങ്ങൾ ചോദിക്കുകയും ചെയ്യുകയായിരുന്നു. കേട്ടവരെല്ലാം അവന്റെ ബുദ്ധിശക്തിയിലും മറുപടികളിലും അത്ഭുതപ്പെട്ടു"(ലൂ. 2, 46-47). പന്ത്രണ്ടു വയസ്സുമാത്രമുള്ള ഒരു ബാലന്റെ അറിവ് നിയമജ്ഞരെപ്പോലും അത്ഭുതപ്പെടുത്തുന്നതായിരുന്നു. ഇത്രയും അറിവുണ്ടായിരുന്ന യേശു വീണ്ടും ജ്ഞാനത്തിൽ വളർന്നുവെന്നാണ് വി. ലൂക്കോസ് രേഖപ്പെടുത്തുന്നത്. "യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റേയും മനുഷ്യരുടേയും പ്രീതിയിലും വളർന്നുവന്നു" (ലൂ. 2, 52). യേശു ജ്ഞാനം കൊണ്ട് നിറഞ്ഞിരുന്നുവെന്നും, യേശുവിന്റെ ശക്തി തന്റെ അറിവിന്റെ ശക്തിയായിരുന്നുവെന്നുമാണ് വി. ലൂക്കോസിന്റെ അഭിമതം. "ശിശുവളരുകയും ജ്ഞാനംകൊണ്ട് നിറഞ്ഞ് ശക്തനാകുകയും ചെയ്തു" (ലൂ. 2, 40).

പഴയ നിയമഗ്രന്ഥങ്ങളെല്ലാം യേശുവിന് നന്നായി അറിയാമായിരുന്നു. പഴയ നിയമഗ്രന്ഥങ്ങൾ വ്യാഖ്യാനിച്ചുകൊണ്ട് യേശുനടത്തിയ പ്രസംഗത്തിലൂടെ പ്രകടമായ അവിടുത്തെ അറിവ് കണ്ട് ജനം അത്ഭുതസ്തബ്ദരായി. "അവന്റെ വാക്കുകൾ കേട്ട പലരും ആശ്ചര്യപ്പെട്ടുപറഞ്ഞു, ഇവന് ഇതെല്ലാം എവിടെ





നിന്ന്? ഇവനുകിട്ടിയ ജ്ഞാനം എന്ത്?" (മർക്കോ 6, 2). ആരേയും അത്ഭുതപരതന്ത്രരാക്കുന്നതായിരുന്നു യേശുവിന്റെ അറിവ്. പഴയ നിയമഗ്രന്ഥങ്ങളിൽ യേശുവിന് എത്രമാത്രം പ്രാവീണ്യമുണ്ടായിരുന്നു എന്ന് എമ്മാവൂസിലേക്കു പോയ ശിഷ്യന്മാർക്കു കൊടുക്കുന്ന വ്യാഖ്യാനങ്ങളിൽ കാണാൻ സാധിക്കും. "മോശ തുടങ്ങി എല്ലാ പ്രവാചകന്മാരും വിശുദ്ധ ലിഖിതങ്ങളിൽ തന്നെപ്പറ്റി എഴുതിയിരുന്നവയെല്ലാം അവർക്കു വ്യാഖ്യാനിച്ചുകൊടുത്തു" (ലൂ. 24, 27).

യേശുവിന്റെ അത്ഭുതകരമായ അറിവ് കണ്ട് അതിന്റെ ഉറവിടം എന്തെന്നറിയാതെ ജനം വിസ്മയഭരിതരാവുകയാണ്... "യേശു ദേവാലയത്തിൽ ചെന്ന് പഠിപ്പിച്ചുതുടങ്ങി. ഒന്നും പഠിച്ചിട്ടില്ലാതിരിക്കെ, ഈ മനുഷ്യന് ഈ വിജ്ഞാനം എവിടെനിന്ന് എന്നു പറഞ്ഞ് യഹൂദർ വിസ്മയിച്ചു" (യോഹ. 7, 14-15). യഹൂദരെപ്പോലും അതിശയിപ്പിക്കുന്ന അറിവായിരുന്നു യേശുവിന്റേത്. യേശുവിന്റെ പ്രബോധനം ശ്രവിച്ചവരെല്ലാം അറിവിന്റെ പേരിൽ അവനെ പുകഴ്ത്തിയിരുന്നു. "അവൻ അവരുടെ സിനഗോഗുകളിൽ പഠിപ്പിച്ചിരുന്നു. എല്ലാവരും അവനെ പുകഴ്ത്തി" (ലൂ. 4, 15). അവിടുത്തെ അറിവിന്റെ മഹാസാഗരത്തിൽ നിന്നുവരുന്ന മനോഹരവാക്കുകൾ കേട്ട് എല്ലാവരും അത്ഭുതപ്പെടുകയും അവനെ പുകഴ്ത്തുകയും ചെയ്തു. "എല്ലാവരും അവനെപ്പറ്റി പ്രശംസിച്ചു പറയുകയും അവന്റെ നാവിൽ നിന്നു പുറപ്പെട്ട മനോഹരമായ വാക്കുകൾ കേട്ട് അത്ഭുതപ്പെടുകയും ചെയ്തു" (ലൂ. 4, 22).

ധനവാന്റെ സ്വർഗ്ഗരാജ്യപ്രവേശനത്തിനുള്ള സാദ്ധ്യതയെക്കുറിച്ച് യേശുവിന്റെ അറിവ് കേട്ട് ശിഷ്യന്മാർ വിസ്മയഭരിതരായി. "ശിഷ്യന്മാർ ഇതുകേട്ട് വിസ്മയഭരിതരായി അവനോടു ചേദിച്ചു, അങ്ങനെയെങ്കിൽ രക്ഷപെടുവാൻ ആർക്കുകഴിയും" (മത്താ. 19, 25). യേശുവിന്റെ പ്രതിയോഗികൾപോലും യേശുവിന്റെ അറിവ് കണ്ട് അത്ഭുതപ്പെടുകയുണ്ടായി. അറിവിന്റെ കാര്യത്തിൽ യേശുവിനെ തോല്പിക്കാനാവില്ലെന്ന് മനസ്സിലാക്കിയ ഫരിസേയർ അവിടുത്തെ വിട്ടുപോകുകയാണ്. "ഇതുകേട്ട് അവർ വിസ്മയഭരിതരായി, അവനെവിട്ടുപോയി" (മത്താ. 22, 22). അറിവിന്റെ ആശാന്മാരെന്ന് കരുതപ്പെട്ടിരുന്ന നിയമജ്ഞരും ഫരിസേയരുമെല്ലാം അറിവിന്റെ കാര്യത്തിൽ യേശുവിന്റെ മുമ്പിൽ മുട്ടുമടക്കുകയാണ്.

ആരേയും അതിശയിപ്പിക്കാൻ തക്കതുപോലെയുള്ള അറിവ് ഒരദ്ധ്യാപകന് ഉണ്ടായിരിക്കണം. ജ്ഞാന സമ്പാദനത്തിന്റെ കാര്യത്തിലായിരിക്കണം ഒരദ്ധ്യാ

www.malankaralibrary.com



പകൻ മറ്റുള്ളവരുമായി മത്സരിക്കേണ്ടത്. ലോകത്തിൽ ഒരുവനും ആർജ്ജിച്ചിട്ടില്ലാത്തത്രയും അറിവ് ആർജ്ജിക്കുക എന്നതായിരിക്കണം ഒരദ്ധ്യാപകന്റെ ലക്ഷ്യം. സർവ്വവിജ്ഞാനകോശത്തിന്റെ ഓരോ കോപ്പിയാകണം ഓരോ അദ്ധ്യാപകനും. അറിവുണ്ടെങ്കിൽ മാത്രമേ പ്രദാനം ചെയ്യാൻ സാധിക്കൂ. അദ്ധ്യാപകൻ ഒരർത്ഥത്തിൽ ഒരു അറിവ് കൈമാറ്റത്തൊഴിലാളിയാകയാൽ, അറിവുനേടാനുള്ള എല്ലാ മാർഗ്ഗവും അവലംബിക്കേണ്ടതാണ്.

### 7. വിസ്മയകരമായ പ്രബോധനം

യേശുവിന്റെ അറിവ് മാത്രമല്ല, അവിടുത്തെ പ്രബോധനങ്ങളും ആരേയും വിസ്മയിപ്പിക്കുന്നതായിരുന്നു. ആരേയും വശീകരിക്കുവാനുള്ള ശക്തി ആ പ്രബോധനങ്ങൾക്കുണ്ടായിരുന്നു. അമൂല്യങ്ങളായ അറിവ് മനോഹരമായ ശൈലിയിലും ആരേയും വശീകരിക്കുന്ന സ്വരമാധുരിയിലും അവതരിപ്പിച്ചപ്പോൾ ആ പ്രബോധനം എല്ലാവർക്കും ഒരു വിസ്മയമായി.

ധനികനായ യുവാവിനോടുള്ള പ്രതികരണവും, സമ്പത്തിനെക്കുറിച്ചുള്ള യേശുവിന്റെ പ്രബോധനവും കേട്ടപ്പോൾ ശിഷ്യന്മാർ അത്ഭുതപ്പെട്ടുപോയി. "അവന്റെ വാക്കുകൾ കേട്ട് ശിഷ്യന്മാർ വിസ്മയിച്ചു" (മർക്കോ. 10, 24; മത്താ. 19, 25). കേൾവിക്കാരെ അതിശയിപ്പിക്കുന്നവയായിരുന്നു അവ. ജനക്കൂട്ടം അത്ഭുതത്തോടും ആഹ്ലാദത്തോടുമാണ് യേശുവിന്റെ വചനങ്ങൾ ശ്രവിച്ചത്. "ജനക്കൂട്ടം സന്തോഷപൂർവ്വം അവന്റെ വാക്കുകൾ ശ്രവിച്ചു" (മർക്കോ. 12, 37).

യേശുവിന്റെ പ്രബോധനം ശ്രവിച്ച് ജനക്കൂട്ടം എന്നും വിസ്മയത്തോടും സംതൃപ്തിയോടും മാത്രമാണ് മടങ്ങിപ്പോയിട്ടുള്ളത്. "യേശു ഈ വചനങ്ങൾ അവസാനിപ്പിച്ചപ്പോൾ ജനാവലി അവന്റെ പ്രബോധനത്തെപ്പററി വിസ്മയിച്ചു." (മത്താ. 7, 28). യഥാർത്ഥ ശിഷ്യൻ ആരെന്നതിനെക്കുറിച്ചുള്ള യേശുവിന്റെ പ്രഭാഷണമാണ് ജനങ്ങളിൽ വിസ്മയം ഉളവാക്കിയത്. യേശുവിന്റെ സിനഗോഗിലെ പ്രസംഗവും എല്ലാവരേയും അതിശയിപ്പിച്ചു. "സാബത്തു ദിവസം അവൻ സിനഗോഗിൽ പ്രവേശിച്ച് പഠിപ്പിച്ചു. അവന്റെ പ്രബോധനത്തിൽ അവർ വിസ്മയഭരിതരായി" (മർക്കോ. 1, 22; ലൂക്കോ. 4, 32). ഇവിടേയും യേശുവിന്റെ പ്രബോധനമാണ് എല്ലാവരിലും വിസ്മയം ഉളവാക്കിയത്.





നിയമജ്ഞരോട് യേശു തർക്കിക്കുന്നത് കണ്ട് വിസ്മയം തോന്നിയ ജനക്കൂട്ടം യേശുവിനുചുറ്റും കൂടി അവിടുത്തെ അഭിവാദനം ചെയ്യുന്നതായും കാണുന്നുണ്ട്. നിയമജ്ഞരുമായുള്ള യേശുവിന്റെ വാഗ്വാദം കേട്ട് അവർ കോരിത്തരിച്ചുപോയി. "അവർ ശിഷ്യന്മാരുടെയടുക്കൽ എത്തിയപ്പോൾ വലിയ ഒരു ജനക്കൂട്ടം അവരുടെ ചുറ്റും കൂടിയിരിക്കുന്നതും നിയമജ്ഞർ അവരോടു തർക്കിച്ചുകൊണ്ടിരിക്കുന്നതും കണ്ടു. അവനെ കണ്ടയുടനെ ജനക്കൂട്ടം മുഴുവൻ വിസ്മയഭരിതരായി ഓടിക്കൂടി അവനെ അഭിവാദനം ചെയ്തു" (മർക്കോ. 9, 14-15).

പ്രധാനപുരോഹിതരിലും നിയമജ്ഞരിലും ഭീതിയുളവാക്കിയത് യേശുവിന്റെ വിസ്മയകരമായ പ്രബോധനങ്ങളായിരുന്നു. യേശുവിന്റെ വിസ്മയനീയമായ പ്രബോധനങ്ങളിൽ ആകൃഷ്ടരായി ജനം തങ്ങളെ വിട്ടുപോകുമോ എന്ന് ഭയപ്പെട്ടതുകൊണ്ടാണ് യേശുവിനെ കൊല്ലാൻ പദ്ധതികൾ തയ്യാറാക്കിയത്. അധികാരികളിൽ ഭീതിയുളവാക്കുവാനും ജനങ്ങളിൽ വിസ്മയം സൃഷ്ടിക്കുവാനും യേശുവിന്റെ പ്രബോധനങ്ങൾക്ക് കഴിഞ്ഞിരുന്നു. "പ്രധാന പുരോഹിതന്മാരും നിയമജ്ഞരും അവനെ നശിപ്പിക്കാൻ മാർഗ്ഗം അന്വേഷിച്ചു. കാരണം, അവനെ അവർ ഭയപ്പെട്ടു. എന്തെന്നാൽ, ജനങ്ങളെല്ലാം അവന്റെ പ്രബോധനങ്ങളെക്കുറിച്ച് വിസ്മയിച്ചിരുന്നു" (മർക്കോ. 11, 18). യേശുവിന്റെ പ്രവർത്തനങ്ങളേക്കാൾ, വാക്കുകളെയാണ് അവർക്ക് നേരിടാൻ കഴിയാതെ പോയത്.

ജനമെല്ലാം യേശുവിന്റെ പ്രബോധനത്തിൽ ലയിച്ചിരുന്നുപോയി. അതുകൊണ്ടുതന്നെ ജനത്തിന് യേശുവിന്റെ പ്രബോധനം കേട്ട് മടുപ്പുതോന്നുകയോ, യേശുവിനെ വിട്ടുപോകണമെന്ന ആഗ്രഹം തോന്നുകയോ ചെയ്തില്ല. "ജനങ്ങളെല്ലാം അവന്റെ വാക്കുകളിൽ മുഴുകി അവനെ വിട്ടുപോകാതെ നിന്നു" (ലൂ. 19, 48). സീസറിന് നികുതി കൊടുക്കണമോയെന്ന ചോദ്യത്തിനുള്ള യേശുവിന്റ മറുപടി ശ്രവിച്ചും ജനം കോരിത്തരിച്ചുപോയി. "അവൻ അരുളിച്ചെയ്തു, സീസറിന്റേത് സീസറിനും ദൈവത്തിന്റേത് ദൈവത്തിനും കൊടുക്കുക. ഇതുകേട്ട് അവർ വിസ്മയഭരിതരായി" (മത്താ. 22, 22).

പുനരുത്ഥാനത്തെക്കുറിച്ചുള്ള യേശുവിന്റെ പ്രബോധനവും എല്ലാവരിലും ആശ്ചര്യം ജനിപ്പിച്ചു (മത്താ. 22, 33). യേശുവിന്റെ വാക്കുകൾ കേട്ടവരിലെല്ലാം ആകാംക്ഷയും അത്ഭുതവും ഉടലെടുത്തു. "അവന്റെ വാക്കുകൾ കേട്ട പലരും ആശ്ചര്യപ്പെട്ടു" (മർക്കോ. 6, 2). എതിരാളികളെപ്പോലും അതിശയിപ്പി

www.malankaralibrary.com



ക്കുന്നതായിരുന്നു യേശുവിന്റെ പ്രബോധനങ്ങൾ. യേശുവിനെ ബന്ധിക്കാൻ പ്രധാന പുരോഹിതർ അയച്ച സേവകർപോലും യേശുവിന്റെ പ്രബോധനത്തിൽ മയങ്ങിപ്പോയി. “സേവകർ മറുപടിപറഞ്ഞു, ഇവനെപ്പോലെ ആരും ഇതുവരെ സംസാരിച്ചിട്ടില്ല” (യോഹ. 7, 46).

കേൾവിക്കാർക്ക് വിസ്മയം ജനിപ്പിക്കത്തക്ക രീതിയിലുള്ളതായിരിക്കണം പ്രബോധനം. അങ്ങനെയുള്ള പ്രബോധനമാണ്, ആളുകൾ മടുപ്പുകൂടാതെ ശ്രവിക്കുകയും, ലയിച്ചിരുന്ന് അത് മുഴുവൻ ഉൾക്കൊള്ളുകയും ചെയ്യുക. കേൾവിക്കാരിൽ ചലനങ്ങൾ സൃഷ്ടിക്കാൻ യേശുവിന് സാധിച്ചത് ആ പ്രഭാഷണം വശ്യമായിരുന്നതുകൊണ്ടാണ്. അദ്ധ്യാപനം വശ്യവും വിസ്മയജനകവുമായി മാറുമ്പോൾ മാത്രമേ അത് ഫലപ്രാപ്തിയിലെത്തുകയുള്ളൂ. ആയതിനാൽ, ആരേയും വിസ്മയിപ്പിക്കുകയും ആകർഷിക്കുകയും ചെയ്യത്തക്കരീതിയിലായിരിക്കണം ഒരദ്ധ്യാപകന്റെ പഠിപ്പിക്കൽ.

## 8. ഗുരുവിനെത്തേടി ശിഷ്യപ്രവാഹം

യേശുവിന്റെ വാക്കുകൾ കേൾക്കുവാൻ ജനങ്ങൾ പ്രവഹിച്ചതുതന്നെ യേശുവിന്റെ പ്രബോധനത്തിന്റെ വൈശിഷ്ട്യമാണ് കാണിക്കുന്നത്. യേശുവിന്റെ പരസ്യജീവിതകാലത്ത്, പ്രത്യേകിച്ച് പരസ്യജീവിതത്തിന്റെ അന്ത്യഘട്ടത്തിൽ, വിദൂര സ്ഥലങ്ങളിൽ നിന്നുപോലും ധാരാളം ആളുകൾ യേശുവിന്റെ അടുക്കലേക്ക് പ്രവഹിക്കുകയായിരുന്നു. “ശിഷ്യന്മാരുടെ ഒരു വലിയഗണവും അവന്റെ വചനം ശ്രവിക്കുന്നതിനും രോഗശാന്തി നേടുന്നതിനുമായി യൂദയാ, ജറുസലേം, ടയിർ, സീദോൻ എന്നീ തീരപ്രദേശങ്ങളിൽ നിന്നുവന്ന വലിയ ഒരു ജനസമൂഹവും അവിടെ ഒരുമിച്ചുകൂടി” (ലൂ. 6, 17).

യേശുവിനെ തേടി ജനങ്ങൾ യഥാർത്ഥത്തിൽ പരക്കം പായുകയായിരുന്നു. യേശു എവിടെയുണ്ടെന്ന് കേട്ടാലും അവിടേക്ക് ജനങ്ങൾ ഇരച്ചുകയറിയിരുന്നു. “പ്രഭാതമായപ്പോൾ അവൻ ഒരു വിജനസ്ഥലത്തേക്കുപോയി. ജനക്കൂട്ടം അവനെ അന്വേഷിച്ചുചെന്നു. തങ്ങളുടെ അടുക്കൽ നിന്ന് പോകരുതെന്ന് അവർ അവനെ നിർബ്ബന്ധിച്ചു” (ലൂ. 4, 42). വിജന പ്രദേശങ്ങൾപോലും യേശുവിന്റെ സാന്നിദ്ധ്യത്തിൽ ജനനിബിഢമാകുകയാണ്. വലിയ ജനക്കൂട്ടം യേശുവിനു ചുറ്റുംകൂടിയതുകൊണ്ടാണ് തളർവാതരോഗിയെ വീടിന്റെ മേൽക്കൂര പൊളിച്ച് വീടിനുള്ളിൽ പ്രവേശിപ്പിക്കേണ്ടിവന്നത്. “ജനക്കൂട്ടം നിമിത്തം





അതുസാധിക്കാത്തതുകൊണ്ട്, അവർ പുരമുകളിൽ കയറി ഓടിളക്കി കിടക്കയോടെ അയാളെ യേശുവിന്റെ മുമ്പിൽ ഇറക്കി” (ലൂ. 5, 19).

യേശു കടന്നുചെന്നിടത്തെല്ലാം വലിയ ഒരു ജനക്കൂട്ടമായിരുന്നു യേശുവിനെ എതിരേറ്റിരുന്നത്. “പല പട്ടണങ്ങളിൽ നിന്നുവന്നുകൂടിയ വലിയ ഒരു ജനക്കൂട്ടത്തോട് ഒരു ഉപമയിലൂടെ അവൻ അരുളിചെയ്തു” (ലൂ. 8, 4). ജനം എത്ര ആകാംക്ഷയോടെയാണ് യേശുവിനെ കാത്തിരുന്നതെന്ന് വി. ലൂക്കോസ് വ്യക്തമാക്കുന്നുണ്ട്. “യേശു തിരിച്ചുവന്നപ്പോൾ ജനക്കൂട്ടം അവനെ സ്വാഗതം ചെയ്തു. എല്ലാവരും അവനെ കാത്തിരിക്കുകയായിരുന്നു” (ലൂ. 8, 40). “അവൻ പോകുമ്പോൾ ജനങ്ങൾ ചുറ്റുംകൂടി അവനെ തിക്കിയിരുന്നു” (ലൂ. 8, 42) എന്ന പ്രസ്താവന യേശുവിന്റെ അടുക്കലേക്ക് എത്രമാത്രം ആളുകൾ പ്രവഹിച്ചിരുന്നുവെന്നതിന്റെ തെളിവാണ്.

യേശുക്രിസ്തു അഞ്ച് അപ്പവും രണ്ടുമീനും വർദ്ധിപ്പിച്ച് കൊടുത്ത സമൂഹത്തിൽ പുരുഷന്മാർ മാത്രം അയ്യായിരം പേരുണ്ടായിരുന്നു (ലൂ. 9, 14). യേശുവിന്റെ പ്രസംഗം ശ്രവിക്കുവാൻ പകൽ സമയം മുഴുവൻ ചെലവഴിച്ചവരിൽ അയ്യായിരം പുരുഷന്മാർ ഉണ്ടായിരുന്നെങ്കിൽ അതിൽകൂടുതൽ സ്ത്രീകളും കുട്ടികളുമുണ്ടായിരുന്നുവെന്നത് തീർച്ചയാണ്. യേശുവിന്റെ പ്രബോധനം ശ്രവിക്കാനെത്തുന്ന സമൂഹത്തിൽ സാധാരണ എത്രയംഗങ്ങൾ ഉണ്ടാകുമെന്നതിനെ സംബന്ധിച്ച് ഒരു ചിത്രം ഈ സംഭവം നൽകുന്നുണ്ട്. താബോർ മലയിലെ പ്രാർത്ഥനയ്ക്കുശേഷം മലയിറങ്ങിവന്ന യേശുവിനു ചുറ്റിലും വലിയ ജനക്കൂട്ടമുണ്ടായിരുന്നു. “പിറ്റേദിവസം അവർ മലയിൽ നിന്ന് ഇറങ്ങിവന്നപ്പോൾ വലിയ ഒരു ജനക്കൂട്ടം അവന്റെ അടുക്കൽ വന്നു” (ലൂ. 9, 37).

യേശുവിന്റെ പിന്നാലെ എത്രവലിയ ജനാവലിയാണ് പ്രവഹിച്ചിരുന്നതെന്നറിയുവാൻ വി. ലൂക്കോസിന്റെ ഒരു പരാമർശം മാത്രം മതി. “പരസ്പരം ചവിട്ടേല്ക്കത്തക്കവിധം ആയിരക്കണക്കിനു ജനങ്ങൾ തിങ്ങിക്കൂടി” (ലൂ. 12, 1). യേശുക്രിസ്തുവിന്റെ ഒരു സാധാരണ പ്രഭാഷണം കേൾക്കാൻപോലും ആയിരക്കണക്കിനാളുകളാണ് വന്നിരുന്നത്. തിങ്ങിക്കൂടുന്ന ജനങ്ങൾ വചനം ശ്രവിച്ചുകൊണ്ട് യേശുവിനെ വിട്ടുപോകാതെ മണിക്കൂറുകളോളവും ദിവസങ്ങളോളവും അവിടുത്തോടുകൂടി വസിച്ചിരുന്നു. “ജനങ്ങളെല്ലാം അവന്റെ വാക്കുകളിൽ മുഴുകി അവനെ വിട്ടുപോകാതെ നിന്നു” (ലൂ. 19, 48). പ്രഭാത

www.malankaralibrary.com



മെന്നോ, പ്രദോഷമെന്നോ വ്യത്യാസമില്ലാതെയാണ് ആയിരക്കണക്കിന് ആളുകൾ യേശുവിന്റെ പ്രബോധനത്തിനായി ഓടിയെത്തിയിരുന്നത്. "അവന്റെ വാക്കുകൾ കേൾക്കുവാൻവേണ്ടി സകലമനുഷ്യരും അതിരാവിലെ ദേവാലയത്തിൽ അവന്റെ അടുത്തുവന്നിരുന്നു" (ലൂ. 21, 38).

യാത്രാദൂരമോ, വിശപ്പോ, ദാഹമോ ഒന്നും വകവയ്ക്കാതെയാണ് വലിയ ജനാവലി യേശുവിനെ അനുഗമിച്ചിരുന്നത്. "വലിയ ഒരു ജനക്കൂട്ടം അവനെ അനുഗമിച്ചിരുന്നു. യേശു കണ്ണുകളുയർത്തി ഒരുവലിയ ജനത തന്റെ അടുക്കലേക്കു വരുന്നതുകണ്ട് പീലിപ്പോസിനോടു ചോദിച്ചു, ഇവർക്കു ഭക്ഷിക്കുവാൻ നാം എവിടെനിന്ന് അപ്പം വാങ്ങും" (യോഹ. 6, 2-5). യേശുവിനെ പലയിടത്തും അന്വേഷിച്ചലയുന്ന ജനസമൂഹത്തേയും ചിലയവസരങ്ങളിൽ കാണാം. "യേശുവോ ശിഷ്യന്മാരോ അവിടെയില്ലെന്നു കണ്ടപ്പോൾ ജനക്കൂട്ടം വള്ളങ്ങളിൽ കയറി യേശുവിനെത്തിരക്കി കഫർണാമിലെത്തി" (യോഹ. 6, 24).

ഫരിസേയരിൽ ഭയം ജനിപ്പിക്കാൻ തക്കതുപോലെ വലിയൊരു ജനസമൂഹം യേശുക്രിസ്തുവിന്റെ ജറുസലേമിലേക്കുള്ള രാജകീയ പ്രവേശന സമയത്ത് യേശുവിന്റെ പിന്നിൽ അണിനിരന്നിരുന്നു. "അപ്പോൾ ഫരിസേയർ പരസ്പരം പറഞ്ഞു, നമുക്ക് ഒന്നും ചെയ്യാൻ സാധിക്കുന്നില്ലെന്ന് കാണുന്നില്ലേ? നോക്കുക. ലോകം അവന്റെ പിന്നാലെ പോയിക്കഴിഞ്ഞു" (യോഹ. 12, 19). അവിടെ ഒരുമിച്ചുകൂടിയ ജനപ്രവാഹത്തെ കണ്ടപ്പോൾ ലോകം മുഴുവൻ അണിനിരന്നതുപോലെയാണ് അവർക്ക് തോന്നിയത്.

പ്രബോധകന്റെ അടുക്കലേക്ക് ആളുകൾ പ്രവഹിക്കുന്നത് പ്രബോധനത്തിന്റെ മികവാണ് കാണിക്കുന്നത്. പ്രബോധകനെ ഉപേക്ഷിച്ച് ആളുകൾ പോകുന്നതും ആളുകളെ പ്രബോധനം കേൾപ്പിക്കുന്നതിനായി നിർബ്ബന്ധിച്ച് ഇരുത്തേണ്ടിവരുന്നതും പ്രബോധനത്തിന്റേയും പ്രബോധകന്റേയും പരാജയമാണ് പ്രകടിപ്പിക്കുന്നത്. പ്രബോധനം നന്നായില്ലെങ്കിൽ അതുകേൾക്കാൻ ആളിനെ കിട്ടിയെന്ന് വരില്ല. പ്രബോധനം ശ്രവിക്കുവാൻ ആളുകൾ ഉത്സാഹത്തോടെ വരാൻ തക്കതുപോലെ അദ്ധ്യാപനം മികവുറ്റതാകണം. ക്ലാസ്സുകൾ മെച്ചമാണെന്നുകണ്ടാൽ ആരേയും നിർബ്ബന്ധിക്കാതെ എല്ലാവരും താല്പര്യത്തോടെതന്നെ ക്ലാസ്സിന് എത്തിക്കൊള്ളും.





## 9. വിദ്യാർത്ഥിയായ ഗുരു

അറിവിന്റെ നിറകുടമായിരുന്നിട്ടുകൂടി കൂടുതൽ അറിവ് നേടുവാൻ യേശു ശ്രമിച്ചിരുന്നു. നിരന്തരം പഠനത്തിൽ ഏർപ്പെട്ടിരിക്കുന്ന ഒരു ഗുരുവിന് മാത്രമേ ആനുകാലിക പ്രാധാന്യമുള്ള അറിവ് മറ്റുള്ളവർക്ക് നൽകാൻ സാധിക്കൂ. തനിക്ക് അപ്രാപ്യമായ അറിവുകളൊന്നുമുണ്ടായിരുന്നില്ലെങ്കിലും കൂടുതൽ പ്രാവീണ്യം നേടുവാനും പൂർണ്ണമാക്കുവാനും യേശു നിരന്തരം പഠനത്തിൽ ഏർപ്പെട്ടിരുന്നു.

എല്ലാ സാബത്തുകളിലും യഹൂദരുടെ പ്രബോധന കേന്ദ്രങ്ങളായ സിനഗോഗുകളിൽ പോയി ധാരാളം അറിവ് യേശു നേടിയിരുന്നു. ജറുസലേം ദേവാലയത്തിലും പോയിരുന്ന് യേശു പഠിപ്പിക്കുകയും സംശയനിവാരണം വരുത്തുകയും ചെയ്തിരുന്നു. "മൂന്നുദിവസങ്ങൾക്കുശേഷം അവർ അവനെ ദേവാലയത്തിൽ കണ്ടെത്തി. അവൻ ഉപാദ്ധ്യായന്മാരുടെ ഇടയിലിരുന്ന്, അവർ പറയുന്നത് കേൾക്കുകയും അവരോടു ചോദ്യങ്ങൾ ചോദിക്കുകയും ചെയ്യുകയായിരുന്നു" (ലൂ. 2, 46). തുടർച്ചയായി മൂന്നു ദിവസങ്ങൾ മുഴുവനും യേശു ദേവാലയത്തിലിരുന്ന് പഠിക്കുകയും സംശയങ്ങൾ ചോദിച്ച് അവയ്ക്ക് പരിഹാരം കണ്ടെത്തി ആശയങ്ങൾ തിട്ടപ്പെടുത്തുകയും വിപുലീകരിക്കുകയും ചെയ്യുകയായിരുന്നു. പഠനത്തിൽ ഏർപ്പെട്ടിരിക്കുകയെന്നാൽ പിതാവിന്റെ ജോലിയിൽ വ്യാപൃതനായിരിക്കുകയാണെന്ന് യേശുവിനറിയാമായിരുന്നു. "ഞാൻ എന്റെ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനായിരിക്കുക ആവശ്യമാണ് എന്ന് നിങ്ങൾ അറിയുന്നില്ലേ" (ലൂ. 2, 49). പഠിക്കുകയെന്നത് ദൈവികമായ ഒരു പ്രവർത്തിയായിട്ടാണ് യേശു കാണുന്നത്.

യേശുവിന്റെ നസ്രത്തിലെ ജീവിതത്തെക്കുറിച്ച് വി. ലൂക്കോസ് ഒറ്റവാചകത്തിൽ പറയുന്നത് ഇപ്രകാരമാണ്. "യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റേയും മനുഷ്യരുടേയും പ്രീതിയിലും വളർന്നുവന്നു" (ലൂ. 2, 52). ആരേയും അത്ഭുതപ്പെടുത്തുവാൻ തക്കതുപോലെയുള്ള ജ്ഞാനം പന്ത്രണ്ടു വയസ്സായപ്പോൾതന്നെ യേശു സമ്പാദിച്ചിരുന്നു. എന്നാൽ, തുടർന്നും യേശു ജ്ഞാനത്തിൽ വളർന്നുവെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പ്രായത്തിനനുസരിച്ച് അറിവിലും യേശു വളർന്നുവന്നു. അറിവ് സമ്പാദിക്കാനുള്ള എല്ലാ അവസരങ്ങളും മാർഗ്ഗങ്ങളും ഉപയോഗിച്ച് യേശു വളർന്നു. അതുകൊണ്ടാണ്

www.malankaralibrary.com



ആരേയും വിസ്മയിപ്പിക്കുന്ന അറിവ് യേശുവിന് നേടാൻ കഴിഞ്ഞതും ഏതു ചോദ്യങ്ങൾക്കും പ്രത്യുത്തരം ഉടനടി കൊടുക്കാൻ കഴിഞ്ഞതും.

നിശ്ചലമായ തടാകത്തിൽ നിന്നല്ല, ഒഴുകിക്കൊണ്ടിരിക്കുന്ന അരുവിയിൽ നിന്നാണ് ശുദ്ധജലം ലഭിക്കുക. അതുപോലെ ചെറുപ്പകാലത്ത് നേടിയെടുത്ത അറിവിൽ നിന്നല്ല, നിരന്തരം നേടിക്കൊണ്ടിരിക്കുന്ന വിജ്ഞാനത്തിൽ നിന്നാണ് അദ്ധ്യാപകൻ അറിവ് പകരേണ്ടത്. നിരന്തരം വിദ്യ അഭ്യസിച്ചുകൊണ്ടിരിക്കുന്ന ഒരദ്ധ്യാപകനുമാത്രമേ ഒരു ശരിയായ അദ്ധ്യാപകനാകാൻ കഴിയൂ. കാരണം, വിജ്ഞാനമേഖലയിൽ അതിശീഘ്രം മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. പഴയ അറിവുകൾ പലതും അപ്രസക്തമാവുകയും, പുതിയ അറിവുകൾ ധാരാളമായി ഉണ്ടാവുകയും ചെയ്യുമ്പോൾ ആ പുതിയ അറിവ് നേടാൻ അദ്ധ്യാപകന് സാധിക്കുന്നില്ലെങ്കിൽ അദ്ദേഹത്തിന്റെ പ്രബോധനങ്ങൾ കാലഹരണപ്പെട്ടതായിതീരും. അദ്ധ്യാപകൻ വിദ്യാർത്ഥികൾക്ക് അദ്ധ്യാപകനും, വിഷയത്തിന് വിദ്യാർത്ഥിയുമായിരിക്കണം. നിരന്തരം അറിവ് നേടിക്കൊണ്ടിരിക്കുന്നവനുമാത്രമേ ശരിയായ അറിവ് മറ്റുള്ളവർക്ക് നൽകാൻ സാധിക്കൂ. പഠിക്കാൻ താല്പര്യമില്ലാത്ത ഒരദ്ധ്യാപകന്, പഠിപ്പിക്കാൻ അർഹതയില്ല.





## അനുബന്ധം

# അദ്ധ്യാപനത്തിന് ചില മാർഗ്ഗനിർദ്ദേശങ്ങൾ

യേശുക്രിസ്തുവിന്റെ അദ്ധ്യാപനരീതികളും അതിന്റെ പ്രത്യേകതകളും വി. ഗ്രന്ഥത്തിൽ നിന്നുതന്നെ നാം കാണുകയുണ്ടായി. ഏതു ഗുരുവിനും ഏതവസരത്തിലും അനുകരിക്കാവുന്ന മാതൃകകളാണ് യേശുക്രിസ്തു സംഭാവന ചെയ്തിരിക്കുന്നത്. യേശുക്രിസ്തു നൽകിയ മാതൃകയുടെ അടിസ്ഥാനത്തിൽ, ഒരദ്ധ്യാപകൻ എന്തെല്ലാം ശ്രദ്ധിക്കണം, എങ്ങനെ പഠിപ്പിക്കണം, അദ്ദേഹത്തിന് എന്തെല്ലാം ഗുണങ്ങളുണ്ടായിരിക്കണം എന്നിവയെ സംബന്ധിച്ച് ചില മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയാണ് ഈ അനുബന്ധത്തിന്റെ ലക്ഷ്യം.

### 1. ക്ലാസ്സിനുള്ള ഒരുക്കം (Preparation)

പഠിപ്പിക്കേണ്ട പാഠഭാഗം അദ്ധ്യാപകൻ മുൻകൂട്ടിതന്നെ തീരുമാനിച്ച് അതിന് ഒരുങ്ങിവരേണ്ടതാണ്. നിർദ്ദിഷ്ട സമയത്തിനുള്ളിൽ എത്രമാത്രം പഠിപ്പിക്കാനാവുമെന്ന ധാരണവേണം. അതിനനുസരിച്ചുവേണം പാഠഭാഗം തെരഞ്ഞെടുത്ത് അത് പ്ലാൻ ചെയ്ത് ക്ലാസ്സിന് ഒരുങ്ങിവരേണ്ടത്.

കഴിഞ്ഞക്ലാസ്സിൽ എവിടെ വരെ പഠിപ്പിച്ചുനിർത്തിയെന്നും ഇനിയും എന്താണ് പഠിപ്പിക്കേണ്ടതെന്നുമുള്ളതിനെക്കുറിച്ച് വ്യക്തമായ അറിവ് അദ്ധ്യാപകനുണ്ടായിരിക്കണം. കഴിഞ്ഞ ക്ലാസ്സിൽ എവിടെവരെയാണ് പഠിപ്പിച്ചുനിർത്തി

www.malankaralibrary.com



യതെന്ന് കുട്ടികളോട് പരസ്യമായി ചോദിക്കരുത്. അങ്ങനെ ചോദിച്ചാൽ കഴിഞ്ഞക്ലാസ്സിൽ എന്താണ് പഠിപ്പിച്ചത്, ഇന്ന് എന്താണ് പഠിപ്പിക്കാൻ പോകുന്നത് എന്നതിനെക്കുറിച്ച് അദ്ധ്യാപകന് നിശ്ചയമില്ലെന്ന് കുട്ടികൾ ധരിക്കും. ഇങ്ങനെ ധരിച്ചാൽ, കുട്ടികളിൽ ശ്രദ്ധയും താൽപര്യവും കുറയും. പഠിപ്പിക്കുവാനുള്ള പാഠഭാഗം നന്നായി ഒരുങ്ങി അതു പഠിപ്പിക്കുവാനാവശ്യമായ പഠനോപാധികളുമായിട്ടായിരിക്കണം അദ്ധ്യാപകൻ ക്ലാസ്സിൽ വരേണ്ടത്.

അദ്ധ്യാപകൻ ക്ലാസ്സിൽ പ്രവേശിക്കുന്നത് സന്തോഷത്തോടും പ്രസന്നഭാവത്തിലുമായിരിക്കണം. അപ്പോൾ, അദ്ധ്യാപകൻ ഏതോ സന്തോഷവാർത്തയുമായിട്ടാണ് വന്നിരിക്കുന്നതെന്ന തോന്നൽ കുട്ടികളിലുണ്ടാകും. അത് കേൾക്കാൻ കുട്ടികൾ ആകാംക്ഷയോടെ തുടക്കംമുതൽ കാത്തിരിക്കും. മറിച്ച്, അദ്ധ്യാപകൻ ക്ലാസ്സിലേക്ക് ദേഷ്യഭാവത്തിൽ വന്നാൽ അത് കുട്ടികളിൽ ഉൽക്കണ്ഠ സൃഷ്ടിക്കും. ക്ലാസ്സെടുക്കുന്ന അദ്ധ്യാപകന് താൽപര്യമില്ലെങ്കിൽ കേൾക്കുന്ന വിദ്യാർത്ഥികൾക്കും താല്പര്യമുണ്ടാവില്ല.

### 2. ക്ലാസ്സ് ആരംഭിക്കൽ

കഴിഞ്ഞ ക്ലാസ്സിൽ പഠിപ്പിച്ച പാഠഭാഗത്തെ കേന്ദ്രീകരിച്ചുള്ള ചോദ്യങ്ങൾ ചോദിച്ചുകൊണ്ടോ, അവയുടെ രത്ന ചുരുക്കം അവതരിപ്പിച്ചുകൊണ്ടോ ക്ലാസ്സ് ആരംഭിക്കാവുന്നതാണ്. അതല്ലെങ്കിൽ, പുതിയ പാഠഭാഗം അവതരിപ്പിക്കാൻ പറ്റിയ കഥയോടുകൂടിയോ, സംഭവത്തോടുകൂടിയോ ക്ലാസ്സ് ആരംഭിക്കാം. അന്നത്തെ പത്രവാർത്തയോടുകൂടിയോ, അതല്ലെങ്കിൽ ഏതെങ്കിലും ആനുകാലിക സംഭവത്തോടുകൂടിയോ, വാർത്തയോടുകൂടിയോ ക്ലാസ്സ് തുടങ്ങാവുന്നതാണ്. ഏതായാലും കുട്ടികളുടെ ശ്രദ്ധ ആദ്യം മുതൽതന്നെ പിടിച്ചെടുക്കാൻ സാധിക്കത്തക്കവിധത്തിലായിരിക്കണം വിഷയം അവതരിപ്പിച്ചുതുടങ്ങേണ്ടത്. കുട്ടികളുടെ ശ്രദ്ധയും താല്പര്യവും അദ്ധ്യാപകനിലുള്ള വിശ്വാസവും ആദ്യമേ നഷ്ടപ്പെട്ടാൽ പിന്നീട് അത് നേടിയെടുക്കാൻ പ്രയാസമാണ്. നന്നായി തുടങ്ങിയാൽ പകുതിചെയ്തു (Well begun is half done) എന്ന ആപ്തവാക്യം ഏറ്റവുംകൂടുതൽ അന്വർത്ഥമാകുന്നത് അദ്ധ്യാപനത്തിന്റെ കാര്യത്തിലാണ്.

### 3. ആശയാവതരണം.

ആശയാവതരണത്തിനായി പലമാർഗ്ഗങ്ങൾ അവലംബിക്കാം. പ്രഭാഷണ രീതിയിൽ മാത്രമല്ല, നാടകരൂപത്തിലും, വാദപ്രതിവാദരൂപേണയും, ചർച്ചാ





രീതിയിലുമൊക്കെ വിഷയം അവതരിപ്പിക്കാൻ സാധിക്കും. ഇന്ന് പല അദ്ധ്യാപകരും ഉപയോഗിക്കുന്നത് പ്രഭാഷണ രീതി (Lecture Method) യാണ്. എന്നാൽ, പ്രഭാഷണ രീതിയിലൂടെ അദ്ധ്യാപകൻ അവതരിപ്പിക്കുന്ന ആശയങ്ങളുടെ വളരെ കുറച്ചു ശതമാനം മാത്രമേ കുട്ടികൾ മനസ്സിലാക്കുകയുള്ളു. പ്രഭാഷണ രീതി അവലംബിച്ചാൽ തന്നേയും ഒരു കാരണവശാലും അദ്ധ്യാപകൻ ക്ലാസ്സിൽ പാഠപുസ്തകം (Text book) വായിച്ച് പഠിപ്പിക്കുന്ന രീതി പിന്തുടരരുത്. പുസ്തകം നോക്കി പദാനുപദമായി വായിച്ച് പഠിപ്പിച്ചാൽ കുട്ടികൾ ശ്രദ്ധിക്കുകയില്ല. അദ്ധ്യാപകന്റെ ശ്രദ്ധ മുഴുവൻ പുസ്തകത്തിലായതിനാൽ കുട്ടികളെ ശ്രദ്ധിക്കാൻ സാധിക്കുകയില്ല. അതിനാൽ, പാഠഭാഗം അദ്ധ്യാപകൻ ക്ലാസ്സിൽ വായിച്ച് അർത്ഥം പറയുകയോ, കുട്ടികളെക്കൊണ്ട് വായിപ്പിച്ചശേഷം ആശയം പറയുകയോ ചെയ്യുന്ന രീതി ഫലം ചെയ്യുകയില്ല. ക്ലാസ്സിൽ വരുന്നതിനുമുമ്പു തന്നെ പാഠഭാഗം നന്നായി വായിച്ചൊരുങ്ങി അതിന്റെ ആശയം ഇടതടവില്ലാതെ ക്ലാസ്സിൽ അവതരിപ്പിക്കുകയാണ് ചെയ്യേണ്ടത്.

അദ്ധ്യാപകൻ പുസ്തകത്തിൽ നോക്കിയല്ല, വിദ്യാർത്ഥികളെ നോക്കിയാണ് പഠിപ്പിക്കേണ്ടത്. അദ്ധ്യാപകൻ വായിക്കുന്നതു കേട്ടല്ല, ഗുരുമുഖത്തുനിന്നാണ് കുട്ടികൾ പഠിക്കുന്നത്. അതിനാൽ, കുട്ടികളെ അഭിമുഖീകരിച്ചുവേണം പഠിപ്പിക്കുന്നത്. എന്നെ നോക്കി, എന്നോടാണ് അദ്ധ്യാപകൻ പറയുന്നതെന്ന തോന്നൽ ഓരോ കുട്ടിയിലും ഉണ്ടാകണം. ആവശ്യമായ ദൃഷ്ടാന്തങ്ങളിലൂടെയും ഉദാഹരണങ്ങളിലൂടെയും ആശയം വ്യക്തമാകത്തക്കവിധത്തിൽ പഠിപ്പിക്കണം. മറ്റു പാഠഭാഗങ്ങളുമായും, മറ്റുവിഷയങ്ങളുമായും താരതമ്യം ചെയ്ത് പഠിപ്പിക്കുന്നത് ആശയം വ്യക്തമാകുന്നതിനും, അത് ഓർമ്മയിൽ നിലനിൽക്കുന്നതിനും സഹായിക്കും. എല്ലാവർക്കും കേൾക്കാവുന്ന ശബ്ദത്തിലും വ്യക്തമായ സ്വരത്തിലും പഠിപ്പിക്കേണ്ടതാവശ്യമാണ്.

പ്രഭാഷണരീതി കൂടാതെ അവസരോചിതമായ മറ്റു അദ്ധ്യാപന രീതികളും ഉപയോഗിക്കണം. എന്നും ഒരേ രീതിയിൽ മാത്രം അദ്ധ്യാപനം നടത്താതെ, വിവിധ അദ്ധ്യാപനരീതികളെക്കുറിച്ച് അറിഞ്ഞിരിക്കുകയും അത് സൗകര്യം പോലെ ഉപയോഗിക്കുകയും വേണം.

### 4. കുട്ടികളുടെ ഭാഗഭാഗിത്വം (Participation)

അദ്ധ്യാപനത്തിന്റെ വിജയം അടങ്ങിയിരിക്കുന്നത് അദ്ധ്യാപന പ്രക്രിയയിൽ കുട്ടികളെ എത്രമാത്രം പങ്കാളികളാക്കുന്നു എന്നതിനെ ആശ്രയിച്ചാണ്. കുട്ടി

www.malankaralibrary.com



കൾ വെറും കേൾവിക്കാരായി മാത്രം ഇരിക്കുന്ന ഒരു അദ്ധ്യാപനരീതി ഒരിയ്ക്കലും പ്രതീക്ഷിക്കുന്ന ഫലം ഉളവാക്കുകയില്ല. അദ്ധ്യാപന പ്രക്രിയയിൽ കുട്ടികളെ ഉൾക്കൊള്ളിക്കുകയും സഹകരിപ്പിക്കുകയും ചെയ്താൽ വളരെ താല്പര്യത്തോടും ശ്രദ്ധയോടും കൂടി കുട്ടികൾ ക്ലാസ്സിൽ ഇരിക്കുകയും അവർ ശരിയായ വിധത്തിൽ പാഠഭാഗം ഉൾക്കൊള്ളുകയും ചെയ്യും.

പറയുന്നതുകേട്ട് പഠിക്കുന്നതിനേക്കാളും, സ്വയം ചെയ്തുപഠിക്കുന്നതും സ്വയം കണ്ടെത്തി പഠിക്കുന്നതുമാണ് ഓർമ്മയിൽ നിൽക്കുന്നത്. അല്ലെങ്കിൽ കുട്ടികൾ ക്ലാസ്സിൽ വെറും കേൾവിക്കാരായി മാറുകയും പഠന പ്രക്രിയ ഫലരഹിതമായി തീരുകയും ചെയ്യും. അതിനാൽ, കുട്ടികൾ സ്വയം പഠിക്കാൻ തക്കതുപോലെ, അദ്ധ്യാപകൻ രംഗം ഒരുക്കുക മാത്രമാണ് ചെയ്യേണ്ടത്. അറിവ് വിദ്യാർത്ഥി മനസ്സിൽ ആക്കുകയാണ്. 'മനസ്സിൽ ആക്കുന്ന' ഈ പ്രക്രിയ കുട്ടി സ്വയം നിർവ്വഹിക്കേണ്ടതാണ്. അതവന്റെ വ്യക്തിഗത പ്രക്രിയയാണ്. അറിവ് വിദ്യാർത്ഥിയുടെ മനസ്സിൽ ആക്കുന്നതിന് അദ്ധ്യാപകന് സഹായിക്കാൻ മാത്രമേ സാധിക്കുകയുള്ളൂ; അത് ചെയ്യേണ്ടത് വിദ്യാർത്ഥി തനിയെ ആണ്. അദ്ധ്യാപന പ്രക്രിയയിലെ പ്രധാന ഘടകം വിദ്യാർത്ഥിതന്നെ ആയതിനാൽ അവന്റെ സജീവ പങ്കാളിത്വം അദ്ധ്യാപകൻ ക്ലാസ്സിൽ ഉറപ്പുവരുത്തണം. കാര്യങ്ങൾ സ്വയം പഠിക്കാൻ അവനെ പ്രാപ്തനാക്കാനുള്ള അവസരമൊരുക്കുക മാത്രമാണ് അദ്ധ്യാപകൻ ചെയ്യേണ്ടത്.

അദ്ധ്യാപന പ്രക്രിയയിൽ വിദ്യാർത്ഥികളെ പലവിധത്തിൽ അദ്ധ്യാപകന് പങ്കാളികളാക്കാൻ സാധിക്കും. വിദ്യാർത്ഥികളെ ക്ലാസ്സിൽ സജീവമായി സാന്ദ്രീകരിക്കാനുള്ള ഒരു മാർഗ്ഗമാണ് പഠിപ്പിക്കുന്നതിനിടയിൽ ചോദ്യങ്ങൾ ചോദിക്കുക എന്നത്. വിദ്യാർത്ഥികളെക്കൊണ്ട് ചിന്തിപ്പിക്കുന്നതും എന്തെങ്കിലും അവരെക്കൊണ്ട് ചെയ്യിപ്പിക്കുന്നതും അവരിൽ താല്പര്യവും ശ്രദ്ധയും ജനിപ്പിക്കുന്നതിന് സഹായിക്കും. ആയതിനാൽ, കുട്ടികളുടെ ഭാഗഭാഗിത്വം ഉറപ്പുവരുത്തുന്ന അദ്ധ്യാപനരീതികളാണ് അദ്ധ്യാപകൻ അവലംബിക്കേണ്ടത്.

### 5. അദ്ധ്യാപനോപാധികൾ

ക്ലാസ്സുകൾ സജീവമാക്കുന്നതിനും, കുട്ടികളുടെ ശ്രദ്ധയാർജ്ജിക്കുന്നതിനും പലമാർഗ്ഗങ്ങളും ഉപയോഗിക്കാൻ സാധിക്കും. ശ്രവ്യമാദ്ധ്യമങ്ങൾ മാത്രമല്ല, എല്ലാ ഇന്ദ്രിയങ്ങളേയും പ്രവർത്തനനിരതമാക്കുന്ന ബഹുവിധ മാദ്ധ്യമങ്ങൾ അദ്ധ്യാപനത്തിനായി ഉപയോഗിക്കേണ്ടതാണ്. പടങ്ങൾ, ചാർട്ടുകൾ, ഫോട്ടോ





കൾ, റേഡിയോ, ടേപ്പ് റിക്കോർഡർ, ഫിലിംസ്, വീഡിയോ ചിത്രങ്ങൾ, കമ്പ്യൂട്ടർ, ഇന്റർനെറ്റ് എന്നീ മാധ്യമങ്ങളുടെ ഉപയോഗം ക്ലാസ്സുകൾ കൂടുതൽ സജീവമാകുന്നതിന് സഹായിക്കും. ചർച്ചകൾ, സെമിനാറുകൾ, ഡിബേറ്റുകൾ, നൃത്തരൂപങ്ങൾ, നാടകങ്ങൾ, എന്നിവയിലൂടെയും അറിവുകൾ വളരെ അനായാസം കുട്ടികളിലെത്തിക്കാൻ സാധിക്കും.

വൈവിധ്യമാർന്ന അദ്ധ്യാപന രീതികളാണ് കുട്ടികളെ ആകർഷിക്കാൻ ഉപകരിക്കുന്നത്. ഒരേ രീതിയിലും ശൈലിയിലുമുള്ള പഠിപ്പിക്കൽരീതി കുട്ടികളിൽ വിരസത വളർത്താനേ ഉപയുക്തമാവുകയുള്ളൂ.

അദ്ധ്യാപനകല ആസ്വാദ്യമാക്കാൻ പണച്ചെലവില്ലാതെ ഉപയോഗിക്കാവുന്ന ചില മാദ്ധ്യമങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്.

**a. അഭിനയം**

പാഠഭാഗങ്ങൾ ഒരു നാടകരൂപത്തിലോ, ചിത്രീകരണരൂപത്തിലോ, മൂകാഭിനയരൂപത്തിലോ (മൈം) കുട്ടികളെക്കൊണ്ട് അവതരിപ്പിച്ച് പഠിപ്പിക്കാം. അതിനുവേണ്ടി നേരത്തെതന്നെ കുട്ടികളെ ഒരുക്കുകയും, വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യണം.

**b. പോസ്റ്ററുകൾ**

പടങ്ങൾ ഒട്ടിച്ചതോ, വരച്ചതോ, വിവരങ്ങൾ എഴുതിയതോ ആയ പോസ്റ്ററുകൾ കാണിച്ച് പാഠഭാഗം പഠിപ്പിക്കാം.

**c. ബ്ലാക്ക് ബോർഡ്**

ബ്ലാക്ക് ബോർഡിൽ ചോക്ക് ഉപയോഗിച്ച് വരച്ചും, എഴുതിയും പഠിപ്പിക്കാം. വിവിധ തരത്തിലുള്ള ബോർഡുകളും വിവിധ നിറത്തിലുള്ള ചോക്കുകളും ഇന്ന് ലഭ്യമാണ്.

**d.ഫ്ളാനൽ ബോർഡ്**

ചലിക്കുന്ന ചിത്രങ്ങൾ ആകർഷകമായി ഇതുവഴി അവതരിപ്പിച്ച് പഠിപ്പിക്കാൻ സാധിക്കും.

**e. ഫോട്ടോസ്**

പലതരം ഫോട്ടോകൾ ശേഖരിച്ച് അവ അവസരോചിതമായി കാണിച്ച് പാഠം അവതരിപ്പിക്കാം.

www.malankaralibrary.com



## 5. പാവകളി

കുട്ടികൾക്ക് പാവകൾ ഇഷ്ടമാണ്. അവ സംസാരിക്കുന്നതും ചലിക്കുന്നതുമെല്ലാം ആകർഷകമാണ്. പഠിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന വിഷയം പാവകൾ വഴി അവതരിപ്പിച്ചാൽ കുട്ടികൾ രസകരമായി അവ സ്വീകരിക്കും.

അദ്ധ്യാപനത്തിനായി പലരീതികളും ഉപയോഗിക്കാം.

1. ക്രീഡാ രീതി (Play way method)
2. പരീക്ഷണ രീതി (Laboratory method)
3. പ്രവർത്തന രീതി (Project method)
4. പ്രസംഗ പരിശീലന രീതി (Rhetoric method)
5. അഭിനയരീതി (Act method)
6. പ്രഭാഷണരീതി (Lecture method)
7. ചർച്ചാരീതി (Discussion method)
8. പഠനയാത്രാരീതി (Study tour method)
9. പഠനാനുഭവരീതി (Experimental method)
10. പ്രശ്നപരിഹാരരീതി (Problem Solving method)
11. നിയന്ത്രിത പഠനരീതി (Directed Study method)
12. വാദപ്രതിവാദ രീതി (Debate method)
13. ബുദ്ധി പ്രചോദകരീതി (Brain Storming method)

എന്നും ഒരേ അദ്ധ്യാപന രീതിതന്നെ ഉപയോഗിക്കുന്നതുവഴിയായി കുട്ടികൾക്കുണ്ടാകുന്ന വിരസതയും ഉദാസീനതയും ഒഴിവാക്കാൻ അവസരോചിതമായി വിവിധ രീതികൾ അവലംബിയ്ക്കേണ്ടതാണ്.

## 6. പ്രോത്സാഹന - ശിക്ഷണ നടപടികൾ

നന്മയെ പ്രോത്സാഹിപ്പിക്കുകയും, തിന്മയ്ക്ക് ശിക്ഷ നൽകുകയും ചെയ്യുകയെന്നതാണ് സാധാരണ നടപടിക്രമം. എന്നാൽ തെറ്റ് ഒഴിവാക്കാനും, നന്മ വളർത്താനും ശിക്ഷയേക്കാൾ സഹായിക്കുന്നത് പ്രോത്സാഹനമാണെന്ന് ആധുനിക പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. കുട്ടികളെ പ്രോത്സാഹിപ്പിക്കുന്ന വാക്കുകളും പ്രസ്താവനകളും ആംഗ്യങ്ങളുമാണ് അവരിൽ കൂടുതൽ ചലനങ്ങൾ സൃഷ്ടിക്കുക. മിടുക്കൻ, സമർത്ഥൻ, നല്ലത്, കൊള്ളാം, തുടങ്ങിയ അഭിന





ന്ദന വാക്കുകളാണ് കുട്ടികളുടെ സ്വഭാവരൂപീകരണത്തിൽ ഏറ്റവും കൂടുതൽ സ്വാധീനം ചെലുത്തുക. പ്രോത്സാഹനമായി ഒരു സമ്മാനം നൽകുന്നതും വളരെ പ്രയോജനകരമായിരിക്കും.

'നിന്നെ ഒന്നിനും കൊള്ളില്ല' എന്ന് ഒരദ്ധ്യാപകൻ കുട്ടിയോട് പറഞ്ഞാൽ അത് അവൻ വിശ്വസിക്കും. പിന്നെ ഏതുകാര്യം വന്നാലും എന്നെ ഒന്നിനും കൊള്ളില്ല എന്നുതന്നെ കുട്ടി വിധിയെഴുതും. അവന്റെ ആത്മവിശ്വാസവും, ധൈര്യവുമെല്ലാം നഷ്ടപ്പെട്ട് അവസാനം ഒന്നിനും കൊള്ളാത്തവനായി അവൻ അധഃപതിക്കും. എന്നാൽ, മിടുക്കനെന്നു പറഞ്ഞാൽ, മിടുക്കനാകാനുള്ള ശ്രമം അവൻ നടത്തും. പരസ്യമായി പരിഹസിച്ചാൽ അവന്റെ ആത്മവിശ്വാസവും ആത്മാഭിമാനവുമെല്ലാം നഷ്ടമാകും. അങ്ങനെ, ഒരുവനെ വളർത്താനും നശിപ്പിക്കാനും ഒരദ്ധ്യാപകന് സാധിക്കും.

പ്രോത്സാഹനവും അഭിനന്ദനവുമാണ് ശിക്ഷയേക്കാൾ സ്വഭാവരൂപീകരണത്തിന് സഹായിക്കുക. ശിക്ഷകൊണ്ട് ഒരു സ്വഭാവം കുറച്ചുനാളത്തേയ്ക്ക് മരവിപ്പിക്കാമെന്നല്ലാതെ, ഒരു ദുസ്വഭാവം ശാശ്വതമായി നശിപ്പിക്കാനോ, ഒരു സത്ഗുണം വളർത്താനോ സാധിക്കുകയില്ല. ശിക്ഷിച്ചാൽ തന്നേയും അത് രക്ഷിക്കാൻ വേണ്ടിയായിരിക്കണം, ശിക്ഷിക്കുന്നവന്റെ അരിശം തീർക്കാനായിരിക്കരുത്. ശിക്ഷിച്ചാൽ രക്ഷപ്പെടില്ലെങ്കിൽ പിന്നെ ശിക്ഷിക്കരുത്. ദൈവിക ശിക്ഷപോലും രക്ഷിക്കാൻ വേണ്ടിയാണ് നടപ്പിലാക്കുക. ആദിമ മനുഷ്യന്റെ ആദ്യപാപത്തിന് ദൈവം അവനെ ശിക്ഷിച്ചത് അവനെ രക്ഷിക്കാനായിരുന്നു. ശിക്ഷയോടൊപ്പം അവനെ രക്ഷിക്കാനുള്ള പദ്ധതിയും ദൈവം തയ്യാറാക്കി. മനുഷ്യന്റെ രക്ഷയ്ക്കായി തന്റെ പുത്രനെ തന്നെ അയയ്ക്കാമെന്ന് വാഗ്ദാനം ചെയ്യുന്നുണ്ട്. ശിക്ഷയുടെ ഏറിയ പങ്കും ശിക്ഷിക്കുന്നവൻതന്നെ ഏറ്റെടുക്കുകയാണ്. കുട്ടികളുടെ തെറ്റിന് അവരെ ശിക്ഷിക്കുമ്പോൾ ആ ശിക്ഷയുടെ ഒരു ഓഹരി ഏറ്റെടുക്കാൻ അദ്ധ്യാപകൻ തയ്യാറാകണം. ശിക്ഷയുടെ അടിസ്ഥാനമാനദണ്ഡം 'ശിക്ഷിക്കുന്നത് രക്ഷിക്കാൻ വേണ്ടി' എന്നതായിരിക്കണം.

## 7. ക്ലാസ്സ് സമാപിപ്പിക്കുന്ന രീതി.

ക്ലാസ്സിന് കൃത്യമായ ഒരു സമാപ്തിയുണ്ടായിരിക്കണം. അദ്ധ്യാപനം ഇടയ്ക്കുവച്ച് നിർത്തി ഇറങ്ങിപ്പോകുന്നു എന്ന ഒരു പ്രതീതി കുട്ടികളിൽ ജനിപ്പിക്കരുത്. പാഠഭാഗത്തിന്റെ അന്ത്യത്തിലെത്തിയെന്നും, ക്ലാസ്സ് തീരാൻ പോവു

www.malankaralibrary.com



കയാണെന്നുമുള്ള തോന്നൽ വിദ്യാർത്ഥികളിൽ ഉളവാക്കണം. ഉദ്ദേശിച്ച പാഠഭാഗം തീരാത്തതുകൊണ്ട് തിരക്കുപിടിച്ച് തീർക്കുകയോ, പഠിപ്പിക്കാനുള്ളത് നേരത്തെ പഠിപ്പിച്ചുതീർന്നതുകൊണ്ട്, സമയം കളയാൻ നാട്ടുവർത്തമാനം പറഞ്ഞിരിക്കുകയോ ചെയ്യുന്ന അവസ്ഥയുണ്ടാകരുത്. പഠിപ്പിച്ചകാര്യങ്ങൾ കുട്ടികളുടെ ഓർമ്മയിൽ തിട്ടപ്പെടുത്തുന്നതിനായി പഠിപ്പിച്ച കാര്യങ്ങളുടെ ഒരു സംക്ഷിപ്തരൂപം നൽകുകയോ, അതിനെ കേന്ദ്രീകരിച്ച് ചോദ്യങ്ങൾ ചോദിക്കുകയോ ചെയ്യാവുന്നതാണ്. പഠിപ്പിച്ച കാര്യങ്ങൾ കുട്ടികൾ എത്രത്തോളം മനസ്സിലാക്കിയെന്നറിയാൻ ഒരു വിലയിരുത്തൽ നടത്തേണ്ടതാണ്.

കുട്ടികൾ പ്രാവർത്തികമാക്കേണ്ട കർമ്മപരിപാടികളും, അടുത്തദിവസം ചെയ്തുകൊണ്ടുവരേണ്ട ഗൃഹപാഠവും എന്താണെന്ന് അദ്ധ്യാപനത്തിന്റെ അന്ത്യത്തിൽ അദ്ധ്യാപകൻ കൃത്യമായും നിർദ്ദേശിക്കേണ്ടതാണ്. പാഠഭാഗം നൽകുന്ന സന്ദേശവും ഉദ്ബോധിപ്പിക്കേണ്ടതാണ്. പാഠഭാഗം ഏത് ലക്ഷ്യപ്രാപ്തിക്കുവേണ്ടി ഉൾക്കൊള്ളിച്ചിരിക്കുന്നുവോ, ആ ലക്ഷ്യം സാക്ഷാത്കരിക്കാനാവശ്യമായ കർമ്മപദ്ധതികളും കൂട്ടായി ചിന്തിച്ച് തീരുമാനിക്കേണ്ടതാണ്. സ്വഭാവരൂപവല്ക്കരണമാണ് (Behaviour Modification) വിദ്യാഭ്യാസമെന്നതിനാൽ, അതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകിയായിരിക്കണം ഓരോ ക്ലാസ്സും അവസാനിപ്പിക്കേണ്ടത്.

## 8. അദ്ധ്യാപകന്റെ വ്യക്തിത്വം

അദ്ധ്യാപകന്റെ വ്യക്തിത്വമാണ് അദ്ദേഹത്തിന്റെ അദ്ധ്യാപനത്തേക്കാൾ കൂടുതലായി കുട്ടികളെ സ്വാധീനിക്കുന്നത്. അദ്ദേഹത്തിന്റെ ബോധ്യങ്ങളും ദർശനങ്ങളും പ്രവർത്തനങ്ങളുമെല്ലാം വളരെ പ്രധാനപ്പെട്ടവയാണ്. ഇതൊക്കെ പഠിപ്പിക്കുന്ന അദ്ധ്യാപകന്റെ ജീവിതം എങ്ങനെയുള്ളതാണെന്ന് കുട്ടികൾ പരിശോധിക്കും. അദ്ധ്യാപകന്റെ ജീവിതമാണ് കുട്ടികൾക്ക് പഠിക്കാനുള്ള തുറന്ന പാഠപുസ്തകം.

അദ്ധ്യാപകൻ എത്രവിദഗ്ധമായി പഠിപ്പിച്ചാലും, പഠിപ്പിക്കുന്നതുപോലെ ജീവിക്കാൻ സാധിക്കുന്നില്ലെങ്കിൽ ആ അദ്ധ്യാപനംകൊണ്ട് യാതൊരുവിധ പ്രയോജനവുമുണ്ടാകയില്ല. പ്രബോധനത്തിന്റെ പ്രായോഗികതയും സാംഗത്യവും അദ്ധ്യാപകന്റെ ജീവിതത്തിൽ നിന്നാണ് കുട്ടികൾ മനസ്സിലാക്കുക. അദ്ധ്യാപകൻ പറയുന്നത് എത്രമാത്രം സത്യവും പ്രായോഗികവുമാണെന്ന





തിന്റെ തെളിവ് അദ്ധ്യാപകന്റെ ജീവിതം തന്നെയാണ്. അതുകൊണ്ട്, അദ്ധ്യാപനം മെച്ചപ്പെടുത്താൻ ശ്രമിക്കുന്നതിനുമുമ്പായി തന്റെ സ്വഭാവവും പെരുമാറ്റവും മെച്ചപ്പെടുത്താൻ അദ്ധ്യാപകൻ ശ്രദ്ധിക്കണം. 'എന്റെ ജീവിതമാണ് എന്റെ സന്ദേശം' എന്ന് ഗാന്ധിജിയെപ്പോലെ ഒരു ഗുരുവിന് പറയാൻ സാധിക്കണം.

## 9. അദ്ധ്യാപകനുണ്ടായിരിക്കേണ്ട ഗുണങ്ങൾ

ഒരു സമൂഹത്തെ വാർത്തെടുക്കുന്നവരെന്ന നിലയിലും ഒരു കാലഘട്ടത്തെസൃഷ്ടിക്കുന്നവരെന്ന നിലയിലും അദ്ധ്യാപകരുടെ ദൗത്യം വളരെ ശ്രേഷ്ഠമാണ്. ഈ ദൗത്യം യഥാവിധി നിറവേറ്റണമെങ്കിൽ അദ്ദേഹത്തിന് ധാരാളം ഗുണങ്ങൾ ഉണ്ടായിരിക്കണം. പഠിപ്പിക്കുന്ന വിഷയത്തിലുള്ള ആഴമായ അറിവും വിദഗ്ധമായി പഠിപ്പിക്കാനുള്ള കഴിവുമാണ് ഒരദ്ധ്യാപകനുണ്ടായിരിക്കേണ്ട ഏറ്റവും വലിയ ഗുണങ്ങൾ. വളരെ വിശാലമായും ആഴമായും വായിക്കുന്ന സ്വഭാവമുള്ള ആളായിരിക്കണം അദ്ദേഹം. അദ്ധ്യാപകൻ ഭാവനാസമ്പന്നനും നിരീക്ഷണ പാടവമുള്ളവനുമായിരിക്കണം. ശരിയായി ചിന്തിക്കുന്നവനും യാഥാർത്ഥ്യങ്ങളെ വിമർശനാത്മകമായി സമീപിക്കുന്നവനുമായിരിക്കണം.

പുതിയ വിദ്യാഭ്യാസ രീതികളെക്കുറിച്ചും മാദ്ധ്യമങ്ങളെക്കുറിച്ചും അദ്ധ്യാപകന് അറിവുണ്ടായിരിക്കണം.വിദ്യാഭ്യാസ രംഗത്തുണ്ടാകുന്ന മാറ്റങ്ങൾ ഉൾക്കൊള്ളാൻ അദ്ദേഹത്തിന് കഴിയണം. വിഷയത്തിനനുസരിച്ചും സന്ദർഭത്തിനനുസരിച്ചുമുള്ള അദ്ധ്യാപനരീതികൾ സ്വീകരിക്കാൻ അറിഞ്ഞിരിക്കണം.

അറിവിനെ സ്നേഹിക്കുന്നവനും, നേടാനാവുന്നത്രയും അറിവുനേടാൻ ശ്രമിക്കുന്നവനുമായിരിക്കണം അദ്ധ്യാപകൻ. പഠിപ്പിക്കുന്ന വിഷയത്തിൽ മാത്രമല്ല, അതുമായി ബന്ധപ്പെട്ട വിഷയങ്ങളിലും നല്ല പ്രാവീണ്യം ഉണ്ടായിരിക്കണം. ആനുകാലികവിഷയങ്ങളെക്കുറിച്ചും സാമാന്യജ്ഞാനം ഉണ്ടായിരിക്കണം. അറിവാണ് അദ്ധ്യാപകന്റെ കൈമുതൽ. അറിവുനേടാനുള്ള എല്ലാമാർഗ്ഗങ്ങളും ഉപയോഗിക്കണം. വസ്തുതകൾക്ക് ആവശ്യമായ വിവരണം നൽകാനും, അവയെ നാടകീയമായി അവതരിപ്പിക്കാനുമുള്ള കഴിവുമുണ്ടായിരിക്കണം.

www.malankaralibrary.com



കുട്ടികളുടെ മനഃശ്ശാസ്ത്രമറിയുന്നവനായിരിക്കണം അദ്ധ്യാപകൻ. അവർ ഏതുവിധത്തിൽ ചിന്തിക്കുന്നുവെന്നും, അവരുടെ മനസ്സ് എങ്ങനെ വ്യാപരിക്കുന്നുവെന്നും അദ്ധ്യാപകൻ അറിഞ്ഞിരിയ്ക്കണം. അവരുടെ പ്രവർത്തനങ്ങളേയും സ്വഭാവങ്ങളേയുമെല്ലാം വിലയിരുത്താനും അതിന്റെ അടിസ്ഥാനത്തിൽ അവരെ വേണ്ടവിധത്തിൽ നയിക്കാനും അദ്ധ്യാപകന് സാധിക്കണം. ഒരദ്ധ്യാപകനെ സംബന്ധിച്ചിടത്തോളം വിഷയമറിയുക എന്നതുപോലെതന്നെ പരമപ്രധാനമാണ് കുട്ടികളെ അറിയുക എന്നത്. കുട്ടികളുടെ പേര് പഠിക്കുകയും അവരെ പേരുചൊല്ലി വിളിക്കുകയും അവരുടെ കുടുംബസാഹചര്യം ഒരു പരിധിവരെയെങ്കിലും അറിഞ്ഞിരിക്കുകയുംവേണം. കുട്ടികളുമായും അവരുടെ രക്ഷിതാക്കളുമായും നല്ല ബന്ധം സ്ഥാപിക്കേണ്ടതാണ്. സഹാദ്ധ്യാപകരോടും സമൂഹത്തോടുമൊത്തത്തിലും നല്ല ബന്ധത്തിൽ കഴിയുന്നവനായിരിക്കണം അദ്ധ്യാപകൻ. എല്ലാവരോടും സഹകരിച്ചു പ്രവർത്തിക്കുവാനുള്ള ഒരു മനോഭാവം ഉണ്ടാകണം. സമൂഹത്തിലെ എല്ലാവിഭാഗം ജനങ്ങളുമായും നല്ല ബന്ധം സ്ഥാപിക്കാൻ അദ്ദേഹത്തിന് സാധിക്കണം. അദ്ദേഹം സമൂഹത്തോടു പ്രതിബദ്ധതയുള്ളവനും വിശാലമനസ്കനുമായിരിക്കണം. മറ്റുള്ളവരുടെ പ്രശ്നങ്ങളോട് അനുഭാവപൂർവ്വമായ ഒരു സമീപനം വച്ചുപുലർത്തണം. അവരെ ക്ഷമയോടെ കേട്ടിരിക്കുക ഒരു വലിയ സിദ്ധിയാണ്. മറ്റുള്ളവരുടെ വികാരങ്ങളെ മുറിപ്പെടുത്തുകയും അവരുടെ വ്യക്തിത്വത്തെ ഹനിക്കുകയും ചെയ്യുന്ന ഒന്നും ഒരദ്ധ്യാപകൻ ചെയ്യരുത്.

ആകർഷകമായ ഒരു വ്യക്തിത്വത്തിന് ഉടമയായിരിക്കണം അദ്ധ്യാപകൻ. നല്ല ആരോഗ്യവും വൃത്തിയും വെടിപ്പും കൈമുതലായുണ്ടാകണം. മര്യാദയായി സംസാരിക്കുന്നവനും, പക്വതയോടെ പെരുമാറുന്നവനും മാന്യമായി വസ്ത്രധാരണം ചെയ്യുന്നവനുമായിരിക്കണം. അദ്ധ്യാപകൻ നല്ലൊരു ശുഭാപ്തിവിശ്വാസിയായിരിക്കണം. സമചിത്തതയോടെ പ്രശ്നങ്ങളെ കൈകാര്യം ചെയ്യാൻ അറിഞ്ഞിരിക്കണം. അദ്ദേഹം പക്ഷവാദപരമായി പെരുമാറുന്നവനും മുൻവിധിയോടുകൂടി പ്രവർത്തിക്കുന്നവനും കോപിഷ്ടനും ആയിരിക്കരുത്.

കുട്ടികളിൽ താല്പര്യം ജനിപ്പിക്കുന്നവനും അവരെ പഠിക്കാൻ പ്രചോദിപ്പിക്കുന്നവനും, അവരിൽ അന്വേഷണ തൃഷ്ണ വളർത്തുന്നവനും ആയിരിക്കണം അദ്ധ്യാപകൻ. എല്ലാവർക്കും തുല്യനീതി നടപ്പിലാക്കിക്കൊടുക്കുകയും നിഷ്പക്ഷമായി മൂല്യനിർണ്ണയം നടത്തുകയുംവേണം. അദ്ദേഹം





ഒരു ശാസ്ത്രജ്ഞനും കലാകാരനുമായിരിക്കണം. കുട്ടികളുടെ കാര്യത്തിൽ അതീവ ശ്രദ്ധ അദ്ദേഹത്തിനുണ്ടായിരിക്കണം. തന്നിലും തന്റെ വിഷയത്തിലും തന്റെ കുട്ടികളിലും ഒരദ്ധ്യാപകന് വിശ്വാസമുണ്ടായിരിക്കണം. അദ്ദേഹം ഉയർത്തിക്കാട്ടുന്ന ജനാധിപത്യം, മതനിരപേക്ഷത തുടങ്ങിയ ആദർശങ്ങളിലും അദ്ദേഹത്തിന് വിശ്വാസമുണ്ടായിരിക്കണം. അദ്ധ്യാപകൻ തുറന്ന മനസ്സുള്ളവനും ദേശീയവും അന്തർദേശീയവുമായ ധാരണയുള്ളവനുമായിരിക്കണം. ഒരു വിഭാഗത്തിന്റേയോ, ഒരു യൂണിയന്റേയോ, വക്താവായി ഒരദ്ധ്യാപകൻ മാറരുത്. അദ്ധ്യാപകന്റേയും അദ്ധ്യാപകവൃത്തിയുടേയും ദുഷ്കീർത്തിക്ക് ഇടയാക്കുന്ന ഒന്നും ഒരദ്ധ്യാപകൻ പറയുകയോ പ്രവർത്തിക്കുകയോ ചെയ്യരുത്. അദ്ധ്യാപകവൃത്തി ഏറ്റവും മാന്യമായി കാണണം. താൻ ചെയ്യുന്ന ജോലിയെക്കുറിച്ച് മതിപ്പില്ലെങ്കിൽ ജീവിതത്തിൽ ഒരിയ്ക്കലും സന്തോഷം ലഭിക്കുകയില്ല.

ക്ലാസ്സും പരിസരവും ക്രമീകരിക്കുന്ന കാര്യത്തിലും അവ വൃത്തിയായി സൂക്ഷിക്കുന്ന കാര്യത്തിലും അദ്ധ്യാപകൻ ശ്രദ്ധിക്കണം. കുട്ടികൾ ക്ലാസ്സിലേക്ക് വരുമ്പോഴും ക്ലാസ്സിൽ നിന്ന് പോകുമ്പോഴും ക്രമവും ചിട്ടയും പാലിക്കാൻ നിർദ്ദേശിക്കണം. സ്വസ്ഥമായി പഠിപ്പിക്കാനും, പഠിക്കാനും സഹായിക്കുന്ന ഒരന്തരീക്ഷം ക്ലാസ്സിൽ സൃഷ്ടിക്കണം. ക്ലാസ്സിലെ മുഴുവൻ കുട്ടികളേയും അദ്ധ്യാപകൻ ശ്രദ്ധിക്കുകയും എല്ലാവരുടേയും കാര്യത്തിൽ താല്പര്യം കാണിക്കുകയും ചെയ്യണം. എല്ലാവർക്കും കാണത്തക്കതുപോലെയും, എല്ലാവരേയും കാണത്തക്കതുപോലെയും അദ്ധ്യാപകൻ ക്ലാസ്സിൽ നിന്നുകൊണ്ട് പഠിപ്പിയ്ക്കണം. നന്നായി തയ്യാറെടുത്തുതന്നെ വേണം പഠിപ്പിക്കേണ്ടത്. ക്ലാസ്സുമുറി കഠിനാദ്ധ്വാനത്തിന്റെ ഒരു വേദിയാക്കിമാറ്റണം. ഒരു സമൂഹം മുഴുവൻ രൂപീകൃതമാകുന്നത് ക്ലാസ്സുമുറിയിലാണെന്ന ഓർമ്മ അദ്ധ്യാപകനുണ്ടായിരിക്കണം.

ഒരദ്ധ്യാപകൻ തന്റെ ആശയങ്ങളേക്കാളും അറിവുകളേക്കാളും തന്റെ കുട്ടികൾക്ക് പകർന്നുകൊടുക്കുന്നത് തന്റെതന്നെ ജീവിതമാണ്. അദ്ധ്യാപകന്റെ ജീവിതം കുട്ടികൾക്ക് ഒരു മാതൃകയാകണം. അദ്ദേഹം ദീർഘക്ഷമയുള്ളവനും ശിക്ഷണത്തിൽ ഉദാസീനനും ആയിരിക്കണം. ആർക്കും സമീപസ്ഥനും എല്ലാവരുടേയും സുഹൃത്തും ആയിരിക്കണം. എന്നാൽ, കുട്ടികളുമായുള്ള ബന്ധം മാന്യമായ പരിധിയ്ക്കപ്പുറത്തേയ്ക്ക് പോകാതെ ശ്രദ്ധിക്കു

www.malankaralibrary.com



കയും വേണം. മറ്റുള്ളവരുടെ സത്പേര് നശിപ്പിക്കുന്ന തമാശകൾക്ക നിൽക്കരുത്. വേദനാജനകവും അപമാനകരവുമായ ഇരട്ടപേരുകൾ കുട്ട പരസ്പരം വിളിക്കുന്നതിനെ അദ്ധ്യാപകൻ നിരുത്സാഹപ്പെടുത്തണം. ഔ കാണിക്കേണ്ടസ്ഥലത്ത് ഔദാര്യം കാണിക്കാനും, കാർക്കശ്യം ആവശ്യമു ടത്ത് കാർക്കശ്യത്തോടെ പെരുമാറാനും അദ്ധ്യാപകന് സാധിക്കണം. സമ നിഷ്ഠപാലിക്കുന്നതിൽ യാതൊരു വിട്ടുവീഴ്ചയും ചെയ്യരുത്. അദ്ധ്യാപകനു ള്ള ഗുണങ്ങളാണ് കുട്ടികൾക്കും ലഭിക്കുക എന്നുള്ളതുകൊണ്ട് അദ്ധ്യാപകൻ ധാരാളം ഗുണങ്ങളുടെ ഉടമയായിരിക്കണം.